K36·3
TH34

ഈ. മ. യ.

കൊച്ചുത്രേസ്യായുടെ

പുഷ്പമഞ്ജരി

ക. നി. മ. സ.

ഈ. മ. യോഹന്നാൻ പാട്ടക്കാരനാൽ

വിരചിതം.

BY

Fr. John of Jesus Mary,

T. O. C. D.

Prior, S. Heart's Monastery,

CHANGANACHERRY.

DHARMARAM COLLEGE LIBRARY
2329
BANGALORE

KOTTAYAM.

PRINTED AT THE V. G. PRESS.

1923

K100/Y15
15387
TH34



ST. THERESE OF INFANT JESUS

ഉണ്ണി ഈശോയുടെ വി: കൊച്ചുത്രേസ്യാ.

V. G. PRESS, KOTTAYAM.

S. H. SCHOOL CERTIFICATE
CHANGANACHERRY
CHERUVALLY

ശുദ്ധിപത്രം

പക്ഷം	വരി	അബദ്ധം	സുബദ്ധം
1	8	അജ്ഞാനമെങ്കിലും	അജ്ഞാതയെങ്കിലും
1	9	പ്രതിഷ്ഠിച്ചിട്ടില്ല	പ്രതിഷ്ഠിച്ചിട്ടില്ല
5	29	സൃഷ്ഠിതാവു്	സ്രഷ്ടാവു്
7	17	വിസ്തരമാകുന്നു	വിസ്തരമാക്കുന്നു
11	1	പ്രാണസ്നേഹിത	പ്രാണസ്നേഹിതാ
,,	5	ഫലിക്കുന്നതുലല്ലാതെ	ഫലിപ്പിക്കുന്നതിലല്ലാതെ
17	29	ശ്രേഷ്ഠ	ശ്രേഷ്ഠ
20	20	സന്തോഷിക്കയും	സന്തോഷിക്കയും
23	13	പൂത്തിയാകും	പൂത്തിയാക്കും
,,	14	അതിശയിപ്പിക്കത്തക്ക	അതിശയിക്കത്തക്ക
,,	16	ശ്രേഷ്ഠത്തിയമ്മയോട്ട	ശ്രേഷ്ഠയമ്മയോട്ട
24	19	അത്ഭുതക്രീയകം	അത്ഭുതക്രിയകം
28	17	അഭ്യന്തരഎളിമ	അഭ്യന്തരഎളിമ
32	15	നിരപരാധിയായിരിക്കുമ്പോഴും	നിരപരാധിനിയായിരിക്കുമ്പോഴും
33	23	പലപ്പഴം	പലപ്പൊഴും
35	27	ശ്രേഷ്ഠത്തിയമ്മ	ശ്രേഷ്ഠയമ്മ
36	15	ശ്രേഷ്ഠത്തിയമ്മ	ശ്രേഷ്ഠയമ്മ
,,	26	പ്രസ്പഷ്ടമാകുന്നു	പ്രസ്പഷ്ടമാകുന്നു
37	29	ശ്രേഷ്ഠനാമത്തിലല്ല	ശ്രേഷ്ഠനാമത്തിലല്ല
38	1	ഭാസന്മാക്ക	ഭാസന്മാരെ
40	29	പ്രാപിപ്പിക്കുന്നതിനു	പ്രാപിക്കുന്നതിനു
42	26	അനഷ്ഠിക്കുന്നതനു	അനുഷ്ഠിക്കുന്നതിനു
44	2	അനഷ്ഠിച്ചിരുന്ന	അനുഷ്ഠിച്ചിരുന്നു
45	14	അനിഷ്ഠസംഗതികം	അനിഷ്ടസംഗതികം
47	27	അനഷ്ഠിച്ചുകൊണ്ടു	അനുഷ്ഠിച്ചുകൊണ്ടു
52	13	വർജ്ജിക്കുക	വർജ്ജിക്കുക
53	9	ശ്രേഷ്ഠന്മാരുടെ	ശ്രേഷ്ഠന്മാരുടെ
,,	10	ശ്രേഷ്ഠന്മാക്ക	ശ്രേഷ്ഠന്മാക്ക
,,	16	അസപാസ്ത്യത്തിൽ	അസപാസ്ഥ്യത്തിൽ
54	22	ആത്മികപ്രകാരം	ആത്മികപ്രകാശം
55	1	ആഭിന്തരപ്രകാശത്താൽ	അഭ്യന്തരപ്രകാശത്താൽ
57	24	വാത്സല്യകാലം	വാത്സ്യകൃകാലം
,,	29	തെരുകളുടെ	തെരുകളുടെ
60	2	ഹൃദയംഗമമായ	ഹൃദയംഗമമായ
61	10	മനസ്ഥാപപ്പെട്ടന്നില്ല	മനസ്ഥാപപ്പെട്ടന്നില്ല
,,	12	,,	,,
,,	14	ശസ്രക്രീയകം	ശസ്രക്രിയകം
63	3	താപസശ്രേഷ്ഠൻ	താപസശ്രേഷ്ഠൻ
64	13	മനസ്ഥാപപ്പെട്ട	മനസ്ഥാപപ്പെട്ട
67	22	ഗുണ-ഗുണങ്ങളൊക്കയും	ഗുണഗണങ്ങളൊക്കയും

GOVT. COLLEGE TEACHERS TRAINING SCHOOL CHERUVANNUR CHERPUZHA

പക്ഷം	വരി	അബദ്ധം	സുബദ്ധം
68	27	ചിന്തിക്കയത്രെ	ചിന്തിക്കയാലത്രെ
69	20	വിശ്വസ്ഥത	വിശ്വസ്തത
,,	26	പ്രതിഷ്ഠിച്ചിരിക്കയാണ	പ്രതിഷ്ഠിച്ചിരിക്കയാണ
70	22	തിരിഞ്ഞെടുപ്പാൻ	തിരഞ്ഞെടുപ്പാൻ
70	23	,,	,,
70	29	എനി	എന്നിക്ക
73	4	അദ്വാനം	അദ്ധ്വാനം
75	25	സ്ളീവായെ	സ്ലീവായെ
76	3	പ്രേക്ഷിതമായി	പ്രേക്ഷിതയായി
77	10	തിരിഞ്ഞെടുക്കുന്നു	തിരഞ്ഞെടുക്കുന്നു
78	20	തിരിഞ്ഞെടുക്കപ്പെട്ടവരുടെ	തിരഞ്ഞെടുക്കപ്പെട്ടവരുടെ
82	10	കണ്ടുപടിപ്പാനല്ലയൊ	കണ്ടുപരിപ്പാനല്ലയൊ
85	8	സന്യാസി	സന്ന്യാസിനി
,,	10	തിരിഞ്ഞെടുക്കുന്നത നു	തിരഞ്ഞെടുക്കുന്നതിനു
91	25	മനസ്സിലാക്കുന്നില്ല	മനസ്സിലാകുന്നില്ല
92	4	അഗയാസ്രും	അഗോയാസ്രും
94	19	അജ്ഞാനകുസുമങ്ങളം	അജ്ഞാതകുസുമങ്ങളം
97	25	അദൃശ്യസംഭവങ്ങളിൽ	അദൃശ്യസംഭവങ്ങളിൽ
106	8	ദൃഷ്ക്കൃതം	ദുഷ്ക്കൃത്യം
12		തമ്പുവാചാകും, പരമസ്നേഹം	പരസ്നേഹം

——:0:——

പ്രസ്താവന

"കൊച്ചുത്രേസ്യാ" എന്ന അഭിധാനത്തിൽ അറിയപ്പെട്ടിരിക്കുന്ന സുകൃതിനി ദൈവത്തിന്റെ ഉദ്യാനമെന്ന അത്ഥം വരുന്ന കർമ്മലയിൽ ആധുനിക കാലത്തു മുളച്ചു പുഷ്പിച്ച ഒരു വിശിഷ്ട ചെടിയാണ്. ഇവൾ ഫ്രാൻസിലെ ജനുവരി ൨-ാം തീയതി പ്രാൻസ്സിൽ അലെൻസൊൺ എന്ന സ്ഥലത്തു ജനിക്കയും ഫ്രാൻസിൽ ൯-ാം തീയതി ലിസിയോയിലെ കർമ്മൽ മഠത്തിൽ പ്രവേശിക്കയും ചെയ്തു. തദനന്തരം ഈ കന്യകാരത്നം ൯ വർഷക്കാലം ലോകത്തിനു അജ്ഞാനമെങ്കിലും സ്വർഗ്ഗത്തിനു ആശ്ചര്യജനകമായ പുണ്യജീവിതം കഴിച്ചശേഷം ഫ്രാൻസെ സെപ്ടംബർ ൩൦-ാംതീയതി, ൨൪-ാമത്തെ വയസ്സിൽ ലോകരംഗത്തിൽ നിന്നും തിരോധാനം ചെയ്തു. അവളുടെ ആത്മമണവാളന്റെ പക്കൽ ചെന്നു ചേരുകയാണുണ്ടായത്. ഇന്നിവളുടെ നാമവും ജീവിത ചരിത്രതയും തേജോമയമായി പരിലസിക്കാത്ത ഒരു മൂലയോ കോണോ കത്തോലിക്ക ലോകത്തിലുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ മാതൃഭാഷയിൽ ഇവളുടെ ഒന്നിൽ അധികം ജീവചരിത്രങ്ങൾ വെളിക്കു വന്നിട്ടുള്ളതു ചരിതാത്ഭുജനകം തന്നെ. .

എന്നാൽ ഈ കൊച്ചു പുണ്യവതിയുടെ മഹത്തരങ്ങളായ ജീവിത തത്വങ്ങളടങ്ങിയ ആദ്ധ്യാത്മിക കുസുമങ്ങളുടെ ഈ സഞ്ചയം മഹാജനസമക്ഷം സമർപ്പിക്കുന്നതിനു എന്നെ പ്രേരിപ്പിച്ച ന്യായങ്ങൾ രണ്ടാണ്.

൧. സുകൃതജീവിതം മറെറല്ലാവറെയും അപേക്ഷിച്ചു ആദ്ധ്യാത്മികവും ആഭ്യന്തരികവുമായ ഒന്നാണ്. ബാഹ്യജീവിതവും മനുഷ്യനേത്രങ്ങൾക്കു പ്രത്യക്ഷപ്പെടുന്ന ക്രിയകളും അതിന്റെ ഫലങ്ങളും അടയാളങ്ങളും മാത്രമേ ആകുന്നുള്ളു. തന്നിമിത്തം ഇവ സ്വയമേ നിർഗ്ഗുണങ്ങളത്രെയെന്നു പ്രസ്പഷ്ടമാണല്ലോ. ഇതിനാൽ ബാഹ്യപ്രവൃത്തികളെ നാം തുച്ഛമാക്കുന്നില്ലെങ്കിലും അവയെ നിയന്ത്രിക്കുന്ന മാനസിക ജീവിതമത്രേ സുകൃതനിഷ്ഠയിൽ സർവ്വപ്രധാനമായിട്ടുള്ളതെന്നു സമ്മതിച്ചു

തീരു. ഇതാവട്ടെ തൽകത്താക്കാലം വെളിപ്പെടുത്തുന്നിടത്തോളം മാത്രമെ നമുക്കു ഗോചരീഭവിക്കയുള്ളു. കൊച്ചുത്രേസ്യായുടെ മാനസികജീവിതമാണ് അവളുടെ സച്ചിന്തകളിലും, ആശയങ്ങളിലും, ജീവിതാദർശങ്ങളിലും, മനോഗതങ്ങളിലും, ഉപദേശങ്ങളിലും നിന്നു ഇവിടെ എടുത്തു ചേർത്തിരിക്കുന്നതു്. ഇതു അവളുടെ ശോഭനമായ പുണ്യജീവിതത്തെ മാത്രമല്ല അതിന്റെ ഉറവയേയും അഭ്യസനരീതിയേയുംകൂടെ നമുക്കു അനുകരണീയമായ രൂപത്തിൽ മുന്നിലിക്കാണിച്ചുതരുന്നു. ഈ ന്യായത്തിൽ ബാഹ്യചരിത്രങ്ങളെ അപേക്ഷിച്ചു ഇതൊരു ആത്മീയചരിത്രമായി സ്വീകരിക്കാവുന്നതാണ്.

൨. മേൽപ്രസ്ഥാവിച്ചതിൽനിന്നു രണ്ടാമത്തെ ന്യായവും അനുമാനിക്കാവുന്നതാണ്. ഗ്രന്ഥനായികയുടെ ജീവിതം അഭിലഷണീയമല്ലെന്നു ദുഷിക്കുന്ന ആളുകൾ വിസ്തൃതലോകത്തിലുണ്ടു്. അതു് ബാഹ്യദൃഷ്ടിക്കു അതു ആശ്ചര്യജനകമല്ലെന്നു വന്നാലും അതൊരു വിധത്തിലും അനുകരണീയവും ആകർഷണീയവുമല്ലെന്നു പറവാൻ പാടില്ല. പ്രത്യുത ലോകരംഗത്തിൽ സാധാരണ രീതിയിൽ ജീവിതം നയിക്കുന്നതിനു നിയോഗിക്കപ്പെട്ടിരിക്കുന്നു നമുക്കു ആ ന്യായത്താൽതന്നെ അവളുടെ നേതൃത്വം ഏറ്റവും സ്വകാര്യമാവാനേ തരമുള്ളു. സാധാരണങ്ങളെ അസാധാരണങ്ങളും നിസ്സാരങ്ങളെ സാരസംപൂർണ്ണങ്ങളുമായി രൂപാന്തരപ്പെടുത്തുന്നതിനും ഒരു വാക്കായി പറഞ്ഞാൽ കരിക്കട്ടകളെ ക്രൂടെയും ദൈവസ്നേഹാഗ്നിയുടെ ചൂളയിലിട്ടു നീറ്റി അമൂല്യവജ്രങ്ങളാക്കി പകർത്തുന്നതിനുമുള്ള അവളുടെ "ചെറിയ സൂത്രം" അറിവാൻ ശ്രമിക്കുന്നവരിൽ ആക്കാണ് തദനുസരണം വർത്തിച്ചു പാരത്രിക ഭാഗ്യം നേടുവാൻ ഉത്സാഹവും ഉന്മേഷവും ജനിക്കാത്തതു്? ഇതിനു മറ്റനേകം ആളുകളോടുകൂടെ ഇതെഴുതുന്ന ആളും ഒരു അനുഭവസാക്ഷിയാണ്.

അതുകയാൽ സന്ന്യാസാവൃതകളിലാവട്ടെ വെളിലോകത്തിലാവട്ടെ നിരന്തരമായദൈവസ്നേഹവും പുണ്യജീവിതവും അഭ്യസിച്ചു പരിപൂർണ്ണരാകുവാൻ ആഗ്രഹിക്കുന്നവർക്കു ഈ ചെറുപുസ്തകം

ഏതെങ്കിലും സ്വല്പസഹായം നല്കുവാതിരിക്കയില്ലെന്നുള്ള പ്രതീക്ഷയോടുകൂടെ ഞങ്ങളുടെ അല്പ യത്നം നമ്മുടെ വന്ദ്യമദ്ധ്യസ്ഥയെ തിരുസ്സഭ ധന്യശ്രീ ധരിപ്പിക്കുന്ന ഈ ശുഭാവസരത്തിൽ അവളുടെ പാദാംബുജത്തിൽ സവിനയം സമർപ്പിച്ചുകൊണ്ട് ഇതിനെ പാരായണം ചെയ്യുന്ന ഏവരുടെമേലും അനുഗ്രഹപൂർവ്വം കടാക്ഷിക്കണമെന്നു അവളെ പ്രാർത്ഥിച്ചുകൊള്ളുന്നു.

യോ. പ.

നമ്മുടെ ബ. യോഹന്നാനച്ചൻ രചിച്ചിട്ടുള്ള കൊച്ചുത്രേസ്യായുടെ "പുഷ്പമഞ്ജരി" പ്രസിദ്ധപ്പെടുത്തുന്നതിനു് അനുവദിക്കുന്നു.

ക. നി. മൂ. സ. പ്രീയോർ ജനറാൾ,
ആ. യെ. ഗബ്രിയേൽ പട്ട.

ചെത്തിപ്പുഴ.
൧൯൨൦ സെപ്ടമ്പർ ൪

Imprimatur,
+THOMAS KURIALACHERRY,
Epuc. Vicar Apostolic,
Changanacherry.

Changanacherry.
5th Sept. 1920.

വിഷയവിവരണിക

		പക്ഷം.
ക.	ദൈവസ്നേഹം	ക
ഖ.	പരസ്നേഹം	കഖ
ഗ.	വിശ്വാസം	കഗ
ഘ.	ശരണം	കഠ
ങ.	എളിമ	കഢ
ന	നിസ്വാർത്ഥത	നണ
ച.	ആശാനിഗ്രഹം	ഢഢ
ഛ.	ആജ്ഞാനുസരണം	ങന
ജ.	ദാരിദ്ര്യം	ങഢ
ഝ.	മനോവിശ്വാസം	ങന
ഞ.	ആത്മസമർപ്പണം	നങ
ട.	കൃതജ്ഞത	ഞ
ഠ.	പ്രകൃതിതീക്ഷ്ണത	ങ
ഡ.	നിഷ്കാപട്യം	വ
ഢ.	പ്രാർത്ഥന	വന
ണ.	സഹനം	ൺണ
ത.	ദിവ്യഭോജനം	ഠഢ
ഥ.	പരി. കന്യക	ഠന
ദ.	വിവിധവിഷയങ്ങൾ	ഠവ

൧. ദൈവസ്നേഹം.

൧. ഈശോയെ!.....ഹാ! ഞാൻ എത്രയധികം അങ്ങേ സ്നേഹിപ്പാൻ ആശിക്കുന്നു! ഇതുവരെ യാതൊരുത്തനും സ്നേഹിച്ചിട്ടില്ലാത്തവണ്ണം അങ്ങേ അത്രയധികം സ്നേഹിപ്പാനാണ് എന്റെ അഭിലാഷം.

൨. സ്നേഹത്തിന്റെ വിദ്യ! ആശബ്ദം എന്റെ ആത്മകർണ്ണങ്ങൾക്കു പീയൂഷമത്രെ. എനിക്കു മറെറാരു ശാസ്ത്രവും വേണ്ട. എന്റെ സർവ്വസ്വവും അതിന്നായി വ്യയംചെയ്യുകഴിഞ്ഞിട്ടും, ദിവ്യസംഗീതത്തിലെ മണവാട്ടിയെപ്പോലെ, അതിന്നായി ഒന്നുംതന്നെ പ്രതിഷ്ഠിച്ചിട്ടില്ലാ എന്നു എനിക്കു തോന്നുന്നു.

൩. സ്നേഹമില്ലെങ്കിൽ എത്രയും ശോഭനമായ പരാക്രമകൃത്യങ്ങൾക്കുടെ വിലയററതായി തീരുന്നു.

൪. ഒരുദിവസം സന്ധ്യാസമയം, ഈശോയോടു, ഞാൻ എങ്ങനെ അവിടത്തെ സ്നേഹിക്കുന്നെന്നും എങ്ങനെ അവിടുന്നു സർവ്വലോകത്തിലും സ്നേഹിച്ചു സ്തുതിക്കപ്പെടുവാൻ ആഗ്രഹിക്കുന്നെന്നും പറഞ്ഞറിയിപ്പാൻ തക്ക വാക്കുകൾ കിട്ടാതെ നിൽക്കയിൽ, നരകക്കുഴിയിൽനിന്നും ദൈവസ്നേഹത്തിന്റെ ഒരേ ഒരു പ്രകരണമെങ്കിലും സ്വർഗ്ഗത്തിലേക്കു കരയേറുകയില്ലല്ലൊ എന്നുള്ള വിചാരം എന്റെ ബോധത്തിൽ അഗാധമായി പതിഞ്ഞു. തന്നിമിത്തം ഞാൻ ക്ലേശപരവശയായി തീരുകയും ചെയ്തു. ആ സ്ഥലത്തിൽ ക്രൂടെയും നിത്യകാലത്തേക്കു ദൈവത്തെ സ്നേഹിക്കുന്നതിന്നു ആൾ ഉണ്ടാകുവാൻവേണ്ടി ദുരിതങ്ങളുടെയും ദൈവദൂഷണങ്ങളുടെയും ആ പാതാളത്തിലേക്കു സ്വമനസ്സാലെ ചാടുവാൻ ഞാൻ സന്നദ്ധയാണെന്നു നിലവിളിച്ചുപറഞ്ഞു. പക്ഷേ അങ്ങനെ ചെയ്യുന്നതുകൊണ്ടു വാസ്തവത്തിൽ

ദൈവത്തിനും സ്തുതിയുണ്ടാകയില്ലെന്നു എനിക്കറിയാം. എ
ന്തുകൊണ്ടെന്നാൽ നമ്മുടെ ഭാഗ്യം മാത്രമേ അവിടന്നു കാം
ക്ഷിക്കുന്നുള്ളൂ; അതുതന്നെയാണ് അവിടത്തെ സ്തുതിയും മഹ
ത്വവും എന്നു വരികിലും സ്നേഹം ഒരായിരം അസംഭ്യകായ്
ങ്ങളെ ക്രൂടെയും നിവ്വഹിപ്പാൻ കൊള്ളാമെന്നു ആശിക്കുന്നു.
എനിക്കു മോക്ഷത്തിൽ പോകുവാൻ ആഗ്രഹമില്ലാത്തതുകൊ
ണ്ടല്ല ഞാൻ അപ്രകാരം പറഞ്ഞതു്. എന്റെ മോക്ഷമൊ
ക്കയും സ്നേഹമാണ്. എന്റെ സ്നേഹമൊക്കയുടെയും ദൈ
വീകമായ ആ മൂലാധാരത്തിൽനിന്നും യാതൊന്നും എന്നെ വേ
ർപിരിക്കയില്ല എന്നു ഈ സമയം എനിക്കു ഉറപ്പുതോന്നുക
യുംചെയ്തു.

൭. ഈ ജീവിതത്തിലെ നിസ്സാര കരിശ്രുകൾക്കുള്ള നി
ത്യസമ്മാനം താരതമ്യം ഇല്ലാത്തവണ്ണം അത്ര വലിയതാകുന്നു
എന്നു ഓർമ്മിക്കയിൽ, ഈശോയെ സ്നേഹിക്കുന്നതിനും ആർദ്ര
തയോടെ അവിടത്തേക്കു ശുശ്രൂഷ ചെയ്യുന്നതിനും അതിന്റെ
ഒരു പതിനായിരം ലക്ഷ്യങ്ങളെ കാണിക്കുന്നതിനും ഞാൻ ആ
ഗ്രഹിക്കുന്നു.

൮. ഇഷ്ടപ്രസാദത്തോടു യാതൊന്നിലും എതിർക്കയി
യില്ലെങ്കിൽ എത്രയും ഉന്നതദാനങ്ങളാൽ അലങ്കരിക്കപ്പെ
ട്ട ആത്മാവിലെപോലെ, താഴ്ന്നപദവിയിൽ വെക്കപ്പെട്ട ഒ
രാത്മാവിലും ദൈവസ്നേഹത്തിന്റെ മഹത്വം വെളിപ്പെടാതി
രിക്കയില്ല. സ്നേഹത്തിന്റെ ദൃശ്യവിവനം സ്വാത്മപരിത്യാഗ
മായിരിക്കയിൽ, എല്ലാവരും തിരുസ്സഭയെ സൂര്യസമാനം പ്ര
ശോഭിപ്പിച്ച പരിശുദ്ധ മല്പാന്മാർക്കു സമന്മാരായ് തന്നാൽ
ദൈവം അവരുടെ പക്കലേക്കു എഴുന്നെള്ളി വരുമ്പോൾ ഇ
ത്രയധികം തന്നെത്തന്നെ താഴ്ത്തിയതായി തോന്നുകയില്ല. എ
ന്നാൽ അവിടുന്നല്ലയോ വശഹീനനായ ശിശുവിനേയും അപരി
ഷ്കൃത കാട്ടാളനേയും സൃഷ്ടിച്ചതു്? അവരുടെ ഹൃദയത്തി
ലും ഇറങ്ങിവരുന്നതിനു ഇടയാകുമ്പോൾ എത്രയോ അധികം
ആ ദൈവംതന്നെ ഹീനമാക്കുന്നുണ്ടു്.

൯. സ്നേഹം പൂർണ്ണമാകണമെങ്കിൽ വെറും ഇല്ലായ്മയോ

ളം തന്നെ ഇറങ്ങിവരികയും ആ ഇല്ലായ്മയെ സ്നേഹം ശരി
യായി ചെകുത്തുകയും ചെയ്യണം.

വ. ആത്മവരം ച്ചയുടെ സമയത്തു പ്രാത്ഥിപ്പാനും സു
കൃതപ്രവൃത്തികളും ചെയ്വാനും അരോചകം ഉണ്ടാകുമ്പോൾ
നിസ്സാരക്കുട്ടങ്ങളെ ചെയ്യ ഈശോയെ പ്രസാദിപ്പിക്കുവാനു
ത്തെ ഞാൻ ശ്രമിക്കുന്നുത്തു്. ഉദാഹരണം പറയണമെങ്കിൽ മെ
നമായിരിക്കുവാനും അനിഷ്ടഭാവം കാണിക്കുവാനും സ്വഭാവം
എന്നെ ആകർഷിക്കുമ്പോൾ ഞാൻ പുഞ്ചിരി കാട്ടുകയോ ഒ
രു സ്നേഹവാക്കു പറകയോ ആണ്ട് ചെയ്യുന്നുത്തു്. ഇത്തരം
അവസരങ്ങളും കിട്ടാതെ വരുമ്പോൾ ഈശോയോടു ഞാൻ അ
വിടത്തെ സ്നേഹിക്കുന്നു എന്നു പറഞ്ഞു ഉരുവിടുകയാണ്ട് പ
തിവു്. ഇതു ഒട്ടും പ്രയാസമുള്ളതല്ല, ഇതുവഴിയായി എന്റെ
ഹൃദയത്തിലെ സ്നേഹാഗ്നി കെടാതിരിക്കുന്നു. ഈ സ്നേഹം
എന്നിൽ കെട്ടുപോയി എന്നു തോന്നിയാലും ഞാൻ ആ തീക്ക
നലുകളുടെ മേൽ ഈടുശമായ വൈക്കോൽ ഇടുകയും തൽക്ഷ
ണം അതു കത്തി ജ്വലിക്കുയും ചെയ്യുന്നു.

ൻ. ഞാൻ ദൈവത്തിന്നു മുഴുവനായി ആത്മപ്രതിഷ്ഠ
ചെയ്ത ദിവസം സ്നേഹം എന്റെ ഹൃദയത്തിൽ നിവസിക്കയും
അതോടുകൂടെ നിഃസ്വാർത്ഥത എന്നിൽ ഉജ്വലിക്കയും ചെയ്തു.
അന്നുമുതൽ ഞാൻ ഭാഗ്യം അനുഭവിച്ചുപോരുന്നു.

ഫ൦. എന്റെ സ്നേഹത്തിലെ ഒരു അണുപോലും സൃ
ഷ്ടികൾക്കു കൊടുപ്പാൻ ഞാൻ സമ്മതിക്കയില്ല. ഈശോ അ
വിടന്നു മാത്രം പരിപൂർണ്ണ ഭാഗ്യവാനെന്നു എന്നെ ഗ്രഹിപ്പിച്ചി
രിക്കകൊണ്ടു എന്റെ സ്നേഹമൊക്കയും അവിടത്തേക്കു തന്നെ
ഞാൻ കാഴ്ചവെച്ചിരിക്കുന്നു. എല്ലാം, അതെ എല്ലാം അവി
ത്തേക്കു സ്വന്തമായിരിക്കട്ടെ! ഒന്നുംതന്നെ ഈശോയിക്കു സമ
ർപ്പിക്കുവാൻ ഇല്ലാതാകുമ്പോൾ ആ ഇല്ലായ്മതന്നെ അവിട
ത്തേക്കു ഞാൻ കാഴ്ചവെക്കും.

ഫഫ. ന. കർത്താവു അമ്മയെക്കാൾ സ്നേഹാർദ്രതയുള്ള
വനത്രെ. അമ്മയുടെ ഹൃദയസ്നേഹം എന്താണെന്നു ഒന്നിൽ
അധികം പ്രാവശ്യം ഞാൻ അനുഭവിച്ചറിഞ്ഞിട്ടുമുണ്ടു്. അ

ം സ്വന്ത കഞ്ഞിന്റെ മനപൂർവ്വമല്ലാത്ത അല്പകുറവുകളെ ക്ഷമിക്കുന്നതിനു എപ്പോഴും ഒരുക്കമാണു്.

൨൨. പൂർണ്ണപൂർണ്ണത പ്രാപിക്കുന്നതിനു ഒരു മാർഗ്ഗമേ എനിക്കു അറിയുവാൻ പാടുള്ളൂ; അതായതു സ്നേഹം. ഹാ! നമുക്കു സ്നേഹിക്കാം! എന്തെന്നാൽ നമ്മുടെ ഹൃദയം മറെറാന്നിനുമല്ല നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. സ്നേഹത്തെ അറിയിക്കുന്നതിനു ചിലപ്പോൾ മറെറാരു വാക്കു ഞാൻ അന്വേഷിക്കുന്നു. പക്ഷേ ഈ വിഭേശത്തിൽ നാം തുടങ്ങുന്നതും അവസാനിപ്പിക്കുന്നതുമായ വാക്കുകളെല്ലാം ഹൃദയവികാരങ്ങളെ അറിയിക്കുന്നതിനു മതിയാകുന്നവയല്ല. അപ്പോൾ സ്നേഹം എന്ന ഈ ഏകവചനം മാത്രം നാം ഉരുവിടണം. എന്നാൽ നമ്മുടെ ഹൃദയത്തിന്റെ സ്നേഹപാത്രം എവിടെയാണു് സ്ഥിതിചെയ്യുന്നതു? അതിലെ നിക്ഷേപങ്ങൾ കൈക്കൊള്ളുന്നതിനു യോഗ്യതയുള്ള മഹാനെ എവിടെ കണ്ടെത്തും? ഒരു മനുഷ്യൻ അവയടക്കി ഗ്രഹിക്കുന്നതിനും വിശിഷ്യാ അവയ്ക്കു യോഗ്യമായ പ്രതിസമ്മാനം നൽകുന്നതിനും ശക്തിയുള്ളവനാണോ? സ്നേഹത്തെ പൂർണ്ണമായി ഗ്രഹിക്കുന്ന ഒരു പരമാത്മാവു മാത്രമെ സ്ഥിതിചെയ്യുന്നുള്ളൂ. അതു ഈശോയാണു്. അവിടത്തേക്കു പ്രതിഷ്ഠിക്കുന്ന എത്രയും അല്പമായ സ്നേഹകാഴ്ചകൾക്കു കൂടെയും നിസ്സീമമായ സമ്മാനം നമുക്കു നൽകുന്നതിനും ഈശോയിക്കു മാത്രമെ സാധിക്കയുള്ളൂ.

൨൩. ഇഹത്തിൽ ചെയ്യേണ്ടതായി നമുക്കു ഒരു സംഗതി മാത്രമേ ഉള്ളൂ. അതു ഈശോയെ സ്നേഹിക്കയും തന്നെ സ്നേഹിക്കുന്നതിന്നായി ആത്മാവുകളെ നേടുകയും ചെയ്ക എന്നതാണു്. സ്വാർത്ഥപര ത്യാഗത്തിന്റെ നിസ്സാരമായ അവകാശങ്ങളുടെയും നാംത്യജിച്ചുകളയരുതു്. യാതൊന്നും ഈശോയിക്കു നാം നിഷേധിക്കാതിരിപ്പാൻ സൂക്ഷിക്കണം. ഇങ്ങിനെയാണു് സ്നേഹം കാണിപ്പാൻ ഈശോ നമ്മോടു ആവശ്യപ്പെട്ടിരുന്നതു്,

൨൪. നാം സാക്ഷാൽ സ്നേഹിക്കുമ്പോൾ സ്നേഹിതന്റെ ഭാഗ്യത്തിൽ സന്തോഷിക്കയും അതിനെ പുലർത്തുന്നതിനായി എത്രയധികം പ്രയാസവും സഹിക്കയും ചെയ്യുന്നു.

൧൭. സത്യമായ സ്നേഹം പൂജകളാലത്രെ പുഷ്ടിപ്രാപിക്കുന്നതു്. യാവനൊരുവൻ സ്വാഭാവിക കാംക്ഷകളെ പൂജിക്കുന്നുവോ അവന്റെ സ്നേഹം ശക്തിമത്തായും നിസ്വാർത്ഥമായും വളരുന്നു.

൧൮. നമ്മുടെ നല്ല ഒദൈവത്തിനു തന്റെ സ്നേഹത്തിന്റെ പ്രവൃത്തിയെ ഒരാത്മാവിൽ പൂർത്തിയാക്കുവാൻ അനേകനാളുകളും വർഷങ്ങളും ആവശ്യമില്ല. ആ ദിവ്യഹൃദയത്തിൽനിന്നു തുളുമ്പുന്ന ഒരു രശ്മികൊണ്ടു തന്റെ ജ്ഞാനകുസുമങ്ങളെ നിത്യകാലത്തേക്കു വികസിപ്പിക്കുവാൻ അവിടുത്തേക്കു ക്ഷണത്തിൽ സാധിക്കും.

൧൯. സ്നേഹം വർഷങ്ങളുടെ പോരായ്കയെ പരിഹരിക്കുന്നു. ഈശോ നിത്യനായിരിക്കുന്നിമിത്തം കാലത്തെയല്ല സ്നേഹത്തെയത്രെ ഗൌനിക്കുന്നതു്.

൨൦. സ്നേഹിക്കുമ്പോൾ യാതൊരു ഐന്ദ്രികതൃപ്തിയും ഞാൻ ആശിക്കുന്നില്ല. ഈശോ എന്റെ സ്നേഹം അറിയുന്നെങ്കിൽ എനിക്കു അതുമതി. ഓ! അവിടത്തെ സ്നേഹിക്കയും സ്നേഹിപ്പിക്കയും ചെയ്യുന്നതു എത്രയോ ഇമ്പമുള്ളതാകുന്നു.

൨൧. ഓ! ഈശോയെ! ഞാൻ നിന്നിൽ നിന്നു സമാധാനം മാത്രമേ യാചിക്കുന്നുള്ളു. അതേ, സമാധാനം-എന്നാൽ എല്ലാറ്റിലും ഉപരിയായി സ്നേഹവും അതായതു അതിരില്ലാത്ത സ്നേഹവും അപേക്ഷിക്കുന്നു. ഈശോയെ ഞാൻ നിന്നെപ്രതി ഒരു വേദസാക്ഷിണിയായി മരിക്കട്ടെ. ആത്മാവിലൊ ശരീരത്തിലൊ, ഏതിലെങ്കിലും അതു നീ എനിക്കയയ്ക്കുക. അല്ല, രണ്ടു പ്രകാരത്തിലും ഞാൻ അതു സഹിക്കട്ടെ.

൨൨. ഞാൻ പശിക്കുന്നെങ്കിൽ നിന്നോടു പറകയില്ല എന്നു (കീർത്തനമാലയിൽ) അരുളിച്ചെയ്ത ദൈവം ശമരായക്കാരി സ്ത്രീയോടു കുറെ വെള്ളം ചോദിപ്പാൻ മടിച്ചില്ല. അവിടത്തേക്കു ദാഹിച്ചു!!! പക്ഷെ എനിക്കു കുടിപ്പാൻ തരിക എന്നു പറകയിൽ ലോകസൃഷ്ടിതാവു തന്റെ സൃഷ്ടിയുടെ സ്നേഹമത്രെ ചോദിച്ചതു്. താൻ സ്നേഹം ദാനം ചെയ്യു.

മറെറല്ലാക്കാലത്തെക്കാളും ഇപ്പോൾ ഈശൊ ദാഹം സഹിക്കുന്നു.ലോകേശ്വുക്കളുടെ ഇടയിൽ നന്ദിഹീനരേയും, ഉദാസീനരേയും മാത്രമേ ഈശൊ കണ്ടുമുട്ടുന്നുള്ളു. അവിടുത്തെ സ്വന്ത ശിഷ്യരിലൊ, അയ്യൊ! നിസ്സീമമായ ആ സ്നേഹത്തിനു തങ്ങളെ മുഴുവനും ഒന്നും ശേഷിപ്പിക്കാതെ കയ്യാളിക്കുന്നവർ എത്രയോ ചുരുക്കം.

൨൧. സ്നേഹത്തിന്റെ വഴി എത്ര മാധുര്യമുള്ളതാകുന്നു. ചിലപ്പോൾ വീഴ്ചകളുണ്ടാകും. സദാ ഒരുത്തൻ വിശ്വസ്ഥനായി നിലനിന്നില്ല എന്നും വന്നേക്കാം. പക്ഷെ സ്നേഹം എല്ലാറിലും ലാഭമെടുപ്പാൻ പഠിച്ചിട്ടുണ്ടു്. അതിനാൽ ശീഘ്രത്തിൽ ഈശൊയ്ക്കു അപ്രീതികരമായതൊക്കെയും സ്നേഹത്തിൽ മറിപ്പിച്ചുകളകയും അതോടുകൂടെ ഹൃദയത്തിന്റെ അഗാധത്തിൽ പൂർണ്ണസമാധാനം ജനിപ്പിക്കയും ചെയ്യുന്നു.

൨൨. പാപികളുടെ തലമേൽ വീഴുവാനിരിക്കുന്ന ഭയങ്കര ശിക്ഷ മാറുന്നതിനു വേണ്ടി സ്വമനസ്സാലെ തങ്ങളെതന്നെ ജാമ്യക്കാരുടെ നിലയിൽ ദൈവനീതിക്കു സമർപ്പിക്കുന്നവരുടെ ധീരകൃത്യത്തെപ്പറ്റി ചിന്തിക്കയിൽ എനിക്കു വളരെ അഭിമാനം തോന്നി. എങ്കിലും അതനുകരിക്കുന്നതിനു ഒട്ടും ആകർഷണം ഉണ്ടായില്ല.

ഒ! എന്റെ ദിവ്യനാഥാ, അങ്ങെ നീതിക്കു മാത്രം ബലിവസ്തു ഉണ്ടായാൽ മതിയോ? അങ്ങെ കൃപാപൂരിതമായ സ്നേഹത്തിനും അതു അത്യന്താപേക്ഷിതമല്ലയോ? എവിടെയും നിന്റെ സ്നേഹം വിസ്മരിക്കപ്പെട്ടും ഉപദ്രവിക്കപ്പെട്ടും ഇരിക്കുന്നു. നീ ധാരാളമായി അതു ചിന്തുവാൻ തിരുമനസ്സാകുന്ന ഹൃദയങ്ങൾ തന്നെ നിന്റെ അറുതിയില്ലാത്ത സ്നേഹച്ചൂളയിലേക്കും സ്നേഹം കവിഞ്ഞൊഴുകുന്ന നിന്റെ കൈകൾക്കുള്ളിലും ഓടിവരുന്നതിനു പകരം ഭഞ്ജങ്ങളും ദുസ്ഥിരങ്ങളും ആയ സൃഷ്ടികളിലേക്കു തിരിഞ്ഞു ഭാഗ്യം അന്വേഷിക്കുന്നു.

൨൩. എന്റെ സർവ്വേശാ! ഇപ്രകാരം ഉപദ്രവിക്കപ്പെട്ട അങ്ങെ സ്നേഹം നിന്റെ ഹൃദയത്തിൽമാത്രം സ്ഥിതിചെയ്യുന്നോ? നിന്റെ സ്നേഹത്തിനു ദേഹനബലികളായി പ്രതിഷ്ഠിക്കുന്ന ആത്മാവുകളെ കാണുമെങ്കിൽ നീ എത്രയും ശീഘ്രത്തിൽ അവ

രെ സ്നേഹാഗ്നിയാലെ ദഹിപ്പിക്കുമെന്നു എനിക്കു തോന്നുന്നു. ഇങ്ങിനെ നിന്റെ ഹൃദയത്തിലെ അപരിമിതസ്നേഹം കത്തി ജ്വലിച്ചു പുറത്തേക്കു തുളിപിടിക്കുന്നതിനുള്ള അങ്ങേ ആഗ്രഹം സുസാദ്ധ്യമായി വരുമ്പോൾ അതു നിന്റെ ഹൃദയത്തിനു എത്രയോ ആശയാൽ പ്രമോയിരിക്കും.

നീ ഭൂമിയിൽ നടത്തുന്ന നിന്റെ നീതിക്കു സ്വമനസ്സാലെ ആത്മപൂജ ചെയ്യുന്നതു നിനക്കു പ്രസാദജന്യമാണെങ്കിൽ ആ കാശംവരെ എത്തുന്ന നിന്റെ കൃപയാൽ അലംകൃതമായ സ്നേഹത്തിനു എത്രയോ അധികം അതു സ്വീകാര്യമായിരിക്കണം.

ഓ! ഈശോയേ! ഈ വിധമായ ഒരു ഹോമബലി ആയിതീരുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിപ്പാൻ അങ്ങേ ദിവ്യസ്നേഹാഗ്നിയാലെ ഈ എളിയ ദാസിയെ ദഹിപ്പിക്കണമേ.

പരമ. ഹാ! ആ ഭാഗ്യദിവസം മുതൽ ഞാൻ സ്നേഹത്താൽ പരിവ്യാപ്തയായിരിക്കുന്നു. അനുഗ്രഹം നിറഞ്ഞ ഈ സ്നേഹം അനുനിമിഷം എന്നെ നവീകരിക്കയും ശുദ്ധീകരിക്കയും ചെയ്തുകൊണ്ടു പാപത്തിന്റെ നിഴൽ ക്രമേയും എന്റെ ഹൃദയത്തിൽ നിന്നു വിദൂരമാകുന്നു. ശുദ്ധീകരണ സ്ഥലത്തെപ്പറ്റി എനിക്കു ഭയമില്ല. പരിഹരണത്തിനുള്ള ആ സ്ഥലത്തു ശുദ്ധിമാന്മാരോടുകൂടെ പ്രവേശിക്കുന്നതിനുപോലും എനിക്കു യോഗ്യതയില്ലെന്നറിയാം പക്ഷേ സ്നേഹത്തിന്റെ അഗ്നി പാപകന്മഷം നീക്കുവാനുള്ള ആ അഗ്നിയെക്കാൾ അധികം ശുദ്ധിവരുത്തുന്നതാകുന്നു. നാം അനാവശ്യമായി പീഡിപ്പിക്കപ്പെടുവാൻ ഈശോ സമ്മതിക്കയില്ലല്ലൊ. അതുപോലെ തന്നെ എന്റെ ആഗ്രഹങ്ങൾ അവിടുന്നു പൂർത്തീകരിപ്പാൻ മനസ്സാകുന്നില്ലെങ്കിൽ അവ എനിക്കു തരികയുമില്ലായിരുന്നു എന്നു നിശ്ചയമാണ്.

പരി. ദൈവസ്നേഹത്തിന്റെ ബലിയായി തന്നെത്തന്നെ സമർപ്പിക്കുക എന്നു പറയുമ്പോൾ ജ്ഞാനാശ്വാസങ്ങൾക്കും മാധുര്യങ്ങൾക്കും നമ്മെ കയ്യാളിക്കുന്നു എന്നല്ല ഗ്രഹിക്കേണ്ടതു പ്രത്യുത ഏതുവക പീഡകളും ദുഃഖാനർത്ഥങ്ങളും സ്നേഹത്തെപ്രതി സഹിക്കുന്നതിനു സന്നദ്ധമായിരിക്കുക എന്നത്രെ മന

സ്സിലാക്കേണ്ടതു്. എന്തെന്നാൽ സ്വാർത്ഥബലി ഇല്ലെങ്കിൽ സ്നേഹവുമില്ല. കരുവൻ സ്നേഹത്തിൽ എത്രയധികരിപ്പാൻ ആഗ്രഹിക്കുന്നുവോ അത്രയും കുരിശുകളെ ആശ്ലേഷിക്കേണ്ടിയിരിക്കുന്നു.

൨൭. നാം എത്രയധികം ബലഹീനരും നികൃഷ്ടരും ആയിരിക്കുമോ അത്രയും ഈശോയെ സ്നേഹിക്കുന്നതിന്നും സ്നേഹത്തിന്റെ ബലിവസ്തുവാകുന്നതിന്നുംസ്നേഹത്തിന്റെപ്രവർത്തിയാൽ രൂപാന്തരപ്പെട്ടുന്നതിന്നും പറഞ്ഞിയവരാണു്...സ്നേഹത്താൽ ദഹിക്കപ്പെടണമെന്നുള്ള ആഗ്രഹംതന്നെ ധാരാളം മതിയാവുന്നതാണു്. എന്നാൽ അതോടുകൂടി നാം എല്ലായ്പ്പോഴും നിർധനരും ബലഹീനരുമായിരിക്കയും വേണം. ഇതിനാണു് പ്രയാസമുള്ളതു്. എന്തെന്നാൽ യഥാർത്ഥത്തിൽ അശുപിയാലുള്ള ദരിദ്രന്മാരെ എവിടെ കണ്ടെത്തും? അവനെ കണ്ടെത്തുവാൻ വളരെ ദൂരം പോയന്വഷിക്കണം എന്നു ക്രിസ്താനുകരണം പറയുന്നു.....മഹാന്മാരുടെ ഇടയിൽ എന്നാല്ല പിന്നായോ വളരെ ദൂരം പോയി അന്വഷിക്കണം എന്നത്രെ പറയുന്നതു്. വിദൂരമായ ഈ സ്ഥലം എള്ളിമയും ഇല്ലായ്മയുമത്രെ. അതേ നമുക്കു ലോകത്തിൽ മിന്നുന്നവയൊക്കയിൽന്നും വളരെ ദൂരം പോകാം. നമ്മുടെ അല്പത്വം സ്നേഹിക്കയും ഒന്നുകൊണ്ടും വിമ്മിഷ്ടം തോന്നാതിരിക്കയും ചെയ്യണം. അപ്പോൾ വാസ്തവത്തിൽ നാം അശുപിയാലെ ദരിദ്രന്മാരായി തീരും. നാം എത്രദൂരംപോയാലും ഈശോ വന്നു നമ്മെ അന്വേഷിക്കുകയും നമ്മെ സ്നേഹത്തിന്റെ ജ്വാലകളാക്കി തീർക്കയുംചെയ്യും.

൨൮. സ്നേഹത്തിന്റെ ബലിയായി തീരണമെങ്കിൽ നമ്മെ മുഴുവനും ആത്മസമർപ്പണം ചെയ്യണം, ഈ ആത്മസമർപ്പണം അനുസരിച്ചത്രെ നമ്മുടെ ഹൃദയത്തിൽ സ്നേഹം വളരുന്നതു്.

൨൯. സ്നേഹത്തിന്റെ ബലിയായി തീരുന്നതിനു ഭാഗ്യം ലഭിക്കുന്നവർക്കു ദൈവന്യായാസനത്തിൽ കാണപ്പെട്ടുവാൻ പോലും ആവശ്യം വരികയില്ലെന്നു എനിക്കു തോന്നുന്നു. അതിനും പകരം എത്രയും ശീഘ്രത്തിൽ ദൈവം അവരുടെ ഹൃദ

യത്തിൽ ജ്വലിക്കുന്ന തന്റെ നേക്കുള്ള സ്നേഹത്തെ നിത്യാനന്ദത്താൽ പൂരിപ്പിക്കും.

൨൨. വി. ആഞ്ഞേസിന്റെ വിരുത ഞാൻ എങ്ങിനെയെങ്കിലും കൈക്കലാക്കും. ചോര ചിന്തിക്കൊണ്ടല്ലെങ്കിൽ സ്നേഹം വഴിയായിട്ടായിരിക്കും അതു പ്രാപിക്കുന്നതു്.

൨൩. ഒ! എന്റെ ദൈവമെ! ഞാൻ നിന്നെ മാത്രം സ്നേഹിപ്പാനല്ലാതെ മറെറാന്നും ഒരിക്കലും ആഗ്രഹിച്ചിട്ടില്ലെന്നു നിനക്കറിയാം. എനിക്കു മറെറാരുസ്തുതിയും പ്രതാപവും വേണ്ട. ശൈശവത്തിൽ തന്നെ നിന്റെ സ്നേഹം എന്റെ മുമ്പാകെയുണ്ടായിരുന്നു. എന്നോടുകൂടെ അതു വളരുകയും ഇപ്പോൾ അളക്കുവാൻ പാടില്ലാത്തവണ്ണം അതു വലുതായിത്തീരുകയും ചെയ്തിരിക്കുന്നു.

൨൪. സ്നേഹം സ്നേഹത്തെ ആകർഷിക്കുന്നു. എന്റെ സ്നേഹം നിന്റെ നേക്കു കുതിച്ചു ചാടുന്നു. അതിനെ ആകർഷിക്കുന്ന വ്യാപ്തിയെ നിറപ്പാൻ എതുയോ അതു ആശിക്കുന്നു. എന്നാൽ കഷ്ടമേ, സമുദ്രത്തിൽ വീഴുന്ന ഒരുതുള്ളി വെള്ളത്തോളം കൂടിയും അതു വരുന്നില്ല. നീ എന്നെ സ്നേഹിക്കുന്നതുപോലെ ഞാൻ നിന്നെ സ്നേഹിക്കുന്നമെങ്കിൽ നിന്റെ സ്നേഹം തന്നെ വായ്തരണം. അപ്പോൾ മാത്രമേ എനിക്കാശ്വാസമുണ്ടാകയുള്ളു.

൨൫. എന്റെ ഈശോയെ! കവിഞ്ഞൊഴുകുന്ന നദി അതിനോടു എതിരിടുന്നവയൊക്കെയും സമുദ്രത്തിലേക്കു ഒഴുക്കികൊണ്ടുപോകുന്നതുപോലെ നിന്റെ സ്നേഹമാകുന്ന കരകാണാത്ത കടലിൽ മുങ്ങുന്ന ആത്മാവും അതിന്റെ സമ്പത്തൊക്കെയും അവിടേക്കു വലിച്ചുകൊണ്ടുപോകുന്നു. കർത്താവെ! എന്റെനിക്ഷേപങ്ങളും എന്നോടുകൂടെ നീ ഇടിപ്പിച്ചിട്ടുള്ള ആത്മങ്ങളാണെന്നു നിനക്കറിയാമല്ലൊ.

൨൬. സ്നേഹം എന്റെ ദൈവ വിളിയുടെ രഹസ്യം എനിക്കു കാണിച്ചുതന്നു. തിരുസഭ വിവിധാംഗങ്ങളോടുകൂടിയ ഒരു പാവനശരീരമാകയാൽ അതിൽ എതുയും പ്രാധാന്യമുള്ളതും അവശ്യം വേണ്ടതുമായ വ്യുദ്യം ഉണ്ടാകാതിരിപ്പാൻ നിവൃത്തിയില്ല. ഈ വ്യുദ്യമൊ സ്നേഹം കൊണ്ടു എരിയുന്നു. സ്നേ

ഹാ ഒന്നൊത്തു അതിന്റെ അവയവങ്ങൾ വേലചെയ്യുന്നതിനുള്ള കാരണം. സ്നേഹം നശിച്ചുപോയാൽ ശ്ലീഹന്മാർ പ്രസംഗിക്കയോ രക്തസാക്ഷികളാകയോ ചോര ചിന്തുകയോ ചെയ്കയില്ല. സ്നേഹം എല്ലാ ജീവിതാവസ്ഥയിലും വ്യാപിച്ചിരിക്കുന്നുവെന്നു എനിക്കു മനസ്സിലായി. സ്നേഹം സമസ്വരൂപമാകുന്നു. അതു കാലഭേദമോ, സ്ഥിതിഭേദമോ, സ്ഥലവ്യത്യാസമോ നോക്കുന്നില്ല. സർവ്വത്തിലും സർവ്വത്രജീവിക്കുന്നു.

൩൩. എന്റെ പ്രാണസ്നേഹിതാ, എനിക്കു നിയോഗിക്കപ്പെട്ടിരിക്കുന്ന യുദ്ധം ഞാൻ കാണുന്നു. പോക്കുത്തിലായ എനിക്കു സമരം ചെയ്വാനുള്ളതു്.. .ഞാൻ സ്നേഹത്തിന്റെ കാരാഗൃഹവാസിനിയത്രെ. എന്നെ നിന്നോടുകൂടെ ബന്ധിക്കയും ലോകത്തിൽ നിന്നു എല്ലായ്പോഴത്തേക്കും അകറ്റുകയും ചെയ്യുന്ന ചങ്ങലയെ സ്വമനസ്സാലെയത്രെ ഞാൻ മുകെകൊളുത്തിയിട്ടുള്ളതു്. എന്റെ വാൾ സ്നേഹമാകുന്നു. അതുകൊണ്ടു ശത്രുവിനെ സ്വരാജ്യസീമയിൽ നിന്നു ധ്വംസനം ചെയ്കയും മനുഷ്യഹൃദയങ്ങളിൽ നിന്നു ഞാൻ രാജാധിരാജനായി പ്രതിഷ്ഠിക്കയും ചെയ്യും.

൩൪. സ്നേഹം.....അതത്രെ ഞാൻ അപേക്ഷിക്കുന്നതു്.....എനിക്കു ഇപ്പോൾ ഒന്നുമാത്രമെ അറിവാൻ പാടുള്ളു. .....അതായതു ഈശോയേ! സ്നേഹിക്കുക. മഹൽകൃത്യങ്ങൾ ചെയ്യുന്നതിനല്ല ഞാൻ വിളിക്കപ്പെട്ടതു്. സുവിശേഷം പ്രസംഗിക്കയോ രക്തം ചിന്തുകയോ ചെയ്യുന്നതിനു എനിക്കു സാദ്ധ്യമല്ല. അതുകൊണ്ടു എന്തു നഷ്ടം? എന്റെ സഹോദരന്മാർ എന്റെപേക്ഷ അദ്ധ്വാനിക്കുന്നുണ്ടു്. ഞാനോ കൊച്ചു കുട്ടിയായ ഞാൻ രാജസിംഹാസനത്തിനുട്ടക്കൽ നിന്നു യുദ്ധം ചെയ്യുന്നവരുടെപേക്ഷ സ്നേഹകീർത്തനങ്ങൾ പാടുകയും ചെയ്യുന്നു.

൩൫. സ്നേഹം പ്രവൃത്തികൊണ്ടു പ്രത്യക്ഷപ്പെടേണ്ടതാകയാൽ എന്റെ സ്നേഹം ഞാൻ എങ്ങനെ തെളിയിക്കും? കൊള്ളാം. ഞാൻ പൂക്കളം വിതറി ദൈവസിംഹാസനത്തെ പരിമളത്താൽ നിറയ്ക്കുകയും സ്നേഹത്തിന്റെ ഗീതം മധുരസ്വരത്തിൽ ആലാപിക്കയും ചെയ്യും.

അതേ, എന്റെ പ്രാണസ്നേഹിതൻ, എന്റെ ആയുസ്സിന്റെ ചുരുങ്ങിയ ദിവസം ഇപ്രകാരം നിന്റെ മുമ്പാകെ ഞാൻ ചിലവഴിക്കട്ടെ. സുഗന്ധകുസുമങ്ങളും വിതരണം ചെയ്കയല്ലാതെ, അതായതു എതൃയും നിസ്സാര പൂജകളെ കൂടെയും ചെയ്യുന്നതിനുള്ള അവസരങ്ങളെ ഒന്നും വിടാതെ ഫലിക്കുന്നതിലല്ലാതെ, എന്റെ സ്നേഹം പ്രത്യക്ഷീഭവിപ്പിപ്പാൻ വേറെ മാർഗ്ഗം കാണുന്നില്ല. ഒരു നോട്ടം, ഒരു വാക്കു ഇവ കൂടെയും ആശാനിഗ്രഹം ചെയ്യേണ്ടുന്ന അവസരത്തിൽ ഞാൻ കടത്തി വിടുകയില്ല. എല്ലാം സ്നേഹത്തെപ്രതി—സ്നേഹത്തിനായി പീഡകളും സഹിപ്പാനും, സ്നേഹത്തെപ്പറ്റി അവയിൽ സന്തോഷിപ്പാനും ഞാൻ ആഗ്രഹിക്കുന്നു. ഇപ്രകാരം പുഷ്പമാരിയെ നിന്റെ മുറവും ഞാൻ വർഷിക്കും. അതിനോടുകൂടെ ഞാൻ സന്തോഷാധിക്യത്താൽ പാടുകയും ചെയ്യും. മുള്ളുകളുടെ മദ്ധ്യേനിന്നു പൂക്കളും പറിക്കേണ്ടിവന്നാലും എന്റെ പാട്ടു ഞാൻ നിറുത്തുകയില്ല. എന്നല്ല, മുള്ളുകളും എത്ര നീണ്ടതും ക്രമ്മയുള്ളതുമായിരിക്കുമോ അത്രയും ശ്രുതിമധുരമായിരിക്കും എന്റെ ഗീതം.

സന്യ. കൊച്ചുത്രേസ്യാ മരിക്കുന്നതിനു രണ്ടുദിവസം മുമ്പു ദീനത്തിന്റെ ശക്തിയാൽ ഉറക്കമില്ലാതെ കിടന്നു വിഷമിക്കയിൽ അവളുടെ ശ്രുശ്രൂഷക്കാരി മുറിയിൽ പ്രവേശിച്ചു് അല്പമെങ്കിലും ഉറങ്ങുന്നതിനു ശ്രമിക്കണം എന്നു പറഞ്ഞു. അതിനു അവൾ, സഹോദരീ, എനിക്കു പാടില്ല, വേദന അത്രയുള്ള ശക്തിയാണു്, അതുകൊണ്ടു ഞാൻ അപേക്ഷിക്കയാണ് ചെയ്യുന്നതു എന്നു ഉത്തരം പറഞ്ഞു. അതിനു അവൾ എന്താണ് അപേക്ഷിക്കുന്നതു എന്നു ചോദിച്ചു. മറെറാന്നുമല്ലാ, ഈശോയോടു "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നു മാത്രമേ പറയുന്നുള്ളു എന്നു ആ ഭാഗ്യവതി മറുപടി പറഞ്ഞു.

സ.ഒ. ഒരു സഹോദരി മോക്ഷഭാഗ്യത്തെപ്പറ്റി അവളോടു പറഞ്ഞുകൊണ്ടിരുന്ന സമയം അവൾ:—"അതല്ല എന്നെ ആകർഷിക്കുന്നതു"

പിന്നെ എന്താണു?

അതോ; അതു സ്നേഹമാണ്. സ്നേഹിക്കുന്നതിനും, സ്നേഹിക്കപ്പെടുന്നതിനും, ഭൂമിയിലേക്കു ഇറങ്ങിവന്നു സ്നേഹത്തെ സ്നേഹിപ്പിക്കുന്നതിനുമത്രെ എന്റെ അഭിലാഷം.

ന്യൂ. ആ നല്ല ദൈവത്തിനു സ്നേഹം മാത്രമേ ഞാൻ കൊടുത്തിട്ടുള്ളൂ. സ്നേഹംകൊണ്ടുതന്നെ എനിക്കു പ്രതിസമ്മാനം നൽകുകയും ചെയ്യും.

ന്യൂ. പാട്ടുപീഡകരം സഹിപ്പാനുള്ള ആശയെപ്പറ്റി ഞാൻ എഴുതിയിട്ടുള്ളവയൊക്കെയും എത്രയും സത്യമാകുന്നു. സ്നേഹത്തിനു എന്നെ മുഴുവനും ഒഴിഞ്ഞുകൊടുത്തതുകൊണ്ടു ഞാൻ തെല്ലും മനസ്ഥാപപ്പെട്ടുന്നില്ല.

ര്ം. ഈശോയേ! ഈശോയേ!! നിന്റെ സ്നേഹം ആശീക്കുന്നതു ഇത്ര രസമുള്ളതാണെങ്കിൽ എന്നാന്നേക്കും അതിനെ സമ്പാദിച്ചു അനുഭവിക്കുന്നതു എത്ര രസമുള്ളതായിരിക്കും?

ര്ഫ. കൊച്ചുത്രേസ്യാ ഉച്ചരിച്ച കടശിയിലത്തെ വാക്കുകൾ തുങ്ങപ്പെട്ട രൂപം നോക്കിക്കൊണ്ടു ഇപ്രകാരം ആയിരുന്നു.

ഓ! ഞാൻ അങ്ങെ സ്നേഹിക്കുന്നു. എന്റെ ദൈവമേ, ഞാൻ.....നിന്നെ.....സ്നേഹിക്കുന്നു!!!

൨. പരമസ്നേഹം

ഫ. ചില സമയങ്ങളിൽ നമ്മെപ്പറ്റി വളരെ അനിഷ്ടവും അരോചകവും നമുക്കുതന്നെ തോന്നാറുണ്ടു്. അപ്പോൾ നാം തനിച്ചിരിക്കാതെ ഈശോയേയും മറിയത്തേയും സന്ദർശിക്കണം. ഇതുശേഷം സഹോദരങ്ങളെ സഹായിച്ചുകൊണ്ടും അവക്കു സഹോദരസ്നേഹത്തിന്റെ പ്രവൃത്തികൾ ചെയ്തുകൊടുത്തുകൊണ്ടുമത്രെ നിവൃത്തിക്കേണ്ടതു്.

൨. എത്രയും നിസ്സാരമായ സുകൃതക്രിയകൾ ക്രൂടെയും രഹസ്യത്തിൽ ചെയ്യുന്നതായിരിക്കും എനിക്കു സന്തോഷം. ഇ

പ്രകാരം സഹോദരികൾ മറന്നു വച്ചുകൊണ്ടുപോയ 'കാപ്പ്' മടക്കിവെക്കുന്നതിനും മറിതുപോലെയുള്ള സഹായങ്ങൾ അവക്കു ചെയ്തുകൊടുക്കുന്നതിനും ഞാൻ തക്കസമയം എല്ലായ്പ്പോഴും നോക്കി പ്രവർത്തിച്ചിരുന്നു.

൫. എനിക്കു ധനമുണ്ടായിരുന്നെങ്കിൽ ഏതൊരു മനുഷ്യനെങ്കിലും പശിക്കുന്നതു കാണുമ്പോൾ അവനു ഭിക്ഷകൊടുക്കാതിരിക്കയില്ലായിരുന്നു. ഇതുതന്നെ അല്പാത്മജീവിതത്തിൽ ഞാൻ അനുഭവത്തിക്കുന്നു. നരകകുഴിയിൽ വീഴുവാനുള്ള അത്യാപത്തിൽ ഉൾപ്പെട്ടുന്ന ആളുകളെ ഓർക്കുമ്പോൾ എനിക്കുള്ള നിക്ഷേപങ്ങളൊക്കെയും അവർക്കായി ഞാൻ കാഴ്ചവയ്ക്കുന്നു. ഇതുവരെയും "ഇനി ഞാൻ എനിക്കായി വല്ലതും സമ്പാദിക്കണം എന്നു പറയുവാൻ ഇടവന്നിട്ടില്ല".

൬. പരസ്നേഹക്രിയകൾ ചെയ്യുമ്പോൾ ഈശോയെത്തെ എന്നിൽ പ്രവർത്തിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. തന്നോടുകൂടെ എത്ര ഗാഢമായി സംയോജിക്കുമോ അത്രയും ഹാർദ്ദമായി എന്റെ സഹോദരങ്ങളെ ഞാൻ സ്നേഹിക്കും. ഇപ്രകാരം പരസ്നേഹത്തിൽ വർദ്ധിക്കുവാൻ ആഗ്രഹിക്കുമ്പോൾ സാത്താൻ യാതൊരുത്തന്റെ കുറവുകളേയും ആക്ഷേപങ്ങളേയും എന്റെ കൺമുമ്പാകെ കൊണ്ടുവരുന്നെങ്കിൽ തൽക്ഷണം അയാളുടെ സുകൃതങ്ങളേയും വിശുദ്ധമായ ആഗ്രഹങ്ങളേയും ഞാൻ ഓർമ്മിക്കുക പതിവാണ്. അയാൾ ഒരിക്കൽ വീഴുന്നതു ഞാൻ കണ്ടിട്ടുണ്ടെങ്കിൽ, എളിമ നിമിത്തം മറച്ചുവച്ചിരിക്കുന്ന ഒരായിരം വിജയങ്ങളും പ്രാപിച്ചിട്ടുണ്ടായിരിക്കാം എന്നു ഞാൻ ചിന്തിക്കുന്നു. മാത്രമല്ല, എനിക്കു അബദ്ധമായി തോന്നുന്നതു ക്രൂടയും ഒരു പക്ഷെ ശുദ്ധനിയോഗംമൂലം സുകൃതമായി പരിണമിച്ചേക്കാവുന്നതുമാണ്.

൭. യഥാർത്ഥമായ പരസ്നേഹം അന്യന്റെ ഏറക്കുറവുകളെ നാം സഹിക്കയും അവന്റെ വീഴ്ചകളിൽ നാം അക്ഷമന്മാരാകാതിരിക്കയും, അവന്റെ സുകൃതങ്ങളെ കണ്ടു പുണ്യജീവിതത്തിൽ നമുക്കു പ്രോത്സാഹനം സിദ്ധിക്കുകയും ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്നു. ഉപവി ഹൃദയത്തിന്റെ ആ

മറഞ്ഞുകിടപ്പുണ്ട് എന്നു പറഞ്ഞാൽ പോരാ. എന്തുകൊണ്ടെന്നാൽ ഒരുത്തനും വിളക്കു കത്തിച്ചു പറയുടെകീഴ് വയ്ക്കുന്നില്ല. പിന്നയോ വീട്ടിലുള്ളവക്കു വെളിച്ചം കൊടുക്കുന്നതിനായി പീഠത്തിന്മേലത്രെ സ്ഥാപിക്കുന്നതു എന്നു ദിവ്യരക്ഷിതാവു അരുളിച്ചെയ്യുന്നു. എന്റെ വാത്സല്യ മിത്രങ്ങളെ മാത്രമല്ല മറ്റുള്ള എല്ലാവരേയും പ്രകാശിപ്പിക്കയും സന്തോഷിക്കയും ചെയ്യേണ്ടുന്ന പരസ്നേഹമാണ് പ്രസ്തുത വിളക്കു സൂചിപ്പിക്കുന്നതെന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

൩. ഏതു ശില്പിവരനും അവന്റെ കൈവേല കാണികൾ കണ്ടു സ്തുതിക്കുന്നതിനാഗ്രഹിക്കുന്നു. ഇതുപോലെ തന്നെ ദിവ്യശില്പിയും തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്തിരിക്കുന്ന ഹൃദയത്തിലെ ആദ്ധ്യാത്മിക സൌന്ദര്യത്തെ അന്യർ കണ്ടു അതിൽ പ്രശോഭിക്കുന്ന ദൈവ മഹത്വത്തേയും കൃപയേയും സ്തുതിപ്പാൻ ആഗ്രഹിക്കുന്നു.

൪. പ്രകൃതിയാലെ എനിക്കു വാത്സല്യം തോന്നാത്ത സഹോദരങ്ങളോടുള്ള സഖ്യത ഞാൻ അത്യധികം പാലിക്കുന്നതിനു ശ്രമിക്കും. അവരുടെ നേരെ സുവിശേഷത്തിലെ "നല്ല ശമറായെക്കാരന്റെ" ജോലിയാണ് നിർവ്വഹിക്കേണ്ടതു. ഒരു വാക്കോ, പുഞ്ചിരിയോ ഉചിതമായ ഒരാത്മാവിനെ പലപ്പോഴും സന്തോഷിപ്പിക്കുന്നതിനും ഭാഗ്യപ്പെടുത്തുന്നതിനും പര്യാപ്തമാകും.

൫. സ്വഭാവപക്ഷങ്ങളും ആകാംക്ഷകളും പരിത്യജിച്ചു ദൈവപ്രസാദം മാത്രം അന്വേഷിച്ചു ജീവിക്കുന്ന ആത്മാവു അനുഭവിക്കുന്ന ഭാഗ്യം ഒന്നുവേറെയാകുന്നു.

൬. എന്നോടു സഹായം ആവശ്യപ്പെട്ടവക്കുമാത്രം അതുചെയ്തുകൊടുത്താൽ പോരാ. അവരുടെ ആഗ്രഹം അറിയിക്കുന്നതിനു മുമ്പായി അതു നിവർത്തിച്ചുകൊടുക്കയും, അങ്ങിനെ ചെയ്യുന്നതു നമുക്കു സന്തോഷാവഹവും അഭിമാനകരവുമാണെന്നു പ്രദർശിപ്പിക്കയും ചെയ്യണം. നാം ഉപയോഗിക്കുന്ന വസ്തുക്കൾ കൂടെയും യാതൊരുത്തൻ എടുത്തുകൊണ്ടുപോകുന്നതായാൽ, അവയുടെ കൈവശത്തിൽ നിന്നു വിമോചിതരാക്കപ്പെ

ട്ടതിനാലുള്ള സംതൃപ്തി നാം അയാളുടെ നേർക്ക കാണിക്കയും വേണം.

൧൦. ചോദിക്കുന്നവർക്കൊക്കെയും കൊടുക്കുന്നതു പ്രയാസമാണെങ്കിൽ ചോദിക്കാതെ യാഥാർത്ഥം എടുത്തുകൊണ്ടുപോകുവാൻ സമ്മതിക്കുന്നതും തിരികെ ചോദിക്കാതിരിക്കുന്നതും അധികം പ്രയാസമുള്ളതാണ്. എന്നാൽ വാസ്തവം അങ്ങനെയല്ല. പ്രയാസമുള്ളതാണെന്നു തോന്നുന്നതേയുള്ളൂ. എന്തെന്നാൽ കൊടുപ്പിന്റെ സുഖം ഇമ്പമുള്ളതും ലഘുവായതുമാകുന്നു. അതു നന്മനസ്സോടെ സ്വീകരിച്ചാൽ തൽക്ഷണം അതിന്റെ മാധുര്യവും അനുഭവിപ്പാനിടയാകും.

൧൧. പരസ്നേഹം ഹൃദയത്തിൽ ഗാഢമായി വേരുന്നുമ്പോൾ ബാഹ്യവൃത്തികളിൽ കൂടെ അതു ദൃശ്യമാകും. മാത്രമല്ല പരോപകാരാർത്ഥം നമുക്കു നിവർത്തിക്കുവാൻ വഹിയാത്ത സംഗതികളെ നാം നിഷേധിക്കുന്ന വിധംകൊണ്ടുതന്നെ അവ നിവർത്തിച്ചാലുണ്ടാകുന്ന കൃതാർത്ഥത കൂടെയും അവർൽ ജനിപ്പിക്കുവാൻ പാടുണ്ട്.

൧൨. നമ്മുടെ സഹോദരങ്ങൾ യഥാർത്ഥത്തിൽ തെറ്റുകൾ ചെയ്തിരുന്നാൽ കൂടെയും അതു അവർ സമ്മതിക്കുവാനായി ശാഠ്യംപിടിച്ചു നിർബന്ധിക്കുന്നതു വിഹിതമല്ല. അവരുടെ കയ്യും നമ്മെ ഭരമേല്പിച്ചിട്ടില്ലല്ലൊ. നാം സമാധാനത്തിന്റെ ന്യായാധിപന്മാരല്ല. പിന്നയോ ദൈവദൂതന്മാരത്രെ.

൧൩. ഒരു ദരിദ്രനെന്നപോലെ ഈശോ നമ്മിൽ നിന്നു ധർമ്മം വാങ്ങിപ്പാൻ ആഗ്രഹിക്കുന്നു. ഹൃദയപൂർവ്വം കൊടുക്കുന്ന ദാനമല്ലാതെ അവിടുന്നു ഒന്നും സ്വീകരിക്കയില്ല ഈ മാധുര്യമുള്ള കർത്താവു ഒരല്പസ്നേഹം നമ്മിൽ നിന്നു സ്വീകരിക്കുന്നതിനായി കൈനീട്ടുന്നു ഇതു പ്രഭാവം നിറഞ്ഞ വിധിയുടെ ദിവസത്തിൽ "എന്റെ പിതാവിനാൽ ആശീർവ്വദിക്കപ്പെട്ടവരെ വരുവിൻ; എന്തെന്നാൽ ഞാൻ വിശന്നിരുന്നു. നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു; ഞാൻ ദാഹിച്ചിരുന്നു നിങ്ങൾ എനിക്കു കുടിപ്പാൻ തന്നു; ഞാൻ വിദേശിയനായിരുന്നു നിങ്ങൾ എന്നെ കൈക്കൊണ്ടു; രോഗിയായിരുന്നു നിങ്ങൾ എന്നെ സ

ന്ദർശിച്ചു; ഞാൻ കാരാഗൃഹത്തിൽ കിടന്നു, നിങ്ങൾ എന്റെ പക്കൽ വന്നു" എന്നു നമ്മോടു പറയുവാൻ വേണ്ടിയത്രെ.

ഫ്ര. ഞാൻ ഇനിയും ജീവിച്ചിരിക്കയായാൽ എനിക്കു എത്രയും സന്തോഷം വരുത്തുന്ന ജോലി രോഗികളെ പരിചരിക്കുന്നതായിരിക്കും. ഞാൻ അതു ആവശ്യപ്പെടുകയില്ല. എന്നാൽ കീഴ്പ്പെടുക എന്നെ ഭരമേല്പിക്കുന്നതായാൽ ഞാൻ അതു ഒരു ഭാഗ്യമായി കരുതും. ഹാ! അപ്പോൾ "ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" എന്നുള്ള ദിവ്യരക്ഷകന്റെ വചനങ്ങളെ സദാ ഓർത്തു അതിന്റെ കടമകളെ ഞാൻ എത്രയോ സൂക്ഷ്മമായി നിർവ്വഹിക്കും. രോഗശാലയിലെ മണിനാദം ഒരു സ്വർഗ്ഗീയ ഗാനമായിരിക്കുന്നു. ദീനക്കാരെ നമ്മെ വിളിപ്പാൻ എളുപ്പമുണ്ടാകുന്നതിനുവേണ്ടി അവരുടെ സമീപത്തു ക്രൂടി കടന്നുപോകുവാൻ ശ്രമിക്കണം. എല്ലാവർക്കും നിന്നോടു ആജ്ഞാപിക്കുന്നതിനു അർഹതയുള്ള ഒരു ചെറിയ അടിമയായി നിരന്നു കരുതിക്കൊള്ളുക. പോർക്കളത്തിൽ നീ ചെയ്യുന്ന യുദ്ധം നോക്കിനില്ക്കുന്ന ആകാശത്തിലെ മാലാഖമാരെ നിനക്കു കാണ്മാൻ കഴിയുമെങ്കിൽ എത്രയോ ഭാഗ്യമായിരുന്നു. നിന്നെ പുഷ്പമാല്യങ്ങൾകൊണ്ടും, മഞ്ജരികൾകൊണ്ടും അലങ്കരിക്കുന്നതിന്നായി അവർ യുദ്ധത്തിന്റെ അവസാനം നോക്കിപ്പാർത്തിരിക്കുന്നു.

അപ്രസിദ്ധമായ ഈ പോരാട്ടം ദൈവം അഗണ്യമാക്കുന്നില്ല. അതു പരമനേത്രങ്ങൾക്കു അഗോചരമായിരിക്കയാൽ അവിടത്തേക്കു അത്രയും അധികം പ്രസാദജനകവും ശ്രേഷ്ഠതാവുമായി തീരുന്നതേയുള്ളു. "ക്ഷമയുള്ളവൻ ശക്തിമാനെക്കാളും സ്വന്ത ആത്മാവിനെ ഭരിക്കുന്നവൻ പട്ടണങ്ങളെ കീഴടക്കുന്നവനെക്കാളും സ്തുത്യനാകുന്നു" മറവിൽ നാം ചെയ്യുന്ന പരസ്നേഹത്തിന്റെ നിസ്സാരകൃത്യങ്ങൾ വഴിയായി ദൂരദേശങ്ങളിൽ അജ്ഞാനികളെ മാനസാന്തരപ്പെടുത്തുകയും പ്രേഷിതാത്മാക്കളെ സഹായിക്കയും, അവർക്കു ധാരാളം ധർമ്മസഹായങ്ങൾ സമ്പാദിച്ചുകൊടുക്കയും ആണു് നാം ചെയ്യേണ്ടതു്.

ഫ൭. "ഇതരന്മാർ വിശിഷ്യാ സുകൃതികൾ ക്ലേശങ്ങൾ സഹിക്കുന്നതു എനിക്കു സഹിപ്പാൻ വഹിയാ എന്നു ഒരു നവ സന്ന്യാസിനി പറഞ്ഞു.

ഉടനെ കൊച്ചുത്രേസ്യാ ഉത്തരിച്ചതായതു; "ഓ! ഞാൻ നിന്നെപ്പോലെയല്ല പുണ്യവാന്മാർ പീഡകൾ അനുഭവിക്കുന്നതു കാണുമ്പോൾ എനിക്കു ദുഃഖമില്ല. അവക്കു വേണ്ട സഹനശക്തിയുണ്ടെന്നു എനിക്കറിയാം. അതുവഴിയായി അവർ ദൈവത്തിനു വളരെ സ്തുതിയുളവാക്കുകയും ചെയ്യുന്നു. നേരെ മറിച്ചു പുണ്യവാന്മാരല്ലാത്തവരുടെ കുരിശുകളെ കാണുമ്പോൾ എനിക്കെത്രയോ സഹതാപം! അവക്കു അതിൽനിന്നു ഫലം എടുക്കുവാൻ അറിഞ്ഞുകൂടാ. അവരെ ആശ്വസിപ്പിക്കുന്നതിനു ഞാൻ സർവ്വശ്രമവും ചെയ്യുന്നു.

ഫന്യ. കൊ. ത്രേസ്യായുടെ ക്ഷീണാധിക്യം കണ്ടിട്ടു വൈദ്യൻ വിലപ്രത്യേക ഔഷധങ്ങൾ നിശ്ചയിച്ചു. അവ വളരെ വിലയേറിയവയാണെന്നു അറിഞ്ഞപ്പോൾ അവൾക്കു കുറെ അസ്വാസ്ഥ്യമുണ്ടായി. അല്പം കഴിഞ്ഞു അവൾ ഇപ്രകാരം പറഞ്ഞു. ഇപ്പോൾ എനിക്കു ഈ വിലയേറിയ മരുന്നുകൾ ഉപയോഗിക്കുന്നതിൽ ദുഃഖം തോന്നുന്നില്ല. ഇവയെല്ലാം എനിക്കു ഉപകാരം ചെയ്യുന്നവക്കു വലിയപ്രതിസമ്മാനം ലഭിക്കുന്നതിനിടയാക്കിതീർക്കുമെന്നോർത്തു ജെൽട്രൂഡ് പുണ്യവതിയോടുകൂടെ ഞാനും സന്തോഷിക്കുന്നു. നമ്മുടെ കർത്താവു, "നിങ്ങൾ എന്നെറ്റവും ചെറിയ സഹോദരങ്ങളോടു ചെയ്തതു എനോടുതന്നെയാണ് ചെയ്തതു" എന്നു അരുളിചെയ്തിരിക്കുന്നുവല്ലൊ.

പിന്നെയും അവൾ പറഞ്ഞതായതു; "ഓ! ഔഷധങ്ങൾ കൊണ്ടു എന്നെറ ദിനം സുഖപ്പെടുകയില്ലെന്നു എനിക്കു ബോധ്യമാണ്. സ്വർഗ്ഗം കായ്ക്കും നിർവ്വഹിക്കുന്നതിനു സമയവും സൌകര്യവും ഇല്ലാത്ത നിർധനരായ പ്രേഷിതവേലക്കാർക്കു അതിന്റെ ഫലം കൊടുപ്പാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

ഫ൯. അത്രമ ത്രേസ്യാ എന്നേക്കാൾ അധികം മനോവിശ്വാസവും സ്നേഹവും വേറൊരു സഹോദരിയുടെ നേരെ കാണിക്കുന്നതായി എനിക്കു തോന്നിയതിനാൽ എന്റെ നേരെ സഹ

താപമെങ്കിലും കാണിക്കുമെന്നുകരുതി കൊച്ചുത്രേസ്യായോട് എ
ന്റെ വിഷാദം അറിയിച്ചു. അവളുടെ മറുപടി എന്നെ വളരെ
ആശ്ചര്യപ്പെടുത്തുകയാണുണ്ടായതു. "നമ്മുടെ അമ്മയെ നീ
വളരെ സ്നേഹിക്കുന്നെന്ന തോന്നുന്നുണ്ടോ? "സംശയമോ?,
ഇല്ലെങ്കിൽ ശേഷംപേരോടു അധികം സ്നേഹം കാണിച്ചതുകൊ
ണ്ടു ഇനിക്കെന്താണ് പരിഭവം"!

"നിനക്കു നിശ്ചയമായും തെറ്റിപ്പോയി എന്നു ഞാനതെ
ളിയിക്കാം. അമ്മയെയല്ല നീ സ്നേഹിക്കുന്നതു, പിന്നയോ നി
ന്നെതന്നെയാണ്. നാം യഥാർത്ഥത്തിൽ ഒരുത്തനെ സ്നേഹിക്ക
മ്പോൾ അവന്റെ ഭാഗ്യത്തെ പറ്റി സന്തോഷിക്കയും അതു വ
ർദ്ധമാനമാക്കുന്നതിനു എന്തു പൂജയും ചെയ്യുന്നതിനു ഒരുങ്ങിയി
രിക്കയും ചെയ്യുന്നു. ആകയാൽ നിനക്കു യഥാർത്ഥവും നിസ്വാ
ർത്ഥവുമായ ഈ വിധ സ്നേഹം ഉണ്ടായിരിക്കയും ന. അമ്മയെ
അവളുടെ ഗുണത്തെ ഉദ്ദേശിച്ചുമാത്രം സ്നേഹിക്കയും ചെയ്തിരു
ന്നെങ്കിൽ നിനക്കു അനിഷ്ടം വരുന്ന വിഷയങ്ങളിലും അവൾ
ഭാഗ്യം അനുഭവിക്കുന്നതു കാണുമ്പോൾ സന്തോഷിക്കുമായിരുന്നു.
നിന്നോടു സംസാരിക്കുന്നതിനേക്കാൾ മറ്റൊരാളോടു സംഭാഷ
ണം ചെയ്യുന്നതു അവൾക്കു അധികം തൃപ്തികരമാണെങ്കിൽ നി
ന്നെ അഗണ്യമാക്കികളഞ്ഞു എന്നു കരുതിദുഃഖിക്കയുമരുതു്.

---

൨. വിശ്വാസം

൧. തിരുകുടുംബത്തെപ്പറ്റി ചിന്തിക്കുമ്പോൾ എനിക്കു
ഏറ്റവും ഹൃദയാകർഷകമായി തോന്നുന്നതു അവിടുത്തെ സാ
ധാരണ ജീവിതമുറയാണ്. പരിശുദ്ധ കന്യകയും യൌസേപ്പു
പിതാവും, ഈശോ ദൈവമാണെന്ന നല്ലപോലെ ഗ്രഹിച്ചിരു
ന്നു. എങ്കിലും വലിയ അത്ഭുതങ്ങളൊക്കെയും അവർക്കും മറയ്ക്ക
പ്പെട്ടാണിരുന്നതു. ഇതിനാൽ അവരും നമ്മെപ്പോലെ വി
ശ്വാസം വഴിയായി ജീവിച്ചു. സുവിശേഷത്തിൽ പറയപ്പെട്ട
ന്നതു നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ. അവിടുന്നു അവരോടു അ
രുളിച്ചെയ്ത വാക്കു അവർ ഗ്രഹിച്ചില്ല. "അയാളുടെ പിതാ

വും മാതാവും അയാളെപ്പറ്റി പറയപ്പെട്ടിരുന്നവരെയെ കുറിച്ചു അത്ഭുതപ്പെട്ടിരുന്നു". ഇതിൽനിന്നു അവർ കേട്ടവ അവക്കു നൂതനമായിരുന്നു എന്നു പ്രസ്പഷ്ടമാകുന്നു. നൂതനമായി അറിയുന്നവകളെ പററിയല്ലാതെ ആരും അത്ഭുതപ്പെടാറില്ലല്ലൊ.

൨. വിശ്വാസത്തിനു വിപരീതമായ പരീക്ഷകളെ പററി അവർ ഇപ്രകാരം എഴുതിയിരിക്കുന്നു. "വിശ്വാസത്തിന്റെ മാധുര്യമൊന്നും തോന്നുന്നില്ല എങ്കിലും ഞാൻ വിശ്വാസത്തിന്നനുസരണമായി പ്രവർത്തിക്കുവാൻ നിർബന്ധിതയാകുന്നു. ഈ കഴിഞ്ഞ വർഷത്തിൽ തന്നെ എന്റെ ജീവിതത്തിന്റെ മറെറല്ലാ ഭോഗങ്ങളും ഒന്നിച്ചുകൂട്ടിയാലുള്ളതിനേക്കാൾ അധികം വിശ്വാസപ്രകരണങ്ങൾ ഞാൻ ചെയ്തിട്ടുണ്ടു്.

ശത്രു എന്നെ കീഴടക്കുവാൻ ശ്രമിക്കുമ്പോൾ ഞാൻ ഈശോയുടെ പക്കൽ തിരിഞ്ഞു് എന്റെ വിശ്വാസത്തിന്റെ സാക്ഷ്യമായി എന്റെ അവസാനത്തുള്ളി രക്തം കൂടെയും ചിന്തുവാൻ ഒരുക്കമാണെന്നു ഉണർത്തിക്കുന്നു.

൩. വിശ്വാസത്തിൽ ക്ഷീണിച്ചിരുന്നവരെ ഉറപ്പിക്കുന്നതിനായി ഈശോ അത്ഭുതങ്ങളെ പ്രവർത്തിച്ചു. എന്നാൽ അവിടുത്തെ വാത്സല്യമിത്രങ്ങളുടേയും, ഭാഗ്യമാതാവിന്റെയും വിശ്വാസം പരീക്ഷിച്ചതിനശേഷം മാത്രമേ അവക്കായി അത്ഭുതകൃത്യങ്ങൾ ചെയ്യുള്ളൂ. മാർത്തായും മറിയയും ദൂതനെവിട്ടു സ്വസഹോദരന്റെ അസ്വാസ്ഥ്യ വിവരം അറിയിച്ചെങ്കിലും ലാസർ മരിപ്പാൻ അവിടുന്നു തിരുമനസ്സായില്ലയോ? കാനായിലെ കല്യാണവിരുന്നിൽ പരി. കന്യക അവരെ സഹായിപ്പാൻ മദ്ധ്യസ്ഥം പറഞ്ഞപ്പോൾ തന്റെ സമയം വന്നില്ല എന്നാണല്ലൊ ഉത്തരിച്ചതു. എന്നാൽ പരീക്ഷയുടെശേഷം എന്തൊരുപ്രതിഫലം! വെള്ളം രസമേറിയ വീഞ്ഞായി പകർത്തുകയും, ലാസറിനെ പുനർജീവിപ്പിക്കയും ചെയ്തു"

൪. പരീക്ഷകളുടെ അന്ധകാരം നിറഞ്ഞ രാത്രിയിൽ നാം നല്ലദൈവത്തിനു ശുശ്രൂഷചെയ്യുന്നതു എത്ര മാധുര്യാവഹമാകുന്നു. ഈ ജീവിതം മാത്രമേ നമുക്കു വിശ്വാസം വഴിയായി ജീവിക്കേണ്ടതായിട്ടുള്ളൂ.

൪. വെണ്മഞ്ഞിനസമം ധവളനിറമുള്ള വസ്ത്രങ്ങൾ ധരിച്ച സപ്തർഷിതന്മാർവന്ന നിന്നെ മോക്ഷത്തിലേക്ക എടുത്തുകൊണ്ടുപോകും.

"ഈ വിധ രൂപീകരണങ്ങൾ എനിക്ക സാഹസമായിതോന്നുന്നു. സത്യത്തിൽ നിന്ന മാത്രമേ എന്റെറബോധത്തിന സംതൃപ്തി ജനിക്കുന്നുള്ളു. ദൈവവും ദൈവദൂതന്മാരും പരിശുദ്ധരൂപികൾ മാത്രമാകുന്നു. തന്നിമിത്തം ശാരീരികനേത്രങ്ങൾക്ക അവർ നിജസ്വരൂപത്തിൽ ഗോചരീഭവിപ്പാൻ തരമില്ല. ഈ ന്യായത്താൽ തന്നെയാണ് അസാധാരണ ദാനങ്ങളെ ഞാൻ ഒരിക്കലും ആഗ്രഹിക്കാതിരുന്നതും. നിത്യമായി ഭാഗ്യദർശനത്തെയാണ് ഞാൻ പാത്തിരിക്കുന്നത്"

൯. "നീ മരിക്കുമ്പോൾ എനിക്ക ആശ്വാസപ്രദമായ ഒരുസ്മാരകം നിർമ്മിച്ചുണ്ടാകുവാൻ ഞാൻ ദൈവത്തോട അപേക്ഷിക്കും"

"ഹേ, അത്ര ഞാൻ ഒരിക്കലും ചെയ്വാൻ തുനികയില്ല. ആശ്വാസലബ്ധിക്കായി പ്രാർത്ഥിക്കുന്നതിന് എനിക്കറിഞ്ഞുകൂടാ.

---

൪ ശരണം

൧. നമ്മുടെ ആയുഷ്കാലം ഒരു നിഴൽ ആകുന്നു. ഒരു സ്വപ്നമത്രേ. നാം സ്വർഗ്ഗാനന്ദം നിത്യം അനുഭവിക്കുന്നതായി ദൈവം തന്റെറ നിത്യബോധത്തിൽ നമ്മെ മുൻകൂട്ടി കാണുകയും അതിൽ അവിടന്ന സന്തോഷിക്കയും ചെയ്യുന്നു. ഈ ചിന്ത എന്നെ എത്രയോ പ്രോത്സാഹിപ്പിക്കുന്നു! അവിടന്ന നമുക്ക പാഡുപീഡകൾ അയക്കുന്നതു എന്തുകൊണ്ടാണെന്ന ഇതിൽനിന്ന എനിക്ക മനസ്സിലാക്കാം.

൨. ഒരുദിവസം...ഒരു മണിക്കൂർ...കഴിയുമ്പോൾ നാം തിരുമുഖത്തു ചെന്നെത്തിയിരിക്കും! എന്റെറ ദൈവമെ, അപ്പോൾ ഞങ്ങൾ എന്തു കാണും? ഒരിക്കലും അവസാനിക്കാത്ത അതു ജീവിതം എത്ര സ്പൃഹണീയമായിരിക്കും? ഈശോ നമ്മുടെ ഭാഗ്യങ്ങളൊക്കെയുടെയും മകുടമായിരിക്കുന്നു. അത്യഗാധമായ

ദൈവരഹസ്യം! ദൈവം തന്നെ സ്നേഹിക്കുന്നവക്കായി ആസ്വ
മാക്കിയിരിക്കുന്ന മഹാഭാഗ്യം കണ്ണു ദർശിക്കയും, ചെവി ശ്രവി
ക്കയും, മനുഷ്യഹൃദയത്തിൽ പ്രവേശിക്കയും ചെയ്തിട്ടില്ല. എ
ന്നാൽ ഇതൊക്കയും വളരെ വേഗത്തിൽ നിറവേറും. ഈശോ
യെ നാം സർവ്വാത്മനാ സ്നേഹിച്ചാൽ മതി.

൩. ആയുഷ്കാലം കടന്നുപോകുന്നു. നിത്യത്വം സമീപിച്ചുവരുന്നു. താമസമെന്നിയെ ദൈവത്തിന്റെ ജീവിതം തന്നെ നമുക്കും ജീവിക്കാം. അരിഷ്ടതകളുടെ കൈയ്പുനിറഞ്ഞ മട്ടു കുടിച്ചശേഷം ഭാഗ്യത്തിന്റെ മൂലയുറവയിൽനിന്നു നാം പാനംചെയ്യും ... ഇന്നു "സെഹിയോനെ ഓർത്തു നാം വിലപിക്കുന്നു. പരദേശത്തിൽ നാം എങ്ങനെ കർത്താവിന്റെ ഗീതങ്ങളെ പാടുവാൻ വശമാകും" എന്നു ദാവീദു പറയുന്നു.

൪. ഈശോയുടെനേരെയുള്ള സ്നേഹത്തിനു അതിർത്തി! വരാത്ത ഭവനമായ മോക്ഷത്തെ ഞാൻ എത്രയും ആശിക്കുന്നു. പക്ഷെ അവിടെ ചെന്നെത്തുവാൻ പീഡാനുഭവം ആവശ്യമാണ്. നാം കണ്ണുനീരും ചൊരിയണം! കൊള്ളാം, എന്റെ പ്രാണസ്നേഹിതനു ഇഷ്ടമുള്ളതൊക്കെയും സഹിപ്പാൻ ഞാൻ മനസ്സാകുന്നു. അവിടുന്നു ഇഷ്ടംപോലെ എന്നോടു വർത്തിച്ചു കൊള്ളട്ടെ. അവിടത്തെ കളിപ്പാട്ടമത്രെ ഞാൻ.

൫. ഹാ, മോക്ഷത്തിൽ എന്തെല്ലാം രഹസ്യങ്ങൾ നമുക്കു അജ്ഞാതമായ് രിക്കുന്നു! എന്നിൽ സംഭവിക്കപ്പെട്ടിരിക്കുന്ന ദൈവദാനങ്ങളൊക്കയും പക്ഷെ സ്വർഗ്ഗത്തിൽ മാത്രം എനിക്കു വെളിപ്പെടുത്തപ്പെടുവാനിരിക്കുന്ന ഒരു കൊച്ചു പുണ്യാത്മാവിന്റെ പ്രാർത്ഥനയുടെ ഫലമായി ലഭിച്ചിട്ടുള്ളതല്ലയോ എന്നു ഞാൻ പലപ്പോഴും വിചിന്തനം ചെയ്യാറുണ്ട്. ഇഹലോകത്തിൽ നാം പ്രാർത്ഥനവഴിയായി പാരത്രിക നന്മകളെ പരസ്പരം പ്രദാനം ചെയ്യണമെന്നു സ്വർഗ്ഗപിതാവു ആഗ്രഹിക്കുന്നു. ഇതുവഴിയായി നാം നിത്യഭവനത്തിൽ പ്രവേശിക്കുമ്പോൾ കൃതജ്ഞതാപൂർണ്ണതയും ലോകത്തിൽ എത്രയും കമനീയമായ ഭവനത്തിൽ കൂടെയും കാണപ്പെടാത്ത വാത്സല്യസ്നേഹം നിറഞ്ഞതുമായ പക്ഷത്തോടുകൂടെ അന്യോന്യം ആലിംഗനം ചെയ്യും. അ

വിടെ പക്ഷപാത നോട്ടങ്ങളും, അസൂയാഭാവവും കാണപ്പെട്ടുകയില്ല. എന്തുകൊണ്ടെന്നാൽ ശ്രേഷ്ഠിമാന്മാരെല്ലാവരും പരസ്പരം കടപ്പെട്ടവരാണ്. ഭാഗ്യപ്രാപ്തന്മാർൽ ഓരോരുത്തന്റെ മഹത്വം എല്ലാവരുടെയും ഭാഗ്യമായി പരിണമിക്കും. അസൂയയുടെ കണികപോലും അവിടെയുണ്ടാകയില്ല. രക്ത സാക്ഷികളോടുകൂടെ രക്തസാക്ഷികളും—വേദപാരംഗതന്മാരോടുകൂടെ വേദപാരംഗതന്മാരും, കന്യകകളോടുകൂടെ കന്യകകളുമായി നാം പരിലസിക്കും. ഒരു കുടുംബാംഗങ്ങളിൽ ഓരോരുത്തനും ശേഷം അംഗങ്ങളുടെ ഭാഗ്യത്തെക്കുറിച്ചു പ്രശംസിക്കുന്നതുപോലെ നാം ഓരോരുത്തരും അസൂയാലേശമില്ലാതെ നമ്മുടെ സഹോദരങ്ങളെല്ലാവരെപ്പറ്റിയും ആനന്ദിക്കുകയും പ്രശംസിക്കയും ചെയ്യും.

നാം മഹാ പുണ്യവാന്മാരുടെ മഹത്വം കാണുകയും, ദൈവപരിപാലനയുടെ നിഗൂഢമായ നിശ്ചയപ്രകാരം അവരുടെ ശ്രേഷ്ഠതക്കു ഏതുവിധേനയും ഹേതുഭ്രൂതന്മാരായിട്ടുണ്ടെന്നു അറികയും ചെയ്യുമ്പോൾ, നമ്മുടെ ഹൃദയത്തിൽ ഉളവാകുന്ന സന്തോഷം ഒരുവേള അവർ അനുഭവിക്കുന്ന ഭാഗ്യത്തെക്കാൾ അധികം ഇമ്പമുള്ളതായിരിക്കയില്ലയോ എന്നു ആർക്കറിയാം?

ഈ മഹാ പുണ്യവാന്മാരും ഇത്ര ചെറിയ ആത്മാക്കളോടു തങ്ങൾക്കുള്ള കടമയെ കണ്ടു അവരെ അത്യധികം സ്നേഹിക്കാതിരിക്കുമെന്നു നിങ്ങൾക്കു ഉപേക്ഷിക്കാമോ? ഇപ്രകാരം ആ കാശഭവനത്തിലെ മൈത്രി ഇമ്പമുള്ളതും ആശ്ചര്യം ജനിപ്പിക്കുന്നതുമായിരിക്കുമെന്നു എനിക്കു നിശ്ചയമാണു. ഒരു പ്രേഷിതപ്രവരന്റെയൊ മഹാ വേദപാരംഗതന്റെയൊ സ്നേഹഭാജനം ഒരു ചെറിയ ഇടയക്കുട്ടിയായിരിക്കാം. അതുപോലെതന്നെ നിഷ്കളങ്കനായ ഒരു കുട്ടി മഹത്പിതാക്കളിലൊരുവനോടു ഗാഢമായ സ്നേഹബന്ധത്താൽ യോജിച്ചുമിരിക്കാം. ഹാ! സ്നേഹത്തിന്റെ ആ രാജിതത്തിൽ ജീവിപ്പാനുള്ള അതുലമായ ആശയിൽ ഞാൻ ലയിച്ചുപോകുന്നു.

ന്യ. ധന്യശ്രീ പ്രാപിച്ച ആക്കിലെ യൊവാന്നായെ കാരാഗൃഹത്തിൽവച്ചു ഒരു അന്തരംഗസ്വരം ആശ്വസിപ്പിച്ചരീതിയെ

പ്രദർശിപ്പിക്കുന്ന ഒരു പടം കൊച്ചു ത്രേസ്യായെ കാണിച്ചു. അപ്പോൾ അവൾ ഉത്തരിച്ചതായത്.—"ഞാനും ഇപ്രകാരം ഒരു സ്വർത്തിൽനിന്നു ആശ്വാസംപ്രാപിക്കുന്നു. സ്വർഗ്ഗത്തിലെ പുണ്യവാന്മാർ എന്നെ ധൈര്യപ്പെടുത്തുന്നു. നീ വിലങ്ങു കൊണ്ടു ബന്ധിക്കപ്പെട്ടിരിക്കുന്ന കാലത്തോളം നിന്റെ പ്രേഷിതശ്രേഷ്ഠി നിർവ്വഹിക്കുവാൻ പാടാകയില്ല. എന്നാൽ കുറെ കഴിയുമ്പോൾ, അതായത് മരണശേഷം നിനക്കു വിജയങ്ങളുടെ ദിവസം വരും എന്നു എന്നോടു അവർ പറയുന്നു.

൬. ആകാശത്തിൽ എന്റെ നല്ല ദൈവം ഞാൻ ആഗ്രഹിക്കുന്നതൊക്കെയും ചെയ്യുന്നതും. എന്തെന്നാൽ ഭൂമിയിൽ സ്വന്ത മനസ്സു ഞാൻ ഒരിക്കലും തിരഞ്ഞെടുത്തിട്ടില്ല.

൭. അതു ഇപ്പോൾ തന്നെ എനിക്കറിയാം!...അതെന്റെ ആശകളൊക്കയും പൂർത്തിയാകും. എന്റെ നിസ്സീമമായ ആശകളെക്കുടെയും അതിശയിപ്പിക്കത്തക്ക അത്ഭുതങ്ങളെ കർത്താവു എനിക്കുവേണ്ടി ചെയ്യും.

൮. ഒടുവിലത്തെ ദിവസം കൊച്ചു ത്രേസ്യാ ശ്രേഷ്ഠത്തിയമ്മയോടു "അമ്മേ, എനിക്കു മരിപ്പാൻ അനുവാദംതരണമെന്നു അങ്ങയോടു ഞാൻ അപേക്ഷിക്കുന്നു...എന്റെ ആയുസ്സു (ഇന്നു) നിയോഗസാദ്ധ്യത്തിന്നായി ഞാൻ സമർപ്പിക്കുവാൻ അനുവദിപ്പാറാകണം" എന്നു പറഞ്ഞു.

ഉദ്ദിഷ്ടാനുവാദം സിദ്ധിക്കായ്കയാൽ അവൾ തുടർന്നുകൊണ്ടു "കൊള്ളാം, നമ്മുടെ ദൈവത്തിന്നു ഈ സമയം ഒരു മുന്തിരിക്കൊല കിട്ടുവാൻ വളരെ ആശയുണ്ടു്. എന്നാൽ യാതൊരുത്തനും സ്വമനസ്സാലെ അവിടത്തേക്കു അതു സമർപ്പിക്കായ്കയാൽ അവിടുന്നു തന്നെ വന്നു പറിച്ചെടുപ്പാൻ നിർബന്ധിക്കപ്പെടുമെന്നു എനിക്കു തോന്നുന്നു...ഞാൻ ഇനിയൊന്നും ചോദിപ്പാൻ കരുതുന്നില്ല. അതു ഞാൻ ചെയ്തിട്ടുള്ള പരിപൂർണ്ണമായ ആത്മസമർപ്പണത്തിന്നു വിരുദ്ധമായേക്കാം. കള്ളനെപോലെ വരുമെന്നു സുവിശേഷത്തിൽ അരുളിച്ചെയ്തിരിക്കുന്ന ഈശോയോടു തന്നെ ഈ മുന്തിരിക്കൊല വന്നു കട്ടുകൊണ്ടുപോകണമെന്നു ഉണർത്തിപ്പാൻമാത്രം ഞാൻ ചെറിമാതാവിനോടു പ്രാർത്ഥിക്കുന്നു." എന്നു പ്രവാചകശ്രുവത്തിൽ പറഞ്ഞു.

3. എളിമ

൧. എളിമ സത്യം തന്നെയാണെന്നു എനിക്കു തോന്നുന്നു. എളിമ എനിക്കുണ്ടോ എന്നു അറിഞ്ഞുകൂടാ. പക്ഷേ, എല്ലാറ്റിലും ഞാൻ സത്യം കാംക്ഷിക്കുണ്ടെന്നു എനിക്കറിയാം.

൨. സാക്ഷാലുള്ള മഹത്വം എന്താണെന്നു എനിക്കു മനസ്സിലായി. എന്റെ രാജിതം ഇഹലോകത്തിനുള്ളതല്ല എന്നു അരുളിച്ചെയ്ത കർത്താവു, ആഗ്രഹിതമായ മഹത്വം ഇല്ലായ്മപോലെ അറിയപ്പെടാതെയും മതിക്കപ്പെടാതെയും ഇരിക്കുന്നതിനു ഇഷ്ടപ്പെടുന്നതിലത്രെ അടങ്ങിയിരിക്കുന്നതെന്നു എനിക്കു കാണിച്ചുതന്നു. ആത്മനിന്ദയിലായിരിക്കണം നമ്മുടെ സന്തോഷമാക്കുകയും അനുഭവിക്കേണ്ടതു. ഏശായാ പറയുന്നതുപോലെ ഈശോയുടെ അറിയപ്പെടാത്തതും നിന്ദിക്കപ്പെട്ടതുമായ മുഖംപോലെ എന്റേതും അറിയപ്പെടാത്തതും നിന്ദിക്കപ്പെട്ടതുമായി രൂപാന്തരപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴിയായി ലോകത്തിൽ യാതൊരുത്തനും എന്നെ വിലമതിക്കാതിരിക്കട്ടെ. പീഡാസഹനത്തിനും, അജ്ഞാതജീവിതത്തിനും ഉള്ള അത്യാശയോടുകൂടെ ഞാൻ ഇരിക്കുന്നു.

൩. സാക്ഷാത്തായ ഏക മഹത്വം എല്ലായ്പോഴും സുസ്ഥിരമായി നിലനില്ക്കുന്നതായിരിക്കണമെന്നു ഈശോ എന്നെ മനസ്സിലാക്കി. അതിനെ പ്രാപിക്കുവാൻ അത്ഭുതക്രിയകൾ പ്രവർത്തിക്കണമെന്നാവശ്യമില്ല. പ്രത്യുത, പരനേത്രങ്ങൾക്കും നിവൃത്തിയുണ്ടെങ്കിൽ സ്വന്തനേത്രങ്ങൾക്കും അദൃശ്യങ്ങളായവ നിറവേറിയാൽ മതിയാകും. ഇതിനാലാണല്ലോ നിന്റെ വലത്തെ കൈ ചെയ്യുന്നതു ഇടത്തേതു അറിയാതിരിക്കട്ടെ എന്നു വേദാഗമത്തിൽ ഈശോ അരുളിച്ചെയ്യുന്നതു.

൪. സ്ത്രൈണ്യം ബലഹീനയാണു. അതെ അവൾ വളരെ ദുർബലയാകുന്നു. അനുദിനാനുഭവം തന്നെ ഇതിനവൾക്കു സാക്ഷ്യം വഹിക്കുന്നു. എന്നാൽ അവളുടെ ബലഹീനതയിൽ എങ്ങനെ പ്രശംസിക്കാമെന്നു ഈശോ അവളെ സദയം അഭ്യസിപ്പിച്ചിട്ടുണ്ടു്. ഇതു ഒരു വലിയ ദൈവദാനമത്രെ. എന്തുകൊ

ണ്ടെന്നാൽ അനല്പമായ സമാധാനവും ആശ്വാസവും ഇതിൽനിന്നുളവാകുന്നു. നാം എത്രവലിയ നിർഭാഗ്യവാന്മാരാകുന്നു എന്നു ഓർക്കുമ്പോൾ നമ്മിലൊട്ടു കണ്ണുകൂടെയും തിരിക്കാതെ നമ്മുടെ പ്രാണസ്നേഹിതന്റെ പക്കൽ ശീഘ്രം ഓടിച്ചെല്ലുന്നതിന്നിടയാകുന്നു.

൪. ഞാൻ വളരെ ചെറിയ ഒരാത്മാവാണു. നല്ല ദൈവത്തിന്നു വളരെ ചെറിയ കാഴ്ചകളും മാത്രമെ സമർപ്പിക്കുവാൻ എനിക്കു സാധിക്കയുള്ളൂ. ഹൃദയത്തിന്നു സമാധാനം നൽകുന്ന ഈ ചെറിയ പൂജകൾക്കുടെയും ചിലപ്പോൾ വിട്ടുപോകുന്നു. പക്ഷെ അതുകൊണ്ടു ഞാൻ അധൈര്യപ്പെടുന്നില്ല. അതിനാലുണ്ടാകുന്ന സമാധാനഭംഗം ക്ഷമിക്കയും മേലിൽ അപ്രകാരം സംഭവിക്കാതിരിപ്പാൻ സൂക്ഷിക്കയും ചെയ്യുന്നു.

൫. വെണ്മയുള്ള ഓസ്തിയിൽ എഴുന്നെള്ളിയിരുന്നുകൊണ്ടു ഈശോയെ, നീ എത്രവലിയ എളിമയെ എനിക്കു കാണിച്ചുതരുന്നു!....കർത്താവെ, അന്യരെക്കാൾ എന്നെ ഉയർത്തുവാൻ ഞാൻ ശ്രമിക്കുമ്പോഴെല്ലാമെയും എന്നെ എളിമപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

൬. എന്റെ ചെറിയ ആത്മാവിൽ ദൈവത്തിന്നു ഏറ്റവും പ്രസാദമുള്ളതു ഞാൻ എന്റെ അല്പത്വത്തെയും ദാരിദ്ര്യത്തെയും സ്നേഹിക്കുന്നു എന്നതാകുന്നു. ഇതിനാൽ ഞാൻ ദൈവാനുഗ്രഹത്തിൽ എത്ര അധികം ആശ്രയിക്കുന്നു എന്നു അവിടത്തെക്കുറിയാം.

൭. ഈശോയുടെ പക്കൽ ചെല്ലുണമെങ്കിൽ നാം എത്രയോ ചെറുതായിരിപ്പാൻ ആവശ്യം...ഹാ, എത്രയോ ചുരുക്കംപേർ മാത്രം ചെറിയവരും അജ്ഞാതന്മാരുമായിരിപ്പാൻ ആഗ്രഹിക്കുന്നു!

൮. ഞാൻ ബലഹീനതന്നെയാകുന്നു കാണുന്നതിൽ എനിക്കു ഒട്ടും ക്ലേശമില്ല. നേരേമറിച്ചു അതിനെ പ്രശംസിക്കയും ചെയ്യുന്നു. മാത്രമല്ല ദിനംപ്രതി എന്നിലുള്ള പുതിയ കുറവുകളെ കണ്ടുപിടിപ്പാൻ ശ്രമിക്കുന്നുമുണ്ടു. എന്റെ ഇല്ലായ്മയെപ്പറ്റിയുള്ള നൂതനബോധം വിശ്വാസസത്യങ്ങളെപ്പോ

റിയുള്ള ദൈവപ്രകാശങ്ങളെക്കാൾ എനിക്കു അധികം ഉപകാരപ്രദമാകുന്നു എന്നു ഞാൻ നിശ്ചയമായി പറയുന്നു.

൧൦. നാം വല്ല കുറവും ചെയ്യുമ്പോൾ അതു ദീനമൊ, കാലാവസ്ഥയൊ കൊണ്ടാണെന്നു വിചാരിക്കരുതു. പിന്നെയൊ അതിന്റെ കാരണം നമ്മുടെ പുണ്യക്കുറവാണെന്നു വിശ്വസിക്കണം. അതുകൊണ്ടു ഒട്ടും ധൈര്യക്ഷയമുണ്ടാകയുമരുതു്.

൧൧. ഈശോ ആകാശത്തിലേക്കു മടങ്ങിപ്പോയിരിക്കുന്നു. അവിടന്നു നടന്നുവഴിയിൽക്കൂടി പോയല്ലാതെ തന്റെപക്കൽ ചെന്നെത്തുവാൻ നിവൃത്തിയില്ല. ഓ! അവിടത്തെ ചവട്ടടികൾ എത്രയോ പ്രശോഭിതങ്ങളാണു! വിശുദ്ധ സുവിശേഷം ഒന്നു തുറന്നുനോക്കിയാൽ മതി ഈശോയുടെ മനോഹരജീവിതത്തിന്റെ മാധുര്യം അനുഭവിപ്പാനും നാം അതതുസമയത്തു തിരിഞ്ഞെടുക്കേണ്ടതു എന്താണെന്നും കാണാം. പ്രഥമസ്ഥാനത്തെ ഞാൻ നോക്കുന്നില്ല, അവസാനത്തേതു ഞാൻ ആഗ്രഹിക്കുന്നു. പ്രീശനെ മുമ്പോട്ടു വിട്ടു ഞാൻ ചുങ്കക്കാരന്റെ സ്ഥലത്തു നിന്നു അവന്റെ എളിയ പ്രാർത്ഥന ചൊല്ലുന്നു. എല്ലാറ്റിലും ഉപരിയായി മഗ്ദലെനായുടെ ദൃഷ്ടാന്തമാണു ഞാൻ അനുകരിക്കുന്നതു്. ഈശോയുടെ ഹൃദയത്തെ ഇളക്കിവശാക്കിയ അവളുടെ ആശ്ചര്യകരമായ സ്നേഹത്തിന്റെ തുനിവു എന്നെ വിസ്മയപരതന്ത്രയാക്കുന്നു.

൧൨. ഒരുദിവസം അവമാനമനുഭവിക്കുന്നതിനു ഞാൻ വളരെ ആശിച്ചിരിക്കയിൽ ഒരു നവസന്ന്യാസിനി എന്റെ അനുഗ്രഹം മുഴുവനും പൂർത്തിയാക്കിത്തന്നു. അപ്പോൾ ദാവീദിനെ കഠിനമായി ദുഷിച്ച "സെമെയി"യുടെ ഓർമ്മ എന്റെ ബോധത്തിൽ വന്നു. ഉടനെ ഞാൻ രാജർഷിയോടുകൂടെ "അതേ, കർത്താവുതന്നെയാണു ഇവയൊക്കെയും എന്നോടു പറവാൻ അവളോടു കല്പിച്ചതു എന്നു എന്റെ ഹൃദയത്തിൽ പറഞ്ഞു.

൧൩. സൃഷ്ടിയൊക്കെയും ഈ ചെറിയ കുസുമത്തെ കണ്ടു വിസ്മയിക്കയും സ്തുതികളാൽ അതിനെ നിറയ്ക്കുകയും ചെയ്യുവാ

ൻ പാട്ടണ്ടു, എന്നാലും ദൈവതിരുമുമ്പാകെ അല്ല വെറും ഇല്ലായ്മ തന്നെയാകുന്ന എന്ന ഗ്രഹിക്കുന്നതിനെക്കാൾ വലിയ സന്തോഷം അതിന്ന ഉളവാക്കയില്ല.

൮൪. ഞാൻ നിസ്സാരയും അശക്തയും ആകകൊണ്ടു ഈശോ എന്നിലേക്ക ഇറങ്ങിവരുന്നതിന്ന തിരുമനസ്സാകയും കരുണാപൂവ്വം തന്റെ സ്നേഹത്തിന്റെ രഹസ്യങ്ങളെ എന്നെ പഠിപ്പിക്കയും ചെയ്തു.

൮൫. യാതൊരു ആത്മപ്രശംസയും തോന്നാതിരിക്കത്തക്കവണ്ണം ഞാൻ അത്രയും ചെറുതാണ. ശക്തനായിരിക്കുന്നവൻ എനിക്ക വലിയവകളെ ചെയ്തു എന്ന അനുസരിച്ചുപറയുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. എന്നാൽ എനിക്ക ചെയ്തുവയിൽ എല്ലാറ്റിലും വലിയ നന്മ എന്റെ നിസ്സാരത്വവും സുകൃതനിഷ്ഠയിലുള്ള അപ്രാപ്തിയും എന്നെ മനസ്സിലാക്കിയതത്രെ.

൮൬. അസൂയക്ക വിഷയീഭവിക്കാത്ത ഏകസംഗതി അധമസ്ഥാനമത്രെ. ഇവിടെ മാത്രമെ ഡംഭം അത്രപിയുടെ പീഡയും കാണപ്പെടാതുള്ളു. എന്നുവരിക്കിലും മനുഷ്യന്റെ ഗതി അവന്റെ സ്വാധീനത്തിലല്ലായ്കകൊണ്ടു ചിലപ്പോൾ നാം ചിന്തിക്കാതെ തന്നെ മിന്നുന്നതിനെ ആഗ്രഹിച്ചുപോകുന്നുണ്ടു. അതിനെപ്പറ്റി വീണ്ടും വിചാരം ഉണ്ടാകുമ്പോൾ നമ്മെ എളിമയുടെ അഗാധത്തിലേക്ക താഴ്ത്തി ഏതുസമയത്തും ദൈവാനുഗ്രഹം താങ്ങി നടത്തുകയില്ലെങ്കിൽ നാം വഴിതെറ്റിപ്പോകുമെന്നും സമ്മതിച്ചു പറയണം. നമ്മുടെ ഇല്ലായ്മയെപ്പറ്റിയുള്ള പൂർണ്ണബോധത്തോടുകൂടെ "കർത്താവെ, എന്റെ കാലുകൾ പിഴച്ചുപോകുന്നു. അങ്ങെ കൃപയിൽ എന്റെ ശക്തിയൊക്കെയും ഇരിക്കുന്നു എന്നു നിലവിളിക്കുന്നതു കേൾക്കുമ്പോൾ ദൈവം അങ്ങെ യാചന നമുക്ക നീട്ടിത്തരും. എന്നാൽ കേവലം തീക്ഷ്ണതയുടെ ഭാവത്തിലായിരുന്നാലും മഹൽകൃത്യങ്ങളെ നാം ചെയ്യുവാൻ തുനിയുമ്പോൾ അവിടന്നു നമ്മെ വിട്ടുപോകുന്നു. അതിനാൽ നമുക്കുവേണ്ടി പറഞ്ഞാൽ നാം താഴ്മയോടെ വർത്തിക്കുകയും നമ്മുടെ ഏറക്കുറവുകളെ സസന്തോ

ക്ഷം സഹിക്കയും ചെയ്താൽ മതിയായിരിക്കുന്നു. നമ്മുടെ പു
ണ്യാഭ്യസനം ഇതിൽ അടങ്ങിയിരിക്കുന്നു.

ഫ. എത്രതന്നെ വാഗൈഭവത്തോടുകൂടെ പ്രസംഗി
ച്ചാലും വ്യുല്പത്തിയുള്ളവനായ ഇളകുന്ന ദൈവപ്രസാദവരം കൂടാതെ ഒ
രു സ്നാപകരണംപോലും പുറപ്പെടുവിക്കുന്നതിന്നു സാധിക്കു
യില്ല.

ഫവ. മനോഹരമായ ഒരു (Peach) "പീച്ച്" പഴം
നോക്കുക അതിന്റെ നിറവും ഭംഗിയും നൽകുന്നതിന്നു ആർക്കു
കഴിയും! എന്നാൽ ഈ പഴത്തെപ്രതിയാണോ ദൈവം ഇത്ര
വിശേഷശോഭയും സ്വാദും അതിന്നു നൽകിയത്തു? അല്ല,
പിന്നായോ നമ്മെ പ്രതിയത്രെ. അതിന്നു സ്വന്തമായിട്ടുള്ളതും
അവശ്യം വേണ്ടതും അതിന്റെ കുരു മാത്രമാണു. വേറെ ഒ
ന്നും അതിന്റെ സാരാംശമാകുന്നില്ല.

ഇപ്രകാരം, ഈശോ അങ്ങു ദാനങ്ങളെ ധാരാളമായി
ചിലരിൽ വർഷിക്കുന്നതു അവർമൂലം വേറെ ആത്മാവുകളെയും
തന്നിലേക്കു ആകർഷിക്കുന്നതിന്നായിട്ടാണു. ദാനാലംകൃതന്മാ
രെയോ എന്നാൽ അവിടുന്നു ആഭ്യന്തര എളിമയിൽ അഭ്യസി
പ്പിക്കയും സ്വന്ത ഇല്ലായ്മയെയും ദൈവത്തിന്റെ അതിരറ്റ
മഹത്വത്തെയും അനുസരിച്ചു പറയുന്നതിന്നു മാധ്യസ്ഥമായി വ
ശീകരിക്കയും ചെയ്യുന്നു. വിനീതമായ ഈ മനോഭാവമത്രെ
അവരിൽ അവശ്യാവശ്യം ഉണ്ടായിരിക്കേണ്ടതായ അഭ്യാത്മ
ജീവിതത്തിന്റെ സാരാംശം. ഈ കുരു ഈശോ നട്ടുവളർത്തി
വിശേഷവർണ്ണങ്ങളാലും അനശ്വരശോഭയാലും അലങ്കരിച്ചു സ്വ
ർഗ്ഗഭോഗത്തിൽ നിർഭയം കൊണ്ടുപോയി ചേർക്കയും ചെയ്യും.

ഫൻ. സ്ത്രീഹന്മാർ ഈശോയെകൂടാതെ വളരെ നേരം—
ഒരു രാത്രിമുഴുവനും—പണിപ്പെട്ടു അധ്വാനിച്ചു. പക്ഷേ മ
ത്സ്യം ഒന്നും പിടിച്ചില്ല. അവരുടെ അദ്ധ്വാനം ഈശോയ്ക്കു
പ്രസാദിച്ചു. എങ്കിലും തന്നെ കൂടാതെ യാതൊന്നും ചെയ്
വാൻ സാധിക്കുകയില്ലെന്നു അവരെ മനസ്സിലാക്കുവാൻ തിരു
മനസ്സായി. അവരിൽനിന്നു ഒരു എളിമയുടെപ്രവൃത്തി മാത്രമെ
ആവശ്യപ്പെട്ടുള്ളു. ൻ്റെ വല കരയ്ക്കു വലിപ്പാൻ വല്ലതും ഉണ്ടോ

എന്ന മോദിച്ചതിനുശേഷമായി "കത്താവേ, ഞങ്ങൾ രാത്രി മുഴുവനും പരിശ്രമിച്ചു, ഒന്നും കിട്ടിയില്ല എന്നു പത്രോസു പറയുന്നു. അതു മതി! ഈശോയുടെ ഹൃദയം സംതൃപ്തമായി കഴിഞ്ഞിരിക്കുന്നു. ഒരു പക്ഷേ, ശ്ലീഹാ വല്ല ചെറിയ മത്സ്യങ്ങളും പിടിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഈ വൃഥാശ്രമം പ്രവർത്തിക്കയില്ലായിരുന്നു. എന്നാൽ ഇതാ അയാൾക്കു ഒന്നുമില്ല അതിനാൽ അയാളുടെ വലകീറിപ്പോകുമോ എന്നു ഭയപ്പെടുവാൻ തക്കവിധം ദൈവത്തിന്റെ ശക്തിയാൽ അതു മത്സ്യങ്ങളെക്കൊണ്ടു നിറയ്ക്കപ്പെടുന്നു.

ഇതാണ് നമ്മുടെ കർത്താവിന്റെ പ്രവർത്തനരീതി. താൻ ദൈവീകമായ ധാരാളിത്തത്തോടുകൂടെ വർത്തിക്കുന്നു. എന്നാൽ അതിനു മുമ്പു ഹൃദയത്തിന്റെ എളിമയെ നിഷ്കർഷയായി ആവശ്യപ്പെടുകയും ചെയ്യുന്നു.

൨൦. നമ്മെ അപൂർണ്ണരും അന്യരെ പരിപൂർണ്ണരുമായി കരുതുന്നതിലത്രേ ഭാഗ്യം സ്ഥിതിചെയ്യുന്നത്. സൃഷ്ടികർത്താവു നമ്മെ സ്തുതിപാത്രികളായ കരുതുന്നതുകൊണ്ടു നമുക്കു യാതൊരു ന്യൂനതയും വരുന്നില്ല അവർക്കോ ഇതു നിത്യം ആത്മസമാധാനം നഷ്ടമാകുന്നതു് എന്തെന്നാൽ നമ്മുടെ സഹോദരങ്ങളെപ്പറ്റി ഉണ്മയായി അഭിപ്രായപ്പെടുന്നതിനേക്കാൾ ഇമ്പമുള്ളതായ മറ്റൊന്നുമില്ല.

൨൧. ഇതിനുമുമ്പ് എന്നെ അപരാധിച്ചിട്ടില്ലായിരുന്നുവെങ്കിൽ മാത്രമല്ല, എനിക്കു അപകാരം ആത്മബാധ ഉണ്ടാകുമ്പോഴും ഞാൻ വലിയ സന്തോഷം അനുഭവിക്കുന്നു. നേരെ മറിച്ചു മംഗളവചസ്സുകൾ എനിക്കു അനിഷ്ടം വരുത്തുന്നതേയുള്ളൂ.

൨൨. തനിക്കു പുണ്യജീവിതത്തിൽ അഭിവൃദ്ധിയൊന്നുമില്ലെന്നും അതിനാൽ വളരെ അധൈര്യപ്പെടുന്നുവെന്നും ഒരു നവസന്ന്യാസിനി കൊച്ചു ത്രേസ്യായോടു പറഞ്ഞു അതിനു അവൾ ഉത്തരമിച്ചതായത് "ഏഴാം പ്രായംവരെ ഞാൻ പുണ്യം അഭ്യസിച്ചെങ്കിലും അതിന്റെ മാധുര്യം അനുഭവിച്ചില്ല. പാടുകൾ ഞാൻ ആഗ്രഹിച്ചു. എന്നുവരികിലും അവിടെ സന്തോ

ഷം കൊണ്ടുള്ളതുമെന്നു എനിക്കു വിചാരമില്ലായിരുന്നു. ആ ഭാഗ്യം എനിക്കു പിന്നീടു മാത്രമേ അനുഭവിപ്പാനുള്ളൂ. എന്റെ ആത്മാവു വികസിച്ചുമാത്രയിൽ പൊഴിഞ്ഞുപോകുന്ന പൂക്കളെക്കൊണ്ടു നിറഞ്ഞ ഒരു ഭംഗിയുള്ള വൃക്ഷംപോലെ എനിക്കു തോന്നിയിരുന്നു.

നിന്റെ വേലകളുടെ ഫലം അനുഭവിക്കണമെന്നുള്ള അനുഗ്രഹം പൂജിച്ചു നമ്മുടെ നല്ല ദൈവത്തിനു എപ്പോഴായ്പോഴും കാഴ്ചവയ്ക്കുക. നിന്റെ ജീവിതകാലം മുഴുവനും പാട്ടുപീഠകർത്താവിനു അനുഭവിക്കുന്നതിനും എളിമ അനുസരിക്കുന്നതിനും അനുഭവകർത്താവായാലും, നിന്റെ നല്ല ആഗ്രഹങ്ങളുടെ പൂക്കൾ പഴം പുറപ്പെടുവിക്കാതെ പൊഴിഞ്ഞു വീണുപോകുന്നതിനു അവിടുന്നു സമ്മതിച്ചാലും നീ ഒരിക്കലും വിഷാദിക്കരുതു്. മരണസമയത്തു നിന്റെ ആത്മവൃക്ഷത്തിൽ കണ്ണുചിമ്മുന്ന നേരം ഒക്കാണ്ടു മനോഹരങ്ങളായ പഴങ്ങളെ ഉളവാക്കുവാൻ അവിടുത്തേക്കു അറിയാം.

വേദത്തിൽ ഇവ്വണ്ണം പറഞ്ഞിരിക്കുന്നു:— "പരാശ്രയം ആവശ്യപ്പെടുകയും, ശക്തി ക്ഷയിച്ചിരിക്കയും, ദാരിദ്ര്യം ബാധിച്ചിരിക്കയും ചെയ്യുന്ന ഒരാളുണ്ടു്. എന്നുവരികിലും ദൈവനേത്രം നന്മചെയ്വാനായി അവനെ കടാക്ഷിച്ചും ദുർഗ്ഗദശയിൽ നിന്നു അവനെ ഉയർത്തി. ഇതിനാൽ വളരെ പേർ അവനെ കണ്ടു ആശ്ചര്യപ്പെടുകയും ദൈവത്തെ സ്തുതിക്കയും ചെയ്യും".

ദൈവത്തിൽ ദൃഢശരണം വെച്ചു നിന്റെ സ്ഥാനത്തു തന്നെ ഇരുന്നുകൊള്ളുക. എന്തുകൊണ്ടെന്നാൽ ദൈവത്തിനു ഒരിദ്രനെ സമ്പന്നനാക്കുവാൻ ക്ഷിപ്രസാദ്ധ്യമാണു്. ദൈവാനുഗ്രഹം നീതിമാനെ സമ്മാനിക്കുന്നതിനു ധൃതിപ്പെടുന്നു. ക്ഷണത്തിനുള്ളിൽ തന്റെ ആശിസ്സുഫലങ്ങളെ ഉളവാക്കുകയും ചെയ്യും.

൨൩. "നീ സർവ്വദാ ദൈവാനുഗ്രഹത്തോടു വിശ്വാസമായി അനുവർത്തിച്ചിട്ടുണ്ടു്. ഇല്ലയോ"?

ഉവ്വു്, മൂന്നു വയസ്സു് തുടങ്ങി നല്ലദൈവത്തിനു ഞാൻ യാതൊന്നും നിഷേധിച്ചിട്ടില്ല. പക്ഷേ, സ്തുതി എനിക്കല്ല. അസ്തമയ സൂര്യന്റെ രശ്മികൾ എങ്ങിനെ ആ വൃക്ഷത്തിന്റെ ശി

ഖരങ്ങളെ ശോഭയമാനമാക്കിയിരിക്കുന്നു എന്നു നോക്കുക. ഇതു പോലെയാണ് എന്റെ ആത്മാവു നിനക്കു കാണപ്പെട്ടനാളു്. എല്ലാം സ്വർണ്ണമയമായി പ്രകാശിക്കുന്നു. എന്തെന്നാൽ സ്നേഹത്തിന്റെ രശ്മികളാൽ അതു പ്രശോഭിതമായി തീർന്നിരിക്കുന്നു. ദിവ്യസൂര്യൻ തന്റെ രശ്മികളെ എന്നിൽ നിന്നു പിൻവലിക്കയാണെങ്കിൽ തൽക്ഷണം എന്റെ ആത്മാവു ഇരുണ്ടു മങ്ങിപ്പോകും.

൨൪. "നീ വാസ്തവത്തിൽ ഒരു പുണ്യവതിയാണ്" എന്നു വേറൊരാൾ അവളോടു പറഞ്ഞു.

"അല്ല, ഞാൻ പുണ്യവതിയല്ല. പുണ്യവാന്മാരുടെ പ്രവൃത്തികൾ ഞാൻ ഒന്നും ചെയ്തിട്ടില്ല. നല്ല ദൈവം തന്റെ വരപ്രസാദമാരി ചൊരിഞ്ഞിട്ടുള്ള ഒരു ചെറിയ—ഏറ്റവും ചെറിയ—ആത്മാവാണു ഞാൻ.

൨൫. "ഞാൻ യാതൊരു സുകൃതം സമ്പാദിച്ചുവൊ ആ സുകൃതം അഭ്യസിപ്പാൻ എനിക്കു സാധിക്കും." ആ! കർത്താവേ, ഞാൻ നിന്നെ നല്ലവണ്ണം സ്നേഹിക്കുന്നു. ഇപ്രകാരം ഏതെങ്കിലും പ്രശംസയോടുകൂടെ പറഞ്ഞാൽ മാത്രം മതി പരീക്ഷകൾ വരുന്നതിനും ഞാൻ പരാജിതയായിത്തീരുന്നതിനും!

ഈ നിർഭാഗ്യത്തിൽ വീഴാതിരിക്കുന്നതിനുവേണ്ടി ഞാൻ എന്റെ ഹൃദയത്തിന്റെ അഗാധത്തിൽനിന്നു ഇപ്രകാരം നിലവിളിക്കുന്നു. "ഓ! എന്റെ ദൈവമേ, ഞാൻ എല്ലായിപ്പോഴും നിനക്കു വിശ്വസ്തയോടുകൂടെ ശുശ്രൂഷചെയ്യുന്നതിനു എനിക്കു കൃപചെയ്യണമെ!"

വിശു. പത്രോസു വീഴുവാനുള്ള കാരണം എന്തെന്നു എനിക്കു നല്ലവണ്ണം അറിയാം. അയാൾ ദൈവശക്തിയിൽ മാത്രം ആശ്രയിക്കുന്നതിനു പകരം സ്വന്ത കേന്ദ്രീകൃതയിൽ അതിയായി ശരണപ്പെട്ടു. "കർത്താവേ, മരിക്കേണ്ടിവന്നാലും നിന്നെ പിഞ്ചെല്ലുന്നതിനു എനിക്കു കൃപചെയ്യേണമെ" എന്നു അയാൾ ഈശോയോടു അപേക്ഷിച്ചിരുന്നെങ്കിൽ അനന്ത അയാൾക്കു കിട്ടാതിരിക്കയില്ലായിരുന്നു എന്നു എനിക്കു നല്ല നിശ്ചയമുണ്ടു്.

൨൯. ഛെ! ഞാൻ ഇനിയും എന്തെല്ലാം സമ്പാദിക്കേണ്ടിയിരിക്കുന്നു എന്നു ഒരു നവസന്യാസിനി പറഞ്ഞു.

"സമ്പാദിക്കുവാനല്ല, ഉപേക്ഷിക്കുവാനാണെന്നാണു പറയേണ്ടതു. നിന്റെ ആത്മാവിനെ കറകളിലും കുറവുകളിലും നിന്നു മാറുന്നതിന്നനുസരണമായി അതിനെ പൂർണ്ണമാക്കുന്നതിന്നുള്ള ജോലി ഈശോ തന്നെമേൽ വഹിച്ചിരിക്കയാണു. നിന്റെ വഴി തെറ്റാണെന്നു എനിക്കു തെളിവായി കാണാം. നിന്റെ യാത്രയുടെ അന്ത്യത്തിൽ നീ ഒരിക്കലും എത്തുകയില്ല. നീ മലമുകളിൽ കയറുവാൻ ശ്രമിക്കുന്നു. എന്നാൽ നല്ല ദൈവം നീ അതിന്റെ അധോഭാഗത്തേക്കു ഇറങ്ങിച്ചെല്ലുവാൻ ആഗ്രഹിക്കുന്നു. അവിടുന്നു ഫലപ്രദമായ എളിമയുടെ താഴ്വരയിൽ നിന്നെ പാർപ്പിക്കുന്നു.

൨൬. വേറൊരുവൾ, "ഞാൻ ന്യായമായി ശാസിക്കപ്പെട്ടപ്പോൾ വാസ്തവത്തിൽ എനിക്കു അതൃപ്തിയില്ല. എന്നാൽ നിരപരാധിയായിരിക്കുമ്പോൾ കുറ്റം ആരോപിക്കപ്പെട്ടാൽ ഉടനെ സഹിക്കുവാൻ പ്രയാസമാണു" എന്നു പറഞ്ഞു. ഞാനോ, എന്നാൽ അന്യായമായി കുറ്റാരോപണം ചെയ്യപ്പെടുവാൻ ആഗ്രഹിക്കുന്നു എന്നായിരുന്നു കൊച്ചുത്രേസ്യാ മറുപടി പറഞ്ഞതു. ഞാൻ അപരാധംചെയ്യാത്തപ്പോൾ കിട്ടുന്ന ന്യായമില്ലാത്ത അപമാനം സസന്തോഷം ദൈവത്തിന്നു കാഴ്ചവയ്ക്കുന്നു. അതു കുറ്റം ചെയ്യുന്നതിന്നു എനിക്കും ധാരാളം പാട്ടുണ്ടായിരുന്നു എന്നോർത്തു എളിമപ്പെടുകയും ചെയ്യുന്നു.

൨൭. നമ്മുടെ ആന്തരം മനസ്സിലാക്കാത്തവർ ന്യായരഹിതമായി നമ്മിൽ കുറ്റംചുമത്തുമ്പോൾ എതിർത്തുപറയുന്നതുകൊണ്ടു എന്തു ഫലം? അതു എന്തുമാകട്ടെ എന്നു വെച്ചു മിണ്ടാതിരിക്കുന്നതു ഉത്തമം. ഇതരന്മാർ യഥേഷ്ടം നമ്മെ വിധിക്കുന്നതിനു നാം കയ്യാളിക്കപ്പെടുന്നതെത്രയോ മാധുര്യമുള്ളതാകുന്നു! ഈശോയുടെ പാദശുശ്രൂഷയിൽ ശുദ്ധാലുവായിരുന്ന മഗ്ദലെനായെ സഹോദരി അധിക്ഷേപിച്ചപ്പോൾ അവളെ തന്നെ ആദരിക്കുന്നതിലേക്കു യാതൊന്നും വ്യാഖ്യാനിച്ചതായി സുവിശേഷം പറയുന്നില്ല. 'മാത്താ, എന്റെ ഭാഗ്യം നീ

അറികയും ഞാൻ കേൾക്കുന്ന വചനങ്ങൾ നീ ശ്രവിക്കയും ചെയ്തിരുന്നെങ്കിൽ നിയും സമസ്തവും ഉപേക്ഷിച്ച എന്റെ ഭാഗ്യത്തിൽ ഭാഗഭാക്കാകുന്നതിനായി വരുമായിരുന്ന എന്ന പ്രതിവാദം ചെയ്തില്ല. അവർ മൌനം കാർപ്പാൻ മനസ്സായിരുന്നു. ആത്മാവിന്നു സമാധാനം നൽകുന്ന മൌനം എത്രയോ ഭാഗ്യമുള്ളതാകുന്നു.

ഹൻ മൂന്നാമതൊരു നവസഹോദരിക്കു കൊച്ചുത്രേസ്യായിൽനിന്നു ലഭിച്ച ഒരു കുറിമാനത്തിൽ താഴെക്കാണുന്ന പോലെ എഴുതപ്പെട്ടിരുന്നു.

നീതിമാൻ അനുഗ്രഹത്തോടുകൂടെ എന്നെ കുറ്റപ്പെടുത്തുകയും ശാസിക്കയും ചെയ്യും. എന്നാൽ പാപിയുടെ തൈലം എന്നെ അഭിഷേകം ചെയ്യാതിരിക്കട്ടെ. നീതിമാനല്ലാതെ മറ്റാരും എന്നെ ശാസിപ്പാൻ കഴികയില്ല. എന്തെന്നാൽ എന്റെ സാദരങ്ങളെല്ലാം ദൈവത്തെ പ്രസാദിപ്പിക്കുന്ന നീതിജ്ഞനാകുന്നു. എന്നാൽ നീതിമാനെക്കാൾ പാപിയാൽ കുറ്റാരോപണം ചെയ്യപ്പെട്ടുന്നതിനാൽ കൈപ്പു കുറയും. എങ്കിലും ഹാ! എന്റെ ദൈവമേ! പാപികളുടെനേരെയുള്ള സഹതാപം നിമിത്തം അവരെ മാനസാന്തരപ്പെടുത്തുന്നതിന്നുവേണ്ടി എന്റെ ചുറുമുള്ള നീതിജ്ഞനാൽ ഞാൻ ചവുട്ടിമെതിക്കപ്പെടുവാൻ നീ ഇടവരുത്തുന്നതെന്തുമെ. കൂടാതെയും സ്വഭാവത്തിന്നു വളരെ പ്രതിപത്തിയുള്ള സ്തുതിയുടെ തൈലം എന്റെ ശിരസ്സിൽ പൂശുവാൻ ഇടവരുത്തല്ലെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു അതു ഞാൻ വിഷമതയോടുകൂടി മാത്രം പലപ്പോഴും അഭ്യസിച്ചിട്ടുള്ള സുകൃതങ്ങളും സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. എന്നു എന്നെ തെറ്റിദ്ധരിപ്പിച്ചു എന്റെ മനഃശക്തിയെ ക്ഷയിപ്പിക്കുവാൻ സംഗതിയാക്കാതിരിക്കയില്ല ഓ! എന്റെ ഈശോയെ, നിന്റെ നാമം ഒഴുകുന്ന തൈലംപോലെയാകുന്നു. സൃഷ്ടികളുടെ അറിവിൽനിന്നു അകലെ മാറി ഈ ദിവ്യതൈലത്തിൽ മുങ്ങിക്കുളിപ്പാനത്രെ ഞാൻ അഭ്യർത്ഥിക്കുന്നതു.

൩൦. നിന്ദാപമാനങ്ങളിൽനിന്നു ശുദ്ധനശക്തി പ്രാപിക്കുവാൻ ഇടയാകുന്നതുകൊണ്ടും സൃഷ്ടികളുടെ സ്നേഹത്തിന്നു ഞാ

ൻ വശംവദയാകാതെ ജീവിച്ചിരുന്നഎന്ന കൊച്ചു ത്രേസ്യാ അവളുടെ ജീവിതത്തിന്റെ അവസാനദശയിൽ പറകയുണ്ടായി.

സ്വ. "ദൈവത്തിന്നു നിന്റെ നേരെ ഒരു പ്രത്യേക വാത്സല്യമുണ്ടു. അതുനിമിത്തമാണല്ലൊ മറ്റു ആത്മാവുകളെ ക്രൂടെയും നിന്നെ ഭരമേല്പിച്ചിരിക്കുന്നതു എന്നു ഒരു യുവസഹോദരി പറഞ്ഞു"

അതിൽനിന്നു എനിക്കു ഒരു വൈശിഷ്ട്യതയും സ്പഷ്ടിക്കുന്നില്ല; ഞാൻ ദൈവതിരുമുമ്പാകെ ഏതു വിധം സ്ഥിതിചെയ്യുന്നൊ അതിനെക്കാൾ അല്പമെങ്കിലും കൂടുതലായ പ്രാധാന്യം പ്രാപിക്കുന്നുമില്ല. അവിടുത്തെ വ്യാഖ്യാതാവിന്റെ ജോലി ഞാൻ നിങ്ങളുടെ ഇടയിൽ നിർവ്വഹിക്കുവാൻ നിയുക്തയായതു കൊണ്ടു അവിടുന്നു എന്നെ അധികം സ്നേഹിക്കുന്നൊന്നു അനുമാനിക്കാവുന്നതല്ല. പ്രത്യുത, എന്നെ നിങ്ങളുടെ എളിയ പരിചാരികയാക്കുകയത്രെ ചെയ്യുന്നതു. എന്നിൽ നിങ്ങൾ കാണുന്ന ചാരുതവും സുകൃതങ്ങളും എന്നെ പ്രതിയല്ല നിങ്ങളെ ഉദ്ദേശിച്ചത്രെ അവിടുന്നു നൽകിയിട്ടുള്ളതു.

ദൈവം രുചിതരങ്ങളായ പടാത്ഭങ്ങൾകൊണ്ടു നിറച്ച ഒരു കോപ്പയായി എന്നെ ഞാൻ പലപ്പോഴും രൂപവൽകരിക്കാറുണ്ടു. പൂച്ചക്കുഞ്ഞുങ്ങളെല്ലാം അതിന്റെ ചുറ്റും തിന്മാനായി അടുത്തുകൂടുന്നു. ചിലപ്പോൾ അധികം ഭക്ഷിപ്പാനുള്ള ശ്രമത്തിൽ തമ്മിൽ കടിപിടി കൂട്ടുന്നു. എന്നാൽ ഉണ്ണി ഈശോ ഇതൊക്കെയും നോക്കി "എന്റെ കൊച്ചുകോപ്പയ്ത്തിന്നു നിങ്ങൾ എല്ലാവരും അനുഭവിച്ചുകൊള്ളുവിൻ. എന്നാൽ അതു മറച്ചിട്ടു പൊട്ടിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുന്നു" എന്നു അരുളിച്ചെയ്യുന്നു.

സത്യംപറയുന്നെങ്കിൽ ഉടഞ്ഞുപോകുമെന്നു എനിക്കു അത്ര ഭയപ്പെട്ടുവാനുമില്ല. എന്തുകൊണ്ടെന്നാൽ ഞാൻ വെറും തറയിലാണു വെക്കപ്പെട്ടിരിക്കുന്നതു. ശ്രേഷ്ഠസ്ഥാനം വഹിക്കുന്നവരെക്കുറിച്ചു പറകയാണെങ്കിൽ സംഭാവ്യം മറിച്ചാണു. അവർ മേശപ്പുറത്തിരിക്കയാൽ വളരെയധികം അബദ്ധം വരുവാൻ പാടുണ്ടു. ഉന്നതപദം എല്ലായ്പോഴും അപകടകരം തന്നെ.

ഹൊ! ഉന്നതസ്ഥാനങ്ങളിൽ ഉപവിഷ്ടരായിരിക്കുന്നവർക്കു അനുദിനം സമർപ്പിക്കപ്പെടുന്ന സ്തുതി എത്രയൊ വിഷം നിറഞ്ഞതാണു! എത്രയൊ ആപൽക്കരമായ വിഷജ്വാല! അതിൽ നിന്നു കേടുപറ്റാതെ രക്ഷപെടണമെങ്കിൽ ഒരുത്തൻ സ്വാത്മപരിത്യാഗം അഭ്യസിച്ചിരിപ്പാൻ അത്യാവശ്യമാകുന്നു.

൩൨. ഒരു അവമാനം സ്വീകരിപ്പാൻ ധൈര്യം വരുത്തുവാനായി നവസന്ന്യാസിനികളിൽ ഒരുവളോട് കൊച്ചു ത്രേസ്യാ പറഞ്ഞതായതു:—"കന്മേലസഭയിൽ സ്വീകരിക്കപ്പെട്ടുകയില്ലായിരുന്നെങ്കിൽ ഞാൻ ഒരു തപസ്വിനി മഠത്തിൽ പ്രവേശിക്കുമായിരുന്നു. അവിടെ കഴിഞ്ഞ പാപജീവിതത്തെ പറ്റി അനുതപിച്ചു തപോജീവിതം നയിക്കുന്നവരുടെ ഇടയിൽ നിന്ദാവമാനത്തോടുകൂടെ എന്റെ ആയുസ്സു ദ്വേഷം കഴിച്ചുകൂട്ടുമായിരുന്നു. എല്ലാവരാലും അപ്രകാരം ഹീനയായി കരുതപ്പെട്ടുമെങ്കിൽ അതു എന്റെ ഭാഗ്യമായിരിക്കും. അവിടെ നല്ല ദൈവത്തിന്റെ അനുഗ്രഹത്തെപ്പറ്റി എനിക്കു തോന്നുന്ന സച്ചിന്തകളെ എന്റെ സഹവാസിനികളെ അറിയിച്ചു അവരുടെ ഇടയിൽ പ്രേഷിതജോലി ഞാൻ നിർവ്വഹിക്കുകയും ചെയ്യും

എന്നാൽ നിന്റെ കുമ്പസ്സാരക്കാരനിൽനിന്നു നിന്റെ കുറയില്ലായ്മ എങ്ങിനെ മറച്ചുവെക്കുവാൻ സാധിക്കും?

ഞാൻ ലോകത്തിൽവച്ചു ഒരു പൊതു പാപസങ്കീർത്തനം കഴിച്ചിട്ടുണ്ടെന്നും അപ്പോൾ അതു ഇനി ആവർത്തിച്ചുകൂടായെന്നു മുടക്കിയിട്ടുണ്ടെന്നും അദ്ദേഹത്തോടു പറയും.

൩൩. ഒരു ദിവസം ഏതോ കുറെ ധാന്യക്കതിരുകൾ കൊച്ചു ത്രേസ്യായുടെ പക്കൽ കൊണ്ടുവർക്കയുണ്ടായി. അതിൽ നിന്നു ധാന്യമണികൊണ്ടു നിറഞ്ഞു കീഴോട്ടു വാഞ്ഞുകിടന്നിരുന്ന ഒരു കതിരെടുത്തു വളരെ നേരം നോക്കി ധ്യാനിച്ചശേഷം ത്രേസ്യത്തിയമ്മയെ നോക്കി അവൾ ഇപ്രകാരം പറഞ്ഞു.

"അല്ലയോ അമ്മേ, ഈ ധാന്യക്കതിരു എന്റെ ആത്മാവിന്റെ ഒരു സാദൃശ്യമാകുന്നു. എനിക്കും മറ്റനേകർക്കും വേണ്ടി നല്ല ദൈവം തന്റെ ദാനങ്ങളാൽ എന്നെ നിറച്ചു. ഈ ദുശ്ശൈവദാനങ്ങളുടെ കീഴ് എന്റെ തല കുനിച്ചു നന്ദിപൂർവ്വം

സ്വർഗ്ഗത്തിൽനിന്നു സമസ്തവും പ്രദാനം ചെയ്യപ്പെട്ടുന്നു എന്നു ഞാൻ സദാ അനുസരിച്ചുപറയുന്നു.

നമ്പർ. നിന്റെമേൽ ചൊരിയപ്പെട്ടിരിക്കുന്ന ദാനങ്ങളെ പറ്റി നീ എന്തു പറയുന്നു?

ദൈവത്തിന്റെ അരുളപ്പാടു സ്വേച്ഛാനുസരണം നിശ്വസിക്കുന്നു എന്നു മാത്രം ഞാൻ കരുതുന്നു.

നമ്പർ. ആകാശത്തിൽ ഒരു മനോഹരകുസുമമായി നീ പ്രശോഭിക്കും എന്നു ഒരു സഹോദരി പറഞ്ഞു

അതിനു അവൾ ഉത്തരം പറഞ്ഞതു:—ഹാ! അങ്ങനെയല്ല, പൂപ്പൈങ്കുകളിലുള്ള പുഷ്പങ്ങൾക്കു അധികം ശോഭതോന്നിപ്പിക്കുന്നതിനായി ഉള്ളിൽ പച്ചിലകൾ നാം വെക്കുന്നുണ്ടല്ലൊ. കൊള്ളാം അതുപോലെ ഞാൻ സിദ്ധന്മാരുടെ പ്രഭയെ പ്രശോഭിപ്പിക്കുന്ന ഒരു കഷണം പച്ചപ്പായൽ ആയിരിക്കും.

നമ്പർ ൪൦. ത്രേസ്യാ അത്യന്തമരണഭയായി കിടക്കുമ്പോൾ ശ്രേഷ്ഠത്തിയമ്മ അവളെ ധൈര്യപ്പെടുത്തുവാനായ ഈ പ്രകാരം പറഞ്ഞു.

"മകളെ, നീ എല്ലായ്പോഴും എളിമ എന്തെന്നു നല്ലപോലെ മനസ്സിലാക്കി അതിനനുസരണമായി വർത്തിച്ചിരിക്കയാൽ ഇപ്പോൾ ദൈവത്തിങ്കൽ കാണപ്പെടുന്നതിനു ധൈര്യമിരിക്കയാണ്. ഭയപ്പെടുവാനില്ല.

അപ്പോൾ അവൾ പ്രത്യുത്തരമായി അതേ, അതെനിക്കു നിശ്ചയമുണ്ട്. സത്യമല്ലാതെ മറ്റൊന്നും എന്റെ ആത്മാവു ഒരിക്കലും ഇഷ്ടപ്പെട്ടിട്ടില്ല. അതെ വിനയമുള്ള ഞാനുറപ്പിച്ചു" എന്നു പറഞ്ഞു.

ഇതിൽ അവളുടെ സ്തുത്യർഹമായ ആത്മബോധം പ്രസ്പഷ്ടമാകുന്നു.

ന. നിരർത്ഥത

൧. അസാദ്ധ്യം സുസാദ്ധ്യമായി വർകയും തന്നിമിത്തം ദൈവം എന്റെ സൽകൃത്യങ്ങളെ കണ്ടില്ലെന്നു വരികയും ചെയ്യുന്തായാൽ എനിക്കതുകൊണ്ടു അശേഷം ക്ലേശമുണ്ടാകയില്ല. അവയെ കാണുകയും ഗ്രഹിക്കയും ചെയ്യുന്നാൾ എനിക്കു പ്രതിഫലം നൽകുവാൻ ഒരുദ്ധതിൽ അവിടുന്നു നിർബന്ധിതനായിരിക്കുന്നു എന്നുള്ള അഹന്ത അവിടുത്തേക്കു തോന്നുവാൻ ഞാൻ മനസ്സാകുന്നില്ല. ഇതുനാൽ സാദ്ധ്യമെങ്കിൽ എനിക്കു വെളിപ്പെടുത്താത്ത ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു ഞാൻ വളരെ ആഗ്രഹിക്കുന്നു.

൨. ഈശായുടെ മഹത്വം-അതാണ് എന്റെ അഭിലാഷകേന്ദ്രം—എനിക്കു പ്രധാനമായുള്ളതു അവിടുത്തെ പ്രതിഞ്ഞാപരിതൃപ്തികരുന്നു. എന്നെ അവിടുന്നു വിസ്മർച്ചകളയുന്നെങ്കിൽ, കൊള്ളാം അവിടുത്തെ ഇഷ്ടം. ഞാൻ എന്റെ സ്വന്തമല്ല: അവിടത്തേ വസ്തുവായിരിക്കയാൽ നഷ്ടം എന്നോടു വരുത്തുവാൻ ന്യായമുണ്ടു്. ഞാൻ ഈശായെ പാത്രനാക്കുന്നതിനു മുമ്പു് അതിനു ഇടയാക്കുന്നതുകൊണ്ടു അവിടുന്നതന്നെ അക്ഷമനായിരിക്കുന്നതാണു്.

൩. ഈശായ്ക്കു പുറമെ വേറെ ആശ്വാസവും ആധാരവുമില്ല. താൻ മാത്രമാണു് നിശ്ചയമായി സ്ഥിതിചെയ്യുന്നുള്ളു. ഈ ചിന്ത എത്രയോ വലിയ മോചനത്തിന്റെ ഉറവയാകുന്നു

൪. ഭൂതലത്തിലുള്ള ഏകഭാഗ്യം സൃഷ്ടലോകത്തെ മറന്നു പ്രസിദ്ധി വാഞ്ഛിക്കാതെ ജീവിക്കുന്നതിലത്രെ നിക്ഷിപ്തമായിരിക്കുന്നതു.

൫ പ്രഭുത്വമോ, സ്ഥാനമാനങ്ങളൊ ഒന്നും എന്നെ വശീകരിക്കുന്നില്ലെന്നു മാത്രമല്ല, അവയെല്ലാം കാമ്പില്ലാത്ത വ്യർത്ഥതകളായി എനിക്കു ബോദ്ധ്യപ്പെടുകയും ചെയ്യുന്നു. ഒരു മഹത നാമത്തിന്റെ നിഴൽ കിട്ടുവാൻ അത്യാഗ്രഹം കാണിക്കേണ്ടുന്നയെന്നു ക്രീസ്തുനാരകണം ഉപദേശിക്കുന്നതു എനിക്കു മനസ്സിലായി. ശ്രേഷ്ഠനാമത്തിലല്ല ആത്മവിശുദ്ധിയിലത്രെ സാക്ഷാലുള്ള ഔന്നിത്യം സ്ഥിതചെയ്യുന്നതു.

കത്താവായ ദൈവം തന്റെ ദാസന്മാക്ക് ഒരു നൂതന പേർ വിളിക്കുമെന്നു ഏശായാ ഭീർഘദർശി നമ്മോട് പറയുന്നു. "വിജയശ്രീ പ്രാപിക്കുന്നവനു ഞാൻ ധവളനിറമായ ഒരു മുദ്ര നൽകും. അതിൽ ഒരു നൂതനനാമം ലേഖനം ചെയ്തിരിക്കും അതു കൈപറ്റുന്നവരല്ലാതെ മറാരും ഗ്രഹിക്കയില്ല" എന്നു യോഹന്നാനും വെളിപാടാഗമത്തിൽ നമ്മെ അറിയിക്കുന്നു അതുകയാൽ നമ്മുടെ പ്രത്യേക സ്ഥാനമാനാദികളും സ്വർഗ്ഗത്തിലത്രെ നാം അറിവാനിരിക്കുന്നതു. അപ്പോൾ "ഓരോരുത്തരും യോഗ്യതാനുസൃതമായ സ്തുതി കർത്താവിൽനിന്നും പ്രാപിക്കും" എന്നു വി. പൌലോസ് കോറന്തിയരോട് പറയുന്നു. ഭൂമിയിൽ ക്രൂശുകർത്താവിന്റെ നേരെയുള്ള സ്നേഹത്തെപ്രതി സ്വമനസ്സാലെ എതുയും ദാരിദ്ര്യവും അപമാനവുമുള്ള ജീവിതം അനുഭവിക്കുമോ അവർ മോക്ഷത്തിൽ പ്രഥമരും, ഏറ്റവും സ്തുത്യർഹരും, സമ്പൽ സമൃദ്ധരുമായിരിക്കും.

൩. ഇരുട്ടിൽ കൂടി നടക്കുന്നതിനു ഇടയാക്കിയതിനാൽ എന്റെ ഈശോയ്ക്കു ഞാൻ നന്ദി പറയുന്നു. അതിൽ ഞാൻ സമാധാനത്താൽ പൂരിക്കപ്പെട്ടിരിക്കുന്നു. അവിടുന്നു എന്നെ പ്രവേശിപ്പിച്ചിരിക്കുന്ന ഈ തമസ്സു തുരങ്കത്തിൽ എന്റെ സന്യാസജീവിതം മുഴുവനും ചിലവഴിപ്പാൻ ഞാൻ മനസ്സാകുന്നു. എന്റെ അന്ധകാരം പാപികൾക്കു പ്രകാശംവാങ്ങി കൊടുപ്പാൻ മതിയാകുണമെന്നു മാത്രമേ ഞാൻ ആശിക്കുന്നുള്ളു.

൪. ഇഹലോകത്തിൽ നാം യാതൊരു വസ്തുവിനോടുംക്രൂടി ഒട്ടിച്ചേർന്നുപോകരുതു. അതു എത്രതന്നെ വിശുദ്ധമായിതോന്നിയാലും നാം വിചാരിക്കാത്ത സമയത്തു നമ്മെ നിരാശപ്പെടുത്തും. നിത്യാനന്ദത്തിനുമാത്രമേ നമുക്കു സംതൃപ്തിനൽകുവാൻ വശമുള്ളു.

൫. ഈശോയ്ക്കുവേണ്ടിയും ഈശോയെപ്രതി മാത്രവും അദ്ധ്വാനിക്കുന്നതു എത്ര മഹൽക്രിയയാണു! അപ്പോൾ നമ്മുടെ ഹൃദയം അനുഭവിക്കുന്ന ആനന്ദവും ഉന്മേഷവും വേറൊന്നിലും കണ്ടുകിട്ടുകയില്ല.

൬. ഞാൻ ഒരിക്കലും മനുഷ്യസ്തുതിയെ ആഗ്രഹിച്ചിട്ടില്ല

നിന്ദയെത്തു എന്റെ ഹൃദയത്തെ ആകർഷിച്ചിരുന്നതു്. എന്നാൽ ഇതും എനിക്കു സ്ഥതിയുളവാക്കുന്നൊന്നു അറിയുകയാൽ ഇപ്പോൾ ഞാൻ സകലരാലും വിസ്മരിക്കപ്പെടുവാനത്രെ അപേക്ഷിക്കുന്നതു്.

൫. ഞാൻ ലോകവസ്തുക്കളുടെ നേരെ എത്രമാത്രം വൈരസ്യം പ്രദർശിപ്പിപ്പാൻ ആഗ്രഹിക്കുന്നു എന്നു നീ അറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. നിമ്മിത ഭാഗ്യങ്ങളൊക്കയും എനിക്കെന്തു നൽകുവാൻ കഴിയും? അവയെല്ലാം അനുഭവിക്കേണ്ടിവന്നാൽ സക്ഷാൽ ഞാൻ നിർഭാഗ്യ തന്നെയായി തീരും. ഇഹലോകഭാഗ്യങ്ങളൊക്കയും ഒന്നിച്ചുകൂട്ടിയാലും എന്റെ ഹൃദയത്തെ സംതൃപ്തിപ്പെടുത്തുവാൻ സാധിക്കയില്ല എന്നോർക്കുമ്പോൾ എന്റെ ഹൃദയം എത്ര ഉൽകൃഷ്ടവും, ശ്രേഷ്ഠവു ആകുന്നെന്നു എനിക്കു ഗ്രാഹ്യമാകുന്നു. എന്നാൽ എന്റെ ഹൃദയത്തെ ഈശോയോടു താരതമ്യപ്പെടുത്തുമ്പോൾ അതു എത്രയോനിസ്സാരമായി കാണപ്പെടുന്നു.

൬൫. ഐഹികനന്മകളുടെ നേർക്കുള്ള പോലെതന്നെ ആന്തരികവും മാനസികവുമായ ഗുണങ്ങളുടെനേർക്കും നിഷ്പക്ഷമായിരിപ്പാനുള്ള ദൈവോപ്രസാദം ഇപ്പോൾ എനിക്കു ലഭിച്ചുയെന്നു പറയാം. എന്റെ സഹചിന്തകരും എന്റെ സഹോദരികളോടു ഞാൻ പറഞ്ഞു കേൾപ്പിക്കുമ്പോൾ അവർക്കു അതിൽ തൃപ്തിതോന്നുന്നെങ്കിൽ അതു അവരുടെ സ്വന്തബുദ്ധിയുടെ ഫലമായി ന്യായപൂർവ്വം കരുതാവുന്നതാണെന്നു എനിക്കു തോന്നുന്നു. അതിന്റെ മൂലയുറവ പരിശുദ്ധ അരൂപിയത്രെ, ഞാനല്ല. എന്തെന്നാൽ സ്നേഹത്തിന്റെ അരൂപിയെക്കൂടാതെ ദൈവത്തെ പിതാവെന്നുകൂടിയും സംബോധനം ചെയ്വാൻ സാദ്ധ്യമല്ലെന്നു വിശുദ്ധ പൌലോസു പറഞ്ഞിരിക്കുന്നു. സത്യമായിട്ടും ഒരാത്മാവിൽ സഹചിന്തകരും ജനിപ്പിക്കുന്നതിനു എന്നെ ഒരു ഉപകരണമായി മാത്രം ഉപയോഗിപ്പാൻ അഭിവ്യാരൂപിക്കു പാടുണ്ടു. അതു എന്റെ സ്വാർജ്ജിതനന്മയായി എനിക്കു ഗണിപ്പാനും ന്യായമല്ല

൬൬. "ദൈവത്തിന്റെ ശിക്ഷാവിധിയിൽ ഉൾപ്പെടാ

തിരിപ്പാനുള്ള ഏകവഴി തുറന്ന കൈകളോടുകൂടെ തന്റെ മു
മ്പാകെ കാണപ്പെടുന്നതത്രെ.

"അതെങ്ങനെയാണെ" എന്നവർ ചോദിച്ചു.

അതു വളരെ എളുപ്പമത്രെ. ഒന്നും സൂക്ഷിച്ചുവെക്കാതെ
നിന്റെ സമ്പാദ്യങ്ങളൊക്കയും വരുന്നതുപോലെ ചിലവഴിച്ചാ
ൽ മതി ഞാൻ വാർദ്ധക്യസ്ഥരെ ജീവിച്ചാലും എല്ലായ്പോ
ഴും നിർദ്ധനയായിത്തന്നെ ഇരിക്കും. എങ്ങനെയാണു സംഭ
രിച്ചുവെക്കേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ. എനിക്കു കിട്ടുന്ന
തൊക്കെയും ആത്മാക്കളെ രക്ഷിക്കുന്നതിന്നായി ഞാൻ ഉടനെ
ചിലവഴിക്കുന്നു.

ക്രമം. നീ പുണ്യാഭിവൃദ്ധി പ്രാപിക്കുന്നതിന്നനുസരിച്ചു
നിന്റെ നേർച്ചകളുയർച്ചകളും കൂടിവരും; കുറെക്കൂടി തെളിവായി
പറയണമെങ്കിൽ നിന്റെ ജയങ്ങൾ എളുപ്പമായിത്തീരും.
അപ്പോൾ നിന്റെ ആത്മാവു സ്വർഗ്ഗലോകത്തിൽ നിന്നുമനു
സ്ഥതചെയ്യും എന്നെക്കുറിച്ചു പറയപ്പെടുന്നവയൊന്നുകൊ
ണ്ടും ഇപ്പോൾ എനിക്കു അസമാധാനവുമില്ല. എന്തുകൊണ്ടെ
ന്നാൽ മനുഷ്യരുടെ വിധി എത്ര അന്ധമാണെന്നു എനിക്കു
ബോധ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ക്രമം. സ്വാർത്ഥപരിത്യാഗത്തിന്റെ എത്രയും നിസ്സാര
പ്രവൃത്തികൂടെയും ഭക്തഗ്രന്ഥങ്ങളേയും പ്രൌഢകാവ്യങ്ങളേ
യും നിർമ്മിക്കുന്നതിനേക്കാൾ വിലയേറിയതാകുന്നു.

ക്രമം. ഒരു ഞായറാഴ്ച ദിവസം ഞാൻ സന്തുഷ്ടവൃദ്ധയു
ത്തോട്ടുകൂടെ തോട്ടത്തിലേക്കു പോയി. വസന്തകാലമായിരു
ന്നതിനാൽ അവിടെ പ്രകൃതിയുടെ വൈചിത്ര്യങ്ങളെ പൂർണ്ണമായി
കണ്ടാനന്ദിക്കാമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷേ എ
ന്തൊരു നൈരാശ്യം! അനേകവൃക്ഷങ്ങളുടെ ശിഖരങ്ങൾ
മുറിച്ചിരുന്നതിനാൽ പൂമൊട്ടുകളും നാശമുണ്ടായി അവ നിലംപതി
ച്ചു കിടക്കുന്നു. ഇവ കാണുകയും ഇനി ആ വൃക്ഷങ്ങൾ അവ
യുടെ പൂർവ്വരാമണീയകത്വം പ്രാപിച്ചുകുന്നതിന്നു രണ്ടുമൂന്നു
വർഷങ്ങൾ വേണ്ടിവരുമെന്നു ഓർക്കയും ചെയ്തപ്പോൾ എ

ന്റെ ഹൃദയം ദുഃഖംകൊണ്ടു നിറഞ്ഞു കഴിഞ്ഞു. പക്ഷെ അതു ഭീർഘിച്ചുനില്പാൻ ഇടയായില്ല. ഞാൻ വേറൊരു ആശ്രമത്തിലായിരുന്നെങ്കിൽ ലീസിയിലെ സുമവാടിയത്രയും ചുവടെ വെട്ടിപ്പറിച്ചുകളഞ്ഞാൽപോലും എനിക്കെന്തു തരക്കേടാണുണ്ടാകുമായിരുന്നതെന്നു ഞാൻ ഓർമ്മിച്ചു. ഇനി ഞാൻ അനിത്യലോകത്തെപ്പറ്റി സമാധാനം കളകയില്ല. എനിക്കു എന്റെ പ്രാണസ്നേഹിതൻ സമസ്തവുമായിരിക്കുന്നു. ഞാൻ എല്ലായ്പ്പോഴും തന്റെ സ്നേഹത്തിന്റെ ഉദ്യാനത്തിൽ ഉല്ലസിക്കും. അവിടെ ആരും കടന്നു ശല്യം ചെയ്കയുമില്ല.

ഫ്രാ. നവസന്ന്യാസിനികളോടു അവൾ പറഞ്ഞതായതു:—നിങ്ങൾ ചെയ്യുന്ന ജോലികളിൽ അതിയായ ശ്രദ്ധ പതിച്ചുപോകുന്നു. ഭവിഷ്യൽകാര്യങ്ങളെപ്പറ്റി അവയുടെ ഭാരവാഹിതപം നിങ്ങളുടെമേൽ ചുമത്തപ്പെട്ടാലെന്നപോലെ അക്ഷമകാട്ടുകയും ചെയ്യുന്നു. ഈ സമയം മറു കമ്മെലമഠങ്ങളിൽ നടക്കുന്നവയെപ്പറ്റിയൊ, അവയിൽ നിവസിക്കുന്നവരുടെ ദുഃഖാനന്ദങ്ങളെക്കുറിച്ചൊ നിങ്ങൾക്കു വല്ല വിമ്മിഷ്ടവും തോന്നുന്നുണ്ടൊ? അവരുടെ അദ്ധ്യാനക്ലേശങ്ങൾ നിങ്ങളുടെ ജപധ്യാനങ്ങൾക്കു തടസ്സമാകുന്നുണ്ടൊ? ഇല്ല. കൊള്ളാം, അതുപോലെതന്നെ നങ്ങളുടെ സ്വന്തജോലികളിലും കാര്യാദികളിലും മുഴുകിപോകാതിരിപ്പാൻ ശ്രമിക്കണം. നിശ്ചിതസമയം കൃതാന്തരബോധത്തോടുകൂടെ ചിലവഴിക്കേണ്ടതായിരുന്നാലും നമ്മുടെ ഹൃദയം അവയോടുകൂടെ ഒട്ടാതിരിപ്പാൻ സൂക്ഷിക്കണം.

ഇസ്രായേൽജനം ഓർശ്ലെം പട്ടണത്തിന്റെ ചുവരു കെട്ടിയിരുന്നപ്പോൾ ഒരു കൈകൊണ്ടു പണി എടുക്കയും മറുതിൽ ഒരു വാൾ പിടിച്ചിരിക്കയും ചെയ്തതായി ഞാൻ വായിച്ചിട്ടുണ്ടു. ഇതു നാം അനുകരിപ്പാനുള്ള ഒരു മാതൃകയാണു. നമ്മെ മുഴുവനും ജോലികൾക്കായി കണ്ണുമടച്ചു ഒരിക്കലും കയ്യാളിച്ചുകളയരുതു.

ഫ്രാ. ഒരു നവസന്ന്യാസിനി പുതപ്പുകഴുകുന്നതിൽ സഹായത്തിനായി ജ്യേഷ്ഠസഹോദരികളെ വിളിച്ചു. ചുഴക്കംനിമിത്തം

കീറിപ്പോയേക്കുമെന്ന ഭയന്ന അവരോട്ട സൂക്ഷിച്ച ചെയ്യണമെന്ന കൂറെ കർശനഭാവത്തിൽ പറഞ്ഞു.

അപ്പോൾ കൊച്ചുത്രേസ്യാ "ഈ പുതപ്പുകൾ കേടുവന്നാൽ തൈച്ച നന്നാക്കുന്നതു നല്ല ചുമതല നിനക്കില്ലായിരുന്നെങ്കിൽ നീ എന്തു ചെയ്യുമായിരുന്നു? ഏതു ഭാരപ്പണിമല്ലാതെ നീ പ്രവർത്തിക്കും! അപ്പോൾ അവ എളുപ്പത്തിൽ കേടുവരുമെന്ന നീ പറയുന്നതു എതെയോ സമർത്ഥയാട്ടുകുടിയായിരിക്കും. ആകയാൽ നന്റെ പ്രവൃത്തികളിൽ സ്വാർത്ഥമയം കാണപ്പെടാതിരിപ്പാൻ സദാ സൂക്ഷിച്ചുകൊള്ളുക."

ഫ്രാ. ആത്തുരശാലയിൽ കൊച്ചുത്രേസ്യായുടെ ഉപകാരസ്മരണാജപങ്ങൾ കഴിയുവാൻ പാർത്തിരിക്കാതെ നവസന്യാസിനികൾ അവരോട്ട ഉപദേശം ചോദിപ്പാനായി ചെന്നിരുന്നു. ഇതു അവർക്കു ആശ്ചര്യം ഉത്സാഹമായി തോന്നി. അതിനെപ്പറ്റി മധുരമായി അവരെ ശകാരിക്കയും ചെയ്തു. പക്ഷേ ഏറെതാമസിയാതെ അവരുടെ ആഗ്രഹംപോലെ ചെയ്തുകൊള്ളുന്നതിന്നു സമ്മതിച്ചു.

"ഞാൻ നമ്മുടെ കർത്താവിനെക്കാൾ അധികം ആശ്വാസം അന്വേഷിക്കേണ്ടവളല്ല. പ്രസംഗാനന്തരം അവിടുന്നു വിജനപ്രദേശങ്ങളിലേക്കു മാറിപ്പോയിരുന്നപ്പോൾ ജനത്തിരക്കവിടെയെന്നു തന്റെ ഏകാന്തതയ്ക്കു തടസ്സം വരുത്തിയിരുന്നു. ആകയാൽ നിങ്ങളുടെ മനസ്സുപോലെ എന്റെ അടുക്കലും വന്നുകൊള്ളുവിൻ. ഞാൻ ആയുധപാണിയായ, അതായതു അശുപിയുടെ വാളായ ദൈവവചനം എന്റെ അധരങ്ങളിൽ ഇരിക്കുമ്പോൾ മരണം പ്രാപിപ്പാനാവശ്യമാണു.

ഫ്രാ. സദാ സന്തോഷവും വിനയവും പ്രദർശിപ്പിച്ചുകൊണ്ടു സമർത്ഥയാട്ടുകുടെ സുകൃതം അനുഷ്ഠിക്കുന്നതു നിനക്കു എങ്ങനെ സാധിക്കുന്നു എന്നു ഒരു സുകൃതാഭ്യർത്ഥി അവരോട്ട ചോദിച്ചു.

അതു എല്ലായിപ്പോഴും അങ്ങനെ എളുപ്പമല്ലായിരുന്നു. എന്നാൽ ഞാൻ സ്വാർത്ഥം പരിത്യജിക്കുവാൻ തുടങ്ങിയനാൾ മുതൽ ഭാഗ്യപൂരിതമായ ഒരു ജീവിതം കഴിച്ചുപോരുന്നു.

൨൦. ഞാൻ ദൈവത്തിന്റെ മുമ്പാകെ കാണപ്പെടുവാനുള്ള സമയം അടുത്തിരിക്കയാൽ "അവിടത്തെപ്രതി മാത്രം സമസ്തവും ചെയ്കയും സ്വാഭിലാഷത്തെക്കുറിച്ചോ സൃഷ്ടികളെ ഉദ്ദേശിച്ചോ യാതൊന്നും പ്രവർത്തിക്കാതിരിക്കണമെന്നുള്ള മൂവതത്വം മുമ്പൊരിക്കലും ഗ്രഹിച്ചിട്ടില്ലാത്തവണ്ണം പരിപൂർണ്ണമായി എനിക്കിപ്പോൾ ബോദ്ധ്യപ്പെട്ടുകയും ചെയ്തിരിക്കുന്നു.

൨൧. സന്ന്യാസവ്രതാനന്തരമുള്ള ദിവസംഅവൾ സമർപ്പിച്ച പ്രാർത്ഥന ഇപ്രകാരമായിരുന്നു.

"ഓ! ഈശോയെ, എന്റെ ദിവ്യമണവാളാ, മാമ്മോദീസായിൽ എനിക്കു ലഭിച്ച ഇഷ്ടപ്രസാദത്തിന്റെ വസ്ത്രം കറപെടുത്തുവാൻ നീ ഒരിക്കലും അനുവദിക്കല്ലെ. ഇവിടെ മനസ്സറിയോടുകൂടെയുള്ള എതൊരു നിസ്സാരമായ ഒരു കറയെങ്കിലും ചെയ്തു എന്റെ ആത്മാവിനെ മലിനപ്പെടുത്തുവാൻ നീ അനുവദിക്കുന്നതിനു മുമ്പായി എന്നെ അങ്ങേ സന്നിധാനത്തിലേക്കു വിളിപ്പാറാകണമെ. നിന്നെയല്ലാതെ മറെറാന്നും ഞാൻ ഒരിക്കലും ആഗ്രഹിക്കയൊ കണ്ടെത്തുകയൊ ചെയ്യാതിരിക്കട്ടെ! സമസ്ത സൃഷ്ടിയും എനിക്കു ശൂന്യതയായിരിക്കട്ടെ, ഞാൻ അവയ്ക്കും ശൂന്യതയായി ഭവിക്കട്ടെ. ഭൌമികമായതൊന്നും എന്റെ സമാധാനം കലുഷമാക്കാനിടവരുത്താതെ എന്നെ കാത്തുകൊള്ളുക".

എന്റെ വാഗ്ദാനങ്ങളെ പരിപൂർണ്ണമായി അനുവർത്തിച്ചു ജീവിപ്പാൻ കൃപചെയ്യുന്നതിനു, യാതൊരുത്തനും എന്നെപറ്റി വിചാരിക്കാതിരിപ്പാനും ഒരുതരി മണൽപോലെ എല്ലാവരാലും ചവിട്ടപ്പെടുവാനും എനിക്കിടവരുത്തണമെ. അങ്ങേ പരിശുദ്ധമനസ്സു എന്നിൽ എല്ലാനിമിഷവും പ്രത്യക്ഷമായിരിക്കുന്നതിനു സൃഷ്ടിപ്രകൃതത്തിൽനിന്നു യാതൊരു പ്രതിബന്ധവും ഉണ്ടാകാതിരിപ്പാനായി എന്റെ സർവ്വസ്വവും എന്റെ പ്രാണേശാ, അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു.

൭. ആശാനിഗ്രഹം

൧. ശിശുപ്രായംമുതൽ കഠിനതരങ്ങളായ താപസവൃത്തികളും അനുഷ്ഠിച്ചിരുന്ന മഹാത്മാക്കളുടേതിൽനിന്നും വളരെ വ്യത്യസ്ഥമായരുന്നാണ് എന്റെ ആശാനിഗ്രഹ സമ്പ്രദായം. എന്റെ തപസ്സെല്ലാം സ്വതന്ത്രമനസ്സിന്റെ പൂജയിലത്രെ അടങ്ങിയിരിക്കുന്നത്. ഒരു വാക്കുപറയുന്നതിനു അത്യാശതോന്നുമ്പോൾ ഞാൻ ഒമൗനം അവലംബിക്കുന്നു. എന്റെ കൂടെ വാസംചെയ്യുന്ന സഹോദരങ്ങൾക്കു സാധാരണസംഗതികളിൽ പാടുള്ള എല്ലാസഹായങ്ങളും ചെയ്തുകൊടുക്കുന്നു. ഞാൻ ചെയ്യുന്ന സഹായശ്രുശ്രൂഷകൾ കായ്മായി ഞാൻ ഗണിക്കുന്നില്ല. ഇപ്രകാരം നിസ്സാരമായിതോന്നുന്ന മറനേകം ക്രുത്യങ്ങളേയും ഞാൻ ചെയ്യാവരുന്നു.

൨. എനിക്കുകളികളിൽ അത്രവാസനയില്ലായിരുന്നു. അതു നിമിത്തം സമയംമുഴുവനും വായനയിൽ ചിലവഴിപ്പാനായിരുന്നു എന്റെ മുഖ്യമായ ആഗ്രഹം. എന്നാൽ ഇതിനു ആശാസനേരങ്ങളിൽ കുറഞ്ഞൊരുസമയംമാത്രമെ അനുവദിക്കപ്പെട്ടിരുന്നുള്ളു. തന്നിമിത്തം ഇതെനിക്കു ആശാനിഗ്രഹത്തിനു വലിയ ഒരുപായമായിത്തീർന്നു. എന്തുകൊണ്ടെന്നാൽ നിശ്ചിതസമയം അവസാനിക്കുമ്പോൾ എത്ര രസകരമായ വിഷയത്തിൽ മനസ്സുവ്യാപരിച്ചിരുന്നാലും, ഉടനെ വായനനിർത്തുന്നതിനു ഞാൻ നിശ്ചയിച്ചു എപ്പോഴും അതനുസരിച്ചു പ്രവർത്തിച്ചുപോന്നിരുന്നു.

൩. എനിക്കുള്ള ഏതൊരുവസ്തുവെങ്കിലും എടുത്തുകൊണ്ടുപോകുമ്പോൾ സങ്കടം പറയാതിരിക്കുന്നതു എനിക്കുള്ള മറൊരഭ്യാസമാണു. അതുപോലെതന്നെ ന്യായരഹിതമായി അധിക്ഷേപിക്കപ്പെടുമ്പോൾ ആദരവോടെ ഒന്നും പറയാതിരിക്കുന്നതിനും ഞാൻ പരിശീലിച്ചു.

൪. എനിക്കു പത്തുവയസ്സു പ്രായമുള്ളപ്പോളാണു എന്റെ പിതാവു് സെമിനോട്ടു അവർക്കു് ചിത്രമെഴുത്തുപഠിക്കുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടെന്നു പറഞ്ഞതു്. ഞാൻ അതു സമയം അടുക്കലുണ്ടായിരുന്നു. അവളുടെനേരെഅല്പം അസൂയതോ

നിങ്ങൾക്കതിന്റെ ശേഷം പിതാവു് എന്നോടു് 'എന്റെ കുഞ്ഞുറാണി' നിനക്കും ചിത്രമെഴുത്തു് അഭ്യസിക്കുവാനഗ്രഹമുണ്ടോ? എന്നു ചോദിച്ചു. ഞാൻ അത്യന്തസന്തോഷത്തോടുകൂടെ "ഉണ്ടു്" എന്നു പറയുവാൻ ഭാവിക്കയിൽ എനിക്കു സെലീനെപ്പോലെ അതിനുവാസനയില്ലെന്നു മറിയം സൂചിപ്പിച്ചു. ഇതു ഈശോയിക്കു ഒരു മഹത്തായ പൂജസമർപ്പിക്കുന്നതിനുള്ള അവസരമാണെന്നു കരുതി ഞാൻ ഒരക്ഷരംപോലും പറഞ്ഞില്ല. ആ സമയം എങ്ങനെ മെയ്നാം കാക്കുന്നതിനു എനിക്കു ധൈര്യമുണ്ടായി എന്നോർക്കുമ്പോൾ ഇപ്പോൾപോലുമെയും ആശ്ചര്യവും ഉളവാകുന്നു. ചിത്രമെഴുത്തു പരിശീലിക്കുന്നതിനുള്ള എന്റെ അഗ്രഹം ശൈശവത്തിൽ അത്ര ശക്തമത്തായിരുന്നു.

൪. ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ പ്രതിദിനം ഞാൻ രാവിലെ ഉണരുന്നതു് അന്നുണ്ടാകുവാനിടയുള്ള സന്തോഷസന്താപങ്ങളുടെ ചിന്തയോടുകൂടെയായിരുന്നു. അനിഷ്ടസംഗതികളും മാത്രം കണ്ടിരുന്ന ദിവസങ്ങളിൽ വ്യാകുലതയോടുകൂടെയതെ ഞാൻ ശയ്യവിടാറുണ്ടായിരുന്നതു്. ഇപ്പോഴാകട്ടെ നേരെ മറിച്ചാണു സംഭവിക്കുന്നതു. എന്നെ പാർത്തിരിക്കുന്ന ഇശ്ശാഭംഗങ്ങളും പീഡകളും ഓർമ്മിക്കുമ്പോൾ നിസ്സീമസന്തോഷത്തോടും ധൈര്യത്തോടുംകൂടി ഞാൻ കിടക്കയിൽനിന്നും ചാടി എഴുനേൽക്കുന്നു. അവ ഈശോയുടെ നേരെയുള്ള സ്നേഹം ലക്ഷീകരിപ്പാനുള്ള അവസരങ്ങളും ആത്മാവുകളുടെ മാതാവെന്നനിലയിൽ അവരുടെ ജീവനംനേടുന്നതിനുള്ള മാർഗ്ഗങ്ങളുമായി ഞാൻ പരിഗണിക്കുന്നു. അനന്തരം തുങ്ങപ്പെട്ടരൂപംഎടുത്തുചുംബിച്ചു ഭക്തവാത്സല്യത്തോടെ ഹൃദയമേൽവച്ചു് ഞാൻ വസ്ത്രംധരിക്കുന്നു. അതോടുകൂടി എന്റെ ഈശോയെ! നീ നിർഭാഗ്യലോകത്തിൽ ജീവിച്ച നാനവർഷങ്ങളിൽഅദ്ധ്വാനങ്ങളും ക്ലേശങ്ങളും ധാരാളം സഹിച്ചുവല്ലൊ. അതുകയാൽ ഇനി അങ്ങു ആശ്വസിക്ക. പാടുപെടുന്നതു നിറുത്തുകയും ചെയ്യുന്നതിനും ഇപ്പോൾ എന്റെ തവണയാണ് എന്നു,, ഞാൻ പൊല്ലുകയുംചെയ്യുന്നു.

൫. തപസ്സിനോടുള്ള ആകർഷണം എനിക്കു നൽകപ്പെട്ടെങ്കിലും അതുപൂർണ്ണമായി പ്രയോഗത്തിൽ വരുത്തുന്നതിനു

ള്ള സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി അൻപാണ്ടു മുണ്ടായില്ല. സ്വസ്നേഹം നർമ്മലമാക്കുവാനുള്ള പ്രായശ്ചിത്തമാത്രമെന്നു അനുഭവിക്കപ്പെട്ടുള്ളൂ. ശാരീരികതപസിനെക്കാൾ ഇത്തരം മാനസികനിഗ്രഹങ്ങളെ എനിക്കധികം ഫലപ്രദമായിത്തോന്നുന്നു.

വളരെനേരം ജപധ്യാനസമയങ്ങളിൽ എന്റെ അടുത്തുനിന്നിരുന്ന സഹോദരി അവളുടെ കൊഞ്ചലുകൊണ്ടും മറ്റും സ്വരശബ്ദംകേൾപ്പിച്ചിരുന്നു. ഒരുപക്ഷേ ഞാൻമാത്രം അതു കേട്ടിരുന്നുള്ളുവെന്നും വന്നേക്കാം. എന്തുകൊണ്ടെന്നാൽ എന്റെ ശ്രവണശക്തി വളരെയധികം ക്രമമതയുള്ളതായിരുന്നു. അവൾ സ്വരം എനിക്കെതിരായി ദുസ്സഹമായിത്തന്നെന്നു പറഞ്ഞു ഫലിപ്പിക്കുവാൻ പ്രയാസംതന്നെ. അതുനിവൃത്തിനുവേണ്ടി കുറെക്കാരത്തിയെ എന്റെ തലയ്ക്കുചുറ്റും ഒന്നുനോക്കുവാൻ പലപ്പോഴും ആഗ്രഹം തോന്നിയിട്ടുണ്ട് എങ്കിലും അതു ദൈവസ്നേഹത്തെ പ്രതിയും അന്യനുസങ്കടം വരുത്തുതുപ്പാൻ വേണ്ടിയും ക്ഷമയോടെ സഹിക്കുന്നതാണ് ഉത്തമമെന്നു എന്റെ ഹൃദയത്തിൽ എനിക്കുതോന്നി.

ഇതിനാൽ ഞാൻ ഒന്നുംചെയ്യാതെ സമാധാനമായി എല്ലാം സഹിച്ചുനിന്നിരുന്നു. ചിലപ്പോൾ അതുനിമിത്തം തലക്കുചുറ്റുപിടിക്കുകകൂടെചെയ്തിട്ടുണ്ട്. ആനേരങ്ങളിൽക്കൂടെ പ്രാപിക്കുവാനുള്ളൊരോ ജപങ്ങൾചൊല്ലുവാൻ ഞാൻ ശ്രമിച്ചുവന്നു. കുടശ്ശി ആത്മാവിലെങ്കിലും സമാധാനസന്തോഷങ്ങളോടുകൂടെ അതുസഹിപ്പാനുള്ള മാർഗ്ഗം ഞാൻകണ്ടെത്തി. അരോചകംജനിപ്പിക്കുന്ന ആ ശബ്ദം എനിക്കു ഇഷ്ടമുള്ളതാക്കുവാൻ ഞാൻ നിഷ്കർഷിച്ചു. അതുകേൾക്കാതിരിപ്പാൻ അസാദ്ധ്യമായിരുന്നെങ്കിലും ഉത്സാഹിക്കുന്നതനുസരിച്ചു പകരം മാധുര്യമേറിയ ഒരു ഗാനംപോലെതോന്നിച്ചുകേൾപ്പാൻഞാൻതാല്പര്യപ്പെട്ടു ഇവിണ്ണം എന്റെ ജപം പ്രസ്തുതഗാനം ഇയ്യശായ്ക്കു കയ്യാളുകുന്നതിൽ വിനിയോഗിക്കയുംചെയ്തു.

മറെറാരിക്കൽ അലക്കുപുരയിൽ ഉടുപ്പുകഴുകിയിരുന്ന സമയം എനിക്കു എതിരെനിന്നിരുന്ന ഒരു സഹോദരി എ

ന്റെമേൽ അഴുക്കുനിറഞ്ഞ വെള്ളം തെറിപ്പിച്ചിരുന്നു. പുറകോട്ടുമാറി മുഖത്തുടക്കുന്നതിനും അതുവഴിയായി മേലാൽ കുറെക്കൂടെ സൂക്ഷിക്കണമെന്നു അവളെ മനസ്സിലാക്കുന്നതിനും തുനിയുമ്പോൾ എന്റെ നാമത്തെ ആഗ്രഹം പക്ഷേ ഇതുസുലഭമായി കണ്ടുമുട്ടിയ നിശ്ശബ്ദം ഉപേക്ഷിച്ചുകളയുന്നതു വളരെ ഭോഷത്തമായ രിക്കുമെന്നു ഉടനെ വിചാരം വരികയാൽ എന്റെ അനിഷ്ടം പുറത്തുകാണിക്കാതിരിപ്പാൻ നല്ലവണ്ണം ഞാൻ ശ്രമിച്ചുമാത്രമല്ല, ധാരാളമായി ആ വെള്ളം എന്റെമേൽ വീഴുന്നതിനു യത്നിക്കയും, ഒരു അരമണിക്കൂർകൊണ്ടു ഇതുരം ക്ഷാളനം എനിക്കു പാത്രമാക്കിത്തീർക്കുകയുംചെയ്തു. പിന്നീടു ഏതാദൃശസ്വഭാവത്തോടെയും ചുവടുവെപ്പുകൊടുക്കാതെ സംഭോക്തുവാൻ പാടുള്ള പ്രസ്തുതസ്ഥലത്തുകൂടി വളരെപ്പതുക്കെയും പോകുന്നതാണെന്നും ഞാൻ പ്രതിജ്ഞചെയ്തു.

൩. സന്ന്യാസാശ്രമിനിയായിരുന്നകാലത്തു ചിലനിസ്സാരസന്തോഷങ്ങളും ആശ്വാസങ്ങളും അനുഭവിക്കുന്നതിനു എനിക്കു ശക്തിയായ പരീക്ഷയുണ്ടായി. ഒരു ന്യായീകരണമനുവദിക്കുന്നതിനു എനിക്കു ആഗ്രഹം തോന്നിയിരുന്നു. അതുപോലെതന്നെ എന്റെ സ്വാഭാവികവാഞ്ഛകൾ നീതീകരിക്കുന്നതിനും അവയ്ക്കനുസരണമായി പ്രവർത്തിക്കുന്നതിനും അനേകം സൌകര്യങ്ങളും എന്റെ ബോധത്തിൽ സുലഭമായി കണ്ടുപിടിച്ചിരുന്നു. ഇവയുടെ ഉഗ്രതരമായ ആകർഷണം നിമിത്തം നമ്മുടെ അമ്മമഠം വിട്ടിരുന്ന മുറിയുടെ വാതൽ ഞാൻ എല്ലായപ്പോഴും ഓടികടന്നു ഗോവണിയുടെ പക്കൽ ചെന്നു. അവിടെനിന്നു തിരിച്ചുവരാതിരിപ്പാൻവേണ്ടി അതിന്റെ കൈവരിമേൽ മുറുകെ പിടിച്ചുനില്പാൻ നിഷ്കർഷചെയ്തിരുന്നു. എന്നാൽ സന്ന്യാസജീവിതത്തിന്റെ ആദിമദശയിൽ ഞാൻ ഭക്തപരിത്യാഗം അനുഷ്ഠിച്ചതുകൊണ്ടു ഈപ്പോൾ എനിക്കുള്ള സന്തോഷം അവർണ്ണനീയമാകുന്നു. ധീരതയോടുകൂടെ യുദ്ധംചെയ്യുന്നവർക്കു വാങ്ങാനംചെയ്തിട്ടുള്ള സമ്മാനം ഇപ്പോൾതന്നെ ഞാൻ അനുഭവിക്കുന്നു. ഇനി വൃഥയെത്തിന്റെ ആശ്വാസങ്ങളെ വർജ്ജിക്കണമെന്നു എനിക്കു ആവശ്യം തോന്നുന്നില്ല. എന്തെന്നാൽ എന്റെ വ്രതം ദൈവത്തോടു

അഭേദ്യമായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. അതു സ്വത്തിലും ഉപരിയായി അവ ടത്തെ സ്നേഹിക്കുകയാൽ വളരെ വികാസംപ്രാപിക്കുകയും തദ്വാരാ എന്റെ ഇച്ഛാരെ സ്വാഭാവികന്യായത്താലും സ്വാർത്ഥപ്രതിപത്തിയാലും സ്നേഹിക്കുന്നതിനെക്കാൾ അധികം ആത്മാർത്ഥമായി ആലിംഗനം ചെയ്യാനിടയാക്കുകയുംചെയ്യുന്നു.

വ. എല്ലാ സംഗതികളിലും ഞാൻ ആത്മപരിത്യാഗത്തിനുള്ള അവകാശങ്ങൾ കണ്ടെത്തുന്നതാണു വിഹിതം. ഇതിനാൽ ഒരെഴുത്തുതന്നെ ആയിരുന്നാലും അതു കീഴ്വഴക്കത്തെക്കുറിച്ചു മാത്രവും അല്പമെങ്കിലും ആശാനിഗ്രഹത്തോട്ടുകൂടെയും എഴുതുകയില്ലെങ്കിൽ ഫലപ്രദമാകയില്ലെന്നാണു എന്റെ വിശ്വാസം. ഏതെങ്കിലുമൊരു നവസന്യാസിനിയോടു സംസാരിക്കുമ്പോൾ എന്റെ ആശകളെ അടക്കുന്നതിനു ഞാൻ ശ്രമിക്കയും വിനോദപ്രിയത്തെ തുച്ഛീകരിച്ചുകൊണ്ടു ചോദ്യോത്തരങ്ങളിപ്പാൻ സൂക്ഷിക്കയും ചെയ്യുന്നു. അവൾ രസകരമായ വല്ലവിഷയത്തെപ്പറ്റി പറഞ്ഞു തുടങ്ങിയശേഷം അതു അവസാനിപ്പിക്കാതെ എനിക്കു അതുച്ചിജനകങ്ങളായ സംഗതികളിലേക്കു വിഷയം മാറിപ്പോകുന്നതായാൽ വിട്ടുപോയ സംഗതി പൂർത്തിയാക്കുവാൻ ഒരിക്കലും ഞാൻ അവളെ പ്രേരിപ്പിക്കയില്ല. എന്തെന്നാൽ സേച്ഛയിൽനിന്നു യാതൊരു നന്മയും ഉളവാകയില്ലെന്നു എനിക്കറിയാം.

൯. ഞാൻ രചിച്ചിരുന്ന കവിതകൾ ഉടനെതന്നെ എഴുതിയിടുന്നതിനു നമ്മുടെ അമ്മ എന്നോടു ആജ്ഞാപിക്കുവാൻ ദൈവം തിരുമനസ്സായില്ല. എന്നാൽ അങ്ങനെ ചോദിക്കുന്നതു പക്ഷേ, ദാരിദ്ര്യത്തിനു വിരോധമായേക്കുമോ എന്നു ഭയന്നു അതിനു ഒരിക്കലും എനിക്കു മനസ്സുണ്ടായതുമില്ല. ഇതിനാൽ സ്വതന്ത്രസമയംവരെ ഞാൻ പാർത്തിരിക്കുവതിവായിരുന്നു. ഇപ്രകാരം വളരെ പ്രയാസത്തോട്ടുകൂടെയത്രെ കാലത്തു രചിച്ചുവരാറുള്ള എട്ടു മണിവരെ ഓമ്മിച്ചുരിക്കുവാൻ സാധിച്ചിരുന്നതു.

ഇത്തരം നിസ്സാര കാര്യങ്ങൾ വാസ്തവത്തിൽ രക്തസാക്ഷിത്വംതന്നെയാണ്. പക്ഷെ അതു ലഘൂപ്പെടുത്തുന്നതിനായി വളരെ അനുവാദങ്ങളും ആശ്വാസങ്ങളും പ്രയോഗിച്ചു ക്രമാതീതമായി സന്ന്യാസജീവിതം എളുപ്പമുള്ളതാകാതിരിപ്പാൻ നാം സൂക്ഷിക്കണം.

ഫ൦. യാതൊരുത്തൻ നമ്മെ കാണ്മാൻ ആവശ്യപ്പെട്ടുകയൊ വാതുക്കൽ മുട്ടുകയൊ ചെയ്യുമ്പോൾ നാം ആശ്രമനിയമം അനുസരിക്കണം. അതിന് ഉത്തരം പറയുന്നതിനുമുമ്പു സൂചികൊണ്ടു കുത്തുന്നതിനുപോലും നാം ഇടവരുത്തരുതു. ഞാൻ ഇങ്ങനെ അഭ്യസിച്ചുവരുന്നു. അതു സമാധാനത്തിന്റെ ഒരു ഉറവയാണെന്നു എനിക്കു നിശ്ചയമായി പറവാൻ സാധിക്കും.

ഫഫ. എന്റെ സന്തോഷദിവസങ്ങളും തിരുനാളുകളും ഏതെല്ലാമെന്നു അറിയാമൊ?

അതു നല്ല ദൈവം എന്നെ അധികം സങ്കടമനുഭവിപ്പിക്കുന്ന ദിവസങ്ങളാകുന്നു.

ഫഫ. ഉണ്ണി ഈശോയുടെ ത്രേസ്യാ, അവൾ വലിയ പ്രായശ്ചിത്തങ്ങളൊന്നും ചെയ്തിട്ടില്ലെന്നു പറയുന്നു. പക്ഷെ അതു അവളുടെ രോഗതീഷ്ണതനിമിത്തം അനുവദിക്കപ്പെട്ടവകളൊക്കെയും നിസ്സാരങ്ങളായി കരുതിയതുകൊണ്ടുമാത്രമാണു.

അതി ദീർഘകാലത്തേക്കു അവൾ ഒരു വെറിയ ഇരുമ്പുകുരിശു ധരിക്കയാൽ അതിന്റെ കൂർത്ത മുനകൾ മാംസത്തിനുള്ളിൽ കയറുകയും തന്നിമിത്തം ദീനപാരവശ്യത്തിലുംപ്പെട്ടുവാൻ ഇടയാകയും ചെയ്തിട്ടുണ്ടു്.

ഇതിനെപ്പറ്റി അവൾ പിന്നീടു വിനീതസ്വരത്തിൽ അനുസരിച്ചുപറഞ്ഞതു ഇപ്രകാരമാണു:--വിശുദ്ധന്മാരുടെ കായികപീഡനങ്ങൾ എനിക്കും എന്നെപോലെ അല്പാത്മികയായ ശിശുവായുള്ളിന്റെ പാത്രയിൽ നടക്കുന്ന ചെറിയ ആത്മാക്കൾക്കും വേണ്ടി നിയോഗിക്കപ്പെട്ടിട്ടില്ലെന്നു നല്ല ദൈവം എന്നെ ധരിപ്പിക്കുവാൻ തിരുമനസ്സായി. അല്ലായിരുന്നുവെങ്കിൽ ഈ നിസ്സാര പ്രായശ്ചിത്തനിമിത്തം എനിക്കു ഇങ്ങനെ സംപ്രീതിപ്പാൻ ഇടയില്ലായിരുന്നു.

ഫനു. ഒരു നവസന്യാസിനി സ്വയനിഗ്രഹത്തിന്റെ ഒരല്പപ്രവൃത്തി ചെയ്യുന്നതുകണ്ടു കൊ. ത്രേസ്യാ അവളോട് ഇപ്രകാരം പറഞ്ഞു. "മരണസമയം ഈ പ്രവൃത്തി നന്നെറ കൺമുമ്പാകെ കാണുന്നതു നിനക്കു എത്രയൊ സന്തോഷാവഹമായിരിക്കും! നി ഇപ്പോഴം ചെയ്തതു കുശാഗ്രബുദ്ധിയും രാജതന്ത്രവും പ്രയോഗിച്ചു സന്യാസസ്ഥർക്കൊക്കെയും നമ്മുടെ ഭരണകർത്താക്കളുടെ അനുകമ്പ ലഭിച്ചു കൊടുക്കയും തൻമൂലം പ്രാൻസുമുഴുവനും രണ്ടാമത്തെ ഒരു യൂദിത്തായി നീ നമസ്കരിക്കപ്പെടുകയും ചെയ്യുന്നതിനെക്കാളും അധികം സ്തുത്യർഹമായതാണു

ഫർ. വേറൊരാളം തന്റെ അധൈര്യത്തെപ്പററി വിലപിക്കുന്നതു കാണുകയിൽ അവർക്കു കൊടുത്ത ഉപദേശം ഇപ്രകാരമാണു. "നിന്റെ ഏററവും വലിയ ഭാഗ്യമായി കരുതേണ്ട സംഗതിയെപ്പററിയത്രെ നീ സങ്കടം പറയുന്നതു. ധൈര്യംതോന്നുമ്പോളം മാത്രം നീ പൊരുതുന്ന എങ്കിൽ നിനക്കു അതിനാലുള്ള യോഗ്യത എന്തു? നേരെമറിച്ചു ധീരോദാത്തന്മാരെപ്പോലെ പ്രവർത്തിക്കുന്നെങ്കിൽ ധൈര്യമില്ലാത്തതുകൊണ്ടു എപ്രകാരം പോരായ്കയുണ്ടു.

നിലത്തു കിടക്കുന്ന ഒരു നൂൽ പെറുക്കി എടുപ്പാൻ അലസത തോന്നുമ്പോളം അതു ജയിച്ചു പ്രവർത്തിക്കുന്നതായാൽ കേതിതീർത്തതയുള്ളപ്പോളം ചെയ്യുന്ന അത്യുന്നതപ്രവർത്തികളെക്കാളും യോഗ്യതസമ്പാദിക്കാവുന്നതാണു അതുകയാൽ ദുഃഖാർത്തയായിരിക്കുന്നതനുപകരം സന്തോഷിച്ചുകൊള്ളുക എന്തുകൊണ്ടെന്നാൽ നിനക്കു ബലക്ഷയം സഹിക്കുന്നതനുസരിച്ചു നമ്മുടെ ഗുരുനാഥൻ അവസരം നൽകിക്കൊണ്ടു തന്നിക്കായി അധികം ആത്മാക്കളെ നേടുന്നതനുസരിച്ചു നിന്നെ സഹായിക്കുന്നു.

ഫർ. ക്ഷീണസമയങ്ങളെ അവർ എങ്ങനെയാണു വിശുദ്ധീകരിച്ചിരുന്നതെന്നു ചോദിച്ചപ്പോൾ കൊച്ചുത്രേസ്യാ ഇപ്രകാരം മറുപടി പറഞ്ഞു. "ക്ഷീണശാലയിൽ നമുക്കു ഒരു സംഗതിമാത്രമെ ചെയ്യേണ്ടതുള്ളു. അതായതു വളരെ ഹീനമായ ഈ കൃത്യം ഉയർന്ന ചിന്തകളോടുകൂടെ നിറവേറുക. എനിക്കു സ്നേഹത്തിന്റെ മാധുര്യമേറിയ പ്രകരണങ്ങൾ പലപ്പോ

ഴം ഉണ്ടാകുന്നതു അപ്പിടെവെച്ചാകുന്നു എന്നു ഞാൻ നിന്നോടു ഇന്നുപറയുന്നു. നമ്മുടെ ദിവ്യരക്ഷിതാവു എന്റെ സ്ഥാനത്തിൽ ആയിരുന്നെങ്കിൽ എനിക്കു നൽകപ്പെട്ടതു യാതൊരു അവിടുന്നു അനുഭവിക്കുമായിരുന്നെന്നു പലപ്പോഴും ഞാൻ ഓർമ്മിക്കുന്നു. തന്റെ ജീവിതകാലത്തു ഏതുവിധങ്ങളായ പദാർത്ഥങ്ങളും അനുഭവിച്ചിരിക്കണം. അപ്പം പഴം ആദിയായവ തൻ ഭക്ഷിച്ചിരുന്നു.

ഇതാ എന്റെ ആചാരക്രമം.— നസ്രസിൽ തിരുകുടുംബത്തോടുകൂടി ഇരിക്കുന്നതായി ഞാൻ ശ്രുപീകരിക്കുന്നു. മത്സ്യം, വീഞ്ഞു ആദിയായ ശക്തിയുള്ള പദാർത്ഥങ്ങൾ ഞാൻ യെഹൂസേപ്പു പിതാവിനു കാഴ്ചവെക്കുന്നു. പരിശുദ്ധകന്യകയ്ക്കു മൃദുമധുരവും പരിപാകമായ പഴങ്ങളും സമർപ്പിക്കുന്നു. പെരുന്നാൾപദാർത്ഥങ്ങളും വിശിഷ്യ ചോറും കുട്ടിയിലിട്ടു സാധനങ്ങളും ഉണ്ണീഈശോയ്ക്കു കാഴ്ചകൊടുക്കുന്നു. കുടശി അരുചിയുള്ള യാവന നൽകപ്പെട്ടപ്പോൾഞാൻ സന്തോഷത്തോടുകൂടെ എന്നോടു ഇപ്രകാരംപറയുന്നു. "ഇതാഎന്റെ കുഞ്ഞേ, ഇന്നു ഇതു മുഴുവനും നിനക്കു ഭക്ഷിക്കാം."

ഫന്നു. ഒരു ഉപവാസദിവസം ശ്രേഷ്ഠത്തിയമ്മ കൊച്ചുത്രെസ്യായ്ക്കു ദീനംനിമിത്തം ചില പ്രത്യേക യാവനകൂട്ടങ്ങൾ കൊടുപ്പാൻ കല്പിച്ചു. പക്ഷെ അവൾ അതു മക്കിപൂകൊണ്ടു താളിക്കുന്നതു മറ്റൊരുസഹോദരികണ്ടു വളരെ ആശ്ചര്യപ്പെട്ടു.

വേറൊരിക്കൽ വളരെ കൈപ്പുനിറഞ്ഞ ഒരു മരുന്നുകൊടുത്തപ്പോൾ വളരെ സാവധാനത്തിൽ കുടിക്കുന്നതുകണ്ടു അവൾ "വേഗംകുടിക്കു ഒരു കവിളിലുമാത്രമെയുള്ളു" എന്നുപറഞ്ഞു. അതിന്റെ മറുപടി "അല്ല, വലിയ പ്രായശ്ചിത്തങ്ങൾ മുടക്കപ്പെട്ടിരിക്കയാൽ ആശാനിഗ്രഹത്തിനുള്ള ഇത്തരംപെരിയ അവസരങ്ങൾ ഞാൻ നഷ്ടപ്പെടുത്തിക്കളയാമോ?" എന്നായിരുന്നു.

ഫെ. ഒരു അശ്വാസസമയം കൊച്ചുത്രെസ്യാ എവിടയൊപോയിരുന്നപ്പോൾ എഴുതുവാൻ രസകരമായ ഒരെഴുത്തു് സഹോദരികൾ വായിക്കയുണ്ടായി. അവൾ മടങ്ങിവന്നപ്പോൾ എഴുത്തു് വായിപ്പാനായ് വാങ്ങിച്ചു. കുറെകഴിഞ്ഞു അല്ലേ

ക്കിരകൊട്ടത്തപ്പോൾ അവർക്കു പ്രത്യേകം ആനന്ദപ്രദങ്ങളായ സംഗതികൾ ഏവയെന്നു അഭിപ്രായംചോദിച്ചു.

കുറെ പരുങ്ങിയശേഷം അവർ പറഞ്ഞതായതു്. "ഞാൻ കാണിച്ചു അത്യാശക്കു പരിഹാരമായി എന്നെ നല്ലതെ വും ഒരു പൂജ എന്നോടാവശ്യപ്പെട്ടു" ... ഞാൻ അതുവായിച്ചി ല്ല.

ഫ്രാ. ഒകാ. ത്രേസ്യാനവസന്യാസിനികർക്കുകൊടുത്തഒ ഉപദേശം ഇപ്രകാരമാണു് "മറ്റുസമയങ്ങളിലെക്കാൾ ആ ശ്വാസനേരങ്ങളിൽ പുണ്യാഭ്യാസത്തിനു അധികം അവസരങ്ങ ളുണ്ടു്. വലിയ ഫലം സിദ്ധിക്കണമെന്നു നീ ആഗ്രഹിക്കുന്നെ കിൽ സ്വന്തശ്വാസത്തെ അശേഷം വിസ്മരിച്ചു അന്യരുടെ വിശ്രമംമാത്രം ഉദ്ദേശിച്ചു എല്ലായ്പോഴും ഉല്ലാസത്തിൽ കഴിക്ക ണം. അവിടെ സ്വാർത്ഥത നിർദ്ദോഷം വർജ്ജിക്കുക. ഉദാഹരണ മായി, നീയൊരുസഹോദരിയോടു നിനക്കിഷ്ടമുള്ള ഒരുസംഗതി യെപ്പറ്റി സംസാരിച്ചിരിക്കുമ്പോൾ, അവർ അതുനിർത്തി വേ റെ ഒരു വിഷയത്തെക്കുറിച്ചു നിന്നോടുപറഞ്ഞുതുടങ്ങുന്നെങ്കിൽ അതു നിനക്കുതീരെ രുചിയില്ലാത്തതായിരുന്നാലും സന്തോഷ ത്തോടുകൂടെ ശ്രദ്ധിച്ചുകേൾക്കുക. പിന്നെ നീതുടങ്ങിയവിഷയ ത്തിലേക്കു പ്രവർത്തിയുകയുംവേണ്ട. ഈ അഭ്യാസംകൊണ്ടു ഉ ല്ലാസമുറിയിൽനിന്നു വളരെ അന്തരംഗസമാധാനത്തോടും, സു കൃതാഭ്യാസനത്തിനുള്ള നൂതനശക്തിപ്രാപിച്ചുകൊണ്ടുപോക വാൻ ഇടയാകും. കാരണം സ്വന്തശ്രമകളെ സംരക്ഷിച്ചുവരുത്തു വാൻ ശ്രമിക്കാതെ ശേഷം സഹോദരങ്ങളെ സന്തോഷിപ്പിക്ക വാൻ ഉൽസുകയായിരുന്നതു. എല്ലാകാര്യങ്ങളിലും സ്വാർത്ഥം പരിത്യജിക്കുന്നതുകൊണ്ടുവരുന്ന ലാഭം ഗ്രഹിക്കുന്നവൻ എ ത്രയോഭാഗ്യവാൻ!...

"നിനക്കു അത്രനല്ലവണ്ണം അറിയാമല്ലൊ; നീ എല്ലായ് പ്പോഴും അങ്ങിനയല്ലയൊ വർത്തിച്ചുപോരുന്നതു"

"അതെ, ഞാൻ സ്വാർത്ഥം വിട്ടുപേക്ഷിച്ചിരിക്കുന്നു. യാ തൊന്നിലും അതുനോക്കാതെയിരിപ്പാൻ ഞാൻ ശ്രമിക്കയും ചെയ്യുന്നുണ്ടു."

൨൨. അജ്ഞാനസ്മരണം

൧. എന്നിൽ സ്വസ്നേഹം പോലെ ധർമ്മാനുഷ്ഠാനത്തിനുള്ള ആഗ്രഹവും ഉണ്ടായിരുന്നതുനിമിത്തം യാതൊന്നിനെപറ്റി ഒരിക്കൽ "അതു ചെയ്യരുതു" എന്നു എന്നോടു ആജ്ഞാപിച്ചിരുന്നെങ്കിൽ വീണ്ടും അതു ചെയ്യുവാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല.

൨. അജ്ഞാനസ്മരണത്തിന്റെ പ്രതം അനുഷ്ഠിക്കുന്നതുകൊണ്ടു ഏതെല്ലാം അനർത്ഥങ്ങളിൽനിന്നാണു നാം വിമുക്തരായിത്തീരുന്നതു്! ശുദ്ധലാക്ഷണമുള്ള സന്ന്യാസികൾ എത്രയൊ ഭാഗ്യവാന്മാരാകുന്നു! ശ്രേഷ്ഠന്മാരുടെ മനസ്സു അവരുടെ ഏകമാർഗ്ഗദർശിയായിരിക്കയാൽ, ശ്രേഷ്ഠന്മാർക്കു തെറ്റിപ്പോകുന്നു എന്നു കാണുമ്പോൾക്രൂടെയും തങ്ങൾ അബദ്ധം വരാത്ത വഴിയിൽക്കൂടെ നിർഭയം നടക്കുന്നു എന്നു അവർക്കറിയാം എന്നാൽ യാതൊരുത്തൻ തെറ്റുവരാത്ത ഈ വടക്കുനോക്കിയന്ത്രത്തെ ശ്രദ്ധിക്കാതായാൽ ഇഷ്ടപ്രസാദജലം വറ്റിപ്പോയ ഉഷ്ടകൂപങ്ങളിൽ പതിച്ചുപോകയും ചെയ്യുന്നു.

൩. അസ്വാസ്ഥ്യത്തിൽ ഇരുന്നാപ്പോരം ദിവസംപ്രതി കാൽമണിക്കൂർസമയം തോട്ടത്തിൽനടക്കുന്നതു നന്നെന്നു കൊച്ചുത്രേസ്യായോടു അവളുടെ പരിചാരിക പറഞ്ഞിട്ടുണ്ടായിരുന്നു. ഈ ഉപദേശം അവർക്കു ഒരു കല്പനതന്നെയായിരുന്നു. ഒരുദിവസം സായംകാലം അവർ വളരെ പ്രയാസപ്പെട്ടു ഉലാത്തുന്നതു കണ്ടു ഒരു സഹോദരി ഇപ്രകാരം പറഞ്ഞു. "നിനക്കു നടക്കുന്നതിനെക്കാൾ ആശ്വസിക്കുന്നതായിരിക്കും നല്ലതു. ഈ സ്ഥിതിയിൽ നടക്കുന്നതുകൊണ്ടു യാതൊരു ഗുണവുമുണ്ടാകയില്ല. തീരെ വശംകെടുകയെയുള്ളൂ."

"ശരിയാണു, പക്ഷെ എനിക്കു ഇപ്പോൾ ബലംതരുന്നതു എന്താണെന്നു അറിയാമോ? കൊള്ളാം, ഞാൻ നടക്കുന്നതു ഒരു വേദബോധകനുവേണ്ടിയാണു. വിദൂരങ്ങളായ അജ്ഞാനദേശങ്ങളിൽ കഠിനമായ പ്രേഷിതയാത്രകൊണ്ടു കായ

ക്ലേശം അനുഭവിക്കുന്ന ഒരു വേദപ്രോസംഗികനെ രൂപീകരിച്ച് അയാൾക്കുവേണ്ടി എന്റെ ബുദ്ധിമുട്ടുകളെ ഞാൻ നല്ല ദൈവത്തിങ്കൽ കാഴ്ചവെക്കുന്നു.

ൻ. ദാരിദ്ര്യം

ക. പരിശുദ്ധമായ സഭയ്ക്കുടുത്ത വസ്ത്രം ധരിച്ചശേഷം സന്യാസ സാംഗോപാംഗത്തെപറ്റിയും വിശുദ്ധ, ദാരിദ്ര്യവാശാനത്തെകുറിച്ചും ധാരാളമായ ദൈവവെളിവുകൾ എനിക്കനുഗ്രഹപ്പെട്ടിട്ടുണ്ട്. പരീക്ഷാന്തസ്സിൽ എന്റെ ഉപയോഗത്തിന്നായി വിശേഷസാധനങ്ങൾ ആവശ്യപ്പെട്ടതിൽ യാതൊന്നും കിട്ടാതിരിക്കുന്നതിനുമുമ്പെ ഞാൻ ആഗ്രഹിച്ചതു് ക്ഷമയോടുകൂടെ ഈശോ ഇതുസഹിച്ചു. അവിടുന്നു എല്ലാം ഒന്നുച്ചു നമുക്കുവെളിപ്പെടുത്തുവാൻ മനസ്സാകുന്നില്ല. സാമാന്യമായി തന്റെ വെളിവുകൾ ക്രമാൽക്കർഷമായിട്ടാണു നൽകുന്നതു്.

ഒരുദിവസം സന്ധ്യാസമയം കാനോനികജപം അവസാനിച്ചശേഷം ഞാൻ മേശമൽചെന്നു വിളക്കുനോക്കുമ്പോൾ അതുകണ്ടില്ല. കഠിനമൌനം ആചരിക്കേണ്ട സമയമായിരുന്നതുകൊണ്ടു് എനിക്കു അതുചോദിച്ചുമേടിപ്പാൻ സാധിച്ചില്ല. ഏതോ ഒരു സഹോദരി അതുസ്വന്തമെന്നു തെറ്റിദ്ധരിച്ചു എടുത്തുകൊണ്ടുപോയതായിരിക്കണം എന്നു ഞാൻ മനസിലാക്കി. പക്ഷെ അവളുടെ തെറ്റുമുഖാന്തിരം ഞാൻ ഒരുമണിക്കൂർ ഇരുട്ടിൽകഴിപ്പാൻ ന്യായമുണ്ടോ? ആ സമയത്തുതന്നെ ഞാൻ വളരെയൊക്കെ ചെയ്യുന്നതിന്നായി മുമ്പുകൂട്ടി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഇഷ്ടപ്രസാദത്തിന്റെ ആത്മികപ്രകാരം എനിക്കു അപ്പോൾ ഇല്ലായിരുന്നെങ്കിൽ അതു നെടുവീർപ്പിട്ടു ഞാൻ നിശ്ചയമായിട്ടും വിലപിക്കുമായിരുന്നു. പക്ഷെ ഇഷ്ടപ്രസാദത്തിന്റെ പ്രവൃത്തികൊണ്ടു എനിക്കു വമ്മിഷ്ടംതോന്നിയില്ലെന്നു മാത്രമല്ല, അവശ്യാവശ്യങ്ങൾക്കുടെ വർജ്ജിക്കുന്നതിലുള്ള അടങ്ങിയിരുപ്പാനുള്ള സ്വതന്ത്രത എന്നെ വളരെ ആനന്ദിപ്പിക്കയും

ചെയ്തു. ആ ഇരുട്ടിൽ എന്റെ ആത്മാവു അനിർവ്വചനീയപ്രകാശത്താൽ നിറയുന്നതു ഞാനിടയായി.

അതേ സമയം ഭംഗിയില്ലാത്തവകളും അനിഷ്ടജനകങ്ങളും ആയ വസ്തുക്കളുടെ നേരെ അതീവമായ ഒരാഗ്രഹം എനിക്കുണ്ടായി. തന്നിമിത്തം ഞങ്ങളുടെമുറിയിലുണ്ടായിരുന്ന ചെറിയ ഭംഗിയുള്ള ക്രൂസു എടുത്തുമാറ്റി തൽസ്ഥാനത്തു വളരെ വലിയതും വക്കുപൊട്ടിയതുമായ മറ്റൊന്നു വെക്കപ്പെട്ടപ്പോൾ ഞാൻ വളരെ സന്തോഷിച്ചു.

൨. ഒരു സന്ന്യാസിനി അവർക്കു വളരെ പ്രയോജനമുള്ള ഒരുമൊട്ടുസൂചി വായ്പകൊടുത്തതിനെപ്പറ്റി സങ്കടം പറഞ്ഞു".

"ഹാ! നീ എത്രയോ സമ്പന്നയാകുന്നു. നിനക്കു സമാധാനമുണ്ടാകുവാൻ വഴിയാ എന്നു കൊച്ചുത്രേസ്യാ മറുപടിപറഞ്ഞു.

൩. "നീ വേഗത്തിൽ താഴെ ഇറങ്ങിവരിക: എന്തുകൊണ്ടെന്നാൽ ഇന്നു എനിക്കു നിന്റെ വീട്ടിൽ വസിക്കണം." (ലൂക്കാ. ൧൯-൫)ഇവിടെന്നും നമ്മളോടു താഴെ ഇറങ്ങിവരുവാൻ ആവശ്യപ്പെട്ടതു എവിടേക്കാണു നാം ഇറങ്ങിചെല്ലേണ്ടതു? യൂദന്മാർ ഇതിനു മുമ്പു ഒർക്കൽ "ഗുരുവേ!, അങ്ങുന്നു എവിടെയാണു വസിക്കുന്നതു" എന്നു തന്നോടു ചോദിക്കയുണ്ടായ് അവിടുന്നു," നർകുറുക്കനു അളകളും പക്ഷികൾക്കു കൂടുകളുമുണ്ടു; എന്നാൽ മനുഷ്യപുത്രനു തലചായിക്കുന്നതിനു സ്ഥലമില്ല." എന്നാണുത്തരിച്ചതു

ഈശോയുടെ നിവാസസ്ഥാനങ്ങളാകണമെന്നു ആഗ്രഹിക്കുന്നെങ്കിൽ നാം എവിടേക്കാണു ഇറങ്ങിചെല്ലേണ്ടതെന്നു അവിടുന്നു തന്നെ കാണിച്ചുതരുന്നു. നമ്മുടെ തലവെക്കുന്നതിനു സ്ഥലമില്ലാതിരിക്കത്തക്കവണ്ണം അത്യുച്ചം നാം ദാരിദ്ര്യം ഇഷ്ടമുള്ളവരായിരിക്കണം.

---

൫൦. മനോവിശ്വാസം

൧. ഈശോയെ ദുഃഖിപ്പിക്കുന്നതും തന്റെ ഹൃദയത്തെ ക്രൂടെയും കുത്തി മുറിപ്പെടുത്തുന്നതും നമുക്ക മനോവിശ്വാസം ഇല്ലായ്കയാലാകുന്നു.

൨. ഞാൻ മോക്ഷപ്രാപ്തിക്കായി ജനിച്ചിരിക്കയാൽ അതു പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളെ പറ്റി അന്വേഷിച്ചു നോക്കിയപ്പോൾ എന്റെ മഹത്വം ഒരിക്കലും മനുഷ്യനേത്രങ്ങൾക്ക ഗോചരമായിരിക്കയില്ലെന്നും ഒരു പുണ്യവതിയാകുന്നതിലത്രെ അതു അടങ്ങിയിരിക്കുന്നതെന്നും എനിക്ക വെളിപ്പെട്ടതുപ്പെട്ടു. സന്യാസത്തിൽ ഇത്രവളരെ വർഷങ്ങളും ചിലവഴിച്ച ശേഷം ഇപ്പോഴും ഞാൻ എത്രയോ ഊനമുള്ളവളാകുന്നു എന്നോർക്കുമ്പോൾ ഈ മോഹം വളരെ ദുരവുനിറഞ്ഞ ഒന്നായി തോന്നിയേക്കാം. എങ്കിലും ഒരു വലിയ പുണ്യവതിയാകാമെന്നുള്ള ഒരു മനോവിശ്വാസം അന്നത്തെപ്പോലെ ഇന്നും എനിക്ക തോന്നുന്നു. എന്റെ യോഗ്യതകളിലല്ല ഞാൻ ആശ്രയിക്കുന്നതു; എന്തെന്നാൽ എനിക്ക ഒരു യോഗ്യതയുമില്ല. സുകൃതവും വിശുദ്ധിയും തന്നെ ആയിരിക്കുന്നവനിലാണ് എന്റെ ശരണം അവിടുന്നു മാത്രമാണ് എന്റെ അല്പശ്രമങ്ങളിൽ സംപ്രീതനായി തന്റെ പക്കലോളം എന്നെ ഉയർത്തുകയും തന്റെ യോഗ്യതകളെ എനിക്ക നൽകി എന്നെ പുണ്യവതിയാക്കുകയും ചെയ്യുന്നതു.

൩. നമ്മുടെ കാലം ന്യൂനത കണ്ടുപിടിക്കുന്നതിനുള്ള ഒരു കാലമാണ്. ഇപ്പോൾ കോവണി കയറി വിഷമിക്കാതെ മേൽത്തട്ടിൽ ചെല്ലുവാനുള്ള സൂത്രം നിർമ്മിച്ചിട്ടുണ്ട്. ഞാനൊ, ദൈവത്തിന്റെ പക്കൽ എന്നെ കൊണ്ടുചെന്ന ചേർക്കുന്ന ഇയ്യുദ്ദേശമായ ഒരു സൂത്രകോവണി കണ്ടെത്തുവാൻ എത്രയോ ആശിക്കുന്നു. എന്തുകൊണ്ടെന്നാൽ പുണ്യപൂർണ്ണതയുടെ ഉർദ്ധ്വപടവികളെ കയറുന്നതിനു എനിക്ക അസാദ്ധ്യമായിരിക്കുന്നതുകൊണ്ടും ഞാൻ അത്ര ചെറുതായിരിക്കുന്നു.

എന്റെ ആശ്രമവിഷയമായ ഈ "സൂത്രകോവണി" വേറെ രോഗമുള്ളവർക്ക വല്ലയിടത്തും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടൊ എന്നറി

ഖാനായി അവിടെ ഞാൻ അന്വേഷിച്ചു. നിത്യബോധജ്ഞാനത്തിന്റെ വായിൽ നിന്നുതന്നെ പുറപ്പെട്ട ഈ വാക്കുകളും ഞാൻ അവിടെ കാണുകയുംചെയ്തു. ഏറ്റവും ചെറിയവൻ ആരൊ, അവൻ എന്റെ പക്കൽ വരട്ടെ. എന്റെ ആഗ്രഹം ഇവിടെ പൂർത്തിയായി എന്നുള്ള നിശ്ചയത്തോടുകൂടെ ഞാൻ ദൈവസന്നിധിയിലേക്ക അടുത്തു. ഈ ഏറ്റവും ചെറിയവളോടു അവിടുന്നു എന്തുചെയ്യുവാനിരിക്കുന്നു എന്നു അറിവാനുള്ള ആഗ്രഹത്താൽ വീണ്ടും ഞാൻ വേദാഗമം പരിശോധിച്ചു. ഇതാ അവിടെ പറയുന്നതായതു "നിന്നെ മാവിലും മടിയിലുംവച്ചു കൊണ്ടുപോകും. സ്വന്തമാതാവിനാൽ ലാളിക്കപ്പെടുന്നവനെ പോലെ നിന്നെ ഞാൻ സന്തോഷിപ്പിക്കും

ഹാ! എന്റെ ആത്മാവിനെ സന്തോഷിപ്പിക്കുന്നതിനുള്ളതിനെക്കാൾ മാധുര്യവും ആർദ്രതയുമുള്ള വാക്കുകളും ഞാൻ കേട്ടിട്ടില്ല. ഓ! ഈശോയെ ആകാശംവരെയും എന്നെ ഉയർത്തികൊണ്ടുപോകേണ്ടുന്ന ആ സൂത്രം കാണിച്ചു, നിന്റെ കരങ്ങളെത്രയാകുന്നു. ഇനി ഞാൻഒരിക്കലും വളർന്നിട്ടാവശ്യമില്ല. നേരെമറിച്ചു ചെറുതായിരിക്കയത്രെ വേണ്ടതു്. അധികമധികം ചെറുതാകുന്നതിനു ഞാൻ സദാ ശ്രമിക്കയും വേണം. ഹാ, എന്റെ ദൈവമെ, നീ എന്റെ അഭിലാഷങ്ങളെക്കുടെയും കവിഞ്ഞുപ്രവർത്തിച്ചിരിക്കയാൽ ഞാൻ സദാ നിന്റെ സ്തുതികളെ പാടും

"ഓ ദൈവമെ, എന്റെ ശൈശവംമുതൽ നീ എന്നെ ഉപദേശിപ്പിച്ചു; ഇക്കാലംവരെ ഞാൻ നിന്റെ അത്ഭുതപ്രവൃത്തികളെ പ്രസിദ്ധമാക്കീട്ടുണ്ടു്. വാർദ്ധക്യകാലംവരെയും അവ ഞാൻ വിളിച്ചറിയിക്കയും ചെയ്യും" സങ്കീർത്തനം

൪. ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹം അറിയുന്നതിനു എനിക്ക അനുഗ്രഹം ലഭിക്കയാൽ അതു എന്നിൽനിന്നു ഭയമൊക്കയും അകറ്റിക്കളഞ്ഞു എന്നു ഞാൻ അനുസരിച്ചു പറയുന്നു. എന്റെ നോക്കുകളുടെ ഓമ്മ എന്നെ എളിമപ്പെടുത്തുകയും സ്വന്തശക്തിയിൽ എന്റെ സ്വന്തശക്തി ബലഹീനതയാണു – ആശ്രയിക്കാതിരിപ്പാൻ നിർബന്ധിക്കു

യും ചെയ്യുന്നു. ഇതിനെക്കാൾ ഉപരിയായി ഈ ഓമ്മ ദൈവത്തിന്റെ അനുഗ്രഹത്തേയും സ്നേഹത്തേയുംപറ്റി എന്നോടു പ്രസംഗിക്കുന്നു. പൂതുനിർവ്വിശേഷമായ മനോവിശ്വാസമൊക്കയോടുംകൂടെ നമ്മുടെ കുറവുകളെ സ്നേഹത്തിന്റെ ആ എരിയുന്നാമൂളയിൽ ഇട്ടുന്നെങ്കിൽ എങ്ങിനയാണു അവ പൂർണ്ണമായി ദഹിക്കാതിരിക്കുക?

൫. പരിശുദ്ധതയുടെ ദൈവത്തിന്റെ മുമ്പാകെ കാണപ്പെടുന്നതിനു നാം നിർമ്മലരാകുവാൻ ആവശ്യമായിരുന്നാലും അവിടുന്നു നീതിയുടെ അളവിയില്ലാത്ത നിധിയാകുന്നെന്നും എനിക്കറിയാം. അനേകആത്മാക്കളെ ഭയപ്പെടുത്തുന്ന ദൈവനീതിയാണു എന്റെസന്തോഷത്തിന്റെയും മനശരണത്തിന്റെയും അടിസ്ഥാനം. നീതി അപരാധികളെ ശിക്ഷിക്കുമാത്രമല്ല, ശുഭനിയോഗത്തെ അംഗീകരിച്ചു സുകൃതപ്രവർത്തികൾക്കു യോഗ്യനുസരണം സമ്മാനംനൽകുന്നതിനു നിർബന്ധിക്കപ്പെടുകയുംചെയ്യുന്നു. അതെ നല്ലദൈവത്തിന്റെ അനുഗ്രഹത്തിലെന്നപോലെതന്നെ നീതിയിലും ഞാൻ ശരണം വെക്കുന്നു. നീതിമാനായിരിക്കകൊണ്ടാണു "അവിടുന്നുദയാലുവുംകൃപാലുവുംദീർഘക്ഷമയുള്ളവനും അനുഗ്രഹസമ്പന്നനുംആയിരിക്കുന്നതു. എന്തുകൊണ്ടെന്നാൽഅവിടുന്നു നമ്മുടെസ്വഭാവവൈകല്യങ്ങൾ അറിഞ്ഞിരിക്കുന്നു. നാം ധൂളിയാകുന്നുഎന്നുഅവിടുന്നുമറന്നുകളഞ്ഞില്ലെ. പിതാവിനു സന്താനങ്ങളുടെ നേരെയുള്ള തുപോലെതന്നെകർത്താവിനു നമ്മുടെ നേരെയും മനസ്സലിവുണ്ടു"

മനോഹരവും ആശ്വാസപ്രദവും ആയ രാജദീർഘദർശിയുടെ പ്രസ്താവാക്കുകൾ കേൾക്കുമ്പോൾ, നമ്മുടെ നല്ലദൈവം, തന്റെനേരെയുള്ള സ്നേഹത്തെപ്രതി സർവ്വസ്വവും പരിത്യജിക്കയും, ഇതരന്മാർക്കതന്നെഅറിയിക്കുന്നതിനായ് സ്വജനത്തേയും സ്വരാജ്യത്തേയുംഉപേക്ഷിക്കുമാത്രമല്ലസ്വന്തജീവൻക്രൂടെയും പൂജിക്കുന്നതിനു ആഗ്രഹിക്കയും ചെയ്യുന്നു. അവിടത്തെ വാത്സല്യമക്കൾക്കു സ്വർഗ്ഗരാജ്യത്തിന്റെവാതിൽമുഴുവനുംതുറന്നുകൊടുക്കുമെന്നുള്ളതിനു ആരാണു സംശയിക്കുന്നതു? ഇതിൽ ഉപരിയായസ്നേഹം ഇല്ലെന്നു ഈശോ അരുളിചെയ്തതു എത്രയോ സത്യ

മായിരിക്കുന്നു! മാഹാത്മ്യത്തിൽ യാതൊരുത്തനും ഈശോയെ തോല്പിക്കുന്നതിന്നു അവിടന്നു എങ്ങിനെ സമ്മതിക്കും? ദൈവ സ്നേഹത്താൽ ദഹിച്ചിരിക്കുന്ന ആത്മാക്കളെ വീണ്ടും ശുദ്ധീകരണാഗ്നിക്കു ആഹാരമാക്കുവാൻ അവിടത്തേക്കു മനസ്സുണ്ടാകുമോ?

നമ്മുടെ നല്ല ദൈവത്തിന്റെ നീതിയെപ്പറ്റി എനിക്കുള്ള ചിന്തകളും ഇപ്രകാരമാണു. എന്റെ വഴി മനോവിശ്വാസത്തിന്റെയും സ്നേഹത്തിന്റേയും ഒന്നാണു. ഇത്രയും ആർദ്ര സ്നേഹമുള്ള ഒരു സ്നേഹിതനെ ഭയപ്പെടുന്ന ആളുകളുടെ സ്ഥിതി എനിക്കു മനസ്സിലാകുന്നില്ല.

൩. ദൈവം നീതിമാനാകുന്നു, വേറെ വാക്കായി പറയുന്നെങ്കിൽ അവിടന്നു നമ്മുടെ വശഹീനതയും സ്വഭാവ ചാപല്യവും പൂർണ്ണമായി അറികയും ഓർമ്മിക്കയും ചെയ്യുന്നു, എന്നു വിചിന്തനം ചെയ്യുന്നതു എത്രയേ സന്തോഷാവഹമായിട്ടുള്ളതാണു. തന്നിമിത്തം എനിക്കു ഭയപ്പെടുവാനുള്ളതെന്താണു? ഉർബോധിയായ മകനോടു എത്രയും കരുണാപൂർവ്വം വർത്തിക്കുന്ന ആ നല്ലവനും അനുതിയില്ലാത്ത അനുഗ്രഹ സംപൂർണ്ണനുമായ ദൈവം "തന്നോടുകൂടെ സദാ വിശ്വസ്തനായി നിൽക്കുന്നു". എന്റെ നേരെ അവിടത്തെ നീതി കാണിക്കാതിരിക്കുമോ?

൪. അറുകുറുങ്ങളുണ്ടായിരുന്നാലും ഈശോയിൽ മനസ്സുറപ്പിച്ചിരിക്കുന്ന ആളുകളെ അവിടന്നു എത്രമാത്രം സ്നേഹിക്കുന്നു എന്നുള്ളതു ഒരു സാധാരണ ദൃഷ്ടാന്തം വഴിയായി ഞാൻ തെളിയിക്കാം. ഉർസ്വഭാവികളായ രണ്ടു കുട്ടികളെ അവരുടെ പിതാവു ശിക്ഷിക്കുന്നതിന്നായി വരുമ്പോൾ അവരിൽ ഒരുത്തൻ ഭയാധിക്യത്താൽ വിറച്ചുകൊണ്ടു ഓടിക്കളകയും, രണ്ടാമൻ നേരെ മറിച്ചു പിതാവിന്റെ മടിയിൽ ചെന്നു വീണു മേലാൽ നല്ലവണ്ണം വ്യാപരിച്ചുകൊള്ളാമെന്നു പറകയും ശിക്ഷയായി ഒന്നു ചുംബിക്കുമാറാകണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു എന്നു വിചാരിക്കാം സംതൃപ്തനായ പിതാവു ഈ പുത്രന്റെ മനോവിശ്വാസം നിറഞ്ഞ പ്രവൃത്തിയെ തിരസ്കരിച്ചുകളയുമെന്നു തോന്നുന്നുണ്ടോ? അവൻ ഇത്രയും ഈ വിധ

തെറ്റുകളിൽ അനേകം പ്രാവശ്യം വീഴുമെന്നു അയാൾക്കറിയാം. എന്നാൽ ഹൃദയാംഗമമായ ഉത്തരം ക്ഷമായാചനത്തിനു എപ്പോഴും വശംവദമായി പ്രവർത്തിക്കുന്നതിനു അയാൾ സന്നദ്ധനായിരിക്കും.

ഒന്നാമത്തെ കുട്ടിയെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. പിതാവിനു അവന്റെ നേരെ മേൽപറഞ്ഞതുപോലെയുള്ള സ്നേഹമോ ദാക്ഷിണ്യമോ ഉണ്ടാകുകയില്ലെന്നു വിശദമാണു.

വ. ഈശോയുടെ ദിവ്യഹൃദയം തന്റെ ശത്രുക്കളുടെ ഘനമായ പാപങ്ങളെക്കാൾ നിന്റെ സ്നേഹിതരുടെ അനേകം നിസ്സാരപാപങ്ങൾമൂലം അധികം ദുഃഖം അനുഭവിക്കുന്നു എന്നുള്ളതു വാസ്തവംതന്നെയാണു. പക്ഷേ തന്നാൽ തിരഞ്ഞെടുക്കപ്പെട്ടവർ ഇത്രമാം കുറങ്ങളിൽ തീക്ഷ്ണമായി വീഴുകയോ അവയെപ്പറ്റി പൊരുതിയുപേക്ഷിക്കാതിരിക്കുകയോ ചെയ്യുമ്പോളാണു "എന്റെ കൈകളുടെ മദ്ധ്യത്തിൽ നിങ്ങൾ കാണുന്ന ഈ മുറിവുകൾ എന്റെ സ്നേഹിതരുടെ ഭവനത്തിൽവച്ചു ഞാൻ അനുഭവിച്ചതാകുന്നു. എന്നു ഏശയ്യാവഴിയായി അരുളിച്ചെയ്ത വിലാപം നിറവേറുന്നതെന്നു എനിക്കു തോന്നുന്നു.

ഈശോയെ സ്നേഹിക്കയും അല്പ കുറങ്ങളിൽ വീഴുമ്പോൾ ഓരോപ്രാവശ്യവും തന്റെ മടിയിൽ ചെന്നു വീണു ക്ഷമയാചിക്കയും ചെയ്യുന്നവരുടെ നേർക്കുള്ള സ്നേഹംനിമിത്തം ഈശോയുടെ തിരുഹൃദയം തുടിക്കുന്നു. ധൂർത്തനായ കുമാരന്റെ പിതാവു പാപകന്മാരോടു പറഞ്ഞതുതന്നെ ഈശോ തന്റെ ദുതന്മാരോടും അരുളിച്ചെയ്യുന്നു. "അവന്റെ വിരലിന്മേൽ ഒരു മോതിരം ഇട്ടുവിൻ; നമുക്കു അനുഭവിക്കാം" ഹൊ! ഈശോയുടെ തിരുഹൃദയത്തിന്റെ ധൈര്യവും അനുഗ്രഹവും എത്ര കുറച്ചുമാത്രം നാം അറിയുന്നുള്ളൂ. ഈ നിക്ഷേപങ്ങളിൽ ഭാഗഭാക്കുകളാകുന്നതിനു നാം അവശ്യം എളിമപ്പെടുകയും നമ്മുടെ ഇല്ലായ്മയെ അനുസരിച്ചുപറകയും ചെയ്യണം. ഇതു തന്നെയാണു വളരെപേർ ചെയ്യുവാൻ മടിക്കുന്നതു.

൯. പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള നമ്മുടെ മനോരാജ്യങ്ങളും ആകാംക്ഷകളും വ്യർത്ഥമാകുവാൻ തരമില്ല. ഏ

ത്തുകൊണ്ടെന്നാൽ ഈശോ തന്നെയാണ് "നിങ്ങളുടെ സ്വർഗ്ഗ പിതാവു പരിപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ" എന്നു അരുളിച്ചെയ്തിരിക്കുന്നതും.

൨൧. സത്യമായിട്ടും ഞാൻ ഇനിയും ഒരു പുണ്യവതിയായിട്ടില്ല. വളരെ ദൂരത്തിലത്രെ ഞാൻ ഇരിക്കുന്നതു. എന്റെ ആത്മവരംച്ച മുഖാന്തിരം ഞാൻ സന്തോഷിക്കയല്ല വേണ്ടതു പിന്നയോ, അതു എന്നെ ഭക്തിമാന്ദ്യത്തിന്റെയും അസ്ഥിരതയുടേയും ഫലമായി കരുതുകയത്രെ ചെയ്യേണ്ടതു. നമസ്കാരത്തിന്റെയും ഉപകാരസ്മരണയുടേയും സമയങ്ങളിൽ പലപ്പോഴും ഉറങ്ങിപ്പോകുന്നതിനെപ്പറ്റി ഞാൻ ന്യായമായി മനസ്ഥാപപ്പെടേണ്ടതുമാകുന്നു. കൊള്ളാം, എന്നാൽ അങ്ങനെയല്ല; ഞാൻ മനസ്ഥാപപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ കൊച്ചു കുഞ്ഞുങ്ങൾ ഉണർന്നിരുന്നാലും മാതാപിതാക്കൾക്കു സന്തോഷവിഷയങ്ങളാണ് എന്നു ഞാൻ അറിയുന്നു. ശസ്ത്രക്രിയകൾ നടത്തുന്നതിനുവേണ്ടി വൈദ്യന്മാർ രോഗികൾക്കു കൃത്രിമമായി ഉറക്കം വരുത്തുകയും ചെയ്യുന്നുണ്ട്. ക്രൂടതെയും "കർത്താവു നമ്മുടെ സ്വഭാവഗുണദോഷങ്ങൾ അറികയും നാം പൊടിയാകുന്നു എന്നു ഓർമ്മിപ്പിക്കയും ചെയ്യുന്നുണ്ട്"

൨൨. അന്തിമയുദ്ധത്തെയോ വേദനകളേയോ പറ്റി, അവ എത്ര തന്നെ ഭയാനകങ്ങളായിരുന്നാലും, ഞാൻ ലേശം പോലും ഭയപ്പെടുന്നില്ല. നല്ലദൈവം എല്ലായ്പോഴും എന്നെ സഹായിച്ചിട്ടുണ്ട്. എന്റെശൈശവത്തിന്റെ ആദിമദശയിൽ തന്നെ അവിടുന്നു എന്നെ സഹായിക്കയും എന്റെ കൈയ്യും പിടിച്ചു നടത്തുകയും ചെയ്തിരിക്കുന്നു. തന്നിൽ എന്റെ ശരണം മുഴുവൻ സ്ഥിതി ചെയ്യുന്നു. എന്റെ പാടുകൾഅത്യുഗ്രമായേക്കാം, പക്ഷേ അവിടുന്നു എന്നെ മരിക്കുംവരെ കൈവിടുകയില്ലെന്നു എനിക്കറിയാം

൨൩. മനോവിശ്വാസം, അതേ മനോവിശ്വാസം മാത്രമാണു നമ്മെ സ്നേഹത്തിലേക്കു ആനയിക്കേണ്ടുന്നതു. ഭയം പാപികളെ ഭ്രമിപ്പിക്കുന്ന കൾനമായ ദൈവനീതിയെയാണല്ലൊ അനുസ്മരിപ്പിക്കുന്നതു. എന്നാൽ അതല്ല ഈശോ തന്നെ സ്നേഹിക്കുന്നവരുടെ നേരെ കാണിക്കുന്ന ദൈവനീതി.

ഫ്ര. ഒ, ഈശോയെ, ൻ നക്ക ഞങ്ങളുടെ നേരെയുള്ള സ്നേഹം ഭോഷത്വമായി ത്രുപാന്തപ്പെട്ടന്ന എന്ന പറയുവാൻ അനുവദിക്കണമെ. ഈ ഭോഷത്വം കണ്ടപ്പോൾ എന്റെ ഹൃദയം സ്നേഹത്താൽ നിന്റെ പക്കലേക്ക പറന്നെത്തുന്നതിനല്ലാതെ നീ മറെന്താണാഗ്രഹിക്കുന്നതു? എന്റെ മനോവിശ്വാസത്തിനു എങ്ങനെയാണു അതിരുവെക്കുന്നതു?

ഫ്ര. പാവുഭോഷത്തിൽ നിന്നു വിമുക്തയായി കാത്തുപാലിക്കപ്പെട്ടതുകൊണ്ടല്ല എന്റെ ഹൃദയം മനോവിശ്വാസവും സൂനുകേതിയും കൊണ്ടു നിറച്ചു ഞാൻ ദൈവത്തിന്റെ പക്കലേക്കു ഉയർത്തുന്നതു. ഒരുത്തൻ ചെയ്യുവാൻ പാടുള്ള കുറങ്ങളെല്ലാം എന്റെ മനസ്സാക്ഷിയെ ഭാരപ്പെടുത്തിയിരുന്നാലും മനശരണത്തിൽ എനിക്കു ഒട്ടും കുറവു വരികയില്ലെന്നാണ് തോന്നുന്നതു. അപ്പോൾ മനസ്ഥാപത്താൽ തകർന്ന ഹൃദയത്തോടുകൂടെ എന്റെ രക്ഷിതാവിന്റെ പക്കൽ ചെന്ന അവിടത്തെ മടിയിൽ ഞാൻ വീഴും. ധൂർത്തനായ മകനെ അവിടന്നു ആശ്ലിംഗനം ചെയ്തു എന്നു ഞാൻ അറിയുന്നു. മറിയംമഗ്ദലേനായോടും വ്യഭിചാരിണിയോടും, സമറായക്കാരിയോടും അരുളിച്ചെയ്ത വാക്കുകളും ഞാൻ ഓർമ്മിക്കുന്നുണ്ട്. യാതൊരുത്തനും എന്നെ ഭയപ്പെടുത്തുവാൻ സാധിക്കുന്നതല്ല. എന്തെന്നാൽ അവിടത്തെ അനുഗ്രഹത്തേയും സ്നേഹത്തേയും പറ്റി എനിക്കു വിശ്വസിക്കേണ്ടതെന്നു എനിക്കറിയാം. ജ്വലിച്ചെരിയുന്ന തീച്ചൂളയിൽ ഒരു തുള്ളി വെള്ളം എങ്ങനെയോ അതുപോലെ പാപങ്ങളുടെ ആ ക്രമ്പാരമെല്ലാം ഒരു ക്ഷണം കൊണ്ടു മായിക്കപ്പെട്ടുപോകുമെന്നു എനിക്കു നിശ്ചയമുണ്ടു.

വനവാസികളുടെ ജീവചരിത്രത്തിൽ അവരിൽ ഒരാൾ പൊതുജനങ്ങൾക്കു ഉപദ്രവകരായിരുന്ന ഒരു പ്രസിദ്ധ പാപിയെ മാനസാന്തരപ്പെടുത്തിയ സംഗതി വിവരിച്ചിരിക്കുന്നു. ഈ പുരുഷാരത്തിന്റെ അധികൃത്തൽ മനസ്സലിഞ്ഞു താപസജീവിതം കഴിക്കുന്നതിനായി അവർ ആ പൂജ്യനെ പിൻതുടർന്നു വനത്തിലേക്കു പോയി. പക്ഷെ നിശ്ചിതസ്ഥലത്തു എത്തുന്നതിനു മുമ്പു യാത്രയുടെ ഒന്നാംദിവസംതന്നെ രാത്രിയിൽ പശ്ചാത്താപത്തിന്റെ അധികൃത്താൽ അവളുടെ ആത്മാവും ശരീര

വും തമ്മിലുണ്ടായിരുന്ന ബന്ധം തകർന്നുപോയി. തൽസമയം ആയാത്മാവിനെ സപ്തർഷികൾ ആകാശത്തിലേക്കു വഹിച്ചുകൊണ്ടുപോകുന്നതും പ്രസ്തുത താപസശ്രേഷ്ഠൻ കാണുകയുണ്ടായി.

ഇതു ഞാൻ പറഞ്ഞുവയ്പ്പാൻ ആഗ്രഹിക്കുന്നതിന്റെ ഒരു നല്ല ദൃഷ്ടാന്തമാകുന്നു. എന്നാൽ വാക്കുകളാൽ അതു പറഞ്ഞു ഫലപ്പിക്കുവാൻ ഉത്സാഹമായി തോന്നുന്നു.

൧൭. ഇപ്പോൾ മരിച്ചു മോക്ഷത്തിൽ പോയിരുന്നെങ്കിൽ എനിക്കെത്രയോ ഭാഗ്യം. പക്ഷേ, "ഇതാ ഞാൻ വേഗത്തിൽവരുന്നു. അവനവന്റെ പ്രവൃത്തികൾക്കു യോഗ്യമായവിധം ഓരോരുത്തനും പ്രതിഫലം ചെയ്യുവാനുള്ള സമ്മാനം എന്റെകൂടെയുണ്ടു്." നമ്മുടെ കർത്താവിന്റെ ഈ വാക്കുകൾ ഓർക്കുമ്പോൾ, എന്നെ സംബന്ധിച്ചിടത്തോളം അവിടുത്തെക്കു കുണ്ഠിതത്തിനു ഇടവരുത്തുമോ എന്നു ഞാൻ ശങ്കിക്കുന്നു. എനിക്കു സൽപ്രവൃത്തികളില്ല.....ആകട്ടെ! അവിടത്തെ സ്വന്ത പ്രവൃത്തികൾക്കുള്ള യോഗ്യതയനുസരിച്ചു എനിക്കു സമ്മാനം നൽകാതിരിക്കയില്ല.

൧൮. ആത്മപരിപാലന കയ്യേറ്റിരിക്കുന്നവരുടെ ഭാരമേറിയ ചുമതലയെപ്പറ്റി സംസാരിക്കയിൽ കൊച്ചുത്രേസ്യാ പറഞ്ഞവ ശ്രദ്ധേയങ്ങളാണു്. "ചെറിയവനു അനുഗ്രഹം നൽകപ്പെട്ടിരിക്കുന്നു" എന്നു വേദത്തിൽ പറയുന്നു. ഇരുതരങ്ങളായ ജോലികളിൽ ക്രമേയും ചെറിയവനായിരിപ്പാൻ സാധിക്കും. വീണ്ടും ലോകത്തിലെ ശാന്തസ്വഭാവികളേയും അനഹങ്കാരികളെയും രക്ഷിപ്പാൻ കർത്താവു എഴുന്നള്ളിവരും" എന്നു വേദത്തിൽതന്നെ എഴുതപ്പെട്ടിട്ടില്ലെ. അതേ അവരെ വിധിപ്പാനെന്നല്ല രക്ഷിപ്പാനെന്നത്രെ പറഞ്ഞിരിക്കുന്നതു്.

൧൯. ഒരു നവസന്ന്യാസിനി അവളിലുള്ള അനേക ന്യൂനതകളെപ്പറ്റി ഈശോയ്ക്കു അതൃപ്തിയുണ്ടാകാതിരിക്കുമോ എന്നു ചോദിച്ചതിനു കൊച്ചു ത്രേസ്യാ ഇപ്രകാരം മറുപടി പറഞ്ഞു.

"നീ സമാധാനമായിരുന്നുകൊള്ളുക. നീ തിരഞ്ഞെടുത്തിരിക്കുന്ന മണവാളനു അഗ്രഹീതങ്ങളായ പൂണ്ണതകളൊക്കെയുമുണ്ടു്. എങ്കിലും തനിക്കു ഒരു ആക്ഷേപം–ഇങ്ങിനെ പറയാ

മെങ്കിൽ–ഉണ്ടെന്നു എനിക്കു തോന്നുന്നു. അവിടന്നു കരുടനാണ്—തനിക്കു അറിയാൻ പാടില്ലാത്ത ഒരു ശാസ്ത്രവുമുണ്ട്. അതായതു ഗണിതം—ഈ വാക്കുകൾ അവിടുന്നു എന്നോടു ക്ഷമിക്കട്ടെ. ഒരു ഭൌതികമണവാളനിൽ അചലപനിയങ്ങളായി കരുതുന്ന ഈ രണ്ടു തെറ്റുകൾ തന്നെയാണു് നമ്മുടെ ആത്മമണവാളനെ അപാരമായ സ്നേഹയോഗ്യമാക്കി തീർക്കുന്നതു. നമ്മുടെ പാപങ്ങളെ അവിടന്നു ഓർക്കയും കണക്കുകൂട്ടുകയും ചെയ്യുന്നതായിരുന്നാൽ, അവയുടെ ആധിക്യംനിമിത്തം ശൂന്യാവസ്ഥയിലേക്കു തന്നെ നമ്മെ തള്ളിയിടാതിരിക്കുമോ? എന്നാൽ അങ്ങിനെയല്ല ചെയ്യുന്നതു്. നമ്മുടെനേർക്കുള്ള സ്നേഹം ഈശോയെ കരുടനാക്കി തീർത്തിരിക്കയാണു്!

ഇതാ കേട്ടാലും, ഭൂമുഖത്തുള്ള എത്രയും നികൃഷ്ടപാപിയെന്നും മരണസമയം അവന്റെ ദ്രോഹങ്ങളെപ്പറ്റി മനസ്ഥാപപ്പെട്ടു് സ്നേഹത്തിന്റെ ഒരു പ്രകരണം ചെയ്തുകൊണ്ടു മരിക്കുന്നതായാൽ, അവൻ ഉഷ്പ്രയോഗിച്ച നിരവധി വരപ്രസാദങ്ങളൊ ചെയ്ത അകൃത്യങ്ങളൊ ഒന്നും ഈശോ കാണുകയും കണക്കുകൂട്ടുകയും ചെയ്യാതെ അവന്റെ അന്തിമപ്രാർത്ഥനമാത്രം സ്മരിച്ചു തൽക്ഷണം അവനെ തന്റെ അനുഗ്രഹംനിറഞ്ഞ തൃക്കരങ്ങളിൽ സ്വീകരിക്കുന്നു.

എന്നാൽ ഇപ്രകാരം ഈശോയെ കരുടനാക്കുന്നതിനും അവിടന്നു നമ്മുടെ കുറങ്ങളെ എണ്ണിനോക്കാതിരിക്കുന്നതിനും ആശിക്കുന്നെങ്കിൽ അവിടത്തെ ഹൃദയത്തെ നാം സ്വാധീനപ്പെടുത്തണം. അപ്പോൾ അവിടന്നു കീഴടങ്ങുകയേ നിവൃത്തിയുള്ളൂ.....!

ഹവ്വ. വേറൊരാൾ ഒരു കുറ്റംചെയ്തയുടനെ അത്യധികം ദുഃഖിക്കുന്നതുകണ്ടു കൊച്ചുത്രേസ്യാ പറഞ്ഞതായതു്:–

"നിന്റെ തുങ്ങപ്പെട്ട രൂപം എടുത്തു മുത്തുക."

അവൾ ഈശോയുടെ തൃപ്പാദങ്ങളെ ചുംബിച്ചു. "അങ്ങനെയാണോ ഒരു കുഞ്ഞു അവളുടെ പിതാവിനെ ആശ്ലേഷിക്കുന്നതു്? അവിടത്തെ കുഴിത്തിൽ ആശ്ലേഷിച്ചു തിരുമുഖം മുത്തുക. അവൾ അപ്രകാരംചെയ്തു. "പോരാ, ഈശോയുടെ ചുംബനം കൂടി നീ സ്വീകരിക്കണം".

അതിനായി അവൾ ആ ശ്രമം ഇരുകവിൾത്തടങ്ങളിലും തൊട്ടുവിച്ചു. തടനന്തരം കൊ. തെ സ്യാ "കൊള്ളാം ഇപ്പോൾ എല്ലാം മോചിക്കപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു അവളെ അയച്ചു.

ഫൻ. കൊ. തെ സ്യായുടെ ഉപദേശമനുവാക്കിയതിനെപ്പറ്റി ആ നവസന്യാസിനി അവളോട് ക്ഷമായാചനം ചെയ്തു. അതിനു വളരെ ഹൃദയവികാരത്തോടുകൂടെ അവൾ ഇപ്രകാരം ഉത്തരം പറഞ്ഞു. "എന്റെ ഇപ്പോഴത്തെ വിചാരം നീ മനസ്സിലാക്കിയിരുന്നെങ്കിൽ നന്നായിരുന്നു. നാം ഒരു കുറ്റം ചെയ്യുമ്പോൾ അതിനെപ്പറ്റി പൊറുതിയുപേക്ഷിക്കുമ്പോൾ ഈശോ എത്ര സ്നേഹത്തോടുകൂടെയാണ് നമ്മെ കൈക്കൊള്ളുന്നതെന്നു ഇതിനുമുമ്പു ഒരിക്കലും എനിക്കു ഇത്ര നല്ലവണ്ണം മനസ്സിലായിട്ടുണ്ടായിരുന്നില്ല. നീ എന്റെ പക്കൽ തിരിച്ചുവന്നപ്പോൾ ഒരു നിസ്സാര സൃഷ്ടിയായ എനിക്കു നിന്റെ നേരെ തോന്നുന്ന സ്നേഹം ഇത്ര സീമാതീതമാണെങ്കിൽ ദൈവത്തിന്റെ പക്കൽ നാം അനുതാപത്തോടുകൂടെ പിന്തിരിഞ്ഞു ചെല്ലുമ്പോൾ അവിടത്തെ നമ്മെ നിറഞ്ഞ ഹൃദയം എത്രമാത്രം ആർദ്രമായിരിക്കും..... .....അതെ, സത്യമായിട്ടും ഞാൻ ഇപ്പോൾ ചെയ്തതിനേക്കാൾ എന്തും വേഗത്തിൽ അവിടുന്നു നമ്മുടെ ദുഷ്കൃത്യങ്ങളെ മറന്നുകളയും! അവയെ താൻ പിന്നീടു ഒരിക്കലും ഓർക്കയുമില്ല.....അതു മാത്രമല്ല, ദീർഘമുമ്പു സ്നേഹിച്ചതിനേക്കാൾ അധികം നമ്മുടെനേരെ വാത്സല്യാതിരേകം പ്രദർശിപ്പിക്കയും ചെയ്യും."

൧൨. സ്വാർത്ഥസമർപ്പണം.

൧. ശോഭനാംഗിയായ കൊച്ചു സെസീലിയായെ പറ്റി ചിന്തിക്കുമ്പോൾ ഞാൻ പരവശയായി പോകുന്നു! എത്രയോ കുമിനീയമായ സുകൃത മാതൃക! അജ്ഞാനലോകത്തിന്റെ തലസ്ഥാനത്തു, ആപത്തിന്റെ നടുവിൽ, ലൌകികസ്നേഹം മാത്രം ഇച്ഛിച്ചിരിക്കുന്ന ഒരു മർത്യനോടുകൂടെ വൈവാഹികബന്ധത്താൽ യോജിപ്പിക്കപ്പെടുവാൻ പോകുന്ന സമയം അവൾക്ക

യപ്പെട്ട വിറയ്ക്കയും കരകയും ചെയ്തിട്ടുണ്ടായിരിക്കണം എന്നു എനിക്കു തോന്നുന്നു. എന്നാൽ അങ്ങിനെയല്ലാ "കല്യാണാഘോഷം നടത്തപ്പെട്ടിരുന്നപ്പോൾ വൃദ്ധയത്തിൽ അവൾ പാടിയിരുന്നു"യെന്നു പറയുന്നു. എത്രയോ പരിപൂർണ്ണമായ സ്വാത്മസമർപ്പണം! നിശ്ചയമായിട്ടും ഐഹികരാഗങ്ങളെക്കാൾ സ്വർഗ്ഗീയഗാനങ്ങളെത്രെ അവൾ സ്തുതിച്ചിരുന്നതു. അവളുടെ സ്വർഗ്ഗീയ മണവാളനും അവളോടൊന്നിച്ചു പാടിയിരുന്നു. ആകാശവൃന്ദങ്ങളൊ എത്രയും ഭാഗ്യപ്പെട്ട രാത്രിയിലെ പല്ലവി വീണ്ടും ധ്വനിപ്പിച്ചിരുന്നു. "ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മാനസികൾക്കു സമാധാനവും നല്ല ശരണവും ഭവിക്കട്ടെ." തെജോമയമായ ദൈവസ്തുതി!-ഹാ. സെസിലിയായ്ക്കു അതു മനസ്സിലായി. അത്യാശയോടെ അവൾ അതിനെ വർദ്ധമാനമാക്കുന്നതിനു യത്നിച്ചുമിരുന്നു. ഈശോ ആത്മാക്കളെ നേടുന്നതിനു മോഹിച്ചിരുന്നെന്നു അവൾ മനസ്സിലാക്കി. ഇതിനാൽ അവളുടെ ആഗ്രഹവും പരിശ്രമവും മുഴുവനും ആ റോമൻ യുവാവിനെ അവിടത്തെ പക്കൽ കൊണ്ടുചെന്നു സമർപ്പിക്കുന്നതിനായിരുന്നു. പക്ഷെ അവൻ ഭൌമിക ശ്രേയസ്സുമാത്രമെ അപ്പോൾ ആഗ്രഹിച്ചിരുന്നുള്ളൂ. അവളൊ, എന്നാൽ അവനെ ഒരു രക്തസാക്ഷിയാക്കിത്തീർത്തു. മറനേകരും അവനെ പിന്തുടർന്നു. സെസിലിയായ്ക്കു യാതൊരു ഭയവുമില്ല. ദൈവഭക്തന്മാർ സമാധാനം പാടുകയും പറഞ്ഞൊക്കുകയും ചെയ്യുവല്ലൊ സമാധാനത്തിന്റെ പ്രേഷ അവളെ സംരക്ഷിപ്പാൻ കടപ്പെട്ടിരിക്കുന്നെന്നു അവൾക്കു അറിയാം. അവിടന്നു അവളുടെ കന്യകാത്വം കാക്കുന്നതു അതിന്റെ പ്രതിസമ്മാനം നൽകുകയൊ ചെയ്യാതിരിപ്പാൻ വഹിയാ. ഓ! ചാരിത്രശുദ്ധിയുള്ളവർ എത്രയൊ ദൈവഭാഗ്യമുള്ളവരാകുന്നു.

൬. ഞാൻ ഉണ്ണി ഈശോയ്ക്കു അവിടത്തെ കളിക്കോപ്പായിട്ടു ആത്മസമർപ്പണം ചെയ്തിരിക്കുന്നു. കുട്ടികൾ തൊട്ടു മുഷിക്കാതെ സൂക്ഷിച്ചു നോക്കുക മാത്രം ചെയ്യുന്ന വിലയേറിയതരത്തിലുള്ള ഒരു പാവയായി എന്നെ ഉപയോഗിക്കേണ്ടായെന്നും അവിടത്തെ ഹിതംപോലെ എറിക്കയൊ, ചവിട്ടുകയൊ, കീറുകയൊ,.ഉപേക്ഷിച്ചുകളകയൊ ചെയ്യാവുന്ന ഒരു

വസ്തു മാത്രമായി എന്നെ കരുതിയാൽ മതിയെന്നും ഞാൻ തന്നോട് പറഞ്ഞിട്ടുണ്ട്. പുരുഷിപ്പറഞ്ഞാൽ ഞാൻ ഉണ്ണി ഈ ശോയെ സന്തോഷിപ്പിക്കുവാനും അവിടത്തെ ശൈശവാഭിലാഷങ്ങളൊക്കയും നിവൃത്തിക്കുവാനും മാത്രമെ ആഗ്രഹിക്കുന്നുള്ളൂ.

൩. എന്റെ ഹൃദയം ഈശോയുടെ തിരുമനസ്സിനു പൂർണ്ണമായി അധീനപ്പെട്ടിരിക്കുന്നു. തനിക്കു പുറമെ യാതൊന്നും അതിൽ പ്രവേശിക്കുവാൻ സാധിക്കുന്നതല്ല. ശാന്തമായ ജലത്തിൻമീതെ വീഴുന്ന എണ്ണപോലെ മറു സമസ്തവും എന്റെ ഹൃദയത്തിൽ നിന്നു ഒഴുകിപ്പോകുന്നു. ഹാ, അതു സ്ഥായി ഭാഗ്യത്താൽ സമൃദ്ധിയാക്കപ്പെടാതെ പരസ്പരം ശീഘ്രമായി പിൻതുടർന്നുകൊണ്ടിരിക്കുന്ന സന്തോഷസന്താപങ്ങളാൽ നിറക്കപ്പെടേണ്ടിവരികയും ചെയ്തിരുന്നെങ്കിൽ എന്റെ കഥ എത്രയോ നിർഭാഗ്യപൂർണ്ണമായി പരിണമിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ സംഭവിക്കുന്ന ഏതാദൃശഭാവമാറ്റങ്ങളുടെ മദ്ധ്യേ ഞാൻ പ്രശാന്തമായ ഒരു സമാധാനം അനുഭവിക്കുന്നു. യാതൊന്നിനും എന്റെ ഹൃദയത്തിലെ അഭ്യന്തരസമാധിയെ ചലിപ്പിക്കുവാൻ സാധിക്കുന്നതല്ല.

൪. ഞാൻ എല്ലായ്പോഴും വിശ്വസ്തതയോടുകൂടെ വർത്തിച്ചിട്ടില്ല. പക്ഷെ അതുനിമിത്തം ഒരിക്കലും ഞാൻ അധൈര്യപ്പെടുന്നില്ല. നമ്മുടെ ദിവ്യരക്ഷകന്റെ തൃക്കരങ്ങളിൽ എന്നെ മുഴുവനും ഞാൻ കയ്യാളിക്കുന്നു. സകലവും എന്നിൽ കാണുന്ന ഗുണ-ഗുണങ്ങളൊക്കയും, പ്രയോജനകരമാക്കുവാൻ അവിടുന്നു എന്നെ പരിശീലിപ്പിക്കുന്നു. സ്നേഹത്തിന്റെ ഭണ്ഡാഗാരം കൊണ്ടു വ്യാപാരം ചെയ്യുവാൻ എട്ടുകുന്നതിനു എന്നെ പഠിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല, ഈശോ അവിടെ എന്റെ പേക്ഷ ജോലി ചെയ്യുകയും ചെയ്യുന്നു. എങ്ങനെയാണു താൻ പ്രവർത്തിക്കുന്നതെന്നു എന്നോട് പറയുന്നില്ല. അതു എന്റേതിനേക്കാൾ അവിടത്തെ കാര്യമെന്നു വേണം പറവാൻ. ഞാൻ ചെയ്യുവാനുള്ളതു സമസ്തവും തന്നെ പൂർണ്ണമായി ഭരമേല്പിക്കുക എന്നതത്രെ എന്റെ കൃത്യം. ദ്രവ്യശാലയിൽ എന്റെ മുതലും പങ്കിശ്യത്തിനു മായി മാറുന്നതുകൂടി എനിക്കു അറിഞ്ഞിട്ടാവശ്യമില്ല

കെ. ഒരിക്കൽ മെസ്മരവിദ്യക്കാരൻ സ്വമനസ്സാലെ അവ
ന്നു വശംവദരാകുന്നവരിൽ ചെയ്യുന്ന ആശ്ചര്യപ്രവൃത്തികളെപ്പ
റ്റി ഒരു സഹോദരി കൊ. ത്രെസ്യായോടു സംസാരിക്കയുണ്ടാ
യി. ഇതു അവർക്കു അത്യന്തം രസാവഹമായിത്തീർന്നു. പി
റേന്നു രാവിലെ കൊ. ത്രെസ്യാ അവളോടു പ്രസ്തുത വിഷയ
ത്തെപ്പറ്റി ഇപ്രകാരം പറഞ്ഞു.

ഭേതിയുടെ ഇന്നലത്തെ സംഭാഷണം എനിക്കെത്രയോ
പ്രയോജനകരമായിരുന്നു. ഹാ! നമ്മുടെ കർത്താവിനാൽ ഇ
പ്രകാരം ജീവകാന്തശക്തിക്കു അധീനയാക്കപ്പെടുവാൻ എത്ര
യോ ഞാൻ ആഗ്രഹിക്കുന്നു. ഇതായിരുന്നു ഇന്നു ഉണർന്നപ്പോൾ
എനിക്കുണ്ടായ ആദ്യവിചാരം. എന്റെ മനസ്സു എത്രയും സ
ന്തോഷത്തോടുകൂടെ അവിടത്തേക്കു ഞാൻ ഭരമേല്പിച്ചു. ശരി,
എന്റെ ആത്മശരീരതപങ്ങളൊക്കയും അവിടുന്നു സ്വന്തമാ
ക്കിക്കൊള്ളുന്നതിനും തല്പരാ എന്റെ ക്രിയകളൊക്കയും മാ
നുഷികങ്ങളെന്നതിനേക്കാൾ സ്നേഹത്തിന്റെ പരമാത്മാവിൽ
നിന്നുളവായി ദൈവികങ്ങളായി പരിണമിക്കുന്നതിനു ഞാൻ മ
നസ്സായിരിക്കുന്നു.

നു. ഭാവിയിൽ സംഭവിക്കാവുന്ന [illegible]ളെപ്പറ്റി
ചിന്തിച്ചുകൊണ്ടിരിക്കുന്നതു വളരെ അബദ്ധമാണു. അതു
ദൈവപരിപാലനയിൽ കൈയിടുന്നതുപോലെയാകുന്നു. സ്നേ
ഹത്തിന്റെ പാത്രയിലേക്കുടെ ഓടുന്ന നാം യാതൊന്നിനേക്കുറി
ച്ചും ആകുലചിത്തരായിരിക്കരുതു്. സദാ സഹനമില്ലെങ്കിൽ
ക്ഷമയുടെ അഭ്യാസമുണ്ടാകയില്ല. എന്നാൽ ഞാൻ വർത്തമാ
നകാലത്തെപ്പറ്റി ഓർക്കേണ്ടതുള്ളു. കഴിഞ്ഞതു വിസ്മരിക്കയും
ഭവിഷ്യം നീക്കിവെക്കയും ചെയ്യുന്നു. നമുക്കു അധൈര്യം തോ
ന്നുകയോ ചിലപ്പോൾ നിരാശയുണ്ടാകയോ ചെയ്യുന്നെങ്കിൽ
അതു ഭ്രൂതഭവിഷ്യങ്ങളെപ്പറ്റി ചിന്തിക്കയെത്രെ ഉണ്ടാകുന്നതു.

ഒ. പീഡകളാകട്ടെ മരണമാകട്ടെ ഞാൻ ഇതു പാരപ
ക്ഷമായി ഒന്നും ആഗ്രഹിക്കുന്നില്ല. പക്ഷെ രണ്ടും ഞാൻ വള
രെ മതിക്കുന്നുണ്ടു്. ഭാഗ്യത്തിന്റെ മുന്നോടികളായി അവയെ ഞാ
ൻ വളരെക്കാലം അഭിവാഞ്ഛ ചെയ്തിരുന്നു. വാസ്തവത്തിൽ

പാട്ടകൂം എന്റെ അവകാശങ്ങളായി തീന്നിട്ടുണ്ട് എന്നു പറയാം. അവയനുഭവിച്ചു കൊണ്ടുപ്പൊഴൊക്കെയും നിത്യാനന്ദത്തിന്റെ കരയോട്ട് അടുത്തുതൊട്ടുപോലെ എനിക്കു തോന്നുകയും ചെയ്തിരുന്നു. വസന്തകാലത്തിൽതന്നെ "പെറുകസുമം" തോട്ടക്കാരൻ പറിച്ചുകൊണ്ടുപോകുമെന്നു ബാല്യപ്രായത്തിന്റെ ആദിമഘട്ടംതുടങ്ങി ഞാൻ വിശ്വസിച്ചുപോരുന്നു. എന്നാൽ ഇപ്പോഴും സ്വാതന്ത്ര്യസമർപ്പണമാണു എന്നെ ആനയിച്ചുകൊണ്ടുപോകുന്നതു്. വേറെ ഒരു മാർഗ്ഗവും എനിക്കില്ല. എന്റെ ആത്മാവിൽ ദൈവനിശ്ചയങ്ങൾ പൂർണ്ണമായി നിറവേറണമെന്നല്ലാതെ മറ്റു യാതൊന്നും അത്യാശയോടുകൂടെ അപേക്ഷിക്കുന്നതിനു എനിക്കു അറിവാൻ പാടില്ല.

വ. എനിക്കുവേണ്ടി പ്രാർത്ഥിക്കുക: ഞാൻ സ്വഗൃത്തിൽ നിന്നു സഹായം അപേക്ഷിക്കുമ്പോളത്തെ ഏറ്റവും ഉപേക്ഷിക്കപ്പെട്ടവളായി തോന്നുന്നതു എന്നു അവൾ പലപ്പോഴും പറഞ്ഞിരുന്നു. "ഈദൃശ വിഷമഘട്ടങ്ങളിൽ എങ്ങിനെയാണു നിനക്കു നൈരാശ്യം തോന്നാതിരിക്കുന്നതു എന്നു വേറൊരാൾ ചോദിച്ചു."

"ഞാൻ ദൈവത്തിന്റെയും പരിശുദ്ധന്മാരുടെയും പക്കൽ തിരിഞ്ഞു മറ്റു സമയങ്ങളിലെപോലെ തന്നെ നന്ദി പറയുന്നു. എന്റെ വിശ്വസ്ഥത എത്രത്തോളമുണ്ടെന്നു കാണുവാൻ അവർ ആഗ്രഹിക്കുന്നതായി എനിക്കു തോന്നുന്നു. അവിടുന്നു എന്നെ നിഗ്രഹിച്ചാലും ഞാൻ അവിടത്തിൽ ശരണപ്പെട്ടും." എന്നുള്ള യോബിന്റെ വാഗ്വം എന്നിൽ വ്യർത്ഥമായിരുന്നിട്ടില്ല. ഞാൻ സ്വാതന്ത്ര്യസമർപ്പണത്തിന്റെ ഈപദവിയിൽ എത്തിയിട്ടു വളരെക്കാലമായിട്ടുണ്ടു്. നമ്മുടെകർത്താവുതന്നെ എന്നെ എടുത്തു അവിടെ പ്രതിഷ്ഠിച്ചിരിക്കുകയാണു.

ൻ. ഇനി മറ്റൊന്നും യാതൊന്നും എനിക്കു പ്രതിബന്ധമായി വരികയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ സ്നേഹിക്കുന്നതിനും സ്നേഹത്തെപ്രതി മരിക്കുന്നതിനുമല്ലാതെ മറ്റുയാതൊരു പ്രത്യാശയും എനിൽ ഇപ്പോളില്ല. ഞാൻ വളരെ സ്വാതന്ത്ര്യം അനുഭവിക്കുന്നു. യാതൊരു

ഭയവും ഇല്ല. ഞാൻ നന്നാ പേടിച്ചിരുന്നവകൂടെ എന്നെ ഇ
ല്ലക്കുന്നില്ല. അതായതു് അനേകനാൾ ദീനത്തിൽകിടന്ന മ
ത്തിനു ഒരു ഭാരമായിതീരുവാൻ ഇടവന്നേക്കുമോ എന്നുള്ള
ഭയം ക്രൂടി ഇപ്പോൾ എന്നെ സ്പർശിക്കുന്നില്ല. നല്ലദൈവത്തി
ന്നു ഇഷ്ടമാണെങ്കിൽ എന്റെ ആത്മാവിന്റെയും ശരീരത്തി
ന്റെയും പീഡകളം അനേക കാലത്തേക്കു ദീർഘിക്കുന്നതിനു
ഞാൻ നല്ലമനസ്സോടുകൂടെ സമ്മതിക്കുന്നു. ഇല്ല. ദീർഘായു
സ്സിനെ ഞാൻ ഭയപ്പെടുന്നില്ല. യുക്തം ഞാൻ ഒഴിച്ചു
മാറുന്നുമില്ല. എന്നെ ഉറപ്പിച്ചു നിർത്തുന്ന പാറ
കർത്താവാകുന്നു. അവിടുന്നു എന്റെ കരങ്ങളെ ആയുധ
വിദ്യയും വിരലുകളെ പോരാട്ടവും പഠിപ്പിച്ചു. അവിടുന്നു എ
ന്റെ പരിത്രാതാവാകുന്നു. ഞാൻ അദ്ദേഹത്തിൽ ശരണപ്പെ
ടുകയും ചെയ്യുന്നു.,, യൌവനപ്രായത്തിൽ മരിക്കുന്നതിനു ഞാ
ൻ ദൈവത്തോടു കരിക്കലും അപേക്ഷിച്ചിട്ടില്ല. പക്ഷെ എ
ന്റെ ശ്രമംകൂടാതെതന്നെ അപ്രകാരം സംഭവിക്കുമെന്നു എ
ല്ലാ സമയവും ഞാൻ വിശ്വസിക്കുന്നു എന്നുള്ളതു വാസ്തവമാകു
ന്നു.

൧൩. നല്ലദൈവം അയച്ചിട്ടുള്ളതൊക്കയും എനിക്കു പ്രി
യമാണു്. അന്യന്നു ലഭിച്ച ദാനങ്ങളേക്കാൾ അവ അധമങ്ങ
ളായി കാണപ്പെട്ടിരുന്നപ്പോഴുംഎനിക്കവ സദാ സന്തോഷജന
കങ്ങൾ തന്നെയായിരുന്നു.

൧൪. ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതിനു അധികം
അഭിലാഷമെനിക്കില്ല. നമ്മുടെ കർത്താവു് ഏതെങ്കിലും തിരി
ഞ്ഞെടുപ്പാൻ അനുവദിക്കുന്നതായാൽ ഞാൻ യാതൊന്നും തി
രിഞ്ഞെടുക്കുകയില്ല. അവിടുന്നു മനസ്സാകുന്നതുമാത്രം എനി
ക്കും മനസ്സാകുന്നു. അവിടുന്നു ഇപ്രകാരമാണു് ഞാൻ അനുവ
ർത്തിക്കുന്നതിനു ആഗ്രഹിക്കുന്നതു്.

൧൫. "മരണത്തെ നീ ഭയപ്പെടുന്നു എന്നുചിലർ പറ
യുന്നു" എന്നു് അവളോടു ആരോ പറഞ്ഞു.

"അതു് എനി സംവിധിപ്പാൻ പാടുണ്ടു്. ഞാൻ ഏതുശ
ക്തയാണെന്നു ബോദ്ധ്യപ്പെട്ടിരിക്കയാൽ എന്റെ മനസ്സിൽ
ഞാൻ ഉറച്ചിരിക്കുന്നില്ലാ. ഇപ്പോളാവട്ടെ നല്ലദൈവം എനി
ക്കുതോന്നിക്കുന്ന ചിന്തകളിൽ ഞാൻ സന്തോഷിക്കയാണു് ചെ

യുന്നത്. വിപരീതബുദ്ധിയിൽനിന്നു പീഡയനുഭവിക്കേണ്ട കാലം വരും.

൧൩. യാതൊരുത്തൻ നേരെ സ്വർഗ്ഗത്തിലേക്കു പോകുന്നതിന്നു ഇടയാകുമെങ്കിൽ അതു് നീയായിരിക്കും. നിനക്കു് ഒരു നിമിഷംപോലും ശുദ്ധീകരണസ്ഥലത്തു് കിടപ്പാൻ ഇടവരികയില്ല."

"ഹോ! അതെപ്പറ്റി എനിക്കു ആകുലചിന്തയൊട്ടുമില്ല. നല്ല ദൈവത്തിന്റെ വിധിയെപ്പറ്റി ഞാൻ എല്ലായ്പോഴും സംതൃപ്തയായി വർത്തിക്കും. കൊള്ളാം ശുദ്ധീകരണസ്ഥലത്തിൽ പോകുന്നെങ്കിൽ പൂവ്വർത്തിലെ എബ്രായക്കുട്ടികളെപ്പോലെ അഗ്നിജ്വാലകളുടെ ഇടയിൽ നടന്നു് സ്നേഹത്തിന്റെ കീർത്തനം ഞാൻ പാടും".

---

൧൨. കൃതജ്ഞത

൧. ഹോ! ദൈവം എന്നെ എത്ര ഭാഗ്യപൂർണ്ണയാക്കിത്തീർത്തിരിക്കുന്നു! ഭൂമിയിൽ അവിടത്തേക്കു ശുശ്രൂഷചെയ്യുന്നതു് എത്രയോ എളുപ്പവും മാധുര്യമുള്ളതാകുന്നു.

൨. എന്റെ സഖികളിൽ പലരും ഞങ്ങളുടെ തുരുക്കളോടു പ്രത്യേകമൈത്രിയായി വർത്തിക്കുന്നതുകണ്ടു് ഞാനും അവരുടെ പ്രീതി സമ്പാദിക്കുന്നതിന്നായി ശ്രമിച്ചു. ഓ! ഭാഗ്യപൂർണ്ണമായ പരാജയം! എത്രയോ വലിയ തിന്മകളിൽനിന്നു അതെന്നെ സംരക്ഷിച്ചു. ദൈവിക മൈത്രിയിൽ കൈപ്പുമാത്രം കണ്ടെത്തുന്നതിന്നു ഇടവരുത്തിയതിനാൽ ദൈവത്തിന്നു ഞാൻ എത്രയോ കൃതജ്ഞയായിരിക്കുന്നു. എന്റെതുപോലെയുള്ള വ്യഗ്രത വളരെ എളുപ്പത്തിൽ വശീകരിക്കപ്പെടുന്നതിന്നും തൻമൂലം അതിന്റെ ചിറകുകൾ നഷ്ടീഭവിച്ചുപോകുന്നതിന്നും ഇടയാകുമായിരുന്നു. പിന്നെ സംഗീതക്കാരൻ പറയുന്നതുപോലെ എനിക്കു "പറന്നുപോയി സമാധാനം പ്രാപിക്കുന്നതിന്നു" സാധിക്കയുമില്ലായിരുന്നു.

൩. പരീക്ഷകളിൽ ഉറപ്പെട്ടതു് എനിക്കു് ആപൽക്കരമായിരുന്നെന്നു ഞ. കർത്താവിന്നു നല്ലവണ്ണം അറിയാം. ഖ

ജ്ഞനനിറഞ്ഞ സൃഷ്ടികളുടെ നേർക്കുള്ള സ്നേഹത്താൽ വശീകരിക്കപ്പെടുന്നതിനിടയാക്കുകയെങ്കിൽ സംശയമെന്യേ ഞാൻ നശിച്ചു പോകുമായിരുന്നു. പക്ഷേ അതിന്റെ മദ്ധ്യാഹ്നശോഭ ഒരിക്കലും എന്റെ കണ്ണുകളെ ആകർഷിക്കുന്നതിനിടയായിട്ടില്ല. ധൈര്യമുള്ള ആത്മാക്കൾ സന്തോഷം കൊണ്ടുതുള്ളുകയും ദൈവജ്ഞത്തെ പ്രതി അവ പരിവർജ്ജിക്കയും ചെയ്യുന്ന സംഗതികളിൽ അരോചകമല്ലാതെ യാതൊന്നും എനിക്കു തോന്നിച്ചില്ല. ഇപ്രകാരം ദൈവത്തിന്റെ പ്രത്യേകാനുഗ്രഹത്താൽ കാമ്പില്ലാത്ത ലോക സ്നേഹത്തോടുകൂടി കലരാതിരുന്നതിൽ എനിക്കെന്തു യോഗ്യതയാണുള്ളത്? താൻ താങ്ങിയില്ലായെങ്കിൽ മശിഹാ നായപ്പോലെ നിക്കുള്ളായി ഞാനും വീഴുമായിരുന്നു എന്നു ഞാൻ അനുസരിച്ചുചായുന്നു. പ്രീശനായ സിമയോനോടു ദിവ്യരക്ഷിതാവരുളിച്ചെയ്ത സാരസംപൂർണ്ണമായ വാക്കുകളും എന്റെ കണ്ണുകളിൽ മാധുര്യമായി പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. അതെ, അതെനിക്കറിയാം. "അരോടുകൂടുവാൻ ക്ഷമിച്ചിരിക്കുന്നുവോ അവൻ കുറച്ചുമാത്രം സ്നേഹിക്കുന്നു" എന്നാൽ മഗ്ദലെനായ്ക്കു മോചനം നൽകിയതിനെക്കാൾ അധികമായി എനോടു ക്ഷമിച്ചിരിക്കുന്നു എന്നും എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. എന്റെ ആശയങ്ങളെ ഏതുവിധം പ്രസ്താവിക്കേണ്ടു! ഇതാ അവ അല്പമെങ്കിലും വിട്ടുതിരുകാണിക്കുന്നതിനുള്ള ഒരുദ്യോഗം.

സമർത്ഥനായ ഒരു ശാസ്ത്രിയുടെയും വൈദ്യന്റെയും മകൻ കല്ലിനുമേൽ ഉതച്ചുവീണു കാൽ ഒടിക്കുന്നതിനുള്ള ഇടയായി എന്നു വിചാരിക്കുക. അവന്റെ പിതാവു് തൽക്ഷണം സ്ഥലത്തെത്തി പക്ഷത്തോടുകൂടെ മകന്റെ എടുത്തു് മുറിവുകളെ കെട്ടി കാൽ ശൊവ്വാക്കി സുഖപ്പെടുത്തുന്നതിലേക്കു തന്റെ വൈദ്യപാടവമൊക്കെ വിനിയോഗിക്കുന്നു. ഇപ്രകാരം സൌഖ്യംപ്രാപിച്ചമകൻ പിതാവിന്റെ നേരെ നിർവ്യാജമായ കൃതജ്ഞത കാണിക്കയും ചെയ്യുന്നു. അവനു സ്വപിതാവിനെ ആർദ്രമായി സ്നേഹിക്കുന്നതിനുള്ള ഔരവാവഹമായ ഒരു കടമയും ഇതുമൂലം നൂതനമായി ഉളവാകുന്നു.

എന്നാൽ സംഗതി വേറൊരുവിധം നമുക്കു ഗ്രഹിക്കാം. മകന്റെ വഴിയിൽ കിടക്കുന്ന ഉപദ്രവകരമായ കല്ലുകണ്ടു് പി

താവു് മുൻപിട്ടചെന്ന യാതൊരുത്തരും അറിയാതെ അതെട്ടത്തുമാറിക്കളഞ്ഞു എന്നുവിചാർക്കാം. പിതൃവാത്സല്യംനിറഞ്ഞ പ്രസ്തുത മുൻകരുതല്ന്ന വിഷയീഭവിച്ച ആ പുത്രൻ തന്റെ പിതാവിന്റെ അഭാവത്താൽ സംരക്ഷിക്കപ്പെട്ടതറിയായ്കനിമിത്തം അയാളുടെനേരെ പ്രത്യേക കൃതജ്ഞത പ്രദർശിപ്പിക്കുന്നില്ല. മറിവു സുഖമാക്കപ്പെട്ടമകനേപ്പോലെ പിതാവിനെ സ്നേഹിക്കുന്നുമില്ല. പക്ഷെ നടന്ന സംഗതി വിവരമായിയറിവാൻ അവന്നിടവന്നാൽ എത്രയോ അധികം ഇവൻ തന്റെ പിതാവിനെ സ്നേഹിക്കും? കൊള്ളാം. "നീതിമാന്മാരെയല്ലാ, പാപികളെ രക്ഷിക്കുന്നതിന്നായി തന്റെ ഏകജാതനെ യാതൃയാക്കിയ" ആ പിതാവിന്റെ സ്നേഹത്തിന്റെയും മുൻകരുതലിന്റെയും വിഷയം ഞാൻ തന്നെയാണ്. വളരെയെന്നമാത്രമല്ല സമസ്തവും എന്നോടു ക്ഷമിച്ചിരിക്കനിമിത്തം ഞാൻ യഥോചിതം സ്നേഹിക്കണമെന്ന അവിടന്നു ആഗ്രഹിക്കുന്നു.

മഗ്ദലെനായെപോലെ തന്നെ അത്യധികം സ്നേഹിക്കുന്നതുവരെയും പാത്തിരിക്കാതെ, അവിടന്നുതന്നെ മുമ്പിട്ടുവന്നു എത്രമാത്രം എന്നെ സ്നേഹിച്ചിരിക്കുന്നു എന്ന് മയോപുരസ്സരം എന്നെ അറിയിക്കയും അതിന്നു പ്രതിനന്ദിയായി ലോകദൃഷ്ടിക്കു മൌഢ്യമെന്നു തോന്നുന്നവകളിൽക്കൂടെയും തന്നെ സ്നേഹിപ്പാൻ ഞാൻ നിർബന്ധപൂർവ്വം ആകർഷിക്കപ്പെട്ടുകയും ചെയ്യുന്നു.

൪. കൊച്ചുത്രേസ്യാ ഒരുദിവസം തോട്ടത്തിൽ മറെറാരു സഹോദരിയോടുകൂടെ ചാത്തുന്ന സമയം ഒരു വെളുത്ത പിടക്കോഴി അതിന്റെ കുഞ്ഞുങ്ങളെ സ്വന്ത ചിറകിൻകീഴ് വിളിച്ചുകൂട്ടുന്ന മനോഹരകാഴ്ച സല്പനേരം നോക്കിനിന്നു. കുറെ കഴിഞ്ഞപ്പോൾ എനിക്കു ഇപ്പിടെയിരുന്നു നോക്കി നില്പാൻ വഹിയാനമുക്കു വേഗം അകത്തേക്കു പോകാം-എന്നു പറഞ്ഞു. മുറയിൽ എത്തിയപ്പോൾ അവൾ ഒഴുക്കിയ കണ്ണുനീർ ധാരയുടെ ശക്തി നിമിത്തം ഒന്നും സംസാരിപ്പാൻ പാടുണ്ടായിരുന്നില്ല. ഒടുവിൽ സഹ്യമായ ഒരു പ്രകാരത്തോടുകൂടെ അവൾ ആ സഹോദരിയെ നോക്കി ഇപ്രകാരം പറഞ്ഞു.

ഞാൻ നമ്മുടെ കർത്താവിനെയും നമ്മുടെ നേരെയുള്ള തന്റെ സ്നേഹതീഷ്ണതയെ മനുഷ്യരെ ഗ്രഹിപ്പിക്കുന്നതിന്നായി അവിടന്നു തിരഞ്ഞെടുത്ത വ്യാജേസ്സർശകമായ ഉപമയേയും പറ്റി ചിന്തിക്കയായിരുന്നു. എന്റെ ജീവിതം മുഴുവനിലും ഇപ്രകാരം തന്നെയാണ് അവിടന്നു എന്നോടു വർത്തിച്ചിട്ടുള്ളതു്. അവിടത്തെ ചിറകുകളിൻ കീഴ് എന്നെ മുഴുവനും ആശ്രയിക്കുന്നതിനു കഴിയുകയും കാത്തുപോരുന്നുണ്ടു്. എന്റെ വ്യാജേത്തിൽ ആസമയം നടന്നിരുന്നതെന്തെല്ലാമെന്നു വിവർപ്പാൻ ശക്തിയില്ല. ഹാ! നല്ല ദൈവം എന്റെ ദൃഷ്ടിയിൽനിന്നു തന്നെ മറച്ചുവർല്ലഭമായി മാത്രം എനിക്കു പ്രത്യക്ഷപ്പെടുന്നതു എത്രയോ വിവേകപൂർവ്വകമായ കൃത്യമാകുന്നു. ഉന്നതകാവ്യത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അഴിവാതിൽക്കൽ കൂടി മാത്രമേ എന്നെ ദർശിക്കുന്നുള്ളൂ. അല്ലാത്തപക്ഷം അവിടത്തെ അനുഗ്രഹഭാരത്തെ സഹിക്കുന്നതിനു എനിക്കു അശേഷം ശക്തിയുണ്ടാകയില്ല.

ഉ. ഹൊ, എന്റെ ദൈവമെ! നീ എത്രയോ നല്ലവനാകുന്നു.....നിന്റെ കരുണകളൊക്കെയും സഹിക്കുന്നതിനു ധാരാളമായ ശക്തി നൽകുന്നതുകൊണ്ടു നീ അവശ്യം നല്ലവൻ ആകുന്നു.

ന്നു. ഒരുദിവസം അവൾ ആത്മമിത്രത്തോടു പറഞ്ഞതായതു.....അമ്മെ, എന്റെ ആത്മസ്ഥിതി അങ്ങേ ബോധിപ്പിക്കുന്നതിനു എനിക്കു വളരെ ആഗ്രഹമുണ്ടു്. പക്ഷെ ഇപ്പോൾ എനിക്കു സാദ്ധ്യമല്ല. അതുകൊണ്ടു ഞാൻ ഇളകി വശായിരിക്കുന്നു.

സന്ധ്യാസമയം അവൾ ഒരു തുണ്ടു കടലാസ്സിൽ അവളുടെ വിറയ്ക്കുന്ന കൈകൊണ്ടു ഇപ്രകാരം എഴുതി അയച്ചു.

"ഓ, എന്റെ ദൈവമെ, അങ്ങേ അനുഗ്രഹം നിറഞ്ഞ സ്നേഹത്തിന്റെ ഈ ചെറിയ ബലിവസ്തുവിനോടു നീ എത്രയോ വലിയ മനോഹരണം പ്രദർശിപ്പിച്ചിരിക്കുന്നു! ഇപ്പോൾ ആത്മപീഡകളോടു കായക്ലേശങ്ങളെ കൂടെ എന്നിൽ നീ സംയോജിപ്പിച്ചിട്ടുണ്ടു്. എങ്കിലും "മരണവ്യഥ എന്നെ ചുറ്റിയിരിക്കുന്നു"യെന്നു പറയുവാൻ മാത്രം ആയിട്ടില്ല. ആകയാൽ മരണനിഴലിന്റെ താഴ്വരകളിൽ ഞാൻ ഇറങ്ങിചെന്നു പ

കർത്താവേ, യാതൊന്നും ഞാൻ ഭയപ്പെടുന്നില്ല. എന്തെന്നാൽ, കർ,
കർത്താവേ, നീ എന്റെകൂടെയുണ്ട്. എന്ന സംഗീതക്കാര
നോടുകൂടെ ഞാൻ കൃതജ്ഞതാസ്തോത്രത്താൽ നിലവിളിച്ചുകൊ
ള്ളട്ടെ.

൧൩. ഭക്തിതീഷ്ണത.

൧. "എനിക്കു ജീവിക്കുന്നു" മരണാസന്നനായ ഈശോ
യുടെ ഈ നിലവിളി എന്റെ കണ്ണുപൂടങ്ങളിൽ സദാ ധ്വനിച്ചു
കൊണ്ടിരിക്കുന്നു. ഇന്നാൾവരെ ഗ്രഹിച്ചിട്ടില്ലാത്ത എന്തോ
ഒരു ഭക്തിതീഷ്ണതയാൽ എന്റെ ഹൃയത്തെ അതു ഉജ്ജ
ീവിപ്പിക്കയും ചെയ്യുന്നു. എന്റെ പ്രിയനു കൂടിപ്പാൻ കൊടുക്ക
ുന്നതിനു ഞാൻ കാംക്ഷിക്കുന്നു: ആത്മാക്കളുടെ ജീവത്തിൽ ഞാ
നും ജീവിച്ചുപോകുന്നതായി എനിക്കു തോന്നി; എന്തെല്ലാം പൂ
ജിക്കേണ്ടിവന്നാലും നിത്യാഗ്നിയുടെ ജ്വാലകളിൽനിന്നു അവ
രെ വിമുക്തരാക്കുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു.

൨. ഞാൻ ഈശോയുടെ അമൂല്യരക്തം ആത്മാക്കളുടെ
മേൽ ചൊരിഞ്ഞു അവയെ ഉത്തരോത്തരം വിശുദ്ധിവരുത്തി
എന്റെ പ്രാണനാഥനു സമർപ്പിക്കുന്നതിനു കരുതുന്നു. അതു
എനിക്കു ജീവശമനം വരുത്തുന്ന ഏക പാനീയമാണ്. എന്നാ
ൽ എത്രമാത്രം ഞാൻ ഈശോയ്ക്കു കൂടിപ്പാൻ കൊടുക്കുമോ അ
ത്രയും എന്റെ ചെറിയ നിർധനയായ ആത്മാവു ജീവത്താൽ
എരിയുകയും ചെയ്യുന്നു. ഇതെത്രയും കാംക്ഷിതമായ പ്രതിസ
ന്മാനമായി ഞാൻ കരുതിക്കൊള്ളുന്നു.

൩. പ്രവാചകന്മാരെയും വേദശാസ്ത്രികളെയും പോ
ലെ മനുഷ്യരെ സത്യജ്ഞാനം പഠിപ്പിക്കുന്നതിനു എത്രയോ
അഗ്രഹം എനിക്കുണ്ട്. ഓ, എന്റെ ആത്മമണവാളാ! അ
ങ്ങേ തിരുനാമം പ്രസംഗിച്ച് അങ്ങേ ശോഭനമായ സ്ഭീവായെ
അജ്ഞാനനാട്ടുകളിൽ നാട്ടുന്നതിന്നായി ലോകമെങ്ങും പ്രയാ
ണം ചെയ്യുന്നതിനുള്ള ആശ്യാശ എന്നിൽ സർവ്വത്ര വ്യാപി
ച്ചിരിക്കുന്നു. എന്നാൽ ഒരു രാജ്യാത്തിക്കാരം എന്റെ അ
ഗ്രഹത്തെ സംപൂർത്തിപ്പെടുത്തുവാൻ സാധിക്കുന്നതല്ല. ഭൂലോക

മൊക്കയിലും എത്രയും വിദൂരദ്വീപങ്ങളിൽ ക്രൂടെയും ഒരേസമയത്തു സുവിശേഷം പ്രസംഗിപ്പാൻ ഭാഗ്യം സിദ്ധിച്ചെങ്കിൽ എത്രയോ നന്ന്! പ്രേഷിതമായി ജീവിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ അതു ചുരുങ്ങിയ വർഷത്തെക്കു മാത്രമല്ല പിന്നെയൊ ലോകാരംഭം മുതൽ കാലാവസാനത്തോളം നീളിച്ചിരിപ്പാനാണ് എനിക്കുള്ള ഏകയാഗ്രഹം.

൪. എത്രയും പരാക്രമകൃത്യങ്ങളെ ക്രൂടെയും ചെയ്യുന്നതിനു എനിക്കു അത്യാശയുണ്ട്. കുരിശുയുദ്ധത്തിലെ സൈന്യങ്ങൾക്കുണ്ടായിരുന്ന ധൈര്യം എനിക്കും തോന്നുന്നു. തിരുസ്സഭയുടെ ആദരവിനായി യുദ്ധംചെയ്തു പോർക്കളത്തിൽ മൃതയായി വീഴുന്നെങ്കിൽ അതു എന്റെ പരമമായ ആശയുടെ പൂർത്തീകരണമായിരുന്നേനെ.

൫. എന്റെ ഈശോയെ,നിന്റെ വിശുദ്ധന്മാരുടെ സൽക്രിയകളൊക്കയും രേഖപ്പെടുത്തിയിരിക്കുന്ന ആയുസ്സിന്റെ പുസ്തകം ഒന്നു തുറന്നു കാണിക്കുക. ഏവംവിധങ്ങളായ പ്രവൃത്തികൾ നിനക്കായി ചെയ്യുന്നതിനു സർവ്വാത്മനാ ശ്രമിക്കുന്നുണ്ട്.

൬. ആത്മാക്കൾ. ഹാ! ഈശോയെ, നമുക്കു ആത്മാക്കളെ നേടണം! എല്ലാത്തിലും പ്രധാനമായി പ്രേഷിതന്മാരും രക്തസാക്ഷികളും നമുക്കു ആവശ്യമാണ് അവരെക്കൊണ്ടു നിർഭാഗ്യപാപികളെ ക്രൂട്ടമായി നിന്റെനേക്കുള്ള സ്നേഹത്താൽ എരിയിക്കുന്നതിനു എളുപ്പമാണ്.

൭. ഒരുദിവസം ആശ്രമവാസം കഴിഞ്ഞു ശ്രേഷ്ഠസഹോദരി സന്ന്യാസസഭകളുടെനേരെ പടവിരോധികൾ തിരിച്ചിരിക്കുന്ന യുദ്ധത്തിന്റെ അത്യുഗ്രതയെപ്പറ്റി പ്രസ്താവിക്കയുണ്ടായി. അപ്പോൾ കൊ. ത്രേസ്യാ ഒരു നവസന്ന്യാസിനിയോടു "ഹാ, സഹോദരി, രക്തസാക്ഷികളുടെ കാലമാണ് നമുക്കു സിദ്ധിച്ചിരിക്കുന്നതു! രക്തപ്രവാഹമുണ്ടാകുന്നില്ലെങ്കിൽ അതു നമ്മുടെതായിരുന്നെങ്കിൽ എത്രയോ ഭാഗ്യം എന്നു പറഞ്ഞു.

൮. മറെറാരിക്കൽ അലക്കുപുരയിലേക്കു ഒരു നവസന്ന്യാസിനി സാവധാനം നടന്നുപോയിരുന്നു. അവൾ തോട്ടത്തിൽക്കൂടി പുഷ്പങ്ങളെനോക്കി മന്ദമായി നടക്കുന്നതുകണ്ടു കൊ.

ത്രേസ്യാ ധൃതഗതിയായി ചെന്ന "കുഞ്ഞുങ്ങളെ ആത്മാക്കളെ സംരക്ഷിക്കുന്നതിനു കൂടപ്പെട്ടിരിക്കുന്ന ഒരു മാതാവു് ഇത്ര ശീഘ്രതയോടുകൂടെ നടന്നാൽ മതിയോ" എന്നു ചോദിക്കയുണ്ടായി.

ൻ. രോഗബാധിതയായിരിക്കുമ്പോൾ അവർ ഇപ്രകാരം എഴുതിവെച്ചു.

"എന്റെ ആകാംക്ഷയെല്ലാം നല്ല ദൈവത്തിന്റെ തിരുമനസ്സു് ഒന്നുമാത്രമാണു്. സ്വർഗ്ഗത്തിൽ അവിടത്തെ മഹത്വം വർദ്ധമാനമാക്കുന്നതിനായി യത്നിക്കുവാൻ സാധിക്കയില്ലെങ്കിൽ പിതൃഭവനത്തെക്കാൾ ഈ പരദേശിവാസം ഞാൻ തിരഞ്ഞെടുക്കുന്നു."

൧൦. സ്വർഗ്ഗഭവനത്തിൽ ചെന്നെത്തുവാനുള്ള അത്യാശ എന്നിൽ അങ്കുരിപ്പിക്കുന്നതു്, ന. കന്യാമാതാവിന്റെ ക്ഷണവും, ഞാൻ ഇതുവരെ ആഗ്രഹിച്ചിരുന്ന ആവിധത്തിൽ തന്നെ സ്നേഹിക്കാമെന്നുള്ള പ്രത്യാശയും, നിത്യകാലം തന്നെ സ്തുതിക്കുവാൻവേണ്ടി ഒരുവന്നും ആത്മാക്കളിൽ ദിവ്യസ്നേഹം ഉജ്ജ്വലിപ്പിക്കാമെന്നുള്ള മോഹവും അല്ലാതെ മറ്റൊന്നുമല്ല.

൧൧. മോക്ഷത്തിലാവട്ടെ ഉദാസീനയായിരിക്കുന്നതിനു ഇട വരികയില്ലെന്നു് ഞാൻ പൂർണ്ണമായി ശരണപ്പെടുന്നു. അവിടെവച്ചു് ത്രസ്സ്യയ്ക്കും ആത്മാക്കൾക്കും വേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കണമെന്നാണു് എന്റെ അഭിലാഷം. ഇതിനായി ഞാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു. അവിടുന്നു അതു് സാധിച്ചുതരാതിരിക്കയുമില്ല. പോക്കളത്തിൽനിന്നു ഞാൻ വിരമിക്കുന്നതുകിൽ അതു് ആശ്വാസപ്രയത്നനിമിത്തമല്ല. ഇഹത്തിൽ പീഡകരും എന്റെ സ്വർഗ്ഗമായി പരിണമിച്ചിട്ടുള്ളതുകൊണ്ടു് തന്നിമിത്തം സന്തോഷസ്പർശനമില്ലാത്ത ഒരു സ്വർഗ്ഗലോകത്തിലെ പരമാനന്ദം ഒരുനിമിഷത്തേക്കു അനുയോജ്യമായിരിക്കുമോ എന്നു് സംശയിക്കുന്നു. ഈശോ എന്റെ ആത്മാവിനെ പൂർണ്ണമായി രൂപാന്തരപ്പെടുത്തുകയില്ലെങ്കിൽ നിത്യഭാഗ്യത്തിലെ അക്കോദയം എനിക്കു സഹിക്കുവാൻ പാടുകയില്ല.

ക്രൂ. ഏതോ ഒരു സംഗീതരാഗം ഇതാ എന്റെ ചെവിയിൽ എത്തുന്നു. അനുപമേയമായ ഗാനമാധുര്യം അനുഭവിക്കുന്നതിനു ഏറെ താമസിക്കേണ്ടിവരികയില്ലായെന്നു അതു് എന്നെ അനുസ്മരിപ്പിക്കയും ചെയ്യുന്നു. ഏതാദൃശക്ഷണികസന്തോഷം മാത്രമേ എന്നിൽ ഉളവാക്കുന്നുള്ളൂ. എന്റെ ഹൃദയം നിത്യസന്തോഷത്താൽ സ്ഫുരിക്കുന്നതിനിടയാക്കുന്ന ആശയം ഒന്നുമാത്രമാണു്. അതു് എനിക്കു സ്വർഗ്ഗത്തിൽ ലഭ്യമാകുന്ന സ്നേഹവും അതിവിടെ കാണിപ്പാൻ വശമാകുന്ന പ്രതിസ്നേഹവുമത്രേ. അപ്പോൾ എന്റെ ജീവിതോദ്ദേശം- അതായതു് നല്ല ദൈവത്തെ ഞാൻ സ്നേഹിക്കുന്നതുപോലെ അന്യരെക്കൊണ്ടും സ്നേഹിപ്പിക്കുകയും അതിനുള്ള എന്റെ കൊച്ചു വഴി അവർക്കു് സാഫല്യമായി അറിയിച്ചുകൊടുക്കയും ചെയ്യുന്ന ജോലി- ഞാരംഭിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. എന്റെ സ്വർഗ്ഗം ഭൂമിയിൽ നന്മകരം പ്രദാനംചെയ്യുന്നതിലടങ്ങിയിരിക്കും. സ്വർഗ്ഗീയന്മാർ ദൈവദർശനത്തെ പൂർണ്ണമായി അനുഭവിച്ചുകൊണ്ടു് നമ്മുടെമേൽ കാവൽകാക്കുന്നു എന്നോർക്കുമ്പോൾ ഈ തൊട്ടം അസാദ്ധ്യമെന്നു് പറഞ്ഞുകൂടാ. അതേ?, ലോകത്തിന്റെ അവസാനം വന്നല്ലാതെ ഞാൻ ഒരിക്കലും വിശ്രമം എടുപ്പാൻ കരുതുന്നില്ല. "സമയം ഇനിയില്ല" എന്നു് ദൈവദൂതൻ പ്രഖ്യാപനംചെയ്യുമ്പോൾ ഞാനും സമാധാനിക്കുകയും തിരിഞ്ഞെടുക്കപ്പെട്ടവരുടെ സംഖ്യ പൂർത്തിയായതറിഞ്ഞു് സംപൂർണ്ണചിത്തയായി സന്തോഷിക്കയും ചെയ്യും.

---

൫൪ നിഷ്ക്കാപട്യം

ക. പുണ്യപൂർണ്ണത ഒരു നൂറായിരം പ്രതിബന്ധങ്ങൾക്കു അധീനപ്പെട്ടിരിക്കുന്നു എന്നു് വിസ്മരിക്കുന്ന ചില കൃതികളെവായിക്കുമ്പോൾ എന്റെ പാവപ്പെട്ട കൊച്ചുതല വേഗത്തിൽ വേദനപ്പെടുന്നു. തലച്ചോറു് ചൂടുപിടിപ്പിച്ചു ഹൃദയം ശ്വാസംമുട്ടുന്ന ഏതാദൃഗ്ഗ്രന്ഥങ്ങളെ ഞാൻ ഉടനെ മടക്കി എന്റെവേദപുസ്തകം തുറന്നുനോക്കുന്നു. അവിടെ എനിക്കെല്ലാം പ്രസന്ന

ന്നവും ശോഭനവുമായി കാണപ്പെടുന്നു. ഒരു വാക്ക് നിസ്സീമമായ സന്തോഷം ജനിപ്പിക്കുന്നു. പുണ്യപൂർണ്ണത സുലഭമായിത്തീരുകയും ചെയ്യുന്നു. ഇതിനു നമ്മുടെ ഇല്ലാഴ്മയെ ബോധിച്ചു നമ്മെ മുഴുവനും ശിശുക്കളേപ്പോലെ ദൈവത്തുകരങ്ങളിൽ ഏൽപ്പിച്ചാൽ മതിയാകുമെന്നു തോന്നുന്നു. എനിക്കു മനസ്സിലാക്കുവാൻ പ്രയാസവും പ്രവൃത്തിയിൽ അനുസരിപ്പാൻ ദുസ്സാധവുമായ ഉന്നത തത്വങ്ങളെ കൃപാഗുബുദ്ധികൾ ഗ്രഹിച്ചുകൊള്ളട്ടെ. ഞാനൊ എന്നാൽ ചെറുതായിരിക്കുന്നതിൽ സന്തോഷിക്കുന്നു. എന്തെന്നാൽ "കുഞ്ഞുങ്ങളും തത്തുല്യരും മാത്രമേ സ്വർഗ്ഗീയ വിരുന്നിനു ക്ഷണിക്കപ്പെട്ടവരുള്ളൂ" എന്നു സ്പഷ്ടമാണല്ലോ.

സ്വർഗ്ഗത്തിൽ അനേകം മാളികകൾ ഉള്ളതു എത്രയോ നന്നായിരിക്കുന്നു. എനിക്കു ഗ്രഹിപ്പാനും പ്രവേശിപ്പാനും അസാദ്ധ്യമായവിധം വർണ്ണിച്ചിരിക്കുന്നവകൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളുയെങ്കിൽ ഞാൻ ഒരിക്കലും അവിടെ ചെന്നെത്തുകയില്ലായിരുന്നു.

൨. സ്വർഗ്ഗത്തിലെ എന്റെ മദ്ധ്യസ്ഥന്മാരും പ്രേമമിത്രങ്ങളും വിശുദ്ധ ശിശുക്കളും നല്ല കള്ളനും അവരെയനുകരിച്ചു മോക്ഷം അപഹരിച്ചെടുത്തവരുമാണ്. മഹാ പുണ്യവാന്മാരൊക്കെയും സ്വന്ത പ്രവൃത്തികളുടെ യോഗ്യതമൂലം സ്വർഗ്ഗം പ്രാപിച്ചു. തസ്കരന്മാരെപ്പോലെ ഞാൻ ഒരു തന്ത്രം ഉപയോഗിച്ചു അതു കൈവശപ്പെടുത്തും. സ്നേഹത്തിന്റെ ഈ തന്ത്രം അത്തിന്റെ വാതിലുകൾ എത്രയുംവേഗം ഉർദ്ധഗപാപികൾക്കുമായി തുറന്നുതരും. വിശുദ്ധാശ്രമി ഇതിൽ എന്നെ ധൈര്യപ്പെടുത്തുന്നതുമുണ്ട്. ഉപമകളുടെ പുസ്തകത്തിൽ "കുഞ്ഞേ, വരിക, തന്ത്രം എന്നിൽനിന്നു പഠിച്ചുകൊള്ളുക" എന്നു പറയുന്നു.

൩. സബദീപുത്രന്മാരുടെ മാതാവിനോടു "എന്റെ വലത്തുഭാഗത്തും ഇടത്തുഭാഗത്തും ഇരിപ്പാനുള്ളതു് അതിനായി എന്റെ പിതാവു നിശ്ചയിച്ചിരിക്കുന്നവർക്കുള്ളതാണ്. മഹാവിശുദ്ധന്മാർക്കും വേദസാക്ഷികൾക്കും നിഷേധിക്കപ്പെട്ട പ്രസ്തുത ഉന്നതസ്ഥാനങ്ങൾ കൊച്ചുകുട്ടികളുടെ അവകാശമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

(പുണ്യവാന്മാരുടെ) സമൂഹങ്ങളിൽ കൊച്ചു ബെഞ്ചമിൻ അഗ്രാസനം വഹിക്കും" എന്ന ദാവീദ് സങ്കീർത്തനത്തിൽ പ്രവചിച്ചിരിക്കുന്നതു ഇതിനെ ഉദ്ദേശിച്ചല്ലയോ എന്നു ഞാൻ സംശയിക്കുന്നു

൪. സന്ന്യാസജീവിതം നവമായി ആരംഭിക്കുന്നതിന്നു അനുമതി ലഭിച്ചാൽ നീ എന്തു ചെയ്യുമെന്നു കൊ. ത്രെസ്യായോടു ഒരു സാദരി ചോദിച്ചു.

"ഞാൻ ഇതേവരെ ചെയ്തുപോലെതന്നെ ചെയ്തുകൊണ്ടുപോകണം എന്നു വിചാരിക്കുന്നു." "അനേകവർഷം താപസജീവിതം കഴിച്ചിരുന്നാലും ഒരു കാൽ മണിക്കൂർ വേണ്ട ഒന്നു ശ്വസിക്കുന്നതിനുള്ള നേരം എനിക്കു ഇനിയുമുണ്ടെങ്കിൽ ഞാൻ നിത്യശിക്ഷയെ ഭയപ്പെടണം, എന്നു പറഞ്ഞ വനവാസിയുടെ ഭയം നിനക്കില്ലയോ?"

ഇല്ലില്ല, ആ യേത്തിൽ എനിക്കു പങ്കില്ല, ഞാൻ വളരെ ചെറുതാണ്. കുഞ്ഞുങ്ങൾ നിത്യശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ലല്ലോ."

"നീ എല്ലായ്പ്പോഴും ചെറുതായിരിപ്പാൻ ആഗ്രഹിക്കുന്നു. ഇതു സാധിക്കുന്നതിന്നു ഞങ്ങൾ എന്തു ചെയ്യണമെന്നു പറക."

അതിന്നു ഇത്രമാത്രം ചെയ്താൽ മതി— നമ്മുടെ ശ്രേഷ്ഠതയെ സമ്മതിക്കണം. വല്ലഭനായ ദൈവത്തിൽനിന്നു സമസ്തവും ശരണപ്പെടുകയും സ്വന്ത വീഴ്ചകളെപ്പറ്റി അതിയായ മനോവ്യഥക്കു ഇടകൊടുക്കാതിരിക്കയും വേണം. കുഞ്ഞുകുട്ടികൾ പലപ്പോഴും വീഴുന്നുണ്ട്, പക്ഷെ കേടുപറ്റുന്നതു നന്നാ ഉർല്ലഭം. കൂടശിയായി സ്വകായസമ്പാദനത്തൊ യാതൊന്നിനെപ്പറ്റി സമാധാനം നശിപ്പിക്കുവാനോ ഇടവരുത്തരുതു. നിർധനരുടെ വീടുകളിൽക്കൂടെയും കുഞ്ഞുങ്ങൾക്കു ആവശ്യപ്പെടുന്നവയൊക്കെയും നൽകപ്പെടുന്നുണ്ടു. എന്നാൽ പ്രായപൂർത്തി വരുമ്പോൾ പിതാവു അവനെ സംരക്ഷിക്കുന്നതിന്നു പകരം ഇനി

നീ വേലചെയ്യ നിന്റെ കായ്യം നോക്കിക്കൊള്ളുക. എന്ന പ
റയുന്നു. കൊള്ളാം, ഇതു കേൾക്കാതിരിപ്പാൻവേണ്ടിയാണു
ഞാൻ ഒരിക്കലും വളരുവാൻ ആഗ്രഹിക്കാതിരുന്നതു. എന്തു
കൊണ്ടെന്നാൽ എന്റെ ഉപജീവനം അതായതു നിത്യഭക്ഷ
ണപദാർത്ഥങ്ങൾ അപ്രാപ്യമാണെന്നു എനിക്കറിയാം:

ക്രൂരതയും ചെറുതായിരിക്കണമെങ്കിൽ നാം ചെയ്യുന്ന
സുകൃതങ്ങളെ സ്വന്തമായി കരുതാതിരിപ്പാൻ അവശ്യമാണു്.
നല്ല ദൈവം സ്വന്ത കുഞ്ഞുങ്ങളുടെ ഉപയോഗത്തിന്നായി അ
വരുടെ കയ്യിൽ ഈ നിക്ഷേപം പ്രദാനംചെയ്യുന്നു എന്നു് വി
ചാർക്കണം.

൭. നിനക്കു് ആകർഷണം തോന്നാതിരുന്നാലും ഈ
ശോയോടു് നീ അങ്ങേ സ്നേഹിക്കുന്നെന്നുപറയുവാൻ ഭയപ്പെ
ടേണ്ടാ. ഇതാണു് തന്നെ നിർബന്ധിക്കുന്നതിനുള്ള മാർഗ്ഗം.
സ്വശക്തിയാൽ നടക്കാൻ അപ്രാപ്തയായ ഒരു ശിശുവായിരു
ന്നാലെന്നപോലെ നിന്നെ അവിടന്നു കയ്യിൽ എടുത്തുകൊണ്ടു
പൊയിക്കൊള്ളും.

൮. കാണുന്നവരെക്കെ കേമ്പായി തോന്നുന്നതും യാ
തൊന്നിലും സന്തോഷമയം കണ്ടെത്താതിരിക്കുന്നതും ഒരു വ
ലിയ നിർഭാഗ്യമാണു്. ചക്കെ അതു മുഴുവനും നിന്റെ കുറ
മല്ലായിരിക്കും. നിന്റെ വ്യക്തിയത്തെ ഐഹിക ചിന്തകളിൽ
നിന്നും പ്രത്യേകം സൃഷ്ടിലോകത്തിൽനിന്നും വേർതിരിക്കുന്നതി
ന്നായി കഴിയുന്നതും ശ്രമിച്ചുകൊള്ളുക. ഇതാണു് നിനക്കുചെയ്യു
വാനുള്ളതു്. ശേഷമുള്ളതു ഈശോ നിവൃത്തിക്കുമെന്നു നിനക്കു
ന്യായമായി ശരണപ്പെടാം. നീ കഴിയിൽ വീഴുന്നതിനു സമ്മതി
ക്കുവാൻ അവിടുന്നു ഇച്ഛിക്കുകയില്ല. അതുകയാൽ കുഞ്ഞേ,
സമാശ്വസിക്ക. കരുപ്പായി കാണുന്നതിനു വിപരീതം സത്യ
ത്തിൽ നീയെല്ലാം വെളുത്തതായി ദർശിക്കും. അതെ അ
വിടെയെല്ലാം, താഴ്വരകളിലെ ലില്ലികുസുമമായ നമ്മുടെ മണ
വാളന്റെ ശോഭയോടു് ധവളമായിരിക്കും. നമുക്കൊന്നിച്ചു എ
ല്ലായ്പോഴുംതന്നെ അന്യയാനം ചെയ്യുന്നതിനു ഭാഗ്യം സി
ദ്ധിക്കും.....ഹാ! ഈ ജീവിതത്തിന്റെ ചുരുങ്ങിയസമയം ഈ
ശോയെ പ്രസാദിപ്പിക്കുന്നതിനു നാം ശ്രമിക്കയും ആത്മപൂജ

കം വഴിയായി അവിടത്തെയ്ക്ക് ആത്മാക്കളെ സമ്പാദിച്ചു കൊടുക്കയും ചെയ്യണം. എന്നാൽ എല്ലാറ്റിലും പ്രധാനമായി നാം ചെറുതായിരിക്കണം, വളരെ ചെറുതായിരിക്കണം. ലോകം മുഴുവനും നമ്മെ കാലിന്റെ ചുവട്ടിൽ ചവുട്ടി മെതിച്ചാലും നാം ഉപദ്രവമേൽക്കയോ, അതു സ്പർശിക്കപോലും ചെയ്തതായി കാണിക്കയോ ചെയ്യരുത്.

൬. നാം കാണുന്ന ഓരോ പ്രവൃത്തികളെയും തെറ്റായി വിചാരിക്കയും സ്വന്ത മനോഗതം അനുസരിച്ചു എല്ലാവരും വരിക്കണമെന്നു ശഠിക്കയും ചെയ്യുന്നതു തെറ്റാണ്. നമുക്കു കൊച്ചുകുട്ടികളെ കണ്ടുപിടിപ്പാനല്ലയോ ന്യായം. അവർ ഉത്തമമേതെന്നു വിവേചിക്കുന്നില്ല. അവക്ക് എല്ലാം നല്ലതായി കാണപ്പെടുന്നു. അവരെ നമുക്കും അനുകരിക്കാം. അന്യഥാ നമുക്കു യുക്തമെന്നു തോന്നുന്നവയെ മാത്രം നാം അനുവർത്തിക്കുമ്പോൾ കീഴ്വഴക്കയോഗ്യതയും നഷ്ടീഭവിക്കുന്നു.

൭. ശ്രമസാദ്ധ്യമായ ഒരു പരീക്ഷയിൽ ഉൾപ്പെട്ടപ്പോൾ ഒരു നവസന്ന്യാസിനി "ഈ പ്രാവശ്യം അതു കീഴടക്കേവാൻ എനിക്കു അസാദ്ധ്യംതന്നെ" എന്നു പറഞ്ഞു. കൊ. ത്രേസ്യാ ഉത്തരമായി, "നി ഏതിനു അതിനെ കീഴടക്കുന്നു. അതിന്റെ കീഴെ നിർബാധം നീ കടന്നു പൊയ്ക്കൊൾക. കൊടുങ്കാറ്റടിക്കുമ്പോൾ മഹാത്മാക്കൾ അതിന്റെ മുകളിൽ ഉയർന്നു പറക്കുന്നു. നമുക്കൊ ക്ഷമയോടുകൂടി മിണ്ടാനയുകയെ ന്യായമുള്ളു. നനഞ്ഞതുകൊണ്ടു മുഷിച്ചിൽ വിചാരിക്കേണ്ടാ. സ്നേഹത്തിന്റെ സൂര്യരശ്മികൾ തൽക്ഷണം നമ്മിൽനിന്നു ശീതമൊക്കയും മാറ്റിക്കളയും.

ഇതുയും പറഞ്ഞപ്പോൾ എന്റെ ബാല്യത്തിലെ ഒരു സംഭവം ഓർമ്മയിൽവന്നു. ഒരിക്കൽ ഉദ്യാനവാതുക്കൽ നിന്നിരുന്ന ഒരു കുതിര ഞങ്ങൾക്കു അകത്തു പ്രവേശിക്കുന്നതിനു തടസ്സമായി തീർന്നു. എന്റെ സഖികളെല്ലാവരും അട്ടഹസിച്ചും മറ്റും അതിനെ മാറുവാൻ ശ്രമിക്കയിൽ ഞാൻ അതിന്റെ കാലുകൾക്കു കീഴ്ക്കൂടെ അകത്തേക്കു കടന്നു.....നോക്കുക ഇതാണ് ചെറുതായിരുന്നാലുള്ള ഗുണം.

ൻ. സ്വന്ത സുഖത്തിനും നിമിത്തം ക്ലേശിച്ചിരുന്ന ഒരു സഹോദരിയോടു കഷ്ടിച്ചു എഴുന്നേറ്റു നില്പാൻ മാത്രം വശമുള്ള ഒരു ശിശുവിന്റെ ബാലാരിഷ്ടതയാണ് നീയെന്നെ ഓർമ്മിപ്പിക്കുന്നതു്. മേൽത്തട്ടിൽ ഇരിക്കുന്ന അവന്റെ അമ്മയുടെ പക്കൽ ചെല്ലുന്നതിനായി അവൻ കാൽ പൊക്കി ഗോവണിയുടെ ഒന്നാം പടിയിന്മേൽ വെക്കുന്നു. എന്തു ഫലം! മറിഞ്ഞു വീഴുന്നു. വീണ്ടും എഴുന്നേറ്റു ഒന്നുകൂടെ ശ്രമിച്ചുനോക്കുന്നു. പക്ഷേ എത്രപ്രാവശ്യം യത്നിച്ചാലും ന്ഉംപരിക്കയാണ് അനുഭവം. ഇതുതന്നെ നിയും അനുകരിക്കുക. വിവിധ സുകൃതങ്ങളുടെ അഭ്യസനം വഴിയായി പുണ്യപൂർണ്ണതയുടെ പടികൾ കയറുന്നതിനു ന്ൻറെ കാലുകൾ സദാ ഉയർത്തിക്കൊണ്ടു നിൽക്കുക. പക്ഷേ ഒന്നാമത്തേതുപോലും കയറുന്നതിനു നിന്നാൽ സാധിക്കുമെന്നു വിചാരിക്കയും വേണ്ടാ. ഒരിക്കലും വിചാർക്കെണ്ടാ. സന്മനസ്സു ഒന്നു മാത്രമാണ് ദൈവം നമ്മിൽ നിന്നു ആവശ്യപ്പെടുന്നതു്. ഗോവണിയുടെ അഗ്രത്തിൽനിന്നു അദ്ദേഹം നിന്നെ വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഒടുവിൽ കായ്ക്ഷമമില്ലാത്തതെങ്കിലും സുസ്ഥിരമായ നിൻറെ പരിശ്രമത്താൽ വശീകരിക്കപ്പെട്ട അവിടുന്നു തന്നെ ഇറങ്ങിവന്നു സ്വന്തകരങ്ങളിൽ നിന്നെ സ്വർഗ്ഗത്തിലേക്കു വഹിച്ചുകൊണ്ടു പോകയും ചെയ്യും. എന്നാൽ നിൻറെ ചെറുകാലുകൾ സദാ ഉയർത്തുന്നതിനു ഉദാസീനത കാണിച്ചാൽ നിശ്ചയമായും വളരെ കാലം അവിടുന്നു നിന്നെ ഈ ഭൂമിയിൽ ഇട്ടുകളയും.

൧൦. സ്നേഹത്തിൻറെ പാഥയിൽ അതി ശീഘ്രം നടക്കുന്നതിനുള്ള ഏകവഴി എല്ലായ്പോഴും ഏറ്റവും ചെറുതായി ജീവിക്കുന്നതിലത്രെ അടങ്ങിയിരിക്കുന്നതു്. ഇതാണ് ഞാൻ അനുഭവിച്ചുപോന്നതു്. തന്നിമിത്തം ഇപ്പോൾ ന. പിതാവായ വി. കൂർശിൻറെ യോഹന്നാനോടുകൂടെ എനിക്കിപ്രകാരം പാടുവാൻ സാധിക്കും.

താഴ്ന്ന താഴ്ന്ന ഗമിച്ചീടും-
ളേറമേറമുയർന്ന ഞാൻ
ഉദ്ദേശമീവിധം ചെമ്മേ
സിദ്ധമായിബ്ഭവിച്ചുമെ.

ഫ്ര. വിശുദ്ധന്മാരുടെ തപോനിഷ്ഠയെപ്പറ്റി പ്രസ്താവിച്ച സന്ദർഭത്തിൽ അവർ ഇപ്രകാരം ഉത്തരംപറഞ്ഞു.

"തന്റെ പിതാവിന്റെ ഭവനത്തിൽ അനേകം മാളികകൾ ഉണ്ടെന്ന് ന. കർത്താവു് അറിയിച്ചിരിക്കുന്നതു് എത്രയോ യുക്തമായിരിക്കുന്നു. പുണ്യപൂർണ്ണതപ്രാപിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നവരെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന്നു ഈവിധം ഭേദമുണ്ടാകുവാൻ നിർബന്ധിതരായിരുന്നെങ്കിൽ അവിടുന്നു അതു് നമ്മോടു് അറിയിക്കുമായിരുന്നു. സന്തോഷം നാം അനുഭവിക്കയും ചെയ്യുമായിരുന്നു. പക്ഷേ അവിടുന്നു സ്വപിതാവിന്റെ ഭവനത്തിൽ അനേകം മാളികകൾ ഉണ്ടെന്നതേ അറിയിച്ചിരിക്കുന്നതു്. വനത്തിലെ പിതാക്കന്മാർ, താപസശ്രേഷ്ഠന്മാർ ആദിയായവർക്കുള്ള മനോഹരമന്ദിരങ്ങൾപോലെ കൊച്ചുകുടികൾപോലും ഒന്നുണ്ടാകാതിരിക്കയില്ല. അവിടത്തെയും തന്റെ സ്വർഗ്ഗപിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും നേർക്കുള്ള നമ്മുടെസ്നേഹം വലുതാകുന്നെങ്കിൽ നമ്മുടെ മനോഹരവസതികളും അവിടെ നാം കണ്ടെത്താതിരിക്കയില്ല.

ഫ്ര. "എന്റെ ജോലി തുടങ്ങേണ്ടകാലം നീട്ടിച്ചിരിക്കുന്നു." എന്നു് അവർ മർക്കുന്നത്ര കേട്ടിട്ടുണ്ടു്. പറകയുണ്ടായി. "എന്റെവേലയൊ അതു ഞാൻ സ്നേഹിക്കുന്നതുപോലെ ഇതരന്മാരെക്കൊണ്ടു നല്ല ദൈവത്തെ സ്നേഹിപ്പിക്കുന്നതും, എന്റെ കൊച്ചുവഴി ആത്മാക്കളെ പഠിപ്പിക്കുന്നതുമത്രേ."

നീ പഠിപ്പിക്കുവാൻ പോകുന്ന ഈ കൊച്ചുവഴി ഏതാണു്?

അതു് ആദ്ധ്യാത്മിക ശൈശവത്തിന്റെ പാഠമല്ലാതെ മറ്റൊന്നുമല്ലായെന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലൊ. അതു് മനഃശരണത്തിന്റെയും പരിപൂർണ്ണമായ സ്വാതിസമർപ്പണത്തിന്റെയും വഴിയാകുന്നു. എനിക്കു് അത്യന്തം ഉപയോഗപ്രദമായിരുന്ന നിസ്സാരപോംവഴികളെ അവർക്കു് പൂണ്ടിക്കാണിച്ചുകൊടുപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നമുക്കു് ഇവിടെ ഒരു കായ്മാത്രമേ ചെയ്യേണ്ടതായ്ട്ടുള്ളൂ. ഈശോയുടെ മധുരമേറിയ ഹൃം

ബഹുമാനം ലഭിക്കുന്നതിനായി അവിടത്തെ സന്നിധിയിൽ അല്പാല്പപൂജകളുടെ പുഷ്പങ്ങൾ വിതറി തന്നെ നാം ആകർഷിക്കണം. ഈവിധത്തിലാണ് ഞാൻ ഈശോയെ വശീകരിച്ചിട്ടുള്ളത്.

ഫ്ര. എന്റെ സ്നേഹത്തിന്റെ കൊച്ചുവഴിയിലൂടെ നിങ്ങളെ ഞാൻ അബ്രഹത്തിലേക്കാണ് നയിക്കുന്നതെങ്കിൽ അതിൽ നിങ്ങൾ ദീർഘകാലം കിടപ്പാൻ ഇടവരുത്തുമെന്ന് ഭയപ്പെടേണ്ട, എന്ന് കൊ. ത്രേസ്യാ ഒരു നവസന്ന്യാസിനിയോട് പറഞ്ഞു ഞാൻ താമസിയാതെ നിനക്ക് പ്രത്യക്ഷയായി മറ്റൊരു വഴി തിരഞ്ഞെടുക്കുന്നതിന്ന് അറിയിക്കാം. എന്നാൽ ഞാൻ മടങ്ങിവരികയില്ലെങ്കിൽ എന്റെ വാക്ക് സത്യമെന്ന വിശ്വസിച്ചുകൊള്ളുക. സർവ്വശക്തനും അനന്തകാരുണ്യവാനുമായ ഒരു നല്ലപിതാവിൽ നാം വെക്കുന്ന മനഃശരണം ഒരിക്കലും കവിഞ്ഞുപോയി എന്ന വരികയില്ല. എത്രമാത്രം നാം തന്നിൽ ശരണപ്പെടുമോ അത്രമാത്രം അത് നമുക്ക് ലഭിക്കയുംചെയ്യും

ഫ്ര. നാളെ ന. അമ്മയായ കന്യകമാതാവിന്റെ തിരുനാൾ ദിവസം ദിവ്യകാരുണ്യം സ്വീകരിച്ചു കഴിയുമ്പോൾ നീ മരിക്കയാണെങ്കിൽ ഇത്ര ഭാഗ്യമേറിയ ഒരു കാഴ്ച നിന്റെ മരണം മുഖാന്തിരം എനിക്കുണ്ടാകാവുന്ന ദുഃഖത്തിന്ന ശമനം വരുത്തുന്നതായി എനിക്കുണ്ടാകയില്ലെന്ന ഒരു നവസന്ന്യാസിനി കൊ. ത്രേസ്യായോട് പറഞ്ഞു.

അപ്പോൾ വളരെ ഹൃദയവികാരത്തോടുകൂടെ കൊ. ത്രേസ്യാ ഇപ്രകാരം മറുപടി പറഞ്ഞു. പരി. കർബാന ഉൾക്കൊണ്ടശേഷം ഉടനെമരിക്കയോ! അതും ഒരു മഹാമംഗളതിരുനാളിൽ!! ഇല്ലില്ല. അങ്ങിനെ സംഭവിക്കയില്ല. കുഞ്ഞുങ്ങൾക്ക് അതു അനുകരിപ്പാൻ സാധിക്കയില്ലല്ലോ. എന്റെ ചെറിയ വഴിയിൽ സാധാരണ സംഗതികളല്ലാതെ മറ്റൊന്നുമില്ല. ഞാൻ ചെയ്യുന്നവയൊക്കയും കുഞ്ഞുങ്ങൾക്കും അനുകരണീയമായിരിക്കണം.

൧൫. പ്രാർത്ഥന

൧. ഞാൻ വളർന്നുവന്നതനുസരിച്ചു എന്റെ നല്ല ദൈവത്തെ അധികമധികം സ്നേഹിച്ചുവന്നു. എന്റെ അമ്മ എന്നെ പഠിപ്പിച്ച ജപം ചൊല്ലി പലപ്പോഴും ഞാനെന്റെ ഹൃദയം അവിടത്തേക്കു സമർപ്പിച്ചിരുന്നു. സകല ക്രിയകളിലും ഈശോയെ പ്രസാദിപ്പിക്കണമെന്നായിരുന്നു എന്റെ ശ്രമം. തനിക്കു അനിഷ്ടം വരുത്താതിരിപ്പാൻ ഞാൻ സർവ്വോപരി ശ്രമിച്ചിരുന്നു.

൨. എന്റെ ശക്തിയെല്ലാം പ്രാർത്ഥനയിലും ആത്മപൂജയിലുമത്രെ സ്ഥിതി ചെയ്യുന്നതു്. ഇവ എന്റെ അപരിചിതയായുധങ്ങളാകുന്നു. ഹൃദയങ്ങളെ ഇളക്കി വശാക്കുന്നതിനുള്ള വാക്കുകളെക്കാൾ അവ എത്രമാത്രം ശക്തിയുള്ളവയാണെന്നു എനിക്കു അനുഭവസിദ്ധമാണു്.

൩. പ്രാർത്ഥനയുടെ ശക്തി വലുതുതന്നെ. രാജസന്നിധിയിൽ നിർബാധം പ്രവേശിച്ചു ആഗ്രഹിക്കുന്നതൊക്കയും സാധിച്ചുകൊണ്ടുപോരുന്നതിനുള്ള ശക്തി അതിനുണ്ടു്. കാര്യം സാധിക്കുന്നതിനു പുസ്തകങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള ദീർഘ പ്രാർത്ഥനകൾ ജപിക്കണമെന്നു നിർബന്ധമില്ല. അപ്രകാരമായിരുന്നെങ്കിൽ എന്റെ സ്ഥിതികളെല്ലാം പരിതാപകരമായി പരിണമിക്കുമായിരുന്നു.

൪. വിശിഷ്ട പ്രാർത്ഥനകളെ തിരഞ്ഞെടുക്കുന്നതിനായി ജപപുസ്തകങ്ങൾ തുറക്കുന്നതുകൂടെയും എനിക്കു സാഹസമായി തോന്നുന്നു. എന്തു തിരഞ്ഞെടുക്കണമെന്നു എനിക്കു അറിഞ്ഞുകൂടാ. അകയാൽ വായിപ്പാൻ വശമില്ലാത്ത കുഞ്ഞുങ്ങളെപോലെ ഞാൻ പ്രവർത്തിക്കുന്നു. എനിക്കു പറയുവാനുള്ളതു നിഷ്കളങ്കമായി എന്റെ ഒടുവേത്തോടു ഞാൻ പറയുന്നു. അവിടുന്നു കേട്ടുകഴിയുമ്പോഴും അതു മനസ്സിലാക്കുകയും ചെയ്യുന്നു.

൫. പ്രാർത്ഥന ഹൃദയത്തിൽ നിന്നു സ്വയമേ പുറപ്പെടുന്ന ഒരു പ്രകരണമെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അതു ആകാശത്തിന്റെ നേരെ പായുന്ന ഒരു അസ്ത്രമാണു്. സന്തോഷസന്താപങ്ങളിൽ ഒന്നുപോലെ നമ്മിൽനിന്നു പുറപ്പെടുന്ന

തജ്ഞതയുടേയും സ്നേഹത്തിന്റെയും കരച്ചിലത്രെ പ്രാർത്ഥന. ഒരു വാക്കായി പറഞ്ഞാൽ അതു നമ്മുടെ ഹൃദയത്തെ ലയിപ്പിച്ചു ദൈവത്തോടു സംയോജിപ്പിക്കുന്ന ഉന്നതവും സ്വഭാവത്തെ അതിശയിക്കുന്നതുമായ ഒരു വസ്തുവാകുന്നു. ചിലപ്പോൾ ജപധ്യാനങ്ങളിൽ ഹൃദയം വരണ്ടു മുന്നോട്ടു പോകുന്നതിനു നിവൃത്തിയില്ലാതെ വിഷമിക്കുമ്പോൾ ഞാൻ ഛ "ആകാശങ്ങളിൽ ഇരിക്കുന്ന" തോ ഛ "നന്മനിറഞ്ഞ മറിയ" മോ സാവധാനത്തിൽ ചൊല്ലുവാൻ ശ്രമിക്കുന്നു. അവ എനിയ്ക്കു ആശ്വാസം നൽകുന്നതിനു മതിയാവുന്നവകളാണ്. അവ എന്റെ ആത്മാവിനെ പോഷിപ്പിക്കയും ചെയ്യുന്നു.

൩. പൂർണ്ണണ്ഡുവിശ്വാസപ്രമാണങ്ങളിൽ പ്രഥമവും ഏവർക്കും സുപരിചിതമായി പ്രാപിക്കാവുന്നതും "പാപങ്ങളുടെ കുന്നുകളെ മറച്ചുകളയുന്ന ഉപവിയുടെ അഭ്യാസമാകുന്നു. ഇതിനു പ്രത്യേക നിബന്ധനകളും നിർവ്വഹണങ്ങളുമായിട്ടില്ല.

൪. ആരംഭത്തിൽ എന്റെ കുടുംബാംഗങ്ങളിൽ ആരെങ്കിലും ക്ലേശബാധിതരായി എന്നെ സന്ദർശിപ്പാൻ വന്നിട്ടു അവരെ സമാശ്വസിപ്പിച്ചു അയപ്പാൻ സാധിക്കാതിരുന്ന അവസരങ്ങളിൽ ഞാൻ വളരെ വ്യഥയനുഭവിച്ചിരുന്നു. എന്നാൽ ഒരാത്മാവിനു സമാധാനം നൽകുന്നതു എന്റെ ശക്തിയിൽ പെട്ടതല്ലെന്നു എന്നെ മനസ്സിലാക്കുവാൻ ഇതൊ അധികം താമസം വേണ്ടിയിരുന്നില്ല. അന്നുമുതൽ ആരെങ്കിലും ദുഃഖിതരായി മടങ്ങുവാൻ ഇടവന്നിരുന്നപ്പോൾ എനിക്കു അശേഷം മനോവ്യഥയുണ്ടാകുമായിരുന്നില്ല. എന്റെ സ്നേഹിതന്മാരുടെ ദുഃഖാനുഭവങ്ങളെ നല്ല ദൈവത്തിനു ഞാൻ സമർപ്പിച്ചിരുന്നു. അവിടുന്നു എന്റെ പ്രാർത്ഥന കേൾക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. പിന്നീടു അവരെ കാണുന്നതിനു സംഗതിയായിരുന്നപ്പോൾ അപ്രകാരം സംഭവിച്ചതായി ബോധ്യപ്പെടുകയും ചെയ്തിരുന്നു. കാര്യം ഇങ്ങിനെ അനുഭവമായിരുന്നതുകൊണ്ടു എന്റെ സഹോദരങ്ങളെ മനഃപൂർവ്വമില്ലാതെ വേദനപ്പെടുത്തുന്നതിന്നിടയായാൽ അതുനിമിത്തം ഞാൻ അസ്വാസ്ഥ്യവും കാണിച്ചിട്ടില്ല. എന്റെ തെറ്റിനു പരിഹാരം

ചെയ്യുകൊള്ളണമെന്നുമാത്രം ഈശോയോട് ഞാൻ യാചിച്ചിരുന്നു.

വ. ഉന്നതകാവ്യത്തിൽ "എന്നെ ആകർഷിക്കുക. നിന്റെ സുഗന്ധതൈലങ്ങളുടെ ഘ്രാണത്താൽ നിന്റെ പുറകെ ഞങ്ങളും ഓടിവരാം." എന്നു പറഞ്ഞിരിക്കുന്ന വാക്കുകളുടെ അർത്ഥം ഒരുദിവസം ചിന്തകാരണ്യം സ്വീകരിച്ചു കഴിഞ്ഞപ്പോൾ എന്നെ മനസ്സിലാക്കുന്നതിനു നല്ലദൈവം തിരുമനസ്സായി. ഹാ, ഈശോയെ! എന്നെ ആകർഷിക്കുകയിൽ എന്റെ സ്നേഹമിത്രങ്ങളെയും അങ്ങേപക്കൽ ആകർഷിക്കുക, എന്നു പറഞ്ഞിട്ടാവശ്യമില്ല. "എന്നെ ആകർഷിക്കുക" എന്ന ഇരു വാക്കുകളും ധാരാളം മതിയാകുന്നതാണ്. അങ്ങേ സുഗന്ധ ഘ്രാണത്താൽ മത്തചിത്തയാകുന്നതിനു അനുവദിക്കുന്നു ഒരാത്മാവു തനിച്ചല്ല നിന്റെ പക്കലേക്കു ഓടുന്നതു. അവളുടെ സ്നേഹിതന്മാരൊക്കെയും അവളുടെപിന്നാലെ ഓടുന്നുണ്ടു. ഇതു അങ്ങേ നേക്കുള്ള അവളുടെ ആകർഷണത്തിന്റെ സ്വാഭാവിക ഫലമാകുന്നു.

സ്. എന്നെ ആകർഷിക്കുക, എന്നു പറയുന്നതു എന്റെ ഹൃദയത്തിന്റെ സ്നേഹവിഷയത്തോടുകൂടി ഐക്യം ഭവിക്കുന്നതിനു വാഞ്ഛിക്കുന്നതുതന്നെയാണ്. ഇരുമ്പിനും അഗ്നിക്കും സൗഹാർദമുണ്ടായിരിക്കയും, ഇരുമ്പു അഗ്നിയോട് എന്നെ ആകർഷിക്കുക എന്നു പറകയും ചെയ്യുന്നതായാൽ, അതിനു അഗ്നിയോട് സംയോജിച്ചു അതിന്റെ സ്വഭാവംതന്നെ സ്വീകരിക്കുന്നതിനു ആശയുണ്ടെന്നു തെളിവാകയില്ലയോ? കൊള്ളാം ഇതുതന്നെയാണു എന്റെ ഏകപ്രാർത്ഥന. ഈശോയോട് അവിടത്തെ സ്നേഹത്തിന്റെ ചൂളയിലേക്കു എന്നെ ആകർഷിക്കണമെന്നും അവിടന്നു തന്നെ എന്നിൽ ജീവിക്കയും വർത്തിക്കയും ചെയ്യുവാൻ തക്കവണ്ണം അത്ര ഗാഢമായി തന്നോട് എന്നെ സംഘടിപ്പിക്കണമെന്നും ഞാൻ യാചിക്കുന്നു. സ്നേഹത്തിന്റെ അഗ്നി എത്രയധികം എന്റെ ഹൃദയത്തെ ഉജ്ജ്വലിപ്പിക്കുമോ അത്രയധികം "എന്നെ ആകർഷിക്കുക" എന്നു ഞാൻ നിലവിളിക്കയും ചെയ്യും. എന്നോട് സംബന്ധിക്കപ്പെട്ടിരിക്കുന്നവരും

അതുവഴിയായി ഈശോയോടു സംയോജിച്ചു ജീവിതം നയിക്കുന്നതിന്നിടയാക്കുന്നു.

൨൦. ഏവംവിധമായ സ്നേഹാഗ്നിയാൽ പ്രകാശിപ്പിക്കുന്നവരാരും ഉദാസീനമായി ജീവിതം നയിക്കുന്നതിന്നു സംഗതിയാകയില്ല. അവർ മഗ്ദലെനാ മറിയത്തെപ്പോലെ ഈശോയുടെ മാധുര്യമേറുന്ന ദിവ്യജ്ഞാനം അവിടത്തെ കാൽക്കൽ ശ്രവിച്ചുകൊണ്ടിരുന്നെന്നു വന്നേക്കാം. ബാഹ്യദൃഷ്ടിക്കു സമാധിയിൽ എത്തിയെന്നല്ലാതെ ഇവർ യാതൊന്നും ചെയ്യുന്നില്ല എന്നു തോന്നുവാൻ പാടുണ്ട്. എന്നാൽ വാസ്തവത്തിൽ അനേക സംഗതികളിൽ ബദ്ധശ്രദ്ധയായിരുന്ന മാർത്തായെക്കാൾ അധികമാണ് അവർ നിവർത്തിക്കുന്നതു്. മാർത്തായുടെ യത്നങ്ങളെയല്ല ഈശോ ആക്ഷേപിക്കുന്നതെന്നുകൂടി നാം ഇവിടെ സ്മരിക്കണം. അവളുടെ ചിന്താകുലതയാണ് അവിടത്തെ ശാസനയ്ക്കു വിഷയീഭവിച്ചതു്. ഇവളുടേതുപോലെയുള്ള വേലതന്നെയാണല്ലോ അവിടത്തെ പരി. മാതാവു് തിരുകുടുംബത്തിന്നു ആഹാരം ഒരുക്കുകയിൽ ചെയ്തുവന്നിരുന്നതു്.

സുകൃതികളും എല്ലാവരും വിശിഷ്യ സുവിശേഷപ്രസംഗം വഴിയായി ലോകത്തെ പ്രശോഭിപ്പിച്ച ആ നിസ്തുല്യരായ മഹാന്മാരും ഈ തത്വം മുൻനിറുത്തി ജീവിതം നയിച്ചുപോന്നവരാണ്. പ്രാർത്ഥനയിൽ നിന്നല്ലയോ വി. പൌലോസു്, വി. അഗുസ്തീനോസു്, വി. തോമാ അകീനൊ, വി. കരിശ്മെറയോഹന്നാൻ, വി. അമ്മ ത്രേസ്യാ മുതലായ ദൈവകുതുകികളായ അഗാധബുദ്ധികളെ ക്രമേണയും ആനന്ദപ്രമത്തരാക്കുന്ന ഉൽകൃഷ്ട ശാസ്ത്രങ്ങളും ഗ്രഹിക്കുവാൻ ഇടയായതു്?

"ഒരു കൈക്കോലും ഉരുളും തന്നാൽ ഞാൻ ലോകത്തെ കൊയ്ക്കാം." ഏന്ന അക്കിമീഡസ് (Archimedes) പറഞ്ഞ വാക്കുകളും സുപ്രസിദ്ധങ്ങളാണല്ലൊ. അവന്നു ഉസ്സാധമായി പരിണമിച്ചതു വിശുദ്ധന്മാർ പൂർണ്ണമായി നിർവഹിച്ചു. അവരുടെ ഉദ്ദേശം അധമവും പ്രതീക്ഷ ദൈവത്തിൽ ആശ്രയിക്കാത്തതുമായിരുന്നു. വിശുദ്ധന്മാർക്കു ഉരുളിന്റെ സ്ഥാനത്തു സുകൃതജനനത്തെ ലഭിച്ചു. പ്രാർത്ഥനയെ കൈക്കോലായും അ

വർ പ്രയോഗിച്ചു. ഇപ്രകാരം അവർ ലോകത്തെ യഥാസ്ഥാനത്തുനിന്നു സ്ഥാനംവരെ പൊക്കിയിരിക്കുന്നു. ഇതു അവസാന സമയംവരെ നടന്നുകൊണ്ടിരിക്കയും ചെയ്യും.

ഫ്ര. ഒരുപക്ഷേ സകലേശൻ, സ്വന്തകുതന്ത്രത്താൽ വീണ്ടെടുത്ത ആത്മാക്കളിൽ വളരെ പേരെ നിത്യരാജ്യം പ്രവേശിപ്പിക്കുന്നതിന്നായി ബലഹീനനായ ഒരു കുട്ടിയുടെ പ്രാർത്ഥനയേ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരിക്കാം.

നാമോ, പിതാവിന്റെ വയലിൽ ചെന്നു കൊയ്യുവാനല്ല വിളിക്കപ്പെട്ടിട്ടുള്ളതു്. നിന്റെ തല താഴ്ത്തി വിളവെടുക്കുക എന്നു ഈശോ നമ്മോടു ആജ്ഞാപിക്കുന്നില്ല. നമ്മുടെ പ്രേഷിത ജോലി ഇതിലും എത്രയോ അധികം ഔന്നത്യമേറിയതാകുന്നു! ദിവ്യഗുരുവിന്റെ വാക്കുകളെ കണ്ണുകളുയർത്തി നോക്കുക.....സ്വർഗ്ഗത്തിൽ വളരെ ആസനങ്ങൾ ഒഴിവായിരിക്കുന്നെന്നും അവയെ, ആസനസ്ഥരെക്കൊണ്ടു നിറയ്ക്കേണ്ടതു നിന്റെ കർത്തവ്യധർമ്മമാണെന്നും വിചാരിച്ചുകൊൾക. മലമുകളിൽനിന്നു പ്രാർത്ഥിക്കുന്നതു മോശയ്ക്കു നിങ്ങൾ തുല്യരാകുന്നു. വേലക്കാരെ എന്നോടു യാചിപ്പിൻ, ഞാൻ അവരെ യാത്രയാക്കാം. ഒരു അപേക്ഷ, നിങ്ങളുടെ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന ഒരു ദീർഘശ്വാസം, ഞാൻ പാത്തു നില്ക്കുന്നു."

ജപത്തിന്റെ പ്രേഷിതജോലി പ്രസംഗത്തിന്റെതിനെക്കാൾ ഉന്നതമായതെന്നുപറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. സുവിശേഷപ്രസംഗംവഴിയായി അനേകായിരം ആത്മാക്കളെ പരിത്രാണനം ചെയ്യുവാൻതക്ക ദൈവപ്രേഷിതരെ രൂപപ്പെടുത്തുകയത്രെ നമ്മുടെ ജോലി. ഇതുനിമിത്തം കർത്താവിന്റെ പട്ടക്കാരുടെനേർക്കു അസൂയ തോന്നുന്നതിന്നു നമുക്കു ന്യായമില്ല.

ഫ്ര. നമ്മുടെ ദൈവവിളി എത്രയോ ശോഭനമായതാകുന്നു. നമ്മുടെമേൽ അതെ, കുമ്മെലയുടെമേലാണു "ഭൂമിയുടെ ഉപ്പു" കെട്ടുപോകാതെ സൂക്ഷിക്കുവാനുള്ള ഭാരം ചുമത്തപ്പെട്ടിരിക്കുന്നതു്. നമ്മുടെ പ്രാർത്ഥനകളും സ്വാർത്ഥപൂജകളും കർത്താവിന്റെ പ്രേഷിതർക്കായി നാം സമർപ്പിക്കുന്നുണ്ടല്ലോ. അവർ

പ്രസംഗവും ദൃഷ്ടാന്തവും വഴിയായി നമ്മുടെ സഹോദരങ്ങളോട് സുവിശേഷം പ്രസംഗിക്കുമ്പോൾ നാം ആ ദിവ്യബോധകരുടെ നേർക്കു തന്നെയാണു പ്രാർത്ഥനയുടെ പ്രേഷിതജോലി നിർവ്വഹിക്കേണ്ടതു.

ക്രമം. പ്രാർത്ഥനനേരത്തുള്ള അന്യചിന്തകളുടെ ആധിക്യത്തെപ്പറ്റി വിലപിച്ചിരുന്ന ഒരു നവസന്ന്യാസിനിയോടു കൊ. തെരേസ്യാ എനിക്കു അവ വളരെയുണ്ടു; പക്ഷെ നല്ല ദൈവത്തിന്റെ നേർക്കുള്ള സ്നേഹത്തെപ്രതി സമസ്തവും ഞാൻ ദൈവത്തിനുള്ളതു തന്നെ' അവ എത്രതന്നെ വികൃതങ്ങളായാലും ഞാൻ അക്ഷമകാണിക്കുന്നില്ല. എന്നു പ്രത്യുത്തരം പറഞ്ഞു.

ക്രമം. ജ്ഞാനസ്നാനക്കയായിരുന്നപ്പോൾക്രടെയും അവൾ നിർവിഘ്നം പ്രാർത്ഥിച്ചിരുന്നു. ഒരു നവസന്ന്യാസിനി ഒരിക്കൽ കൊ. തെരേസ്യായുടെ മുറിയിൽ കയറിയസമയം അവളുടെ മുഖത്തിൽ ശോഭിച്ചിരുന്ന സ്വർഗ്ഗീയപ്രതാപം കണ്ടു് വിസ്മയിച്ചുനിന്നുപോയി. അവൾ ശിരസ്ത്രത്തിൽ തയ്യിച്ചുകൊണ്ടിരുന്നെങ്കിലും അഗാധധ്യാനത്തിൽനിമഗ്നയായിട്ടത്രെ കാണപ്പെട്ടതു.

ഭവതി എന്തിനെപ്പറ്റിയാണു് ചിന്തിക്കുന്നതു് എന്നു് അവൾ ചോദിച്ചു. ഞാൻ "ആകാശങ്ങളിലിരിക്കുന്ന" ജപത്തെപ്പറ്റി ധ്യാനിക്കയാണെന്നു് മറുപടിപറഞ്ഞു. നല്ലദൈവത്തെ "ഞങ്ങളുടെ പിതാവെ എന്നു് സംബോധനംചെയ്യുന്നതു് എത്ര മാധുര്യമേറിയതാണു്" ഇത്രയും പറഞ്ഞപ്പോൾ അവളുടെ കണ്ണുകൾ അശ്രുപൂർണ്ണമായി.

ക്രമം. എനിക്കു് ഇപ്പോഴുള്ളതിനേക്കാൾ കൂടുതലായിസ്വർഗ്ഗത്തിൽ എന്താണു് ലഭിപ്പാൻ പാടുള്ളതെന്നു് നല്ലവണ്ണം മനസ്സിലാകുന്നില്ല, എന്നു് അവൾ ഒരിക്കൽ പറകയുണ്ടായി. ദൈവത്തെ അഭിമുഖമായി ദർശിക്കാമെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ നിന്നോടു് ഐക്യം ഭവിക്കയെന്നസംഗതിയിൽ ഞാൻ എന്റെ പരമസ്നേഹിതനോടുകൂടെ സംയുക്തയായിട്ടത്രെ ഇംഗ്ലണ്ടിൽ ജീവിച്ചുപോരുന്നതു്.

ക്രമം. ദൈവസ്നേഹത്തിന്റെ ഒരു ജീവജ്വാല അവളെ ഭക്ഷിപ്പിച്ചിരുന്നു.

"ദൈവത്തിന്റെ അനുഗ്രഹസമ്പൂർണ്ണമായ സ്നേഹത്തിനു എന്നെ ബലിയായി സമർപ്പിച്ചശേഷം കുറെദിവസങ്ങൾ കഴിഞ്ഞു. ഞാൻ "സ്വീവാപാഥ" കഴിച്ചു നിൽക്കുമ്പോൾ ഒരു അഗ്നിയാസ്ത്രം എന്നെ കുത്തിമുറിപ്പെടുത്തിയതുപോലെ എനിക്കു തോന്നി. അതിന്റെ ശക്തിനിമിത്തം ഞാൻ തൽക്ഷണം മരിച്ചുപോകുമെന്നുവിചാരിച്ചു. ഈ പാരവശ്യം എങ്ങിനെ വിവരിക്കേണ്ടു എന്നു് എനിക്കറിഞ്ഞുകൂടാ. അതിനെ മനസ്സിലാക്കത്തക്ക ഉപമയൊന്നും ഞാൻ കാണുന്നുമില്ല. അദൃശ്യമായ ഒരു ശക്തി എന്നെമുഴുവനും അഗ്നിയിൽ മുക്കിതാഴ്ത്തുന്നതുപോലെ എനിക്കുതോന്നി എന്നെപറയുവാൻ സാധിക്കയുള്ളൂ. എന്നാൽ എന്തൊരുതരം അഗ്നി! എന്തുമാധുര്യം!!" ആശ്രമശ്രേഷ്ഠ ഇതാണെന്നു അവർക്കു അനുഭവമായിട്ടുള്ള ഒന്നാമത്തെ സ്നേഹപാരവശ്യം എന്നുചോദിച്ചു. അതിനു കൊ. തേസ്യാനിഷ്ക്കളങ്കമായി ഇപ്രകാരം ഉത്തരിച്ചു.

"അമ്മെ, സ്നേഹപാരവശ്യങ്ങൾ എനിക്കു് പലപ്പോഴുണ്ടായിട്ടുണ്ടു്. പ്രത്യേകിച്ചു് നവസന്ന്യാസകാലത്തു് ഒരിക്കൽ ഞാൻ ഒരാഴ്ചമുഴുവനും ഇഹലോകത്തിൽനിന്നു് വളരെ വിദൂരമായി ജീവിതംകഴിച്ചു ആ നാളുകളിൽ ഭൂമിയിലുള്ള സമസ്തവസ്തുക്കളുടെമേലും ഒരു മൂടൽശീല വിരിച്ചിരുന്നതുപോലെ കാണപ്പെട്ടിരുന്നു. ഞാനോ എന്നാൽ ആ സമയം അവാച്യമാധുര്യം അനുഭവിച്ചിരുന്നു. പക്ഷെ അതു് എന്നെ മരിപ്പിക്കത്തക്കശക്തിയുള്ളതായി എനിക്കു തോന്നിയിരുന്നില്ല. എന്നാൽ മുൻപ്രസ്താവിച്ചദിവസത്തിൽ ഒരേ ഒരുനിമിഷംകൂടി ആ സ്നേഹപാരവശ്യം നീർഘിച്ചിരുന്നുവെങ്കിൽ എന്റെ ആത്മാവു് അതിന്റെ കാരാഗൃഹവാസം പരിത്യജിക്കുമായിരുന്നു.....അയ്യൊ ഇപ്പോൾ ഞാൻ ഭൂമിയിൽതന്നെ കിടക്കുന്നു! ജ്ഞാനമാന്ദ്യം എന്റെ ഹൃദയത്തെ അധീനമാക്കിയുമിരിക്കുന്നു.

---

൧൩. സഹനം.

൧. ചിള്ളത്തൊട്ടിൽ മുതൽ കരിന്തുകം എന്നെ വിടാതെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ അവയെ ഹാർദ്ദമായി സ്നേഹിക്കുന്നതിനു ഈശോ എന്നെ പരിശീലിപ്പിച്ചിട്ടുണ്ടു്.

൨. ഒരിടവസം എന്റെ സഹോദരി മറിയം, പീഡസഹിക്കുന്നതിനെപ്പറ്റി പറകയിൽ നല്ല ദൈവം എന്നെ ആ വഴിയിൽക്കൂടി നടത്തുകയില്ലെന്നും അതിനുപകരം ഒരു കൊച്ചുകുട്ടിയെപ്പോലെ എന്നെ എല്ലായിപ്പോഴും അവിടുന്നു സ്വന്ത കൈകളിൽ സാദരം വഹിച്ചുകൊള്ളുമെന്നും പ്രസ്താവിച്ചു. പിറെന്നാൾ ദിവ്യപ്രസാദം സ്വീകരിച്ചശേഷം ഞാൻ പ്രസ്തുത വാക്കുകളെ ഓർമ്മിച്ചു. തൽക്ഷണം എന്റെ ഹൃദയം പാടുകയും സഹിക്കുന്നതിനുള്ള അത്യാശയാൽ ഉജ്ജ്വലിതമായിത്തീരുകയും ചെയ്തു. പീഡകൾ എനിക്കു കുറവായിപ്പോകയില്ലെന്നുള്ള ഒരു അനുസ്മൃതിബോധം അപ്പോൾ എനിക്കുണ്ടായി. ആ സമയം എന്റെ ഹൃദയത്തിൽ കവിഞ്ഞൊഴുകിയ ആനന്ദസാഗരം ഞാൻ എന്റെ ജീവിതകാലത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തതായിരുന്നു എന്നു പറയാം. സ്വർഗ്ഗം എന്റെ പ്രേമവിഷയമായിത്തീരുകയും അതിൽ ഞാൻ അപാരമായ സന്തോഷം അനുഭവിക്കയും ചെയ്തു.

എനിക്കുണ്ടായിരുന്ന മറെറാരു അഭീഷ്ടം ദൈവത്തെമാത്രം സ്നേഹിക്കുന്നതിനും തനിക്കു പുറമെ യാതൊന്നിലും സന്തോഷം കണ്ടെത്താതിരിക്കുന്നതിനുമായിരുന്നു. വി. കുർബാനയുടെ സ്വീകരണാനന്തരം സ്തോത്രംചെയ്യുമ്പോൾ ഞാൻ പലപ്പോഴും ക്രിസ്താനുകരണത്തിൽനിന്നു "ഓ, ഈശോയെ, അവർണ്ണനീയമാധുര്യവാനായ സ്നേഹിതാ, ലോകത്തിന്റെ സന്തോഷങ്ങളൊക്കെയും എനിക്കു കൈപ്പാക്കിത്തീർക്കണമേ," എന്നു പ്രാർത്ഥിച്ചിരുന്നു. ഈ വാക്കുകൾ സുലഭമായി എന്റെ അധരങ്ങളിൽനിന്നു ബഹിർഗ്ഗമിച്ചിരുന്നു. കൊച്ചുകുട്ടികൾ അത്ഥം പൂർണ്ണമായി ഗ്രഹിക്കാതെ അവർ കേൾക്കുന്നവയെല്ലാം ആവർത്തി

ച്ചു ചൊല്ലുന്നതുപോലെ ഞാൻ ഇതു ഉരുവിടുകയും ചെയ്തുവന്നു.

൩. ഞാൻ കമ്മലയിൽ ആദ്യമായി പ്രവേശിച്ചപ്പോൾ കുരിശു അതിന്റെ കൈകൾ നീട്ടി എന്നെ ക്ഷണിക്കുകയും ഞാൻ സ്നേഹാതിരേകത്താൽ അതിനെ ആശ്ലേഷിക്കയും ചെയ്തു. സന്യാസവാഗ്ദത്താനുഷ്ഠാനത്തിന്നു സ്വീകരിക്കപ്പെടുന്നതിന്നു മുമ്പായി എന്റെ കാനോനിക പരിശോധന നടത്തിയപ്പോൾ ഞാൻ ആത്മാവുകളെ രക്ഷിക്കുന്നതിന്നും പ്രത്യേകിച്ചു പട്ടക്കാർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്നും വേണ്ടിയത്രെ. ഇവിടെ വന്നിരിക്കുന്നതു എന്നു പ്രസ്താവിച്ചു. എന്നാൽ യാതൊരു ഉദ്ദേശം സാധിക്കുന്നതിനുള്ള പുണ്യപ്രമായ ഉപകരണങ്ങളും നാം പ്രയോഗിക്കേണ്ടിയിരിക്കുന്നല്ലൊ. ആത്മാക്കളെ സമ്പാദിക്കുന്നതിന്നുള്ള ഉത്തമമാർഗ്ഗം കുരിശുകളാകുന്നു എന്നു ഈശോ എന്നെ ഗ്രഹിപ്പിക്കുകനിമിത്തം പീഡകളും സഹിക്കുന്നതിന്നു സരണമായ അവയ്ക്കുള്ള പ്രത്യാശയും എന്നിൽ അധികരിച്ചിരുന്നു. അഞ്ചുവർഷക്കാലത്തേക്കു ഇതു ഇടമുറിയാതെ എന്റെ അനുഭവമായിരുന്നു. എന്നുവരികിലും ഞാൻ മാത്രമെ അതു അറിഞ്ഞിട്ടുള്ളു. ഇതുതന്നെയാണു ഈശോയ്ക്കു സമർപ്പിക്കുന്നതിന്നു ഞാനാഗ്രഹിച്ചിരുന്ന വിശിഷ്ടമായ അജ്ഞാനകുസുമങ്ങൾ അതിന്റെ സൌരഭ്യം സ്വർഗ്ഗത്തിൽ മാത്രമെ ചെന്നു അനുഭ്രതമാകയുള്ളു.

൪. സന്തോഷം സഹിക്കുന്നതുകുരിശുവഴിയായിനിത്യകാലം നാംഅനുഭവിക്കുന്നതിനേക്കാൾ അധികംശ്രേഷ്ഠമായതെന്നു സ്നേഹിക്കുന്നതിനു ഇടയാകുന്നു

൫. ഈശോയോടുള്ള സംബന്ധത്തിൽ എനിക്കു ഇപ്പോൾ മാന്ദ്യവും നിർജ്ജീവതയും മാത്രം ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്റെ പ്രാണമിത്രം ഉറങ്ങുവാൻ ആഗ്രഹിക്കുകയാൽ തന്നെ ഉണർത്തുന്നതിനു എനിക്കു മനസ്സില്ല. അന്യരോടെന്നപോലെ എന്നോടു വർത്തിക്കാതെ പൂർണ്ണസ്വാതന്ത്ര്യമായി അവിടുത്തെ ഹിതംപോലെ എന്നെ നടത്തുന്നു എന്നുകാണുന്നതു് എനിക്കു അത്യധികം സന്തോഷജനകമാണു. അവിടുത്തെ കളിപ്പന്തു ഇപ്രകാരം വീണ്ടും വീണ്ടും കുത്തി കീറുന്നതു കുറെ വേദനയുള്ളതാകുന്നു. എന്നാൽമാധുര്യമേറിയ ഈ സ്നേഹിതനാണു ഇപ്രകാരം വേദനപ്പെടുത്തുന്നതെന്നു അറിയുമ്പോൾ സന്തോഷമെ

ല്ലാം സന്തോഷമായി പകരുന്നു. അവിടത്തെ സ്പർശനം അത്ര ഇമ്പമേറിയതാണ്. സൃഷ്ടികർത്താവിനെ മുറിപ്പെടുത്തുമ്പോഴുള്ള കഥ എത്ര വ്യത്യാസം. എന്നാൽ ഞാൻ സൗകര്യങ്ങളിൽ ഭാഗ്യം കണ്ടെത്തുന്നു. ഈശോ സ്വന്ത കരങ്ങളാൽ കൊണ്ടു് അവിടത്തെ കളിപ്പാട്ടങ്ങൾ കത്തിമുറിക്കാത്ത സമയങ്ങളിൽ ഇതരന്മാർ അതിനെ മുറിപ്പെടുത്തുന്നതിനു ഇടയാക്കുന്നെങ്കിൽ അവരുടെ കരങ്ങളേയും അവിടുന്നു തന്നെയാണല്ലോ നിയന്ത്രിക്കുന്നതു എന്നു സമാധാനപ്പെടണം.

൩. പാരവശ്യങ്ങളും എല്ലാത്തിനേയുംകാൾ സ്വാർത്ഥപൂജയേ ഞാൻ അധികം വിലമതിക്കുന്നു. അതിലാണു എന്റെ ഭാഗ്യം സ്ഥിതി ചെയ്യുന്നതു. മറെറാന്നിലും ഞാൻ അതു കണ്ടെത്തുന്നില്ല. ഈ വെറിയ ഞാങ്ങണയുടഞ്ഞുപോകുമോ എന്നുള്ള ഭയത്തിനു അവകാശമില്ല. ഒന്നുകൊണ്ടെന്നാൽ സ്നേഹത്തിന്റെ ജലാശയത്തിന്നരികിലാണു അതു നടപ്പെട്ടിട്ടുള്ളതു. തന്നിമിത്തം അതു ആടി വളയുന്നതിനിടയായാൽ അതിന്റെതല പ്രസ്തുത ജലാശയത്തിൽ മുങ്ങി നവീനശക്തി പ്രാപിക്കയും വീണ്ടും അതുപോലെ ഒരു കാറുണ്ടായി ഒന്നുകൂടി ആ ജീവജലത്തിൽ മുങ്ങുന്നതിനാഗ്രഹിക്കയും ചെയ്യുന്നു. എന്റെ ശക്തി മുഴുവനും എന്റെ ക്ഷീണത്തിലത്രേ അടങ്ങിയിരിക്കുന്നതു. എന്തും സംഭവിക്കട്ടെ, എന്നെ ഒടിപ്പാൻ സാധിക്കുന്നതല്ല. ഈശോയുടെ അനുഗ്രഹംനിറഞ്ഞ കരങ്ങളേയത്രേ ഞാൻ സർവ്വത്ര ആശ്രയിക്കുന്നതു. വിജയശ്രീ പ്രാപിക്കുന്നതിനു യാതൊരു കുരിശും അധികമായിപ്പോയി എന്നു വരികയില്ല.

൪. കൈപ്പുകലരാത്ത സന്തോഷം ഒന്നും നമുക്കുണ്ടാകരുതു്. ലൌകികപാശങ്ങളിൽ നിന്നു നമ്മുടെ ഹൃദയം വിമുക്തി പ്രാപിക്കുവാൻ ഇതിനൊത്ത പ്രത്യൌഷധമില്ല. അവ എളുപ്പത്തിൽ ജഡലോകത്തിൽ നിന്നു നമ്മെ ഉയർത്തി ആദ്ധ്യാത്മിക ഭാഗ്യം അനുഭവിക്കുന്നതിനു ഇടവരുത്തുന്നു. ഭൌതികമായതൊന്നും നമ്മെ സംതൃപ്തരാക്കയില്ല. ദൈവേതരമനസ്സു നിറവേറുന്നതിനുള്ള സന്നദ്ധതയല്ലാതെ നമുക്കു വേറെ ആശ്വാസമില്ല.

൮. എന്റെ ആത്മാവു നാനാവിധങ്ങളായ സങ്കടങ്ങൾ അനുഭവിച്ചിട്ടുണ്ട്; ഭൂമിയിൽ എന്റെ പീഡകരും നിസ്സാരങ്ങളുമല്ലായിരുന്നു. ശൈശവത്തിൽ അവയുടെ കാഴ്ചതന്നെ എനിക്കു ക്ലേശമുളവാക്കിയിരുന്നു. ഇപ്പോഴാവട്ടെ സമാധാനത്തോടും സന്തോഷത്തോടുംകൂടിയതെ ഞാൻ ഭയാരിഷ്ടതകളെ സഹിക്കുന്നതു്.

൯. കണ്ണുനീരുകളുടെ ഈ നിവാസകാലത്തു സ്നേഹത്തിന്റെ കുരിശുകൾ മാത്രമാണു് എനിക്കു ആനന്ദപ്രദമായി തോന്നുന്നതു്.

൧൦. പീഡകളെ മാത്രം നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുമെങ്കിൽ അല്പസന്തോഷം ക്രിയും നമ്മെ ആശ്ചര്യപ്പെടുത്താതിരിക്കയില്ല. ഒരു വിവേകിയായ നിക്ഷേപംപോലെ നാം കുരിശിനെ മതിക്കുമെങ്കിൽ അതിനേക്കാൾ നമുക്കു സന്തോഷജനകമായി മറെറാന്നുമുണ്ടാകയില്ല.

൧൧. തങ്ങൾക്കു സംഭവിക്കുന്ന ഏതൊരു സംഗതിയിലും അപാരമായ ദുഃഖം കണ്ടെത്തുന്ന ആളുകളുണ്ടു്. എനിക്കു വട്ടെ നേരെ വിപരീതമാണു് സംഭവം. ഞാൻ സമസ്തകാര്യങ്ങളിലും അവയുടെ ഗുണാംശം മാത്രമേ ദർശിക്കുന്നുള്ളൂ. ഇടവിടാതെ കഷ്ടാനുഭവം മാത്രം സഹിക്കേണ്ടിവന്നാൽ അതും എനിക്കു അമൂതാക്കി തീർക്കുവാനറിയാം.

൧൨. സന്തോഷം ബാഹ്യവസ്തുക്കളിലല്ല സ്ഥിതിചെയ്യുന്നതു; പിന്നെയോ നമ്മുടെ ആത്മാവിലത്രെ നിവസിക്കുന്നതു്. ഇരുട്ടു നിറഞ്ഞ കാരാഗൃഹത്തിലും രാജമന്ദിരത്തിലെന്നപോലെ അതനുഭവിക്കുന്നതിനു പാടുണ്ടു്. ഈ ന്യായത്താൽ കുമ്മെലയിൽ ആഭ്യന്തരവും ബാഹ്യവുമായ കുരിശുകൾ എന്നെ ബാധിച്ചിരുന്നിട്ടും, എനിക്കു എല്ലാം സമൃദ്ധിയായിട്ടുണ്ടായിരുന്ന ലോകജീവിതത്തെക്കാൾ ഉപരിയായ ഭാഗ്യാനന്ദം ഞാൻ ഇവിടെ അനുഭവിച്ചുപോരുന്നു.

൧൩. നാം കഷ്ടാരിഷ്ടതകളിലും ഘോരസമരത്തിലും ഉൾപ്പെട്ടു വലയുന്ന ഈ സമയത്തുകൂടെയും ദൈവം നമ്മെ വഞ്ചനനിറഞ്ഞ ലോകത്തിൽനിന്നു സന്ന്യാസത്തിലേക്കു ആകർഷി

ച്ചുകൊണ്ടുപോന്നതിനെ ഓർമ്മിക്കുമ്പോൾ ഇത്രയധികംമാധുര്യം തോന്നുന്നുണ്ടെങ്കിൽ, സപ്തർഷിലോക നിത്യഭാഗ്യവും അനന്ത സമാധാനവും അനുഭവിക്കുന്നതിന്നിടവരുമ്പോൾ, അവിടുന്നു നമ്മെ തിരഞ്ഞെടുത്ത സ്നേഹത്തിൽ അതെ മോക്ഷത്തിന്റെ പടിപ്പുരമാളികയിൽ, നിവസിപ്പിക്കുന്നതിനു തിരുമനസ്സായതിൽ കാണിച്ച സ്നേഹാതിരേകം നല്ലവണ്ണം മനസ്സിലാകുവാൻ ഇടയാകുന്നതുകൊണ്ടു അപ്പോൾ നിസ്സീമമായ ആ മാധുര്യം എന്തായി പരിണമിക്കുമെന്നു ഊഹിച്ചുകൊൾകുക.

൧൪. സഹനം ഇല്ലാതെ സ്നേഹമുണ്ടെന്നു നാം വിചാരിക്കേണ്ടാ.....എത്രയൊ വലിയ നിക്ഷേപങ്ങളെ അതു നമുക്കു പ്രദാനം ചെയ്യുന്നു! നമ്മുടെ അഹോവൃത്തിയെന്നു അതിനെ നാമകരണം ചെയ്യാം. അതിന്റെ വില എന്തുമാത്രമെന്നു അറിയണമെങ്കിൽ ഈശോ അതിനെ ഉദ്ദേശിച്ചുതന്നെ ഭൂമിയിലേക്കു ഇറങ്ങിവന്നതെന്നു പറഞ്ഞാൽ മതിയാവുന്നതാണു്.....

ചിലപ്പോൾ നാം അസാധാരണ കുരിശുകളെ സഹിപ്പാൻ ആഗ്രഹിക്കും. വീഴ്ചയുണ്ടാകരുതെന്നും ആശിക്കും എന്തൊരു മായം! ഓരോ ക്ഷണവും ഞാൻവീണിരുന്നാലും അതുകൊണ്ടു എനിക്കെന്തു നഷ്ടമാണുള്ളതു്? നേരമറിച്ചു തെറ്റുകൾ എന്റെ അശക്തി ചൂണ്ടിക്കാണിച്ചുതരുന്നതുകൊണ്ടു എനിക്കു അവ പ്രയോജനകരങ്ങളായിതീരുന്നു. എന്റെ ദൈവമെ, അങ്ങേ തൃക്കരങ്ങൾ എന്നെ താങ്ങുകയില്ലെങ്കിൽ എന്നെക്കൊണ്ടു എന്തു സാധിക്കുമെന്നു ഞാൻ പറയണമെന്നില്ലല്ലൊ. അങ്ങു എന്നെ ഏകാകിനിയായി ഉപേക്ഷിക്കുമ്പോൾ അവശ്യം ഞാൻ നിലത്തു കിടക്കുന്നതു കാണ്മാനാണു നിന്റെ തിരുമനസ്സു എന്നു സ്പഷ്ടമാകുന്നു. അതുകയാൽ അദ്ഭുതസംഭവങ്ങളിൽ ഞാൻ എന്തിനു അക്ഷമ കാണിക്കുന്നു.

൧൫. ജീവിതംതന്നെ നമുക്കു പലപ്പൊഴും അസുഖവും കൈപ്പും നിറഞ്ഞതായി തോന്നുന്നു. അധ്വാനമുള്ള ഒരു ദിവസം ആരംഭിക്കുമ്പോൾ നാം ക്ലേശബാധിതരായിതീരുന്നു എന്നാൽ ഈശോ അപ്രത്യക്ഷനായി പോകുന്നെങ്കിൽ അവസ്ഥ പറവാനുമില്ല. ഈ സ്നേഹവത്സലൻ എന്താണു ചെയ്യുന്നതു? നമ്മുടെ കഷ്ടതകൾ അവിടുക്കു മനസ്സിലാകുന്നില്ലയോ? അവിട

ന്ന എവിടെയാണിരിക്കുന്നതു? നമ്മെ സമാശ്വസിപ്പിക്കുവാ
ൻ എന്തുകൊണ്ടാണു വരാത്തതു്?

ഹാ, ഭയപ്പെടണ്ട.....ഈശോ അവിടെതന്നെയുണ്ടു്
അവിടന്നു നിന്നെ തൊട്ടു നിൽക്കുന്നു അവിടന്നു നമ്മെ സൂ
ക്ഷിച്ചുകൊണ്ടാണു നിൽക്കുന്നതു്. മാത്രമല്ല അവിടന്നു നമ്മു
ടെ ഈ അഭ്യർത്ഥനങ്ങളും അശ്രുധാരയും യാചിച്ചുകൊണ്ടും നി
ൽക്കുന്നു. ആത്മാക്കളെ,-നമ്മുടെ ആത്മാക്കളെയും-സഹാ
യിക്കുന്നതിനു അവ അത്യാവശ്യമാണു. എത്രയോ ഉൽകൃഷ്ടമാ
യ ഒരു സമ്മാനമാണു അവിടന്നു നമുക്കു നൽകുവാനൊരുക്കി
യിരിക്കുന്നതു്. ഹാ, സത്യമായിട്ടും ഈ കൈപ്പു നിറഞ്ഞ കാ
സാ നമ്മെ കടിപ്പിക്കുന്നതു അവർണ്ണനീയമായ ദുഃഖകരമായ സം
ഗതിയാണു എന്നുവരികിലും ദൈവത്തെ നല്ലവണ്ണം അറിയുന്ന
തിനും ദൈവികമായ സ്വഭാവത്തെപ്പറ്റിയുള്ള നമുക്കിതുകൊ
ണ്ടാവശ്യമുണ്ടെന്നു തന്നിക്കറിയാം. എത്രയോ മഹനീയമായ
ഉദ്ദേശം! നമ്മുടെ ആത്മീയമഹത്വം! ക്ഷണിച്ചാലും അസ്ഥിര
മായ ഈ ലോകത്തിൽനിന്നു നമുക്കു ഉയർന്നു ജീവിപ്പാനാവശ്യം!
ഈശോ നമ്മിൽനിന്നു ഒളിച്ചുകളഞ്ഞാലും അവിടത്തെ സാ
ന്നിദ്ധ്യം മനസ്സാക്ഷി നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഉന്നു. സമാധാനമെന്നു പറയുമ്പോൾ സന്തോഷം; അ
തിനേ ഐന്ദ്രികസന്തോഷമെന്നു ഗ്രഹിക്കരുതു്. സമാധാനമാ
യി സഹിക്കുന്നതിനു ദൈവം തിരുമനസ്സാകുന്നവയൊക്കയും
നാം പൂർണ്ണമനസ്സോടുകൂടെ സ്വീകരിച്ചാൽ മതിയായിരിക്കുന്നു.

ഋ. സന്തോഷമെല്ലാം ഹൃദയത്തിൽനിന്നു് ധ്വംസനം
ചെയ്യപ്പെടുന്ന കുരിശുകളിൽകൂടെയും കത്താവെ, നീചെയ്യു
വയൊക്കയിലും എനിക്കു് ആനന്ദം ഉളവാക്കുന്നു എന്നു പാടു
വാൻ എനിക്കുസാധിക്കും. എന്തുകൊണ്ടെന്നാൽ അങ്ങേസ്നേ
ഹത്തെപ്രതി പീഡകൾ സഹിക്കുന്നതിനേക്കാൾ വലിയ സ
ന്തോഷമുണ്ടോ? ഒ, എന്റെ ദൈവമെ, പീഡകൾ എത്ര മൂ
ച്ചിയുള്ളവയും മനുഷ്യദൃഷ്ടിക്കു അഗോചരങ്ങളുമായിരിക്കുമൊ
അതുകൊണ്ടു സംതൃപ്തിയോടുകൂടെ അങ്ങുന്നു് എന്നെനോക്കി പുഞ്ചി
രിയിടുന്നതായി ഞാൻ കാണുന്നു. വേണ്ടാ സംഭാവ്യമെങ്കിൽ,

ആക്കേക്ക അവ സന്തോഷം ഉളവാക്കുന്നില്ല എന്നതെന്നു സങ്കല്പിച്ചാലും കുറ്റങ്ങളിൽ ഞാൻ സന്തോഷിക്കാതിരിക്കയില്ല. എന്തുകൊണ്ടെന്നാൽ എന്റെ കണ്ണുനീർവഴിയായി അവിശ്വാസത്തിന്റെ ഒരു പാപമെങ്കിലും തടയുകയോ പരിഹരിക്കയോ ചെയ്യുന്നതിന്നു ഒരുപക്ഷേ സാധിച്ചേക്കുമെന്നുള്ള ശരണമെങ്കിലും അപ്പോൾ എനിക്കുണ്ടാകാതിരിക്കയില്ല.

൨൨. എന്റെറ്റ യാതൊരുപ്രകാരത്തിലും വികൃതസ്വഭാവമായ ഒരു ഹൃദയമല്ല. പ്രത്യുത ഉഗ്രതരമായി പീഡിപ്പിക്കപ്പെട്ടുന്നതിന്നുകൂടെയും അതിന്നുള്ള ഏളിപ്പംകൊണ്ടാണ് ഈശോയ്ക്കു എന്മാത്രം കുറ്റങ്ങൾ സമ്പ്പിക്കുവാൻ പാടുണ്ടോ അതെയും കാഴ്ചവെക്കുന്നതിന്നു ഞാൻ ഉൽകണ്ഠം പ്രദർശിപ്പിക്കുന്നത്.

൨൩. ജീവിതം കുറ്റങ്ങൾകൊണ്ടു നിബിഡമായിരിക്കുന്നു. ശരിതന്നെ. പക്ഷേ എന്തിന്നു അതിൽ ഭാഗ്യം അനുഭവിക്കുന്നു? ഭൗമികജീവിതം നമ്മുടെ അമ്മതന്നെയും പറയുന്നതുപോലെ സത്രത്തിൽ കഴിച്ചുകൂട്ടേണ്ടുന്ന ഒരു അസുഖകരമായ രാത്രിയല്ലാതെ മറെറന്താണ്?

എന്റെ ഹൃദയത്തിൽ ഭാഗ്യം അനുഭവിക്കുന്നതിന്നായി അത്യുഗ്രമായ ഒരു ആശയുണ്ട്. പക്ഷേ ഈ ദാഹം ശമിപ്പിക്കുവാൻ സൃഷ്ടിലോകത്തിന്നു ശക്യമല്ലായെന്നു എനിക്കുനല്ലപോലെ അറിയാം. "പാനംചെയ്യുന്നവക്കൊക്കെ വീണ്ടും ദാഹിക്കുന്നു" എന്നവ എനിക്കറിയാം. ആ ദാഹം എത്രയും മാധുര്യമുള്ളതും സംതൃപ്തി ജനിപ്പിക്കുന്നതുമാകുന്നു. ഈ ഉറവ ഈശോയ്ക്കുമാത്രം അറിയപ്പെട്ടിട്ടുള്ള പീഡാസഹനമല്ലാതെ മറെറാന്നുമല്ല.

൨൪. നമ്മുടെ ശക്തിയെ കവിഞ്ഞ യാതൊരു പൂജയും ഈശോ നമ്മിൽനിന്നു ആവശ്യപ്പെടുകയില്ല, വിലപ്പോകാത്ത ആ ദ്രവ്യത്തെ നമുക്കു നീട്ടിത്തരുന്ന കൈപ്പുനീരുള്ള കാസാമുഴുവനുംകുടിക്കുന്നതിന്നു നമ്മോടു പറഞ്ഞേക്കാം. ലോകത്തിൽ നമുക്കു ഏറെറംപ്രിയമുള്ളവയെ ബലിയായി സമർപ്പിക്കണമെന്നു അവിടുന്നു കല്പിക്കുമ്പോൾ, പ്രത്യേകവൈവരപ്രസാദം നമ്മെ ശക്തി

പ്പെട്ടുകയില്ലെങ്കിൽ, അവിടന്നു തോട്ടത്തിൽവച്ച് നിലവിളിച്ചതുപോലെ, "എന്റെ പിതാവേ, ഈ കാസാ എന്നിൽനിന്നു മാറിപ്പോകട്ടെ" എന്ന് മുറയിടാതെയിരിപ്പാൻ നമുക്കും ശക്തിയുണ്ടാകയില്ല. എന്നാൽ ആ സമയങ്ങളിൽ "എന്റെ മനസ്സുപോലെയല്ല അങ്ങേ തിരുമനസ്സുപോലെയാകട്ടെ" എന്നു കൂടി ചേർക്കുന്നതിനും നാം നിഷ്കർഷയുള്ളവരായിരിക്കണം. ദൈവത്തിന്റെ അപരിമിതശക്തി തന്നെ ആയിരിക്കുന്ന ഈ ശോ നമ്മുടെ സ്വഭാവബലക്ഷയങ്ങൾക്ക് അധീനനാവുകയും ചിരപ്രതീക്ഷിതമായ ആ കൈപ്പുനിറഞ്ഞ കാസാ കണ്ടപ്പോൾ ഭ്രമിക്കയുംചെയ്തു എന്ന് സ്മരിക്കുന്നതു നമുക്കെത്രയോ ആശ്വാസം തരുന്ന ഒരു ചിന്തയാകുന്നു.

൨൧. സമസ്തവും ചലിച്ചുകൊണ്ടിരിക്കുന്നീ ലോകത്തിൽ ഒരു സംഗതിമാത്രം നിശ്ചലമായി നിൽക്കുന്നു. അതു സ്വർഗ്ഗരാജാവു് തന്റെ സ്നേഹിതന്മാരോട് അനുവർത്തിക്കുന്ന നയമാകുന്നു. കുരിശിന്റെ പതാക അവിടന്നു ഉയർത്തിയക്ഷണംതുടങ്ങി അതിന്റെ തണലിലാണ് നാം എവ്വരും പോരാടി ജയംപ്രാപിക്കേണ്ടതു്.

൨൨. ഗാംഭീര്യപ്രസംഗങ്ങളെക്കാൾപീഡകളുടെയുംഞെരുക്കങ്ങളുടെയും സഹനംവഴിയായിട്ടാണ് ദൈവം മനുഷ്യഹൃദയങ്ങളിൽ സ്വരാജിതം സ്ഥാപിക്കുന്നതിനു ആഗ്രഹിക്കുന്നതു്.

൨൩. ലോകത്തെ ഞാൻ വിസ്മരിപ്പാനാണ് ശ്രമിക്കുന്നതു്. ഇവിടെ എല്ലാം എന്നെമുഷ്പ്പിക്കുന്നവയേയുള്ളൂ. സഹനം ഒന്നിലല്ലാതെ എനിക്കമറൊന്നിലും സംതൃപ്തിയില്ല... ഇതിൽനിന്നുളവാകുന്നസന്തോഷം അഗോചരമാണെങ്കിലും അതു് സകലത്തെയും അതിശയിക്കുന്നതാണ്.

൨൪. കുരിശുകൾ അധികരിക്കയും അവിചാരിതദുഃഖങ്ങൾ നേരിടുകയും ചെയ്യുമ്പോൾ ഞാൻ അനിഷ്ടഭാവം കാണിക്കാതെ ചിരിക്കുകയാണ് ചെയ്യുന്നതു്. ആരംഭത്തിൽ ചിലപ്പോളൊക്കെയും എനിക്കിതു സാധിക്കാതെ വന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ എനിക്കിതു സ്വാഭാവികമായി തീർന്നിരിക്കുകയാണ്. ഇതെന്റെ ഭാഗ്യമായി ഞാൻ ഗണിക്കുന്നു.

ഛ. സമുദായ വേലകൾക്കു പുറമെ അന്യരറിയാത്ത ഒരു പ്രത്യേക ജോലി ചെയ്കയാൽ ശേഷം സഹോദരികളെ അപേക്ഷിച്ചു ഞാൻ അധികം ക്ഷീണിച്ചിരിക്കുന്നെന്നു ഒരു നവസന്യാസിനി വിലപിച്ചുപറഞ്ഞു. കൊ. ത്രേസ്യാ അത് ന്യായത്തിച്ചുതിപ്രകാരമാണു. സ്വന്ത ക്ലേശങ്ങളെപറ്റി അവലാധിപ്പെടാത്ത ഒരു ധീരയോദ്ധാവിനെ നീ അനുകരിച്ചു വർത്തിക്കുന്നതു കാണ്മാനാണ് എന്റെ ആഗ്രഹം. അവൻ ഇതരന്മാരുടെ മുറിവുകളെ ഗൌരവമായി ഗണിക്കയും സ്വന്തപ്രണങ്ങളെ ഒരു ചൊറിപോലെ നിസ്സാരമായി കരുതുകയും ചെയ്യുന്നു! നിനക്കു ഈ ക്ഷീണം ഇത്ര കലശലാകുവാൻ കാരണമെന്തു? മറെറാന്നുമല്ല. അതു ശേഷം ആരും അറിഞ്ഞില്ല എന്നതാണു

വി. മർഗരിത്താ മറിയം അവർക്കുണ്ടായിരുന്ന രണ്ടു കരുക്കളിൽ ഒന്നിൽനിന്നു മാത്രമെ വേദനയനുഭവിച്ചിരുന്നുള്ളു എന്നു പറഞ്ഞുവന്നിരുന്നു. ഒന്നുകാരണം പരദൃഷ്ടിയിൽ നിന്നു മറയ്ക്കുവാൻ സാധിക്കായ്കനിമിത്തം അതു സഹോദരസഹതാപത്തിനു വിഷയമായി തീരുകയും അവരുടെ ലാളനങ്ങൾ അതിന്റെ വേദനയെ ലഘൂപ്പെടുത്തുകയും ചെയ്തിരുന്നു എന്നതാണു. നിന്റെ വിചാരം നമുക്കു സഹജമായുണ്ടാകുന്ന ഒന്നാകയാൽ അതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ നമ്മുടെ പീഡാസഹനം അന്യരെല്ലാം അറിയണമെന്നാഗ്രഹിക്കുന്നതു വളരെ നികൃഷ്ടമാണു.

ഛന്ദ. കൊ. ത്രേസ്യാ അവളുടെ ദീനത്തിന്റെ ആരംഭത്തിൽ കുറെനാൾ അവളുടെ വൈക്കോൽ കിടക്കയിലാണു കഴിച്ചുകൂട്ടിയതു. ഇതുനിമിത്തം അവൾ രാത്രിസമയം വളരെ കഷ്ടാരിഷ്ടതകൾ സഹിച്ചിരുന്നു. വ്യാകുലം നിറഞ്ഞ ദീർഘരാത്രിസമയം യാതൊരുത്തന്റെയും സഹായം ആവശ്യമില്ലയൊ എന്നു ചോദിച്ചപ്പോൾ "ഇല്ലില്ല. നേരെമറിച്ചു എന്റെ സഹോദരികൾക്കു യാതൊരു അസുഖവും ഉണ്ടാകാതിരിക്കത്തക്കവണ്ണം ദൂരത്തിൽ ഒരു മുറി കിട്ടിയതു എന്റെ ഭാഗ്യമായി ഞാൻ കരുതിയിരിക്കുന്നു. ഏകാകിനിയായി സഹിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ ഞാൻ പരശ്ശ

ക്ഷയിക്കും സഹതാപത്തിനും വിഷയീഭവിക്കുമ്പോൾ ആ സന്തോഷം മയിച്ചുപോകയത്രെ ചെയ്യുന്നതു."

ഫെ. "നിനക്കു ഒരിക്കലും കഠിനപീഡകളുണ്ടായിട്ടില്ലല്ലോ" എന്നു പരിചാരികയായ സഹോദരി കൊ. ത്രേസ്യായോടു പറഞ്ഞപ്പോൾ, അവൾ ചിരിച്ചു, ചുവന്ന നിറത്തിൽ ഏതൊ കൗശധം നിറച്ചുവച്ചിരുന്ന ഒരു കുപ്പി കാണിച്ചുകൊണ്ടു ഇതാ ഇതു നോക്കുക എന്നു പറഞ്ഞു. രസമുള്ള എന്തൊ പാനീയമാണു എന്നു തോന്നിപ്പോകും. എന്നാൽ ഇത് നെക്കാറും അരുചിയുള്ളതായി മറ്റാരുന്നും ഞാൻ കുടിച്ചിട്ടില്ല. ഇതു തന്നെയാണു എന്റെ ജീവിതത്തിന്റെ പ്രതിമ. പുറമേയ്ക്കു അതു ആകർഷണീയ വസ്തുക്കളിൽ ശോഭയമാനമായി കാണപ്പെട്ടിരുന്നു. ഞാൻ അതിൽനിന്നു കുടിച്ചു സന്തോഷത്താൽ ലഹരി പിടിച്ചിരുന്നെന്നും എല്ലാവരും വിചാരിച്ചുവന്നിരുന്നു. എന്നാൽ വാസ്തവത്തിൽ അതു കൈപ്പുനീരായിരുന്നു. ഇപ്രകാരം കൈപ്പുകൊണ്ടു നിറഞ്ഞിരുന്നെങ്കിലും എന്റെ ജീവിതം കൈപ്പുള്ളതല്ലായിരുന്നു. തിക്തം മധുരമായി പകർത്തുവാൻ എനിക്കറിയാം. നിനക്കിപ്പോൾ കഠിനവേദനയുണ്ടൊ?

"ഉണ്ടു.....എന്നാൽ വേദന എത്രയധികരിക്കുമൊ അത്രയധികം അതു ഞാൻ ആഗ്രഹിച്ചുകൊണ്ടുമിരിക്കുന്നു."

ഫെ. അങ്ങു വേദനയനുഭവിക്കുന്നു ഞങ്ങൾക്കെത്രയോ ദുഃഖകാരണമാകുന്ന ഒരുപക്ഷേ ഇതിലുമധികം ഇനി സഹിപ്പാനുണ്ടായിരിക്കുംഎന്നു നവസന്ന്യാസിനി കരം അവളോടു വിലപിച്ചുപറഞ്ഞു.

"ഹൊ, എന്നെ സംബന്ധിച്ചു കലങ്ങരുതെ. കുരിശ്ശുകരം എന്നെ പീഡിപ്പിക്കാത്ത സ്ഥിതിയിലായിട്ടുണ്ടു. എല്ലാ കുരിശ്ശുകളും എനിക്കു സന്തോഷാവഹങ്ങളാണ്."

ഫെ. കൊ. ത്രേസ്യായുടെ ക്ഷമാശക്തിയെപ്പറ്റി സംശയിച്ചിരുന്ന ഒരു സഹോദരി അവളുടെ മുറിയിൽ ചെന്ന സമയം ഭാഗ്യവതിയുടെ മുഖത്തു പ്രശോഭിച്ചിരുന്ന സ്വർഗ്ഗീയ സന്തോഷം കണ്ടു അതിന്റെ കാരണമെന്തെന്നു ചോദിച്ചു. "അ

തു മറെറാന്നുമല്ല. എന്റെ വേദനയുടെ ആധിക്യംകൊണ്ടാ
ണു" എന്നവൾ ഉത്തരിച്ചു. "എല്ലായ്പോഴും പീഡകളം സഹി
ക്കുന്നതിന്നും അവയ്ക്കു അഭിവന്ദനം ചെയ്യുന്നതിന്നും ഞാൻ ശ്ര
മിച്ചുവരുന്നു."

ഫൻ. "നിനക്കിന്നുരാവിലെ ഇത്ര സന്തോഷമെന്താണു?"

എനിക്കു രണ്ടു ചെറിയകുഴ്തുകളം കിട്ടിയതുകൊണ്ടാണു് കൊച്ചുകുഴ്തുകളെപ്പോലെഎനക്കുകൊച്ചുസന്തോഷങ്ങളം വരുത്തുന്നതു മറെറാന്നുമില്ല.

ന.ഠ. നിന്റെ പീഡകളം ഭയാനകങ്ങളാണല്ലൊ.

അല്ല. അങ്ങിനെയല്ല. സ്നേഹത്തിന്റെ ഹോമബലിയായി സമർപ്പിച്ചിരിക്കുന്ന എനിക്കു എന്റെ ദിവ്യമണവാളൻ അയക്കുന്നവകളിൽ ഏതാണു ഭയം ജനിപ്പിക്കുവാൻ പാടുകുന്നതു? ഓരോക്ഷണത്തിലും എനിക്കു സഹിക്കുവാൻ ശക്തിയുള്ളതു മാത്രമെ അവിടന്നു എണ്ണിതൂക്കി യാതയാക്കുന്നുള്ളു. തെല്ലും അധികരിപ്പിക്കുന്നില്ല. എന്നാൽ വേദനകളം അധികരിപ്പിക്കുന്നെങ്കിൽ അതോടുകൂടെ എനിക്കു ധൈര്യവും വർദ്ധിപ്പിക്കുന്നുണ്ടു.

"ഉപരിയായ പീഡകളം ഞാൻചോദിക്കുന്നില്ല. ഞാൻ അതയ്ക്കു ശക്തയല്ല മാത്രമല്ല അപ്പോൾ അവ എന്റെ സ്വന്തം തിരഞ്ഞെടുപ്പുമായിരിക്കും. തന്നിമിത്തം അവയെ ഞാൻ തനിയെ സഹിപ്പാനും ആവശ്യമായിവരും. തനിച്ചു യാതൊന്നും ചെയ്യുന്നതിന്നു എനിക്കു സാധ്യമല്ല.

ന.ഥ. ഭീർഘവും ഉഗ്രവുമായ അവളുടെ മരണവേദനയിൽ അവൾ പ്രസ്ഥാവിച്ചതായതു്. കത്താവേ, കാസാ കുവിഞ്ഞൊഴുകുന്നു. ഇതയും സഹിക്കാമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ആത്മാവുകളെ രക്ഷിക്കണമെന്നുള്ള ആഗ്രഹത്തിന്റെ ശക്തിയാണു് ഇതിനെന്നെ പാത്രമാക്കിയതു്. ഹോ, എന്റെ കുരിശുകളം കുറഞ്ഞുപോകുവാൻ ഞാൻ സമ്മതിക്കയില്ല.

———

൧൭. ദിവ്യഭോജനം.

൧. ഈശോയുടെ ഒന്നാമത്തെ ചുംബനം എത്രയോ മാധുര്യമേറിയതായിരുന്നു! അതേ അതു സ്നേഹത്തിന്റെ ആലിംഗനമായിരുന്നു എന്നല്ലാതെമറെന്തു ഞാൻ പറയട്ടെ. അവിടുന്നു എന്നെ എത്ര സ്നേഹിക്കുന്നുഎന്നു എനിക്കു അപ്പോൾബോദ്ധ്യമായി. ഇതിന്നു പ്രത്യുത്തരമായി "അങ്ങെ ഞാൻ സ്നേഹിക്കുന്നു; എന്നെ മുഴുവനും അങ്ങേക്കുമാത്രമായി അങ്ങേക്കുതന്നിരിക്കുന്നു." എന്നു തിരുമനസ്സറിയിക്കയും ചെയ്തു. ഈശോയും കൊച്ചുത്രേസ്യായും മുമ്പെതന്നെ പരസ്പരബന്ധുക്കളായി വർത്തിച്ചു വന്നിരുന്നു. അതുകയാൽ പ്രസ്തുതദിനം അവിടുന്നു എന്നെ കടാക്ഷിക്കമാത്രമല്ല എന്നോടു ഏകീഭവിക്കയെത്രചെയ്തത്. അതെ, ഇനിമേൽ ഞങ്ങൾ രണ്ടല്ല. സമുദ്രമദ്ധ്യത്തിൽ ലയിച്ച അദൃശ്യമായ പോകുന്ന ഒരുതുള്ളി വെള്ളത്തിന്നു സമം ത്രേസ്യാ ഈശോയിൽലയിച്ചു മാഞ്ഞുപോയിരിക്കുന്നു. ഈശോ-ഗുരുവും രാജാവും-മാത്രമെ കാണപ്പെടുന്നുള്ളൂ. എന്റെ സ്വാതന്ത്ര്യം മുഴുവനും എന്നിൽനിന്നു എടുത്തുകൊള്ളുന്നതിന്നു ഈയോയെ! ഞാൻ അങ്ങയോടു പ്രാർത്ഥിച്ചില്ലയോ? ഈ സ്വാതന്ത്ര്യം എന്നെ ഭയവിഹ്വലയാക്കിഞ്ഞിക്കുന്നു. സ്വന്തശക്തിയും ക്ഷീണവും എനിക്കു പൂർണ്ണമായി ബോദ്ധ്യപ്പെടുകയാൽ ദിവ്യശക്തിയോടു തന്നെ ഐക്യപ്പെട്ടു ജീവിപ്പാൻ വാഞ്ഛയൊക്കയോടുംകൂടെ ഞാൻ ആഗ്രഹിച്ചിരിക്കുന്നു.

൨. എന്റെ ആത്മീയപിതാവു അനുവദിക്കുന്ന ദിവസങ്ങളിലൊക്കയും ദിവ്യകാരുണ്യം സ്വീകരിക്കണമെന്നു ഞാൻ ആഗ്രഹം നിശ്ചയിച്ചിരുന്നു. അതിലും അധികം ചോദിപ്പാൻ ഞാൻ കരുതിയിരുന്നില്ല. ഇപ്പോഴാവട്ടെ, വേറെവിധം ചെയ്യണമെന്നു ഞാൻകരുതുന്നു. ദിവ്യകൃപാശം സ്വീകരിക്കുന്നതിന്നു ഒരുവന്നുള്ള ആശയെല്ലാം സ്വന്ത ആത്മപിതാവിനെ അറിയിക്കേണ്ടതു ആവശ്യമാണ്. സ്വർണ്ണനിർമ്മിതങ്ങളായ പാത്രങ്ങളിൽ ഇരിക്കുന്നതിന്നല്ല പിന്നെയോ ജീവത്തായ സ്വർഗ്ഗത്തിലെ

ന്നപോലെ നമ്മുടെ ഹൃദയത്തിൽ അധിവസിക്കുന്നതിനായി
പ്രതിദിനം അവിടുന്ന ഭൂമിയിൽ എഴുന്നള്ളി വരുന്നതു്.

൩. ദിവ്യകാരുണ്യം ഉൾക്കൊണ്ടതിശേഷം ചെയ്യുന്ന ഉപ
കാരസ്മരണയെപ്പറ്റി ഞാൻ എന്തു പറയേണ്ടു!. ഹൃദയത്തിൽ
ഇതിനെക്കാൾ ആനന്ദകൃത്യം തോന്നാത്ത സമയമില്ലെന്നും പ
റയാം. എന്നാൽ നമ്മുടെ കർത്താവിന്റെ സന്ദർശനത്തിൽ ഞാ
ൻ അവിടത്തെ തൃപ്തിയൊന്നു മാത്രമല്ലാതെ സ്വസന്തോഷം അ
ല്പമെങ്കിലും ഉദ്ദേശിച്ചിട്ടില്ലായ്കകൊണ്ടു് എനിക്കു ഇതിൽ തെ
ല്ലും ആയാസം തോന്നുന്നില്ല. അപ്പോൾ എന്റെ ആത്മാവി
നെ ഒരു തിരുഭൂമിയായി രൂപീകരിച്ചു, പരിശുദ്ധകയോടു, കു
ളകാംക്ഷ സമമായ അതാതു ന്യൂനതകളും തെറ്റുകളും പറിച്ചു
മാറ്റി അവളുടെ സ്വഗ്രഹീയ നിക്ഷേപങ്ങളെക്കൊണ്ടു് അതിനെ
വിചിത്രമായി അലങ്കരിപ്പാൻ സവിനയം ഞാൻ പ്രാർത്ഥിക്കുന്നു.
സകലമാലാകാമാരെയും വിശുദ്ധന്മാരെയും സ്നേഹകീർത്തനങ്ങൾ
പാടുന്നതിനു ഞാൻ ക്ഷണിക്കുന്നു. ഈവിധം സാഘോഷം
സ്വീകരിക്കപ്പെടുമ്പോൾ ഈശോ സംതൃപ്തനായിട്ടുണ്ടു് കാണ
പ്പെടുന്നതു്. അവിടത്തെ സന്തോഷം എന്റെ സ്വന്തമായി
ഞാൻ അനുഭവിക്കയും ചെയ്യുന്നു. എന്നാൽ ഇവയൊന്നും അ
ന്യചിന്തകളും ഉറക്കം തന്നെയും എന്നിൽനിന്നു വിദൂരമാക്കുന്നി
ല്ല. തൽനിമിത്തം പ്രാർത്ഥനാലയത്തിലെ ഉപകാരസ്മരണ ദു
ഷ്യമായി പോയി എന്നു കാണുമ്പോൾ ഞാൻ പലപ്പോഴും ദി
വസംമുഴുവനും കൃതജ്ഞതാപ്രകാശത്തിൽ ചിലവഴിപ്പാൻ ശ്ര
മിച്ചുവരുന്നു.

൪. ദ്രോഹിയായ പിശാചു, ദൈവത്തിനു തന്നെ മുഴുവ
നും പ്രതിഷ്ഠിപ്പാൻ ആഗ്രഹിക്കുന്ന ഒരാത്മാവിനെ പാപത്തി
ൽ വീഴ്ത്തുന്നതു അത്ര എളുപ്പമല്ലെന്നു നല്ലവണ്ണം മനസ്സിലാ
ക്കിവെച്ചിട്ടുണ്ടു. അതിനാൽ പാപത്തിൽ വീഴ്ത്തുക എന്നു അ
തിനെ തെറ്റായി ധരിപ്പിക്കുകയെങ്കിലും ചെയ്യാൻ ശ്രമിച്ചുവ
രുന്നു. അതുമല്ല സാധിച്ചാൽ അതുതന്നെ അവനു ഒരു വലി
യ ലാഭമാണു. എന്നാൽ ഇതുകൊണ്ടു അവന്റെ അസൂയക്കു
തൃപ്തി വരുന്നില്ല. കമനീയമായ ഒരു ഭവനം ഈശോയ്ക്കു നഷ്ട
പ്പെടുത്തുന്നതിനാണു പിന്നത്തെ അവന്റെ ഭാഗീരഥപ്രയത്നം.

ദിവ്യാലയമായ മനുഷ്യഹൃദയത്തിൽ പ്രവേശിക്കുവാൻ അവനു സാദ്ധ്യമല്ലെന്നു കാണുമ്പോൾ അതിന്റെ പരമകർത്താവിനെ അതിൽ കടത്താതിരിപ്പാനെങ്കിലും സാധിച്ചാൽ അവൻ കൃതാർത്ഥനായി. കഷ്ടം! ഈശോയ്ക്കു നിർബ്ബാധം പ്രവേശിക്കുവാൻ വാതിൽ തുറന്നുകൊടുക്കാത്ത ഹൃദയങ്ങളുടെ ദുർഗ്ഗതി എങ്ങിനെ വർണ്ണിക്കേണ്ടൂ! യാതൊരുത്തനെ ദിവ്യകാരുണ്യമേശയിൽനിന്നു അകറ്റികളവാൻ സാധിച്ചാൽ അതുവഴിയായി ആ ദുഷ്ടാത്മാവു അവന്റെ ദുഷ്കൃതം നിവർത്തിക്കയും ഈശോ വിലപിക്കയും ചെയ്യുന്നു.

ഇ. ഒരു നവസന്ന്യാസിനി അവൾ ചെയ്ത എന്തോ കുറ്റം നിമിത്തം ദിവ്യകാരുണ്യം സ്വീകരിക്കാതിരിക്കണമെന്നു കരുതികൊച്ചു ത്രേസ്യായ്ക്കു സംഗതി കുറിച്ചയച്ചു. അതിനു കൊടുത്ത മറുപടി ചുവടെ ചേർക്കുന്നു.

"ഈശോയുടെ സ്നേഹഭോജനമായ ചെറുവല്ലിയേ! ഹൃദയപൂർവ്വമായ എളിമവഴിയായി നിന്റെ വേരുകൾ ഭൂമിക്കടിയിൽ ഓടുന്നതായാൽ അതു ഉദ്ദിഷ്ടകായ്പും സാധിക്കുന്നതിനു നിനക്കു ധാരാളം മതിയായിരിക്കുന്നു.....ഇനി നിനക്കാവശ്യമുള്ളതു നിന്റെ തല ഉയർത്തി സ്വർഗ്ഗീയ മഞ്ഞായ ആ ദിവ്യഭോജനം ഭക്ഷിച്ചു നവീന ശക്തിയും പ്രതാപവും പ്രാപിക്കയത്രെയാകുന്നു. ശുഭം സഖെ, ശുഭം, എനിക്കു സുഖം ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കപ്പെട്ടുന്ന പ്രാർത്ഥനകളൊക്കെയും എന്നെ ഭരിപ്പിക്കുവാനുള്ള ദിവ്യാഗ്നി, ഉത്തരോത്തരം ജ്വലിപ്പിക്കുന്നതിനായി വിനിയോഗിപ്പാൻ ഈശോയോടു പ്രാർത്ഥിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു."

---

൨൮. പരിശുദ്ധ കന്യക

ക. പരി: കന്യകയെ ഞാൻ എത്രയൊ അധികം സ്നേഹിക്കുന്നു! ഞാൻ ഒരു പട്ടക്കാരൻ ആയിരുന്നെങ്കിൽ ആ ദിവ്യമാതാവിനെപ്പറ്റി എങ്ങനെ പ്രസംഗിക്കുവാൻ ആഗ്രഹിക്കു

മായിരുന്നു! പലപ്പോഴും ദൈവജനനി നമുക്കു അപ്രാപ്യമായ തേജസ്സോടുകൂടിയതെ ചിത്രിക്കപ്പെട്ട കാണുന്നതു. പക്ഷേ, അനുകരണീയമായ പ്രസന്നതയാണു അവളിൽ ശോഭിച്ചു നിൽക്കേണ്ടതു എന്നു ഞാൻ വിചാരിക്കുന്നു. രാജ്ഞിയെക്കാൾ മാതാവെന്ന സംജ്ഞയാണു അവിടത്തേക്കു ഭ്രഷണം. സൂര്യൻ തന്റെ ഉദയത്തിൽ നക്ഷത്രങ്ങളെയെല്ലാം അപ്രത്യക്ഷമാക്കുന്നതുപോലെ അവിടുന്നും തന്റെ കാന്തികൊണ്ടു ശോഭയോൽ സകല വിശുദ്ധ വൃന്ദങ്ങളെയും മറച്ചുകളയുമെന്നു പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു. നേരേ വിരുദ്ധമാണു എന്റെ അനുമാനം. ഒരു മാതാവു സഹജാതന്മാരുടെ പ്രഭ മങ്ങിപ്പോകുന്നതിനു സമ്മതിക്കുമോ! ആ പരമമാതാവു തന്റെ മക്കളുടെ പ്രതാപവും പ്രശസ്തിയും വിളങ്ങീടുവിപ്പിക്കയെന്നു ചെയ്യുന്നതു എന്നു ഞാൻ വിശ്വസിക്കുന്നു.....ഹാ! പരി. കന്യക! അവിടുത്തെ ജീവിതം എത്രയോ മനോജ്ഞതമമായിരിക്കുന്നു.

൨. ചിലപ്പോഴൊക്കെയും ഞാൻ ദേവരാജ്ഞിയെ സംബോധനം ചെയ്തു ഇവ്വണ്ണം ഉണർത്തിക്കാറുണ്ടു:

അല്ലയോ വാത്സല്യമാതാവെ, നിന്നെക്കാൾ എന്നെയാണു അധികം ഭാഗ്യവതിയായി ഞാൻ ഗണിക്കുന്നതെന്നു ഗ്രഹിച്ചാലും. അങ്ങു എനിക്കു ഒരു മാതാവാണു. എനിക്കുള്ളതുപോലെ അങ്ങേക്കു സ്നേഹിക്കുന്നതിനു ഒരു പരി. കന്യകയില്ലല്ലൊ! അങ്ങു ഈശോയുടെ മാതാവാണു, ശരിതന്നെ. എന്നാൽ അങ്ങു ഈശോയെ ഞങ്ങൾക്കു നൽകിയിരിക്കുന്നു. ഈശോ കുരിശിൽ കിടന്നുകൊണ്ടു അങ്ങെ ഞങ്ങൾക്കു മാതാവായി സങ്കല്പിക്കയും ചെയ്തു. തന്നിമിത്തം ഞങ്ങളാണു അങ്ങേക്കാൾ സമ്പൽസമൃദ്ധിയുള്ളവർ, ദൈവജനനിയുടെ പരിചാരികയായി ജീവിക്കണമെന്നായിരുന്നല്ലൊ അങ്ങെ ആദ്യമോഹം. ഞാനൊ എന്നാൽ ഈ അല്പസ്രഷ്ടി, അങ്ങെ ദാസിയായിട്ടല്ല, മകളായിട്ടത്രെ എന്നെ പരിഗണിക്കുന്നതു്. അങ്ങു് ഈശോയുടെ മാതാവാണെങ്കിൽ എന്റെയും മാതാവാണു്.

൩. കൊ. ത്തെസ്യാ എഴുതീട്ടുള്ള അവസാനവാക്കുകൾ ഇപ്രകാരമാണു.

ഓ! മറിയമെ, സ്വാമിനി, ഞാൻ സ്വർഗ്ഗത്തിന്റെ രാജ്ഞി യും ഞങ്ങൾ ത്രൈസ്വായും ആയിരുന്നെങ്കിൽ നിന്നെ സ്വർഗ്ഗരാ ജ്ഞിയായി വണങ്ങുന്നതിനുവേണ്ടി ഞാൻ ത്രൈസ്വായാകുവാൻ സർവ്വാത്മനാ ആഗ്രഹിക്കുമായിരുന്നു!

---

൪൯ വിവിധവിഷയങ്ങൾ

൧. നമ്മുടെ നല്ല ദൈവം തന്നെറനേരെയുള്ള സ്നേഹ ത്തെപ്രതി പിതാവിനെയോ, മാതാവിനെയോ, സഹോദരങ്ങ ളെയോ പരിത്യജിക്കുന്നവർക്ക് അനേകം നന്മകളും ഇവിടെ വാ ഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഇതു സാധാരണമായി സന്ന്യാസജീവി തം അവലംബിക്കുന്ന പരെ ഉദ്ദേശിച്ചാണെന്നു മനസ്സിലാക്കണം. എന്നാൽ സ്വജാതന്മാരെ ദൈവത്തിന്നായി പൂജിക്കുന്ന മാതാ പിതാക്കളെയും പ്രസ്തുത വാക്യത്തിലെ ഭാഗ്യാവകാശികളായി നിർദ്ദേശിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം അ വർ സ്വന്ത വസ്തുക്കളെയും എന്നല്ല സ്വായസ്സിനെയും അപേ ക്ഷിച്ചു അധികം സ്നേഹിക്കുന്ന സ്വജാതന്മാരെ തന്നെ ദൈവ ത്തിന്നു പൂജിക്കുന്നു എന്നതാണ്.

൨. ഔദ്യോഗികസ്നേഹം നേടുന്ന വ്യക്തിയെത്തന്നെ ദൈവത്തോ ടു പൂർണ്ണമായി യോജിപ്പാൻ എങ്ങനെ ശക്തമാകും? അതു കേ വലം അസാദ്ധ്യമാണു. ഈശ്വരകളെപ്പോലെ അതിന്റെ കപ ടഭാവം തെറിധരിച്ചു അതിൽ ചാടി സ്വന്ത ചിറകു കത്തിച്ചു കളയുന്ന എത്രയോ ദുർഭാഗ്യന്മാരെ ഞാൻ കണ്ടിട്ടുണ്ടു!

൩. ദൈവത്തിനു പ്രീതി തോന്നുകൊണ്ടു നമ്മുടെ വ്യ യത്തിന്റെ സ്വാഭാവിക മാധുര്യാകർഷണങ്ങൾ ലയിച്ചുപോ കുന്നതല്ല. പ്രത്യുത അതു അധികം പരിശുദ്ധവും, ഗാംഭീര്യവും ക്രിസ്തീയസ്തുതിയും ആയി രൂപാന്തരപ്പെടുന്നതെയുള്ളു.

൪. ദൈവം നമ്മെ പാത്തിരിക്കുന്നതിലും, നാം പ്രതിദി നം ആവർത്തിച്ചുപോരുന്ന അലസതയെ ക്ഷമിക്കുന്നതിലും, ഒ രിക്കലും അയാന്തം പ്രദർശിപ്പിക്കുന്നില്ല. എന്തൊരു പ്രാണ സ്നേഹിതനെയും മുഷിപ്പിക്കുന്നതിന്നു ഇതിന്റെ ഒരു ശതമാനം അവശ്യപ്പെടുകയില്ല!

൫. രാവിലെ ഉണരുമ്പോൾ നമുക്കു അധൈര്യവും അജ്ഞാ നമാന്ധ്യവും തോന്നുന്നെങ്കിൽ അതു പ്രായോഗ്യമായൊരു അവസ

രമായി ഗണിച്ചുകൊള്ളണം. അതു ഫലിപ്പിക്കുന്നതിനു വേണ്ട വരപ്രസാദം നൽകിക്കൊണ്ടു ഈശോ നമുക്കു മുൻപു അപ്രത്യക്ഷനായി നടക്കുന്നു. ആത്മപ്രേരണയ്ക്കനുസരിച്ചു വർത്തിക്കുന്നവൻ യൂദിത്തിനെപ്പോലെ ജയശാലിയായിത്തീരുകയും ചെയ്യും.

൩. എന്റെ ദൈവമേ, അങ്ങു് പരിശുദ്ധന്മാരെ നടത്തുന്നരീതികൾ എത്രയോ വിവിധങ്ങളാകുന്നു. അവരിൽ വളരെപേരുടെ മരണാനന്തരം യാതൊരു ജീവാവശിഷ്ടവും ഒരു സദുപദേശംപോലും നമുക്കു ലഭിക്കാതെ എല്ലാം നഷ്ടീഭവിച്ചുപോയിരിക്കുന്നു. മറുപലർ നമ്മുടെ മാതാവായ വി. ത്രേസ്യായെപ്പോലെ അവരുടെ ഉന്നതവിജ്ഞാനംകൊണ്ടും വിപുലശാസ്ത്രംവഴിയായും സഭയെ അലങ്കരിക്കുന്ന വിഭ്രഷണങ്ങളായി പരിലസിക്കുന്നു. ഇതിൽ അവർക്കുണ്ടായിരുന്ന ഏകലാക്ഷ്യത്തെ ഇതരന്മാർ നല്ലവണ്ണം അറിഞ്ഞു് ഉത്തരോത്തരംസ്നേഹിക്കണമെന്നായിരുന്നു എന്നാൽ ഇവരണ്ടിൽ ഏതാണ് അത്യുത്തമമെന്നു് ചോദിക്കുന്നെങ്കിൽ രണ്ടും ഈശോയ്ക്കു ഒരുപോലെ തൃപ്തികരമാണെന്നു് എനിക്കുതോന്നുന്നു.

൪. മനുഷ്യാത്മാവിന്റെ ചിന്തകൾ എത്രയോ ഇടുങ്ങിയതാണു്; തങ്ങൾക്കു ലഭിച്ചിട്ടുള്ളതിനെക്കാൾ ശോഭനമായ വല്ല ദാനങ്ങളും അന്യന്നു നൽകപ്പെട്ടിട്ടുണ്ടെന്നു കാണുമ്പോൾ ദൈവം തങ്ങളെ കുറച്ചുമാത്രമേ സ്നേഹിക്കുന്നുള്ളൂ എന്നു അനുമാനിക്കുന്നതു സാധാരണമാണു്.

നിന്നെ സ്നേഹിക്കുന്നതുകൊണ്ടു് തന്റെ സൃഷ്ടികളോടു ശ്രേഷ്ഠം വർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ദൈവത്തിനു അല്ലെങ്കിലും നഷ്ടമായിപ്പോയിട്ടുണ്ടെന്നുവരുമോ?

൫. നന്മപ്രവർത്തിക്കുന്നതിനു നമുക്കു ശക്തിയില്ലെന്നു ഒരുത്തൻ ദുഃഖിക്കുമ്പോൾ അന്യരുടെ സുകൃതങ്ങൾ ദൈവത്തിനു സമർപ്പിക്കുകയെന്ന ഏകവഴിമാത്രമേ നമുക്കു ശേഷിച്ചിട്ടുള്ളൂ. ഇതാണു് "പുണ്യവാന്മാരുടെ കൊമ്പാട്ടു്" എന്നുനാംപറയുന്നതു്.

൬. ഉൽകൃഷ്ടവിചിന്തനങ്ങൾ ദൈവത്തോടുനമ്മെസംയോജിപ്പിക്കുന്നതിനു പര്യാപ്തങ്ങളാണെങ്കിലും തദനുസരണം പ്രവർത്തിച്ചില്ലാതെ ഉദ്ദിഷ്ടകാര്യം സാധിക്കുന്നതല്ല. ഇതരന്മാർ അവയിൽനിന്നു ഒരുപക്ഷേ ഫലംസമ്പാദിച്ചാലും തൽക്കർത്താക്കൾക്കു അവ ഉപയോഗശൂന്യമായി ഭവിക്കയെയൊള്ളൂ.

൧൦. നാം ഇനിയുംനമ്മുടെപിതൃഭവനത്തിൽ എത്തിയിട്ടില്ല. തന്നിമിത്തം സ്വർണ്ണം അഗ്നിയിൽ ശുദ്ധീകരിക്കപ്പെടുന്നതുപോലെപരീക്ഷകൾ നമ്മെ ശുദ്ധീകരിപ്പാൻ ആവശ്യമായിരിക്കുന്നു.

൧൧. പരാജയം നിശ്ചയമാണെങ്കിൽ യുദ്ധക്കളത്തിൽ പ്രവേശിക്കാതിരിക്കുന്നതത്രെ ഉത്തമം.

൧൨. പലപ്പോഴും ദൈവസ്തുതിക്കായി വേലചെയ്യണമെന്നുള്ള തമ്മുടെആഗ്രഹം തന്നെ അവിടത്തേക്കുതൃപ്തിവരുത്തുന്നു.

൧൩. ദൈവവരപ്രസാദത്തിൽ സ്ഥിതിചെയ്യുന്ന ഒരാത്മാവിനെ ഒരുസൈന്യം പിശാചുക്കൾ ക്രൂടിയാലും ഭയപ്പെടുത്തുവാൻ സാധിക്കുന്നതല്ല. അതിന്റെ ഒരു നോട്ടം അവരെ അത്യകലം ഓടിക്കുന്നതിനു മതിയാകുന്നതാണ്.

൧൪. "ശുദ്ധിമാന്മാക്ക് എല്ലാം വിശുദ്ധമാണ്." അവർ യാതൊന്നിലും നന്മയല്ലാതെ തിന്മയേ ദർശിക്കുന്നില്ല. കേവലം വസ്തുക്കളിലല്ല ഹൃദയത്തിൽമാത്രമെ സ്ഥിതിചെയ്യുന്നുള്ളൂ.

൧൫. അന്ത്യദിവസത്തിൽ "നമ്മുടെ കണ്ണുനീരെല്ലാം തുടച്ചുകളയും" എന്നു നല്ലദൈവം പറഞ്ഞിരിക്കുന്നു. അതുകൊണ്ട് എത്രയധികം കണ്ണുനീർ തുടച്ചുകളയുവാനുണ്ടാകുമോ അത്രയും അധികം ആശ്വാസവും അതിൽനിന്നുണ്ടാകും.

൧൬. ആത്മാക്കളുടെ ദിവ്യ ഇടയൻ വിശ്വസ്ഥതയുള്ള അടുപ്പരുടെത്തെ വന്നാന്തരത്തിൽ ഉപേക്ഷിച്ചുംവച്ച് നഷ്ടപ്പെട്ടതിനെ തിരഞ്ഞുപോകുന്നതായി സുവിശേഷം പറയുന്നു. ഇതെത്രയോ ഹൃദയസ്പർശകമായ മനോവിശ്വാസത്തിന്റെ പ്രവൃത്തിയാകുന്നു. തൊണ്ണൂറൊൻപതോളം തന്നെ ഉപേക്ഷിക്കയില്ലെന്നു അവിടുക്ക പൂർണ്ണമായി വിശ്വാസമുണ്ട്. അവ എങ്ങിനെ തന്നെ വിട്ടുപോകുവാൻ വശമാകും? സ്നേഹത്താൽഅവ അപഹൃതങ്ങളായി തീർന്നിട്ടുണ്ട്. ഈവിധമാണ് ഈ വാത്സല്യ ഇടയൻ നമ്മുടെ നേർക്കും വഹിക്കുന്നതു തന്റെ സാന്നിദ്ധ്യം ഉളവാകുന്ന ജ്ഞാനമാധുര്യം നമ്മെ അനുഭവിപ്പിക്കാതെപാപികളെ ആകർഷിക്കുന്നതിനായി അതു താൻ വ്യയം ചെയ്യുന്നു.

൧൭. ഹേറൊദെസു ന. കുത്താവിന്റെമേൽ ആരോപിച്ച ഏക അപരാധം എന്നതായിരുന്നു. ദോഷത്വം...വാസ്തവത്തിൽ അതു ശരിയാണു. മഹത്വത്തിന്റെ രാജാവു മനുഷ്യഹൃദയത്തിൽ തന്റെ സിംഹാസനം സ്ഥാപിക്കുന്നതിനായി ഇറങ്ങിവന്നതു ദോഷത്വമല്ലയോ?

ഫവ്വ. മറിയം തൈലപാത്രം പൊട്ടിച്ചു ആ വിലയേറിയ സുഗന്ധദ്രാവകം ഈശോയുടെ തലയിൽ അഭിഷേകംചെയ്തു. വീണ്ടും അതിന്റെ സുഗന്ധം പരിവ്യാപ്തമായി ശ്ലീഹന്മാർ ഈ സൽകൃത്യത്തെ ആക്ഷേപിച്ചു. ഇതുതന്നെയാണു ഇന്നും ലോകത്തിൽ നടന്നുവരുന്നതു. കല്മഷവാസികളായ നാം സപ്രജീവനെയും അതിൽ നിറഞ്ഞിരിക്കുന്ന പരിമളത്തേയും ഈശോയ്ക്കു പൂജിക്കുന്നതിനുപകരം ലോകരംഗത്തിൽ മാത്തായെപോലെ ഈശോയ്ക്കു ബാഹ്യപരികർമ്മം ചെയ്യണമെന്നു ശഠിക്കുന്നവർ സുമനസ്സുകളായ ക്രിസ്ത്യാനികളുടെ ഗണത്തിലുമുണ്ടു. പക്ഷെ നമുക്കു അതുകൊണ്ടു എന്തു നഷ്ടം! ഈശോകത്താവിനു നമ്മുടെ ആത്മപൂജ സന്തോഷജനകമാണു, മറവുള്ളവർ മനസ്സില്ലെങ്കിലും അതിന്റെ സൌരഭ്യം അനുഭവിക്കയും ചെയ്യുന്നു. ലോകം ശ്വസിക്കുന്ന ആപൽക്കരമായ വായു ശുചിയാക്കുവാൻ അതു അപേക്ഷിതവുമാണു.

ഫൻ. നിസ്സാര ഹേതുക്കളെപ്പറ്റി കരഞ്ഞുകൊണ്ടിരുന്ന ഒരു നവസന്യാസിനിയോടു കൊ. ത്രേസ്യാ ഏതാദൃശ വിഷമതകളെ പുറത്തു കാണിക്കാതിരിപ്പാൻ ഉപദേശിച്ചു. അതിന്നവം ശരിയാണു, ഇനി ദൈവസന്നിധിയിൽ മാത്രമെ തന്റെ വ്യാകുല ദുഃഖങ്ങളെ കാണിക്കയുള്ളൂ എന്നു മറുപടി പറഞ്ഞു.

"ദൈവത്തിന്റെ മമ്പാകയൊ" കൊ. ത്രേസ്യാ തുടർന്നു പറയുന്നു, "അതു ഒരിക്കലും അരുതു. ഈ സ്നേഹനാഥനു നമ്മുടെ ആശ്രമങ്ങളും മാത്രമെ തന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നതിനു ശേഷിച്ചിട്ടുള്ളൂ. വിസ്തൃതലോകത്തിൽ അവിടത്തെ സ്നേഹിതന്മാരുടെ ഇടമുറിയാതുള്ള വിലപനങ്ങളും കണ്ണുനീരുകളും കണ്ടു മൂഷിഞ്ഞു അല്പം ആശ്വാസത്തിന്നായി സദാസമയം നമ്മുടെ ഭവനങ്ങളിൽ അവിടന്നു കയറിവരുന്നു. അവർ കുരിശിന്റെ വിലയറിയാതെ മുറവിളി കൂട്ടുന്നു. നീയും അവരെപോലെ പ്രവർത്തിക്കുന്നതിനു തുനിയുന്നൊ? അതു യഥാർത്ഥ സ്നേഹമല്ലെ. പരമാർത്ഥസ്നേഹമുണ്ടെങ്കിൽ നാം ഈശോയെ ആശ്വസിപ്പിക്കണം. അവിടന്നല്ല നമ്മെ ലാളിക്കേണ്ടതു.

നീ കരയുന്നെങ്കിൽ അവിടത്തെ അനുകമ്പനിമിത്തം നിന്റെകണ്ണുനീർ തുടച്ചുകളയാതെ വിട്ടുകളയാൻ അവിടന്നു സമ്മതിക്കയില്ലെന്നു എനിക്കറിയാം. പക്ഷെ അതിന്റെശേഷം അ

വിന്നേ ദുഃഖത്തോടുകൂടെ നിന്റെ ഹൃദയത്തിൽ നിന്ന ഇറങ്ങി വേറെ വല്ല സ്ഥലത്തും ആശ്വാസം അനുഭവിക്കുന്നതിന്ന നിർബന്ധിതനാകയും ചെയ്യും. ഈശോ സദാ സന്തോഷസംതൃപ്തങ്ങളായഹൃദയങ്ങളെ സ്നേഹിക്കയും അവയിൽവസിക്കയുംചെയ്യുന്നു.

൨൦. മഖാ ആത്മാവിന്റെ പ്രതിബിംബമാകുന്നു. അതുകയാൽ നിന്റെ മുഖത്തിൽ സദാ സമാധാനവും പ്രതാപവും സ്പുരിച്ചുകൊണ്ടിരിക്കട്ടെ.

൨൧. മരണമല്ല നല്ല ദൈവമത്രെ എന്നെ എടുത്തുകൊണ്ടുപോകുവാൻ വരുന്നതു. നാം ചിരിച്ചുകാണുന്നതുപോലെ മരണം അത്ര ഭയാനകമല്ല. വേദോപദേശത്തിൽ മരണം ദേഹവും ദേഹിയും തമ്മിലുള്ള വേർപാട എന്നമാത്രമേപറഞ്ഞിട്ടുള്ളൂ. നിത്യമായി ദൈവത്തോട എന്നെ സംയോജിപ്പിക്കുന്ന ആ വേർപാടിനെ ഞാൻ അശേഷം ഭയപ്പെടുന്നില്ല.

൨൨. ആത്മീയപിതാവു് "നീ മരിപ്പാൻ ദൈവം തിരുമനസ്സാകുന്നെങ്കിൽ അതിന്നു കീഴ്വഴങ്ങുവാൻ ഒരുക്കമാണൊ?" എന്നു് എന്നോടുചോദിച്ചു. "ഹാ, പിതാവെ, മരിപ്പാനല്ല, ജീവിപ്പാനത്രെ എനിക്കിനി ദൈവതിരുമനസ്സിനോടു അനുരൂപത അവശ്യമുള്ളതു്. മരിക്കുന്നതു് എനിക്കു സന്തോഷമാണു്" എന്നുഞാൻ ഉത്തരിച്ചു.

൨൩. "അങ്ങു് സ്വാപ്നേന്മാരുടെ കൂട്ടത്തിൽ കൈക്കൊള്ളപ്പെട്ടും" എന്നു് ഒരു നവസന്ന്യാസിനിപറഞ്ഞു.

"അങ്ങിനെ ആയിരുന്നാൽ അവരെപ്പോലെ സ്വന്ത ചിറകുകൊണ്ടു് എന്റെ മുഖം മറയ്ക്കാതിരിപ്പാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്."

൨൪. എങ്ങിനയാണ് സ്വർഗ്ഗത്തിൽ എത്തുമ്പോൾ നിന്നെ ഞങ്ങൾ സംബോധനം ചെയ്യുന്നതു്? നിങ്ങൾ എന്നെ "കൊ. ത്രേസ്യാ" യെന്നു വിളിച്ചാൽമതി.

൨൫. "സ്വർഗ്ഗത്തിന്റെ ഉന്നതങ്ങളിൽനിന്ന നീ ഞങ്ങളെ വീക്ഷിക്കയില്ലയൊ?" "വീക്ഷിക്കയല്ല, ഞാൻതന്നെ ഇറങ്ങിവരാം"

൨൬. "എന്റെ മരണശേഷം ഞാൻ ഒരു കുസുമമാരി വർഷിപ്പിക്കാം."

L. D. S. G.

ഫൻവ൦ സെപ്ടംബർ ൩൦

കൊ. ത്രേസ്യായുടെ മരണനാൾ

DHARMARAM LIBRARY
BANGALORE - 560 029

Due Date	Due Date	Due Date

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
10 OCT 1992		
13 JUL 1996		
27 JUL 1996		
13 SEP 2003		


CMI Works
00002329
K100 Y75
CMI
BA
DHARMA